# വിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾ

## ഹാർവെസ്റ്റ്ടൈം ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്

ഈ പാഠ്യക്രമം ഹാർവെസ്റ്റ്ടൈം ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഭാഗമാണ്. ഇതു വിശ്വാസികളെ ആത്മീയ കൊയ്ത്തിന് പ്രയോജനമുള്ളവരായി ഒരുക്കുന്ന ഒരു പാഠപദ്ധതി.

ഇതിന്റെ അടിസ്ഥാന വിഷയം യേശു പഠിപ്പിച്ച വിധം, മത്സ്യപിടുത്തക്കാരെ, ചുങ്കക്കാരെ മറ്റും വിളിച്ച് പരിശീലിപ്പിക്കുക അവരെ പ്രയോജനമുള്ള ക്രിസ്തുവിന്റെ സാക്ഷികളാക്കി മാറ്റി ഭൂമിയുടെ അറ്റത്തോളം എത്തിച്ച് സുവിശേഷം ശക്തിയോടെ പ്രകടിപ്പിക്കുക.

ഈ പാഠ്യപദ്ധതിയുടെ കൂടുതൽ അറിവിന് എഴുതുക:

ഹാർവെസ്റ്റ്ടൈം ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്

# ഉള്ളടക്ക പട്ടിക


| | |
|---|---|
| ഉപയോഗക്രമം | I |
| പഠിക്കേണ്ട നിർദേശങ്ങൾ | II |
| മുഖവുര | 1 |
| പഠനവിഷയം | 2 |
| 1. അടിസ്ഥാനം | 3 |
| 2. നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം – 1 | 12 |
| 3. നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം – 2 | 19 |
| 4. ദൈവത്തിങ്കലെ വിശ്വാസം | 30 |
| 5. സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം – 1 | 41 |
| 6. സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം – 2 | 52 |
| 7. കൈവെപ്പു | 66 |
| 8. മരിച്ചവരുടെ പുനരുത്ഥാനം – 1 | 74 |
| 9. മരിച്ചവരുടെ പുനരുത്ഥാനം – 2 | 82 |
| 10.നിത്യശിക്ഷാവിധി | 96 |
| 11.പരിപൂർണ്ണത | 114 |
| അനുബന്ധം | 128 |
| സ്വയ പരിക്ഷയുടെ ഉത്തരങ്ങൾ | 131 |

# ഈ ലഘു ഗ്രന്ഥം ഉപയോഗിക്കുന്നത് എങ്ങനെ

## ലഘു ഗ്രന്ഥത്തിന്റെ രൂപഘടന

ഓരോ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്നത്:

**ഉദ്ദേശ്യം:** ഈ അദ്ധ്യായം പൂർത്തികരികുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും. പാഠം തുടങ്ങുന്നതിനു മുമ്പ് അദ്ധ്യായം വായിക്കുക.

**പ്രധാന വാക്യം:** ഈ അദ്ധ്യായത്തിൽ പ്രാധാന്യം കൊടുത്തു പ്രതിപാദിക്കുന്ന വാക്യം മനഃപാഠം പഠിക്കുക.

**അദ്ധ്യായത്തിന്റെ ഉള്ളടക്കം:** ഓരോ ഭാഗം പഠിക്കുക. ഈ ലഘു ഗ്രന്ഥത്തിൽ ഇല്ലാത്ത വാക്യം നിങ്ങളുടെ വേദപുസ്തകത്തിൽ നിന്നു നോക്കുക.

**സ്വയ പരിക്ഷ:** ഓരോ അദ്ധ്യായം പഠിച്ചു പൂർത്തിയാക്കുമ്പോൾ പരിക്ഷ എടുക്കുക. വേദപുസ്തകം, ലഘു ഗ്രന്ഥം കുടാതെ ചോദ്യങ്ങൾക് ഉത്തരം തരുവാൻ നിങ്ങൾ പ്രയത്നിക്കുക. സ്വയ പരിക്ഷ പൂർത്തിയാക്കിയാൽ, നിങ്ങളുടെ ഉത്തരം ലഘുഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് ഉത്തരവുമായി പരിശോധിക്കുക.

**തുടർന്ന് പഠിക്കുവാൻ:** ഈ ഭാഗം കൂടുതലായി ദൈവ വചനം പഠിക്കുന്നത് സഹായിക്കും. പ്രാപ്തി മെച്ചപ്പെടുത്തുവാൻ, പഠിച്ചഗുണപാഠം ജീവിതത്തിലും ശുശ്രുഷയിലും പ്രയോഗിക്കുവാൻ സഹായിക്കും.

**അവസാനപരീഷ:** നിങ്ങൾ അംഗീകാരത്തിനായി പേര് ചേർത്തെങ്കിൽ കോഴ്സിന്റെ കൂടെ അവസാന പരീക്ഷ ലഭിക്കും. കോഴ്സ് പൂർത്തിയാക്കുമ്പോൾ നിങ്ങൾ പരീക്ഷ എഴുതി തിരിച്ച ഏതു നിലവാരം എന്ന് അറിയുവാൻ സമർപ്പിക്കണം.

**അധികമായി ആവശ്യമുള്ളത്:** നിങ്ങൾക്ക് ഒരു സത്യവേദപുസ്തകം [മലയാള ബൈബിൾ] ആവശ്യം.

# അറിയേണ്ട നിർദ്ദേശങ്ങൾ

**ആദ്യത്തെ യോഗം**

**തുടക്കം:** പ്രാർത്ഥനയോടെ തുടങ്ങുക. വിദ്യാർത്ഥികളെ പരിചയപ്പെടെത്തുക രജിസ്റ്ററിൽ പേര് രേഖപെടുത്തുക.

**നടപടിക്രമം തീർച്ചപ്പെടുത്തുക:** യോഗം ആരു നയിക്കും, സമയം, സ്ഥലം, തിയതി തീരുമാനിക്കുക

**സ്തുതിയും സ്തോത്രം:** നിങ്ങളുടെ പരിശീലനയോഗം പരിശുദ്ധാത്മാവിന്റെ സാമീപ്യത്തിനായി അപേക്ഷിക്കുക

**വിദ്യാർത്ഥികൾക്ക് ലഘുഗ്രന്ഥം വിതരണം ചെയ്യുക:** ഗ്രന്ഥത്തിന്റെ മുഖവുര, വിവരണം, പഠനലക്ഷ്യം അവതരിപ്പിക്കുക

**ആദ്യത്തെ ഏല്പിക്കപ്പെട്ട പ്രവൃത്തി:** വിദ്യാർത്ഥികൾ യോഗത്തിനുമുന്പേ ഏല്പിക്കപ്പെട്ട അദ്ധ്യായങ്ങൾ വായിക്കുക, സ്വയ പരിക്ഷയും എടുക്കുക. ഓരോ യോഗത്തിൽ എത്ര അദ്ധ്യായങ്ങൾ ഉണ്ടായിരിക്കും എന്നത് അദ്ധ്യായ ത്തിന്റെ നീളം, ഉള്ളടക്കം, വന്നിരിക്കുന്നവരുടെ കഴിവിനെ ആശ്രയിച്ചിരിക്കും.

**രണ്ടാമത്തെയും തുടർന്നുള്ള യോഗങ്ങളും**

**തുടുക്കം:** പ്രാർത്ഥനയോടെ തുടങ്ങുക, സ്വാഗതംചെയ്യുക, പുതിയ വിദ്യാർത്ഥി കളെ രജിസ്റ്ററിൽ രേഖ പെടുത്തുകയും ചെയ്യുക, ലഘുഗ്രന്ഥം വിതരണം ചെ യ്യുക. ഹാജരായവരുടെ സംഖ്യ എടുക്കുക. സ്തുതിയും സ്തോത്രം ചെയ്യുക

**പുനരവലോകനം:** അവസാനത്തെ യോഗത്തിൽ പഠിച്ചത് ചുരുക്കമായി അവത രിപ്പിക്കുക.

**അദ്ധ്യയനം:** ഒരൊ അദ്ധ്യായത്തിന്റെ ഭാഗം മുഖവുരയോടെ ചർച്ചചെയ്യുക. ചോദ്യങ്ങളും അഭിപ്രായങ്ങളും വിദ്യാർത്ഥികളോടെ ചോദിക്കുക. പഠിച്ച ഗുണപാഠം ജീവിതത്തിലും ശുശ്രൂഷയിലും പ്രയോഗിക്കുക.

**സ്വയ പരീക്ഷ:** വിദ്യാർത്ഥികൾ പൂർത്തിയാക്കിയ സ്വയ പരീക്ഷ പരിശോധി ക്കുക. (കുറിപ്പ്: ഉത്തരങ്ങൾ ഉള്ള ഭാഗം വേണമെങ്കിൽ നീക്കം ചെയ്യാം)

**തുടർന്ന് പഠിക്കുവാൻ:** ഈ പദ്ധതി കൂട്ടം മയിട്ടോ, ഓരോരുത്തരായി ആസ്പദ മാക്കി പഠിക്കാം.

**അവസാനപരീഷ:** നിങ്ങൾ കൂട്ടമായി അംഗീകാരത്തിനായി പേര് ചേർത്തെ ങ്കിൽ കോഴ്സിന്റെ കൂടെ അവസാന പരീക്ഷയിൽ പ്രവേശിക്കുക. ഓരോ വിദ്യാർത്ഥിയുടെ പരീക്ഷ നിർണ്ണയ പകർപ്പ് സമർപ്പികുക.

**ഭാഗം: ദൗത്യം**
**കോഴ്സ്: വിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾ**

## മുഖവുര

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന ഉപദേശങ്ങളാണ് ഈ കോഴ്സിന്റെ വിഷയം. ഉപദേശങ്ങൾ എന്നത് ഏതോ ഒരു വിഷയം ശേഖരിച്ച് ഉപദേശിക്കുക. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന ഉപദേശങ്ങൾ എന്നത് വേദപുസ്ത കത്തിൽ രേഖപെടുത്തിയ യേശു ക്രിസ്തുവിന്റെ ഉപദേശങ്ങൾ ആകുന്നു.

ഈ ഉപദേശങ്ങൾ വേദപുസ്തകത്തില എബ്രായർ പുസ്തകത്തിൽ 6:1-3 രേഖ പെടുത്തിയിരിക്കുന്നു

അതുകൊണ്ടു നിർജ്ജീവപ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പു, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക. ദൈവം അനുവദിക്കുന്ന പക്ഷം നാം അതു ചെയ്യും. (എബ്രായർ 6:1-3)

ഈ വചനത്തിൽ രണ്ട് ആത്മീയ ഉദ്ദേശ്യം വ്യക്തമാക്കുന്നു. ആദ്യത്തെത് ശരി യായുള്ള അടിസ്ഥാനത്തിൽ ആത്മീയജീവതം പണിയപെടുക. ഈ അടിസ്ഥാനമാണ് യേശു ക്രിസ്തുവിന്റെ ഉപദേശം. രണ്ടാമത്തെത് പൂർണ്ണത നേടുക. പൂർണ്ണത നേടുക എന്നാൽ ആത്മീയപക്വത പ്രാപിക്കുക.

ഒരു ക്രിസ്തിയ ജീവതം പരാജയപെടുവാൻ രണ്ട് കാരണങ്ങൾ ഉണ്ട്.

ആദ്യത്തെ കാരണം ചിലർ ക്രിസ്തിയജീവതം നയിക്കുന്നതു വീണ്ടും ജനനം പ്രാപിക്കാതെയാണ്. അവർ അടിസ്ഥാനമായി യേശുക്രിസ്തുവിന്റെ ഉപദേശം അറിയാത്തവരാണ്. ഈ കുറവ് ഉള്ളതുകൊണ്ട് ശരിയായ രീതിയിൽ ദൈവത്തോട് പ്രതികരിക്കുന്നതിൽ പരാജയപെടുന്നു.

രണ്ടാമത്തെ കാരണം പൂർണ്ണത നേടുന്നതിൽ പരാജയപെട്ടു ആത്മീയ പക്വത പ്രാപിക്കുന്നില്ല.

ഈ കോഴ്സിന്റെ ആദ്യത്തെ ലക്ഷ്യം ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന ഉപദേശങ്ങൾ അവതരിപ്പിച്ച് ശരിയായ ആത്മീയ അടിസ്ഥാനത്തിൽ പണിയ പെടുക.

എബ്രായർ 6:1-3 ൽ ആറ് അടിസ്ഥാന ഉപദേശം ചർച്ച ചെയ്യപ്പെടുന്നു.

- നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം
- ദൈവത്തിങ്കലെ വിശ്വാസം
- സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം
- കൈവെപ്പു
- മരിച്ചവരുടെ പുനരുത്ഥാനം,
- നിത്യശിക്ഷാവിധി

അടിസ്ഥാന ഉപദേശം ഉറപ്പിച്ചശേഷം ഈ കോഴ്സിന്റെ രണ്ടാമത്തെ ഉദ്ദേശ്യം പരിപൂർണ്ണത നേടുക [ആത്മീയ പക്വത പ്രാപിക്കുക]

"ദൈവം അനുവദിക്കുന്ന പക്ഷം നാം അതുചെയ്യും"

## പഠനവിഷയം

**ഈ കോഴ്സ് പൂർത്തികരിക്കുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും:**

- **എബ്രായർ 6:1-3 ൽ രേഖപെടുത്തിയ ക്രിസ്തിയവിശ്വാസത്തിൻറെ ആറ് അടിസ്ഥാന ഉപദേശം വ്യാഖ്യാനിക്കും**
- **നിങ്ങളുടെ ആത്മീയ ജീവിതത്തിൽ ശരിയായ അടിസ്ഥാനം ഉറപ്പിക്കും**
- **ആത്മീയ പക്വത പ്രാപിക്കും**

# അദ്ധ്യായം - 1

## അടിസ്ഥാനം

**ഉദ്ദേശ്യം**

ഈ അദ്ധ്യായം പൂർത്തികരികുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും:

- പ്രധാന വാക്യം കാണാതെ എഴുതുക
- ആത്മീയ അടിസ്ഥാനത്തിന്റെ ശരിയും തെറ്റും വേർതിരിച്ചറിയുക.
- ആത്മീയ അടിസ്ഥാനം പണിയുന്നതിന്റെ പ്രാധാന്യം വിവരിക്കുക
- ശരിയായ ആത്മീയ അടിസ്ഥാനം യേശുക്രിസ്തു എന്ന് അംഗീകരിക്കുക.
- ശരിയായ ആത്മീയ അടിസ്ഥാനം പണിയുന്നതിന്റെ മൂന്നു പട്ടിക ഉണ്ടാക്കുക

**പ്രധാന വാക്യം**

അതുകൊണ്ടു നിർജ്ജീവപ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പു, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക. ദൈവം അനുവദിക്കുന്ന പക്ഷം നാം അതു ചെയ്യും. (എബ്രായർ 6:1-3)

**ആമുഖം**

ഒരു വിശ്വാസിയുടെ ജീവിതം ഒരു കെട്ടിടം പണിയുന്നതുമായി വേദപുസ്തകം താരതമ്യപെടുത്തുന്നു.

നിങ്ങൾ ദൈവത്തിന്റെ ഗൃഹനിർമ്മാണം.(1.കൊരിന്ത്യർ 3:9)

ഓരോ വിശ്വാസിയും മറ്റു വിശ്വാസി ക്രിസ്തനിയുമായി ക്രിസ്തുവിൽ ഒന്നായി സഭയായി രൂപപ്പെടുന്നു. സഭ ഒരു കെട്ടിടം ആയും വചനം താരതമ്യപെ ടുത്തുന്നു.

അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന്നു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു (എഫെസൊസ് 2:22)

ഒരു മനുഷ്യൻ വീട് പണിയുമ്പോൾ അവൻ ആദ്യം അതിന്റെ ശരിയായ അടിസ്ഥാനം ഇടുന്നു. ഇതു ഒരു സാധാരണമായ എല്ലാവരും മനസിലാക്കുന്ന പ്രമാണം. ഇതിലുടെ ദൈവം ഒരു വലിയ ആത്മീയ സത്യം പഠിപ്പിക്കാൻ ഉപ യോഗിച്ചിരിക്കുന്നു.

തീർച്ചയായും ഒരു വിശ്വാസിക്ക് ഒരു നല്ല ആത്മീയ ഭവനം പണിയെണ്ടതിനു ശരിയായ അടിസ്ഥാനം ഉണ്ടായിരിക്കണം. അടിസ്ഥാനം നിർമ്മാതാവിന്റെ പദ്ധതി അനുസരിച്ച് ആയിരിക്കണം. ദൈവവചനം നമുക്ക് മാതൃകശില്പിയായ യേശു ക്രിസ്തുവിനെ തന്നിരിക്കുന്നു.

ഈ അദ്ധ്യായം ശരിയായ അടിസ്ഥാനം ഉണ്ടായിരികേണ്ടതിന്റെ പ്രാധാന്യം വിവരിക്കുന്നു. ദൈവവചനം ഈ അടിസ്ഥാന തത്ത്വങ്ങൾ പഠിപ്പിക്കുന്നു.

**ഭവനത്തിൻറെ ആവിശ്യം**

നിങ്ങളുടെ ആത്മീയ ഭവനത്തിന്റെ ഉദ്ദേശ്യം ദൈവത്തിനു ഒരു വാസസ്ഥലം ഉണ്ടാക്കുക എന്നതാണ്. ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുമ്പോൾ നിങ്ങളുടെ ജീവിതം ശരിയായ അടിസ്ഥാനത്തിന്മേൽ പണിയപെടുന്നു. പൗലോസ് ചോദിച്ചു:

നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?( 1.കൊരിന്ത്യർ 3:16)

എനിക്കു ലഭിച്ച ദൈവകൃപെക്കു ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളോരു പ്രധാന ശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു; മറ്റൊരുത്തൻ മീതെ പണിയുന്നു; താൻ എങ്ങനെ പണിയുന്നു എന്നു ഔരോരുത്തനും നോക്കിക്കൊള്ളട്ടെ.
(1.കൊരിന്ത്യർ 3:10)

**അടിസ്ഥാനം**

ആത്മീയ അടിസ്ഥാനം എന്നാൽ ദൈവവചനം പറയുന്നത്:

**ദൈവവചനത്തിൽ അടിസ്ഥാനമാക്കിയത്:**

എങ്കിലും ദൈവത്തിന്റെ വചനം സ്ഥിരമായ (പാറയെപോലെ) അടിസ്ഥാനം നിലനിലക്കുന്നു;( 2.തിമൊഥെയൊസ് 2:19)

**നല്ല അടിസ്ഥാനം:**

സാക്ഷാലുള്ള ജീവനെ പിടിച്ചു കൊള്ളേണ്ടതിന്നു വരുംകാലത്തേക്കു നല്ലോരു അടിസ്ഥാനം നിക്ഷേപിച്ചുകൊൾവാനും ആജ്ഞാപിക്ക.(1.തിമൊഥെയൊസ് 6:19)

**നീതിയെ അടിസ്ഥാനമാക്കിയത്:**

ചുഴലിക്കാറ്റു കടന്നുപോകുമ്പോൾ ദുഷ്ടൻ ഇല്ലാതെയായി; നീതിമാനോ ശാശ്വതമായ അടിസ്ഥാനം ഉള്ളവൻ (സദൃശവാക്യങ്ങൾ 10:25)

**നിത്യമായത്:**

സാക്ഷാലുള്ള ജീവനെ പിടിച്ചു കൊള്ളേണ്ടതിന്നു വരുംകാലത്തേക്കു നല്ലോരു അടിസ്ഥാനം നിക്ഷേപിച്ചുകൊൾവാനും ആജ്ഞാപിക്ക.(1.തിമൊഥെയൊസ്6:19)

**രണ്ട് അടിസ്ഥാന തത്ത്വങ്ങൾ നിലകൊള്ളുന്നത്:**

എങ്കിലും ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനിൽക്കുന്നു; കർത്താവു തനിക്കുള്ളവരെ അറിയുന്നു എന്നും കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ എന്നും ആകുന്നു അതിന്റെ മുദ്ര (2 തിമൊഥെയൊസ് 2:19)

അടിസ്ഥാനം നിൽക്കുന്ന രണ്ട് തത്ത്വങ്ങൾ ഏതെന്നാൽ:

1. വീണ്ടെടുക്കപ്പെട്ട മനുഷ്യർ - തനിക്കുള്ളവരെ ദൈവം അറിയുന്നു

2. വീണ്ടെടുക്കപ്പെട്ട ജീവിതം - കർത്താവിൻറെ നാമം ഉച്ചരിക്കുന്നവൻ സകല അകൃത്യം ഒഴിഞ്ഞ് നിൽക്കുകയും, എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ എന്ന ആകുന്നു.

**ഇളകാത്ത പാറമേൽ അത് നിർമിക്കുന്നു:**

ആഴെക്കുഴിച്ചു പാറമേൽ അടിസ്ഥാനം ഇട്ടു വീടു പണിയുന്ന മനുഷ്യനോടു അവൻ തുല്യൻ. വെള്ളപ്പൊക്കം ഉണ്ടായിട്ടു ഒഴുക്കു വീട്ടിനോടു അടിച്ചു; എൽ അതു നല്ലവണ്ണം പണിതിരിക്കകൊണ്ടു അതു ഇളകിപ്പോയില്ല (ലൂക്കോസ് 6:48)

**ആ പാറ യേശുക്രിസ്തു :**

നിങ്ങൾ ഭയപ്പെടേണ്ടാ; പേടിക്കയും വേണ്ടാ; പണ്ടുതന്നേ ഞാൻ നിന്നോടു പ്രസ്താവിച്ചു കേൾപ്പിച്ചിട്ടില്ലയോ? നിങ്ങൾ എന്റെ സാക്ഷികൾ ആകുന്നു; ഞാനല്ലാതെ ഒരു ദൈവം ഉണ്ടോ? ഒരു പാറയും ഇല്ല; ഞാൻ ഒരുത്തനെയും അറിയുന്നില്ല(യെശയ്യാവു 44:8)

ആത്മീയ ജീവിതത്തിൻറെ ഏക അടിസ്ഥാനം യേശുക്രിസ്തു:

യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴികയില്ല(1.കൊരിന്ത്യർ 3:11)

**ക്രിസ്തു എന്ന അടിസ്ഥാനം**

ദൈവം ആത്മീയ ജീവിതത്തിൻറെ അടിസ്ഥാനമായിട്ട് യേശു ക്രിസ്തുവിനെ തിരഞ്ഞെടുത്തു

ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധനചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല (യെശയ്യാവു 28:16)

ആത്മീയ ജീവിതത്തിൻറെ അടിസ്ഥാനം മനുഷ്യ നിർമിതമായ മതം, സമുദായം അല്ലെങ്കിൽ മതപരമായ ആചാരങ്ങൾ അല്ല. ആത്മീയ ജീവിതത്തിൻറെ അടിസ്ഥാനം യേശു ക്രിസ്തു ആകുന്നു.

വിശ്വാസികൾ എന്ന് സ്വയം ഭാവിക്കുന്നവർ തങ്ങളുടെ ജീവിതത്തിൽ ക്രിസ്തിയാനിത്വം വലിയ ആത്മീയ ഘടനകൾ പണിയുവാൻ ശ്രമിക്കുന്നു. അവർ സഭയിൽ പങ്കു ചേർന്ന് പല നല്ല കാര്യങ്ങൾ ചെയ്യും. അവരുടെ ആത്മീയ കെട്ടിടത്തിൻറെ പുറമെയുള്ള ഭാഗം കാണാൻ നല്ലതായി തോന്നും. പക്ഷെ കുറച്ചു കഴിയുമ്പോൾ അവരുടെ ആത്മീയ ഭവനം മുങ്ങുവാനും തകരുവാനും തുടങ്ങുന്നു. അവർ അധൈര്യപ്പെട്ടും, തോറ്റു പാപത്തിൽ വീഴുവാൻ ഇടയാകും. കാരണം, അവർ തെറ്റായ അടിസ്ഥാനത്തിന്മേൽ പണിയുവാൻ ശ്രമിച്ചത് കൊണ്ടാണ്.

ഒരു നല്ല അടിസ്ഥാനം സ്വാഭാവികമായ ഭവനത്തിനു ആവശ്യമായിരിക്കുന്നത് പോലെ ശരിയായ ആത്മീയ അടിസ്ഥാനം ഒരു ആത്മീയ ജീവിതത്തിനു ആവശ്യമായിരിക്കുന്നു.

യേശുക്രിസ്തു ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴികയില്ല.

ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്നു, വെള്ളി, വിലയേറിയ കല്ലു, മരം, പുല്ലു, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും; ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടുവരും; ഔരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നേ ശോധന ചെയ്യും (1.കൊരിന്ത്യർ 3:11-13)

"ക്രിസ്ത്യാനി" എന്ന് വിളിക്കുന്ന എല്ലാവരുടെ പ്രവൃത്തികൾ ദൈവത്താൽ പരീക്ഷിക്കപെടും. നിങ്ങളുടെ ആത്മീയ ജീവിതത്തിൻറെ ഘടന ശരിയായ അടിസ്ഥാനത്തിന്മേൽ ആണോ പണിതിരിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പു വരുത്തണം. ആത്മീയ ജീവിതത്തിൻറെ ഒരേ ഒരു അടിസ്ഥാനം നിൽക്കുന്നത് യേശു ക്രിസ്തുവിൽ പണിയുമ്പോഴാണ്.

## അടിസ്ഥാനത്തിന്റെ പ്രാധാന്യം

അടിസ്ഥാനം വളരെ പ്രധാനമാണ്. സങ്കീർത്തനകാരൻ ഇതു മനസിലാക്കികൊണ്ട് ചോദിച്ചു.

അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ നീതിമാൻ എന്തുചെയ്യും?
(സങ്കീർത്തനങ്ങൾ 11:3)

ലോകപ്രകാരം ഒരു കെട്ടിടത്തിന്റെ അടിസ്ഥാനം വേണ്ടവിധത്തിൽ ഇട്ടിട്ട് ഇല്ലായെങ്കിൽ കെട്ടിടം മുഴുവനായി തകർന്ന് വീഴും അതു പോലെ തന്നെ ആത്മീയ ജീവിതത്തിലും ഒരു തെറ്റായ അടിസ്ഥാനം ആത്മീയ നാശം ഭവിക്കും.

ഹഗ്ഗായിയുടെ പുസ്തകത്തിൽ ശരിയായ ആത്മീയ അടിസ്ഥാനത്തെ ഊന്നിപ്പറയുന്നു. സ്വാഭാവിക ലോകത്തിൽ ഇസ്രേൽ ജനം മോശമായ കൊയ്ത്ത് അനുഭവപ്പെടുന്നുണ്ടെങ്കിൽ, അവരുടെ വഴികളെ പരിശോധിക്കുവാൻ ഹഗ്ഗായി പ്രവാചകൻ പറഞ്ഞു.

“നിങ്ങൾ വളരെ വിതെച്ചിട്ടും അല്പമേ കൊണ്ടുവരുന്നുള്ളു; നിങ്ങളുടെ വഴികളെ വിചാരിച്ചുനോക്കുവിൻ....നിങ്ങൾ അധികം കിട്ടുമെന്നു കാത്തിരുന്നു; എന്നാൽ അതു അല്പമായ്തീർന്നു;(ഹഗ്ഗായി 1:6,7,9)

ഇസ്രയേൽ ജനത്തോടു ഹഗ്ഗായി പ്രവാചകൻ പറഞ്ഞത് ആത്മീക ഭവനത്തെ വീണ്ടും പണിയുക എന്നതാണ്. വീണ്ടും പണിയുക ഇസ്രയേലിന് അത്യാവിശ്യം ആയിരുന്നു കാരണം അവർ യഹോവയുടെ ആലയം പണിയുവാൻ താമസിച്ചിരുന്നു. അവർ സ്വന്തം ഭവനത്തെ പണിയുകയും ദൈവത്തിന്റെ കല്പനയായ ദൈവത്തിന്റെ ആലയം പണിയുന്നതിനെക്കാൾ താൽപര്യമെടുത്തൂ. എന്നാൽ പ്രധാനമായത് തങ്ങളുടെ ആത്മീയ ജീവതത്തിന്റെ അടിസ്ഥാനം തെറ്റ് ആയിരുന്നു. അവർ വിശുദ്ധമല്ലാത്ത കൈകൊണ്ട് യാഗം [പ്രവൃത്തി] ചെയ്തു.

അതിന്നു ഹഗ്ഗായി ഉത്തരം പറഞ്ഞതെന്തെന്നാൽ: അങ്ങനെ തന്നേ ഈ ജനവും അങ്ങനെ തന്നേ ഈ ജാതിയും എന്റെ സന്നിധിയിൽ ആകുന്നു എന്നു യഹോവയുടെ അരുളപ്പാടു. അവരുടെ കൈകളുടെ പ്രവൃത്തിയൊക്കെയും അങ്ങനെ തന്നേ; അവർ അവിടെ അർപ്പിക്കുന്നതും അശുദ്ധം അത്രേ. (ഹഗ്ഗായി 2:14)

വിശുദ്ധമല്ലാത്ത കൈകളെ കൊണ്ട് നല്ല പ്രവർത്തി ചെയ്യുന്നത് സ്വീകാര്യമല്ല. അവരുടെ ആത്മീയ ജീവതത്തിന്റെ അടിസ്ഥാനം തെറ്റ് ആയിരുന്നതുകൊണ്ട് ദൈവത്തിന്റെ അനുഗ്രഹം ലഭിച്ചില്ല. ദൈവജനം ആലയത്തിന്റെ അടിസ്ഥാനം വീണ്ടും പണിയണം. ഹഗ്ഗായി പ്രവാചകൻ പിന്നെയും പറഞ്ഞത് ആത്മീയ ജീവതം ശരിയായ അടിസ്ഥാനത്തിൽ പണിയണം. അന്നു മുതൽ ഇസ്രേൽ ജനം ശരിയായ അടിസ്ഥാനത്തിൽ പണിയുവാൻ തുടങ്ങി. ദൈവം അവരെ അനുഗ്രഹിച്ചു.

നിങ്ങൾ ഇന്നുതൊട്ടു മുമ്പോട്ടു ദൃഷ്ടിവേക്കുവിൻ;..യഹോവയുടെ മന്ദിരത്തിന്നു അടിസ്ഥാനം ഇട്ട ദിവസം തുടങ്ങിയുള്ള കാലത്തിൽ തന്നേ ദൃഷ്ടിവേക്കുവിൻ. വിത്തു ഇനിയും കളപ്പുരയിൽ കിടക്കുന്നുവോ? മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളവും ഒലിവുമരവും കായക്കുന്നില്ലയോ? ഇന്നുമുതൽ ഞാൻ നിങ്ങളെ അനുഗ്രഹിക്കും. (ഹഗ്ഗായി 2:18-19)

എന്ന്മുതൽ നിങ്ങൾ ശരിയായ അടിസ്ഥാനത്തിൽ ആത്മീയ ജീവതം പണിയുവാൻ തുടങ്ങുന്നു അന്ന്മുതൽ ദൈവം നിങ്ങളെ എല്ലാത്തിലും അനുഗ്രഹിക്കും

## യേശുവിന്റെ ഉപദേശങ്ങൾ

ഭവനം പണിയുമ്പോൾ ഒരു നല്ല ആത്മീയ അടിസ്ഥാനം ഉണ്ടാകണം എന്ന ആവശ്യകത യേശു ഊന്നിപ്പറയന്നു. ഈ സത്യത്തെ രണ്ടു മനുഷ്യർ എങ്ങനെ വീട് പണിതെന്ന ഉപമയിലുടെ വിവരിക്കുന്നു, ദൈവ വചനത്തിൽ രണ്ടു ഖണ്ധികയിൽ രേഖപ്പെടുത്തിരിക്കുന്നു. ഒന്ന് മത്തായി 7:24-29 ലും മറ്റേത് ലൂക്കോസ് 6:47-49 ലും. ഈ രണ്ടു വക്യത്തിലും താരതമ്യതകൾ ഉണ്ട്.

എന്റെ അടുക്കൽ വന്നു എന്റെ വചനം കേട്ടു ചെയ്യുന്നവൻ എല്ലാം ഇന്നവനോടു തുല്യൻ എന്നു ഞാൻ കാണിച്ചു തരാം. ആഴെക്കുഴിച്ചു പാറമേൽ അടിസ്ഥാനം ഇട്ടു വീടു പണിയുന്ന മനുഷ്യനോടു അവൻ തുല്യൻ. വെള്ളപ്പൊക്കം ഉണ്ടായിട്ടു ഒഴുകൂ വീട്ടിനോടു അടിച്ചു; എന്നാൽ അതു നല്ലവണ്ണം പണിതിരിക്കകൊണ്ടു അതു ഇളകിപ്പോയില്ല. കേട്ടിട്ടു ചെയ്യാത്തവനോ അടിസ്ഥാനം കൂടാതെ മണ്ണിന്മേൽ വീടു പണിത മനുഷ്യനോടു തുല്യൻ. ഒഴുകൂ അടിച്ച ഉടനെ അതു വീണു; ആ വീട്ടിന്റെ വീഴ്ച വലിയതുമായിരുന്നു. (ലൂക്കോസ്:47-49)

ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടുപണിത മനുഷ്യനോടു തുല്യനാ കുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു."(മത്തായി:24-29)

ഇവിടെ അതിപ്രധാനമായ അടിസ്ഥാനതത്ത്വം കാണാം

**ഉപദേശം**

ശരിയായ ആത്മീയ അടിസ്ഥാനത്തിന്റെ ആദ്യത്തെ പ്രമാണം യേശുവിന്റെ ഉപദേശം പഠിപ്പിക്കുന്ന ഭാഗം ആകുന്നു. ഈ ഭാഗം വായിക്കുമ്പോൾ ജനം "അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു" എന്ന് രേഖപെടുത്തിയിരിക്കുന്നു

വീടിന്റെ അടിസ്ഥാനം യേശുവിന്റെ ഉപദേശം ആയി അപ്പോസ്തലനായ പൗലോസ് പ്രസ്താവിക്കുന്നു.(എബ്രായർ 6:1-2)

**യഥാർത്ഥമായ അടിസ്ഥാനം**

ഒരു നല്ല ആത്മീയ അടിസ്ഥാനം പണിവാനുള്ള ക്രമങ്ങൾ ലൂക്കോസ് 6:47 ൽ കൊടുത്തിരിക്കുന്നു:

1. എന്റെ അടുക്കൽ വന്നു 2. എന്റെ വചനം കേട്ടു 3. ചെയ്യുന്നവൻ

ഈ മുന്ന് ക്രമങ്ങൾ അത്യാവശ്യമായതു. യേശുവിന്റെ അടുക്കൽ വന്നാൽ പോരാ. വരുകയും കേൾക്കുകയും ചെയ്താൽ പോരാ. നിങ്ങൾ സ്വയമായി പ്രവൃത്തിയിൽ കൊണ്ടുവരണം. ഒരു വ്യക്തിയ്ക്ക് യേശുവിന്റെ അടുക്കൽ വരാം, അവൻ പറയുന്നത് കേൾക്കാം, എന്നാൽ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറുകയും ചെയ്യാം.

നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നതു എന്തു?(ലൂക്കോസ് 6:46)

ദൈവവചനം അറിഞ്ഞിട്ടും അത് പ്രവർത്തിയിൽ ഇതുവരെ നിങ്ങൾ കൊണ്ടു വരാതിരക്കാം. അവന്റെ ഉപദേശം സ്വീകരിക്കുന്നതുവരെ നിങ്ങളുടെ ജീവിതത്തിൽ യഥാർത്ഥമായി യേശു ക്രിസ്തു കർത്താവു ആയിട്ടില്ല. ഒരു നല്ല അടിസ്ഥാനം ദൈവവചനം എന്ന അടിസ്ഥാനമാണ്. ഒരു വ്യക്തി യേശുവിന്റെ അടുക്കൽ വന്നു, വചനം കേട്ട്, അനുസരിച്ചപ്പോൾ ബുദ്ധിമാൻ എന്ന് വിളിക്കുന്നു. അവൻ അവന്റെ ആത്മീയ അടിസ്ഥാനം ഉറപ്പിച്ചു, ആഴമായ് കുഴിച്ചു അവനും യേശു ക്രിസ്തു എന്ന പാറയുടെ ഇടയിൽ എല്ലാം നീക്കം ചെയ്തു.

ദൈവവചന ക്രമപ്രകാരം നിങ്ങളുടെ ആത്മീയ ജീവിതം പണിയപ്പെടുക. വേദപുസ്തകത്തെ സമ്പൂർണ്ണ പ്രമാണമായി കൈക്കൊള്ളുക. അതിൻ പ്രകാരം ആത്മീയ അടിസ്ഥാനം ഇടുക. കാരണം...

പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ(2.പത്രൊസ്1:21)

ദൈവ വെളിപാടിന്റെ ഉദ്ദേശ്യം 2 തിമോത്തി 3:16 ൽ തന്നിരിക്കുന്നു:

എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു

ദൈവവചനം യേശുവിന്റെ അടിസ്ഥാന ഉപദേശം അഭ്യാസിപ്പിക്കുന്നു എന്ന് മാത്രമല്ല മനുഷ്യൻ തെറ്റി പോകതിരികേണ്ടതിനു ഈ ഉപദേശം ശാസനയും ഗുണീകരണവും നല്കുന്നു.

**തെറ്റായ അടിസ്ഥാനം**

തെറ്റായ അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു മനുഷ്യൻ ദൈവവചനം കേട്ടു എങ്കിലും അതിൻ പ്രകാരം അനുസരിക്കാതെ ഇരുന്നു. ഈ മനുഷ്യനെ അടിസ്ഥാനം ഇല്ലാതെ പണിത മനുഷ്യനായീ താരതമ്യപ്പെടുത്തുന്നു, വിഡ്ഢിയായീ വിളിക്കുന്നു (ലൂക്കോസ്6:49) തന്റെ വീട് പണിതിർത്തിരിക്കുന്നത് പാറയ്ക് പകരം മണലിൽ ആയിരുന്നു.(മത്തായി 7:27)

നിങ്ങളുടെ ജീവതം പാരമ്പര്യത്തിലോ മനുഷ്യന്റെ മതവിശ്വാസത്തിലോ അടിസ്ഥാനം ആയിരിക്കുമ്പോൾ നിങ്ങൾ പണിയുന്നത് ആത്മീയമായീ മണലിൽമ്മേൽ ആയിരിക്കും. നല്ല കാര്യങ്ങൾ ചെയ്യുക, സഭയിൽ പോകുക, അല്ലെങ്കിൽ മതപരമായ ആചാരങ്ങൾ ഇവ മൂലം നിങ്ങൾക്ക് ആത്മീയ ജീവതം പണിയപെടുവാൻ കഴിയും എന്ന് ചിന്തിക്കുന്നുണ്ടായിരിക്കാം.

**ജീവിതത്തിൽ കൊടുങ്കാറ്റ്**

യേശു രണ്ടു വീട് പണിത ഉപമയിൽ വേറൊരു സത്യം കുടി വെളിപെടുത്തുന്നു. ജീവതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ നമ്മുടെ ജീവിതത്തിൽ കൊടുങ്കാറ്റ് അനുഭവപെടുന്നു. ചിലപ്പോൾ മരണം, രോഗം, അപകടം എന്നി. പ്രശ്നത്തെ വിശ്വാസികൾ നേരിടേണ്ടി വരും. അപൊസ്തല പ്രവർത്തി 14:22 മുന്നറിയിപ്പ് നൽകിയിരിക്കുന്നു. നാം അനേകം കഷ്ടങ്ങളിൽകൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു. യേശു പറഞ്ഞത്:

ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു.(യോഹന്നാൻ 16:33)

കൊടുങ്കാറ്റിൽ നിന്നും ആരും രക്ഷപെടുകയില്ല. കൊടുങ്കാറ്റിന്റെ സാഹചര്യമുള്ള ജീവിതം എല്ലാ മനുഷ്യരും എല്ലായിടത്തും അനുഭവപെടും. കൊടുകാറ്റുകൾ എപ്പോഴും ഒന്നുതന്നെ, എന്നാൽ ജനം എങ്ങിനെ അതിനെ പ്രതികരിക്കുന്നതിൽ വ്യത്യാസം ഉണ്ട്. നിങ്ങളുടെ ആത്മീയ ജീവിതം ശരിയായ അടിസ്ഥാനത്തിൽ അല്ലെങ്കിൽ നിങ്ങൾ വീഴും. മണലിൽമ്മേൽ വീടു പണിതത് പോലെ, അത് വലിയ വീഴ്ച ആയിരുന്നു. നിങ്ങളുടെ ജീവിതം യഥാർത്ഥ അടിസ്ഥാനമായ യേശു ക്രിസ്തുവിലും അവന്റെ വചനത്തിലും(ഉപദേശം) ആയിരുന്നു വെങ്കിൽ കൊടുങ്കാറ്റിൽ നിങ്ങളെ കുലുക്കുവാൻ സാധിക്കയില്ല.

ഇനി ഒരിക്കൽ” എന്നതു, ഇളക്കമില്ലാത്തതു നിലനിൽക്കേണ്ടതിന്നു നിർമ്മിതമായ ഇളക്കമുള്ളതിന്നു മാറ്റം വരും എന്നു സൂചിപ്പിക്കുന്നു. ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിന്നു പ്രസാദംവരുമാറു ഭക്തിയോടും ഭയത്തോടുകൂടെ സേവ ചെയ്ക.(എബ്രായർ 12:26-27)

കുലുക്കത്തിന്റെ അനുഭവം വരുമ്പോൾ കുലുങ്ങാതെ നിന്നാൽ അവർ ശേഷിക്കും. കുലുങ്ങാതെ നിന്നവർ ശരിയായ അടിസ്ഥാനത്തിൽ പണിയപെട്ടവർ.

### അടിസ്ഥാനങ്ങൾ: ഒരു മുൻ ഉ്പാധി

ഈ സ്വാഭാവിക ലോകത്തിൽ ഒരു നല്ല അടിസ്ഥാനം എന്നാൽ മുൻഉപാധിയോടെ പണിയുന്ന ഉറപ്പുള്ള വീട് ആകുന്നു. മുൻഉപാധി എന്ന വാക്യത്തിന്റെ അർത്ഥം "മുന്പേ ആവശ്യമുള്ളത്" എന്ന് അറിയുക. മേൽക്കെട്ടിടം പണിയുന്നതിനു മുൻപ് ഒരു ഉചിതമായ അടിസ്ഥാനം ആവശ്യമാണ്. ഉചിതമായ അടിസ്ഥാനത്തിൻ മേലാണ് മേൽക്കെട്ടിടം പണിയുന്നത്.

ഒരു ഉചിതമായ ആത്മീയ അടിസ്ഥാനം എന്നാൽ മുൻ ഉ്പാധിയിൽ നിന്നുള്ള ആത്മീയ പക്വത. എബ്രായർ 6:1-3 ൽ പറയുന്നത് ആത്മീയ അടിസ്ഥാനം ശരിയായ് ഇട്ടില്ലായെങ്കിൽ നമുക്ക് പൂർണ്ണതയിലേക്ക് എത്തുവാൻ സാധിക്കയില്ല. ആത്മീയ പക്വത എന്നാൽ ആത്മീയ അടിസ്ഥാനത്തിൻ മേൽ മേൽക്കെട്ടിടം ഇരിക്കുന്നത്. അടിസ്ഥാനം തെറ്റിയാൽ മേൽക്കെട്ടിടം ഇരിക്കുകയില്ല, നിങ്ങൾക്ക് ആത്മീയ പക്വത കൈവരിക്കുകയുമില്ല.

നിങ്ങളുടെ ആത്മീയ അടിസ്ഥാനത്തിന്റെ ആവശ്യകതയെ കുറിച്ച് തുടർന്നുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്. രണ്ട് വീടുകളുടെ ഉപമ സൂചിപ്പിക്കുന്ന ഉപദേശങ്ങൾ മാത്രം പോര. നിങ്ങൾ തന്നെ ദൈവവ ചനത്തോടും അതിലെ സത്യത്തോടും നിങ്ങളുടെ ആത്മീയ അടിസ്ഥാന ജീവതമായി സ്വയം പ്രതികരിക്കണം.

നിങ്ങൾ ദൈവവചനത്തോട് പ്രതികരിക്കുന്നില്ല എങ്കിൽ അപ്പോസ്തലനായ യാക്കോബ് വിവരിക്കപ്പെട്ട മനുഷ്യൻ ആയിരിക്കും.

എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ. ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോടു ഒക്കുന്നു. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്നു ഉടനെ മറന്നുപോകുന്നു. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനിലക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും.(യാക്കോബ് 1:22-25)

ഓർമ്മിക്കുക: നിങ്ങൾ ശരിയായ അടിസ്ഥാനത്തിൽ ആത്മീയ ജീവിതം പണിയുന്നത് തുടങ്ങുവാൻ എപ്പോൾ തിരുമാനിക്കും അപ്പോൾ ദൈവം നിങ്ങളെ അനുഗ്രഹിക്കും.

## സ്വയ പരീക്ഷ

1. പ്രധാന വാക്യം കാണാതെ എഴുതുക
2. എബ്രായർ 6:1-3ൽ രേഖ പെടുത്തിയ ആറു(6) അടിസ്ഥാന ഉപദേശങ്ങൾ ഏതൊക്കെ?
3. ആത്മീയ പക്വതയ്ക്ക് ഏതൊക്കെയാണ് പ്രാപ്തനാക്കുക?
4. ലൂക്കോസ് 6:47 ൽ പറഞ്ഞിരിക്കുന്ന ശരിയായ ആത്മീയ അടിസ്ഥാനം പണിയേണ്ട മൂന്ന് (3) ക്രമങ്ങൾ ഏതൊക്കെയാണ്?
5. ദൈവം ആരെയാണ് ആത്മീയ അടിസ്ഥാനമായി ഇട്ടിരിക്കുന്നത്?

## തുടർന്ന് പഠിക്കുവാൻ

ബൈബിളിൽ യേശു ക്രിസ്തുവിന്റെ ഉപദേശങ്ങളും സത്യവും ജീവനുള്ള ദൈവത്തിന്റെ വചനങ്ങളുമാണ് ഉൾപ്പെട്ടത്. ഇതു നിങ്ങളുടെ ആത്മീയ ജീവതം ശരിയായ അടിസ്ഥാനത്തിൽമേൽ പണിയപ്പെടും എന്ന് വിശദീകരിക്കുന്നു.

താഴെ കാണിച്ചിരിക്കുന്ന ദൈവവചന വാക്യങ്ങൾ പഠിക്കുക, അത് എന്ത് പഠിപ്പിക്കുന്നു എന്ന് പ്രസ്താവിക്കുക.

**വേദപുസ്തകം ദൈവ വചനം ആകുന്നു:**

2. തിമൊഥെയൊസ് 3:14-17
2. പത്രൊസ് 1:19-21
എബ്രായർ 1:1
1. കൊരിന്ത്യർ 2:13
1. തെസ്സലൊനീക്യർ 2:13
യോഹന്നാൻ 5:39

**വേദപുസ്തകം നിത്യമായത്:**

മത്തായി 24:35
യെശയ്യാവു 40:8

വേദപുസ്തകം ഒരു പ്രമാണം വെച്ചിരിക്കുന്നു അത് ആത്മീയ ജീവതത്തിന്റെ അടിസ്ഥാനമാകുന്നു. സങ്കീർത്തനങ്ങൾ 119:89

# അദ്ധ്യായം - 2

## നിർജ്ജീവ പ്രവൃത്തികളുടെ മാനസാന്തരം: ഭാഗം - 1

**ഉദ്ദേശ്യം**

ഈ അദ്ധ്യായം പൂർത്തികരികുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും:

- പ്രധാന വാക്യം കാണാതെ എഴുതുക
- നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം വിവരിക്കുക
- പാപ ത്തിന്റെ ഉത്ഭവം വിവരിക്കുക
- പാപത്തിന്റെ ഒൻപത് (9) പേരുകൾ വേദപുസ്തകത്തിൽ നിന്ന് തിരിച്ചറിയുക

**പ്രധാന വാക്യം**

ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്ത വരായിത്തീർന്നു,(റോമർ 3:23)

**ആമുഖം**

എബ്രായർ ലേഖനത്തിൽ 6:1-3 വാക്യങ്ങളിൽ ക്രിസ്തുവിന്റെ അടിസ്ഥാന ഉപദേശങ്ങൾ പറഞ്ഞിരിക്കുന്നു അതിൻ പ്രകാരം ഒരു വിശ്വാസി ആത്മീയ ജീവിതം പണിയപെടുന്നു. ഈ പ്രമാണത്തെ ക്രിസ്തിയ വിശ്വാസത്തിന്റെ അടിസ്ഥാനം എന്ന് വിളിക്കപെടുന്നു. ഇതിന്റെ ആദ്യത്തെ പ്രമാണം നിർജ്ജീവ പ്രവൃത്തികളുടെ മാനസാന്തരം എന്ന് ആകുന്നു.

**മാനസാന്തരം**

മാനസാന്തരം എന്ന വാക്കിന്റെ അടിസ്ഥാന അർത്ഥം മനസ് രൂപാന്തരപെടുക അതിന്റെ പരിണതഫലം ബാഹ്യമായ പ്രവർത്തിയിൽ മാറ്റം വരുത്തുക.

മാനസാന്തരത്തെ മനോവികാരങ്ങളോട് ചില ആളുകൾ ബന്ധപ്പെടുത്തുന്നു, കണ്ണുനീർതൂവുന്ന അല്ലെങ്കിൽ ചെയ്തു പോയ തെറ്റായ ചിന്തകളും പ്രവർത്തി കളെയും ഓർത്ത് വിഷാദിചിരിക്കുക. മാനസാന്തരം എന്നത് അമിത വികാര. പ്രകടനമല്ല. ഇത് ഒരു തീരുമാനം ആണ്. ശരിയായ മാനസാന്തരത്തിന്റെ കൂടെ വികാരം ഉണ്ടായിരിക്കാം. എന്നാൽ ഒരു വ്യക്തി അമിതവികാരം പ്രകടിപ്പി ക്കുകയും കണ്ണു നീർതൂവുകയും ചെയ്തിട്ടും യഥാർത്ഥമായി മാനസാന്തര പെടെണമെന്നില്ല.

മറ്റുചില ആളുകൾ മാനസാന്തരത്തെ പ്രത്യക മത ആചാരമായി കരുതുന്നു. ഇതിനെ ചിലപ്പോൾ പ്രായശ്ചിത്ത കർമ്മം എന്ന് പറയുന്നു.. ഇതുപോലെയു ള്ള പ്രായശ്ചിത്ത കർമ്മം ചെയ്താലും വേദപുസ്തകം പ്രകാരമുള്ള യഥാർത്ഥ മാനസാന്തരം അനുഭവപ്പെടുകയില്ല.

യഥാർത്ഥ മാനസാന്തരം എന്നാൽ മനസ്സിന്റെ രൂപാന്തരീകരണം, അതിന്റെ പരിണത ഫലം പ്രവർത്തിയിൽ മാറ്റം വരുത്തുക. ബാഹ്യമായ പ്രവർത്തന ങ്ങൾക്ക് മാറ്റം അതായതു പാപം വിട്ടു ദൈവത്തിലേക്കും നീതിയിലേക്കും തിരിയുക. ഈ എതിർ ദിശയിലേയ്ക്ക് തിരിയുന്നത് അകമേയുള്ള മനസിന്റെ മാറ്റം കാണിക്കുന്നു.

സംക്ഷേപം: വേദപുസ്തകം പ്രകാരമുള്ള മാനസാന്തരം അകമേയുള്ള മനസ്സിന്റെ രൂപാന്തരീകരണം. പാപം വിട്ടു ദൈവത്തിലെക്കും നീതിയിലെക്കും തിരിയുക എന്ന ബാഹ്യമായ മാറ്റത്തിന്റെ ഫലം ആകുന്നു

**നിഷ്ഫലമായ മാനസാന്തരം**

വേദപുസ്തകത്തിൽ മാനസാന്തരം എന്ന വാക്യം വ്യത്യസ്തമായ രീതിയിൽ ചിലയിടത്ത് ഉപയോഗിച്ചിരിക്കുന്നു.

**യൂദാ**

മത്തായിയുടെ സുവിശേഷം 27:3-4 ൽ യേശുവിനെ മരണത്തിനുള്ള കുറ്റം ചുമത്തപ്പെട്ടു എന്ന് യൂദാ അറിഞ്ഞപ്പോൾ യേശുവിനെ ഒറ്റിക്കൊടുത്തത് ഓർത്ത് അനുതപിച്ചു.

അവനെ ശിക്ഷെക്കു വിധിച്ചു എന്നു അവനെ കാണിച്ചുകൊടുത്ത യൂദാ കണ്ടു അനുതപിച്ചു, ആ മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കി കൊണ്ടുവന്നു: ഞാൻ കുററമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു.(മത്തായി 27;3-4)

ഇവിടെ ഉപയോഗിക്കുന്ന ഗ്രീക്ക് പദം മനസ്മാറ്റം എന്നർത്ഥം വരുന്ന അതേ വാക്യം അല്ല. ഈ വാക്യത്തെ പലപ്പോഴും തെറ്റായി വ്യഖ്യാനിക്കുന്നു. മറ്റു പല ഭാഷകളിലും ഒരു വാക്യത്തിന് ഒന്നിൽ കുടുതൽ അർത്ഥം ഉണ്ട്. ബൈബിൾ എഴുതിയ ഭാഷയിലും. മാനസാന്തരം എന്ന വാക്കിന് ഒന്നിൽ കുടുതൽ അർത്ഥം ഉണ്ട്. ഇവിടെ യൂദായെ പറ്റിയുള്ള ഉപയോഗിച്ചിരിക്കുന്ന വാക്യത്തിന്റെ അർത്ഥം വികാരാധീനനാകുന്ന, വിഷാദിചിരിക്കുന്ന, മനോവേദന നിറഞ്ഞ എന്നത് ആകുന്നു.

യുദാ അനുഭവപെട്ട വിഷമം അവൻ ചെയ്ത പ്രവർത്തിയെ ഓർത്താണ് എന്നാൽ വേദപുസ്തകത്തിൽ പറയുന്ന യഥാർത്ഥ മാനസാന്തര അനുഭവം ഉണ്ടായില്ല. പ്രവർത്തിയിൽ മാറ്റംവരുന്ന ഒരു പുതിയ തീരുമാനം അവൻ എടുത്തില്ല. തുടർച്ചയായി പാപംചെയ്തും, അവസാനം തന്നത്താൻ തൂങ്ങി മരിച്ചു.

**ഏശാവ്**

ഇതു പോലെ ദുരന്തമായീ പിശക്പറ്റിയ വേറെ ഒരു മനുഷ്യൻ ആണ് ഏശാവ്. ദൈവം തന്ന ജ്യേഷ്ഠാവകാശം ഒരു ഊണിന്നു വിറ്റുകളഞ്ഞു പാപം ചെയ്തു. വേദപുസ്തകം രേഖപെടുത്തിയിരിക്കുന്നത്.

അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു മാനസാന്തരത്തിന്നു ഇട കണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ.(എബ്രായർ 12:7)

ഏശാവ് ജ്യേഷ്ഠാവകാശം ഒരു ഊണിന്നു പകരം വിറ്റുകളഞ്ഞു. അവനു അവകാശപെട്ട ജ്യേഷ്ഠാവകാശം അവഗണിച്ചതുകൊണ്ട് ലഭിക്കേണ്ട ദൈവത്തിന്റെ അനുഗ്രഹങ്ങളും വാഗ്ദാനങ്ങളും നഷ്ടപ്പെട്ടു. ഏശാവ് പിന്നീട്

ചെയ്ത പ്രവർത്തിയെപ്പറ്റി ഖേദിച്ചു. അവൻ നിലവിളിച്ചു കണ്ണുനീരോഴുക്കി. എന്നാൽ വികാരാധീനനാകുന്ന അടയാളമല്ല മാനസാന്തരം. ഏശാവ് യഥാർത്ഥമായി മാനസാന്തരപെട്ടില്ല. അവൻ കേവലം ഖേദിച്ചു നഷ്ടപ്പെട്ട ജ്യേഷ്ഠാവകാശം പിന്നീട് ലഭിപ്പാൻ ആഗ്രഹിച്ചു. അവന്റെ മാനസാന്തരം അംഗീകാരയോഗ്യമല്ല, കാരണം ഖേദിക്കുകയും മാനസാന്തര പെടുകയും തമ്മിൽ വ്യത്യാസം ഉണ്ട്.

## നിർജ്ജീവ പ്രവൃത്തികൾ

മാനസാന്തരം എന്ന വിഷയത്തെ പൂർണ്ണമായി അറിയണമെങ്കിൽ എന്തിനു വേണ്ടി നമ്മൾ മാനസാന്തരപ്പെടണം എന്ന് അറിയണം. നിർജ്ജീവ പ്രവൃത്തികളെപറ്റി നമ്മൾ അറിയണം. നിർജ്ജീവ(ചത്ത) പ്രവൃത്തികൾ എന്നാൽ ദൈവത്തെ കൂടാതെയുള്ള നമ്മുടെ ജീവിത പ്രവർത്തികൾ. ഇത് ദുഷ്പ്രവർത്തികൾ അല്ലെങ്കിൽ സ്വയനീതി പ്രവൃത്തികൾ ആകാം.

ഇതിനെ ദൈവവചനത്തിൽ പാപം എന്ന് വിളിക്കുന്നു. പാപത്തിന്റെ അടിസ്ഥാന കാരണം സ്വാർത്ഥതയാണ്. ഇതു ദൈവ സ്നേഹത്തിനു വിരുദ്ധമായാ സ്വയ സ്നേഹം. സ്വയ സ്നേഹം മനുഷ്യനെ സ്വന്തവഴിയിലേക്ക് തിരിക്കുന്നു.

നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഔരോരുത്തനും താൻ താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി (എബ്രായർ 53:6)

യേശു മനുഷ്യന്റെ പാപങ്ങൾക്കു വേണ്ടി ക്രൂശിൽ മരിച്ചു. എല്ലാം യഥാക്രമം ആകുവാൻ...

ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കു വേണ്ടി മരിച്ചു ഉയിർത്തവന്നായിട്ടു തന്നേ ജീവിക്കേണ്ടതിന്നു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു.(2.കൊരിന്ത്യർ 5:15)

സ്വാർത്ഥതയായ നിർജ്ജീവ(ചത്ത) പ്രവൃത്തികളിൽനിന്നും മാനസാന്തരപെടുമ്പോൾ നിങ്ങൾ ഒരു സത്യദൈവം ഉണ്ടെന്നുള്ള യാഥാർത്ഥ്യം അംഗീകരിക്കുന്നു, നിങ്ങൾ ഒരു പാപിയാണെന്ന് മനസിലാക്കുന്നു, നിങ്ങളുടെ പാപത്തിനുവേണ്ടി ക്ഷമ ചോദിക്കുന്നു, യേശു ക്രിസ്തുവിലുടെയുള്ള ദൈവത്തിന്റെ രക്ഷമാർഗ്ഗത്തെ വിശ്വസിക്കുന്നു.

## പാപത്തിന്റെ ഉത്ഭവം

മനുഷ്യനെ സൃഷ്ടിക്കുന്നതിനെ മുന്പേ തിന്മ ഉണ്ടായിരുന്നു. പാപം ഉത്ഭവിച്ചതു ലുസിഫെർ മുഖാന്തരമാണ്, പിശാച് എന്നും അവനെ അറിയപെടുന്നു. ലുസിഫെർ ദൈവത്താൽ സൃഷ്ടിക്കപെട്ട ഒരു പ്രധാന മാലാഖ ആയിരുന്നു. എന്നാൽ അവൻ ദൈവത്തോട് എതിർത്ത് പാപിയായി തിർന്നു. പാപം മൂലം ലുസിഫെർ സ്വർഗ്ഗത്തിൽനിന്നും ഭുമിയിലെക്കു തള്ളപ്പെട്ടു.

അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! “ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു

മീതെ വേക്കും; ഉത്തരദിക്കിന്റെ അത്യന്തത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യു ന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു (യെശയ്യാവു 14:12-14)

നീ ചിറകു വിടർത്തു മറെക്കുന്ന കെരൂബ് ആകുന്നു; ഞാൻ നിന്നെ വിശുദ്ധ ദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു; നീ അഗ്നിമയരഥങ്ങളുടെ മദ്ധ്യേ സഞ്ച രിച്ചു പോന്നു. നിന്നെ സൃഷ്ടിച്ച നാൾമുതൽ നിങ്കൽ നീതികേടു കണ്ടതു വരെ നീ നടപ്പിൽ നഷ്കളങ്കനായിരുന്നു. നിന്റെ വ്യാപാരത്തിന്റെ പെരുപ്പം നിമി ത്തം നിന്റെ അന്തർഭാഗം സാഹസംകൊണ്ടു നിറഞ്ഞു നീ പാപം ചെയ്തു; അതുകൊണ്ടു ഞാൻ നിന്നെ അശുദ്ധൻ എന്നു എണ്ണി ദേവപർവ്വതത്തിൽ നി ന്നു തള്ളിക്കളഞ്ഞു; മറെക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നിമയ രഥങ്ങ ളുടെ മദ്ധ്യേനിന്നു മുടിച്ചുകളഞ്ഞു.(യെഹെസ്കേൽ 14:16)

സ്വർഗ്ഗത്തിൽനിന്നും തള്ളപ്പെട്ട ലൂസിഫർ [സാത്താൻ അല്ലെങ്കിൽ പിശാച് ആയീ പിന്നീട് അറിയപെടുന്നു] ദൈവത്തിന്നു വിരോധമായി ഇപ്പോഴും ദൈവത്തോട് എതിർത്ത് നിൽക്കുന്നു. ആദ്യ പുരുഷനും സ്ത്രീയും [ആദാമും ഹവ്വയും] സൃ ഷ്ടിച്ചപ്പോൾ പിശാചിനാൽ വഞ്ചിക്കപ്പെട്ടു ദൈവത്തിനു വിരോധമായി പാപം ചെയ്തു. ഈ അതിക്രമത്തെ "മനുഷ്യന്റെ വീഴ്ച" എന്ന് പറയുന്നു. അതായത് മനുഷ്യൻ നീതിയിൽനിന്നും പാപത്തിലേക്ക് വിണു. വേദപുസ്തകത്തിൽ ഉല്പത്തി രണ്ടും മുന്നും അദ്ധ്യായത്തിൽ ഇതേകുറിച്ച് വായിക്കാം.

ശാരീരികവും ആത്മീയവുമായ പാപത്തിന്റെ ശിക്ഷാനിയമം(പിഴ) സംബന്ധി ച്ച് ദൈവം മുന്നറിയിപ്പു നൽകിയിരുന്നു അത് ശാരീരികമായും ആത്മീയവു മായ മരണം കൂടി ആയിരുന്നു. ആത്മീയ മരണം ദൈവത്തോടുള്ള ബന്ധത്തിൽ ഒരു നഷ്ടം തന്നെയായിരുന്നു. ശാരീരിക മരണം അവരുടെ ജഡശരീരത്തിന്റെ മരണം. ആദാമിന്റെയും ഹവ്വയുടെയും പാപംനിമിത്തം മരണം എല്ലാ മനുഷ്യ രിലും വന്നു.

അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു.(റോമർ 5:12)

ആദ്യ മനുഷ്യന്റെ വീഴ്ചകാരണം എല്ലാ മനുഷ്യനിലും പാപം പിന്തുടരുന്നു. അതായത് ജൻമനാ എല്ലാവരിലും പാപസ്വഭാവം അനുഭവപെടുന്നു. ജഡിക ലക്ഷണം പിൻതുടരുന്നതു പോലെ ആത്മീയ ലക്ഷണമായ പാപസ്വഭാവം പി ന്തുടരുന്നു.

ഈ ലോകത്തിലെ എല്ലാതിന്മക്കും ഉത്തരവാദിത്തം പിശാചിനാണ്. അവൻ ഇ പ്പോഴും ദൈവത്തോട് മത്സരിക്കുന്നു, മനുഷ്യനെ പ്രലോഭിപ്പിച്ചു പാപം ചെ യ്യിക്കുന്നു. അതുകൊണ്ട് ആത്മീയലോകത്തിൽ സ്ഥിരമായ യുദ്ധം മനുഷ്യന്റെ ഹൃദയത്തിലും, മനസിലും, ദേഹിയിലും നടക്കുന്നു.

ഓരോ വ്യക്തിയും അടിസ്ഥാന പാപ പ്രകൃതി തുടർന്ന് കൊണ്ടിരിക്കുന്നു. പാപ പ്രകൃതിയാൽ ഓരോ മനുഷ്യനും ദൈവത്തോട് എതിർക്കുമ്പോൾ പാപം ചെയ്യുന്നു.

ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു.(യാക്കോബ് 1:14-15)

എല്ലാവരും പാപം ചെയ്തിരിക്കുന്നു. എങ്കിലും പാപശിക്ഷക്കുള്ള ഒരു പരിഹാര മാർഗ്ഗം ദൈവകൃപകൊണ്ടു മനുഷ്യന് ലഭ്യമായി. നിർജ്ജീവ പ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരവും യേശുക്രിസ്തുവിനെ സ്വന്തം രക്ഷകനായി സ്വീകരിക്കുമ്പോൾ പാപ ശിക്ഷയിൽ നിന്ന് താങ്കൾക്കു "രക്ഷ പ്രാപിക്കാം".

## പാപത്തിന്റെ പേരുകൾ

ദൈവവചനത്തിൽ പാപത്തിന് പലപേരുകൾ വിളിക്കുന്നു.

**പാപം**

അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു.(മത്തായി 1:21)

"പാപം" എന്ന വാക്കിന്റെ അർത്ഥം ലക്ഷ്യം തെറ്റുക, അബദ്ധം കാണിക്കുക. ഇതു അമ്പു എയ്തിട്ടു ലക്ഷ്യം കാണാതിരിക്കുക. ഇതു നിങ്ങളുടെ ദൈവത്തിന്റെ പൂർണ്ണപദ്ധതിയിൽ നിന്നു ലക്ഷ്യത്തിൽ എത്താതെ വീഴുക.

**തിന്മ**

അകത്തുനിന്നു, മനുഷ്യരുടെ ഹൃദയത്തിൽനിന്നു തന്നേ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം,(മർക്കൊസ് 7:21)

തിന്മ എന്നാൽ ചീത്തയായ, ഉപയോഗശൂന്യത, മലിനമായ, സദാചാരം

**ദുഷ്ടത**

ദുഷ്ടത എന്നാൽ ദ്രോഹം ചെയ്യേണ്ടതിനു മനസ് വെയ്ക്കുക. മനസ്സുക്കൊണ്ട് ന്യായം, നീതി, സത്യം, യോഗ്യതയെ ധിക്കരിക്കുക.

അങ്ങനെ തന്നേ ലോകാവസാനത്തിൽ സംഭവിക്കും; ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽനിന്നു ദുഷ്ടന്മാരെ വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയും; (മത്തായി 14:49)

**ലംഘിക്കുക**

ലംഘിക്കുക എന്നാൽ നിയമലംഘനം നടത്തുക. ഇതു ഒരു മനുഷ്യൻ കടക്കാൻ പാടില്ലാത്ത അതിര്കടക്കുക. അതിക്രമിക്കുക, പരിധിവിട്ടു തെറ്റിലോട്ട് പോകുക.

എന്നാൽ ന്യായപ്രമാണം എന്തിന്നു? വാഗ്ദത്തം ലഭിച്ച സന്തതിവരുവോളം അതു ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമത്രേ.(ഗലാത്യർ 3:19)

**അനീതി**

അനീതി എന്നാൽ അന്യായം, കുറ്റം, അധർമ്മം, വ്യാജം, ചതി.

ഏതു അനീതിയും പാപം ആകുന്നു; (1. യോഹന്നാൻ 5:17)

**അഭക്തി**

അഭക്തി എന്നാൽ ദൈവഭക്തിയില്ലാത്ത അതായത് അവിശ്വസ്തത, ദുഷ്കൃതം, ദൈവത്തെ അവഗണിക്കുക. അതായത് ദൈവവം ഇല്ലാത്തത്പോലെ കരുതുക. നിരീശ്വരവാദവും അഭക്തിയും ഒന്നല്ല. ദൈവം ഇല്ലെന്നു വിശ്വസിക്കുന്നത് നിരീശ്വരവാദം. ദൈവം ഉണ്ടെന്നു അറിഞ്ഞിട്ടും അവന്റെ ചട്ടങ്ങൾ അവഗണിക്കുകയാണ് അഭക്തി.

അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു. (റോമർ 1:18)

**അധർമ്മം**

അധർമ്മം എന്നാൽ നിയമവിരുദ്ധമായ, നിയമ ഇല്ലാതായോ അല്ലെങ്കിൽ നിയമത്തെ ലംഘിക്കൽ.

അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ (മത്തായി 7:23)

**അനുസരണക്കേട്**

അനുസരണത്തിനു വിരോധമായി അനുസരണക്കേട്. അതായത് ദൈവത്തിന്റെ കല്പനകളെ അവഗണിക്കുക.

ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതു പോലെ.(റോമർ 5:19)

**ലംഘനം**

ലംഘനം എന്നാൽ ശരിയായ പാത വിട്ടു തെറ്റായ വഴിയിലേക്ക് തിരിയുക. അതായത് നിങ്ങളുടെയല്ലാത്ത സ്ഥലത്തേക്ക് പ്രവേശിക്കുക.

അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു.(എഫെസ്യർ 2:1)

**ഒരു ആമുഖം മാത്രം**

ഈ അദ്ധ്യായത്തിൽ നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം എന്ന വിഷയത്തിന്റെ ഒരു ആമുഖം മാത്രം. അടുത്ത അദ്ധ്യായത്തിൽ തുടർച്ചയായി ഈ വിഷയത്തെ ചർച്ച ചെയ്യും

## സ്വയ പരിക്ഷ

1. പ്രധാന വാക്യം കാണാതെ എഴുതുക
2. നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം വിവരിക്കുക
3. പാപം എന്ന ഒന്പത് (9) പേരുകൾ വേദപുസ്തകത്തിൽ നിന്ന് എടുക്കുക
4. മനുഷ്യ വർഗ്ഗത്തിൽ എത്ര പേരാണ് പാപം ചെയ്തത്? ഇതിന്റെ ഉത്തരം വേദപുസ്തകത്തിൽ നിന്ന് അനുകൂലിക്കുന്ന വാക്യം എടുക്കുക.
5. പാപത്തിന്റെ ഉത്ഭവം വിവരിക്കുക
6. നിഷ്ഫലമായ മാനസാന്തരം രണ്ടു (2) വ്യക്തികളുടെ പേര് വേദപുസ്ത കത്തിൽ നിന്നും പറയുക

### തുടർന്ന് പഠിക്കുവാൻ

ഈ അദ്ധ്യായത്തിൽ പാപത്തിന്റെ ഉത്ഭവം അതിന്റെ പേരുകൾ വിവരിച്ചിരുന്നു. എന്നാൽ ദൈവം പാപത്തെ എങ്ങനെ കണക്കാക്കുന്നു? ദൈവത്തിന്റെ കല്പനയെ ലംഘിക്കുന്നത് പാപം.

പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു; പാപം അധർമ്മം തന്നേ (1.യോഹന്നാൻ 3:4)

ദൈവത്തിന്റെ ചട്ടങ്ങളും, നിയമങ്ങളും, പ്രമാണങ്ങളും വേദപുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതിനു പുറമേ, ദൈവം നമ്മൾ ഒഴിവാക്കേണ്ട പാപത്തിന്റെ പട്ടികയും തന്നിരിക്കുന്നു.

### ഒഴിവാക്കേണ്ട പാപത്തിന്റെ പട്ടിക

പുതിയ നിയമത്തിൽ പാപങ്ങൾ, അതിന്റെ ഉറവിടം, അത് തിരിച്ചറിഞ്ഞ് ന്യായവിധി വെളിപ്പെടുത്തുന്നു. ആകെ 103 വിവിധ പാപങ്ങളുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു. അത് തിരിച്ചറിയുക.

- 7 ഹൃദയത്തിൽ നിന്ന് പുറപ്പെട്ടു അശുദ്ധനാക്കുന്നു. മത്തായി 15:18-20
- 13 ഹൃദയത്തിൽ നിന്ന് പുറപ്പെട്ടു അശുദ്ധനാക്കുന്നു. മർക്കൊസ് 7:21-23
- 23 ദൈവത്തിന്റെ ന്യായവിധി കൊണ്ടുവരുന്നു. റോമർ 1:29-32
- 7 വിശ്വാസികൾ ചെയ്യാൻ പാടില്ലാത്തത്. റോമർ 13:13,14
- 6 വിശ്വാസികൾ സംസർഗ്ഗം കുടാൻ പാടില്ല. 1. കൊരിന്ത്യർ 5:9-11
- 10 ദൈവരാജ്യത്തിൽ പ്രവേശിക്കാൻ പറ്റാത്തത്. 1. കൊരിന്ത്യർ 6:9,10
- 17 ദൈവരാജ്യത്തിൽ പ്രവേശിക്കാൻ പറ്റാത്തത്. ഗലാത്യർ 5:19-21
- 4 ദൈവ കോപം, പ്രവേശിക്കാൻ പറ്റാത്തത്. എഫെസ്യർ 5:5-6
- 11 വിശ്വാസികൾ തിരിഞ്ഞു പോകേണ്ടത്. 2. കൊരിന്ത്യർ 12:20-21
- 9 വിശ്വാസികൾ നടക്കരുതു. എഫെസ്യർ 4:17-19:
- 6 വിശ്വാസികളുടെ ഇടയിൽ കാണരുത്. എഫെസ്യർ 5:3,4
- 9 വിശ്വാസികൾ കളയേണ്ടതു. എഫെസ്യർ 4:25,28,29,31
- 6 വിശ്വാസികൾ ഒഴിവാക്കുക. കൊലൊസ്സ്യർ 3:8,9
- 6 വിശ്വാസികൾ നിഗ്രഹിക്കുക. കൊലൊസ്സ്യർ 3:5-6
- 14 ന്യായപ്രമാണം തന്നിരിക്കുന്നു. 1. തിമൊഥെയൊസ് 1:9-10
- 19 വിശ്വാസികൾ തിരിഞ്ഞു പോകേണ്ടത്. 2. തിമൊഥെയൊസ് 3:1-5
- 9 വിശ്വാസികൾ രക്ഷിതനായതു തീത്തൊസ് 3:3-5
- 5 വിശ്വാസികൾ വിണു പോകരത്: 1. പത്രൊസ് 2:1
- 7 വിശ്വാസികൾ ജഢ പാപത്തിൽ ജീവിക്കരുത്. 1. പത്രൊസ് 4:2-4
- 8 തീ അഗ്നി ശിക്ഷ. വെളിപ്പാടു 21:8
- 6 ജീവന്റെ വൃക്ഷം, വിശുദ്ധ നഗര പ്രവേശന തടസം. വെളിപ്പാടു 22:14

# അദ്ധ്യായം - 3

## നിർജ്ജീവ പ്രവൃത്തികളുടെ മാനസാന്തരം: ഭാഗം 2

**ഉദ്ദേശ്യം**

ഈ അദ്ധ്യായം പൂർത്തികരികുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും:

- പ്രധാന വാക്യം കാണാതെ എഴുതുക
- മാനസാന്തരത്തിന്റെ പ്രാധാന്യം വിവരിക്കുക
- മനുഷ്യൻ എന്ത് കാരണം കൊണ്ട് മാനസാന്തരപെടുന്നു എന്ന് വിവരിക്കുക
- മാനസാന്തരത്തോട് സംബന്ധിച്ചു നാലു(4) സംഗതിയുടെ പേര് പറുയുക
- പരിവർത്തനം എന്ന വാക്യത്തിന്റെ അർത്ഥം വിവരിക്കുക
- പരിവർത്തനത്തിന്റെ പ്രാധാന്യം വിവരിക്കുക
- ന്യായീകരണം എന്ന വാക്യത്തിന്റെ അർത്ഥം വിവരിക്കുക
- രക്ഷിക്കപെടുക എന്ത് എന്ന് വിവരിക്കുക
- മുടിയനായ പുത്രൻ എന്ന ഉപമയിലുടെ മാനസാന്തരം, പരിവർത്തനം എന്ന വിഷയം വിസ്തരിക്കുക

**പ്രധാന വാക്യം**

ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ മാനസാന്തരത്തിന്നു വിളിപ്പാൻ വന്നിരിക്കുന്നതു എന്നു ഉത്തരം പറഞ്ഞു.(ലൂക്കോസ് 5:32)

### ആമുഖം

അവസാന അദ്ധ്യായത്തിൽ "നിർജ്ജീവ പ്രവൃത്തികളുടെ മാനസാന്തരം" എന്നത് അടിസ്ഥാനത്തിന്റെ ആദ്യ ഉപദേശം എബ്രായർ 6:1-3 പ്രകാരം വിവരിച്ചി രിക്കുന്നു. നിർജ്ജീവപ്രവൃത്തി എന്നത് പാപം എന്നും, ആദ്യപാപം എന്ത് എന്ന് പരിശോധിച്ചു. ആദം, ഹവ്വയിലുടെ ആദ്യപാപം പ്രവേശിച്ചതും അതു മുലം മനുഷ്യൻ മലിനപെട്ടു എല്ലാ മനുഷ്യരും പാപ സ്വഭാവം ഉള്ളവരായി തുടർന്ന് കൊണ്ടിരിക്കുന്നു എന്ന് അറിഞ്ഞു. ഈ മലിനപെട്ട സ്വഭാവം വ്യക്തി കളായി എല്ലാ മനുഷ്യരിലും പാപം ചെയ്യുവാനുള്ള കാരണമായി തിർന്നു എ ന്നും അറിഞ്ഞു.

ഈ അദ്ധ്യായത്തിലും നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം എന്ന ആദ്യ അടിസ്ഥാന ഉപദേശം തുടർച്ചയായി പഠിക്കുന്നു.

### മാനസാന്തരം

നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം എന്നാൽ അകമേയുള്ള തിരുമാനം അല്ലെങ്കിൽ മനസ്മാറ്റത്തിന്റെ പരിണതഫലം. പാപത്തിൻനിന്നും വിട്ട് ദൈവ ത്തീലേക്കും നീതിയിലേക്കും തിരിയുക എന്ന ബാഹ്യമായുള്ള മാറ്റമാകുന്നു. അപൊസ്തല പ്രവൃത്തി 20-21 ൽ ഇതിനെ "ദൈവത്തിങ്കലേക്കുള്ള മാനസാന്ത രവും" എന്ന് പറയുന്നു. മാനസാന്തരപെട്ടതിനാൽ നിങ്ങൾ നിർജ്ജീവ (ചത്ത) പ്രവൃത്തി എന്ന പാപത്തിൽ നിന്നും ദൈവത്തിലേക്ക് തിരിയുന്നു.

മാനസാന്തരം എന്നാൽ പാപവഴികളെ വിട്ടു ദൈവത്തിന്റെ കൂട്ടായ്മയിൽ പ്രവേശിക്കുന്ന വ്യക്തിപരമായ ഒരു തിരുമാനം. ഇതു ദൈവത്തിന്റെ ശക്തി യാൽ പാപിയുടെ ജീവിതത്തിൽ മനസിലും, ഹൃദയത്തിലും വരുന്ന മാറ്റമാണ്.

അങ്ങനെ ആയാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നല്കിയല്ലോ (അപ്പൊസ്തല പ്രവൃത്തികൾ 11:18)

ദൈവത്തിന്റെ ഒരു ദാനമാണ് മാനസാന്തരം:

യിസ്രായേലിന്നു മാനസാന്തരവും പാപമോചനവും നലകുവാൻ ദൈവം അവനെ(യേശു) പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തി യിരിക്കുന്നു.(അപ്പൊസ്തല പ്രവ്യത്തികൾ 5:31)

മാനസാന്തരപെടുമ്പോൾ വികാരങ്ങൾ ഉണ്ടായേക്കാം എങ്കിലും ശരിയായ മാനസാന്തരം നിർജ്ജീവ പ്രവ്യത്തികളെക്കുറിച്ചുള്ള ഒരു തിരുമാനം ആണ്, വെറും ഒരു വികാര പ്രകടനമല്ല. നിങ്ങൾ പഠിച്ചത് പോലെ പാപത്തെ പറ്റിയു ള്ള വിഷാദം, കണ്ണുനീർ ഇവ മാത്രം പോര. ഇതിന്റെ കൂടെ ഉള്ളിൽ ഒരു തിരുമാനവും ബാഹ്യമായ മാറ്റം ഉണ്ടാകും അതാണ് അതിന്റെ ഫലം.

## മാനസാന്തരത്തിന്റെ പ്രാധാന്യം

ക്രിസ്തിയ വിശ്വാസത്തിന്റെ അടിസ്ഥാനമായി മാനസാന്തരത്തെ പല കാരണ ങ്ങളാൽ കണക്കാക്കുന്നു.

### ദൈവം കല്പിക്കുന്നു:

ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു.(അപ്പൊസ്തല പ്രവൃത്തികൾ 17:30)

### ആത്മീയ മരണം ഒഴിവാക്കുവാൻ ആവശ്യമാണ്:

അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നേ നശിച്ചു പോകും (ലൂക്കോസ് 13:3)

### നിത്യജീവൻ പ്രാപിക്കുവൻ ആവശ്യമാണ്:

മാനസാന്തരത്തിലുടെ മരണശിക്ഷ നീക്കം ചെയ്തു നിത്യജീവൻ ദാനം ചെയ്തു.

അങ്ങനെ ആയാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നല്കിയല്ലോ എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി
(അപ്പൊസ്തല പ്രവ്യത്തികൾ 11:18)

### പാപക്ഷമ ലഭിക്കുവാൻ ആവശ്യമാണ്:

മാനസാന്തരപ്പെടാഞ്ഞാൽ ദൈവം നിങ്ങളുടെ പാപം ക്ഷമിക്കയില്ല.

പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഔരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും.(അപ്പൊസ്തല പ്രവ്യത്തികൾ 2:38)

### ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ആവശ്യമാണ്:

അന്നുമുതൽ യേശു: "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്നു പ്രസംഗിച്ചു തുടങ്ങി.(മത്തായി 4:17)

**എല്ലാവരോടും ദൈവതിന്റെ ഹിതം:**

ദൈവം ആരും ആത്മീയ മരണം സംഭവിക്കുവാൻ അഗ്രഹിക്കുന്നില്ല.

ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു (2.പത്രൊസ് 3:9)

**യേശു ഈ കാരണം കൊണ്ട് ലോകത്തിലേക്ക് വന്നത്:**

ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ മാനസാന്തരത്തിന്നു വിളിപ്പാൻ വന്നിരിക്കുന്നതു എന്നു ഉത്തരം പറഞ്ഞു.(ലൂക്കോസ് 5:32)

**ക്രിസ്താനികൾ മാനസാന്തരപെടണമോ?**

മാനസാന്തരത്തിന്റെ ആദ്യ പ്രവർത്തി പാപികളായ മനുഷ്യരെ തെറ്റിൽ നിന്നും ശരിയിലേക്കും തിരിഞ്ഞ്, സുവിശേഷം സ്വീകരിച്ചും, യേശു ക്രിസ്തുവിൽ സത്യവിശ്വാസി ആയിത്തീരുക എന്നതാണ്. പിന്നീടു പൂർണ്ണതയിലേക്കുള്ള മാർഗ്ഗത്തിൽ പോകുക. ചിലപ്പോൾ ഒരു വിശ്വാസി തിരികെ പാപ സ്വഭാവത്തിലേക്ക് വീഴുന്നു. വേദപുസ്തകം രേഖപ്പെടുത്തിയ പ്രകാരം എപ്പോഴൊക്കെ വിശ്വാസികൾ പാപം ചെയുന്നു അപ്പോൾ തന്നെ അവർ പശ്ചാത്തപിക്കുകയും, മാനസാന്തരപെടുകയും ചെയ്യണം.

**കൊരിന്ത്യർ**

കൊരിന്ത്യയിലുള്ള വിശ്വാസികൾ മാനസാന്തരപെടണം:

നിങ്ങൾ ദുഃഖിച്ചതിനാലല്ല, മാനസാന്തരത്തിന്നായി ദുഃഖിച്ചതിനാൽ അത്രേ. (2.കൊരിന്ത്യർ 7:9; 12:20-21)

**എഫെസ്യർ**

എഫെസ്യർ വിശ്വാസികൾ മാനസാന്തരപെടണം:

നീ ഏതിൽനിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക;(വെളിപ്പാടു 2:5)

**പെർഗ്ഗമൊസിലെ ക്രിസ്താനികൾ**

പെർഗ്ഗമൊസിലെ ക്രിസ്താനികൾ മാനസാന്തരപെടണം:

ആകയാൽ മാനസാന്തരപ്പെടുക; അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ വന്നു എന്റെ വായിലെ വാളുകൊണ്ടു അവരോടു പോരാടും.(വെളിപ്പാടു 2:16)

**സർദ്ദിസിലെ ക്രിസ്താനികൾ**

സർദ്ദിസിലെ ക്രിസ്താനികൾ മാനസാന്തരപെടണം:

ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തതു എങ്ങനെ എന്നു ഓർത്തു അതു കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്ക.(വെളിപ്പാടു 3:3)

**ലവൊദിക്ക്യയിലെ ക്രിസ്താനികൾ**

ലവൊദിക്ക്യയിലെ ക്രിസ്താനികൾ മാനസാന്തരപെടണം:

എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു; ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക. (വെളിപ്പാടു 3:19)

പാപം എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം ജനം മാനസാന്തരപെടണം:

നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. (1.യോഹന്നാൻ1:9)

### മാനസാന്തരത്തിന്റെ സന്ദേശം

മാനസാന്തരം രക്ഷക്ക് ആവശ്യമായതുകൊണ്ട് ദൈവം ഒരു പ്രത്യക പദ്ധതി ഉണ്ടാക്കി. പുതിയ നിയമത്തിൽ സ്നാപക യോഹന്നാന്റെ ശുശ്രുഷ മുഖേന യാണ് മാനസാന്തരത്തിന്റെ സന്ദേശം എല്ലാവരിലും എത്തേണ്ടതിനു മാനസാന്തരത്തിനുള്ള വിളി തുടങ്ങിയത്.

മരുഭൂമിയിൽ സ്നാനം കഴിപ്പിച്ചും പാപമോചനത്തിന്നായുള്ള മാനസാന്തര സ്നാനം പ്രസംഗിച്ചുംകൊണ്ടിരുന്നു. അവന്റെ അടുക്കൽ യെഹൂദ്യദേശം ഒക്കെയും യെരൂശലേമ്യർ എല്ലാവരും വന്നു പാപങ്ങളെ ഏറ്റു പറഞ്ഞു യോർദ്ദാൻ നദിയിൽ അവനാൽ സ്നാനം കഴിഞ്ഞു.(മർക്കൊസ് 1:3-4)

ക്രിസ്തു വെളിപെടെണ്ടതിനു മാനസാന്തരം ആവിശ്യമായിരുന്നു. ഇസ്രേൽ ദൈവത്തിലെക്കു തിരിഞ്ഞു മാനസാന്തരപെടുന്നത് വരെ യേശു വെളിപെടുകയില്ലായിരുന്നു. മാനസാന്തരത്തിന്റെ സന്ദേശമാണ് യേശുവിന്റെ ആദ്യത്തെ പ്രസംഗം.

എന്നാൽ യോഹന്നാൻ തടവിൽ ആയശേഷം യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു: കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു. (മർക്കൊസ് 1:14-15)

ആദ്യകാല സഭയിൽ ശിഷ്യന്മാർ മാനസാന്തരം പ്രസംഗിച്ചു:

അങ്ങനെ അവർ പുറപ്പെട്ടു മാനസാന്തരപ്പെടേണം എന്നു പ്രസംഗിച്ചു; (മർക്കൊസ്6:12; അപ്പൊസ്തല പ്രവൃത്തികൾ201:21)

ഇന്ന്, അവന്റെ ശിഷ്യമാരുടെ ഉത്തരവാദിത്വം ലോകമെല്ലയിടത്തും പോയീ മാനസാന്തര സന്ദേശം പ്രസംഗിക്കുക. യേശു അവനെ അനുഗമിക്കുന്നവർക്ക് കൊടുത്ത അവസാന നിർദേശം:

മാനസാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കയും വേണം (ലൂക്കോസ് 24:47)

### എന്ത്കൊണ്ടാണ് മനുഷ്യൻ മാനസാന്തരപെടെണ്ടത്?

ക്രിസ്തിയ വിശ്വാസം നിലനിൽകുന്നത് മാനസാന്തരം എന്ന അടിസ്ഥാനത്തിന്മേലാണ് അതുകൊണ്ട് നാം മനസ്സിലാക്കണം മനുഷ്യൻ മാനസാന്തര പെടെണ്ടത് എന്ത് കാരണം കൊണ്ടാണ്. മാനസാന്തര സന്ദേശം ലോകമെല്ലയിടത്തും എത്തിക്കുവാൻ നിങ്ങൾക്ക് ഉത്തരവാദിത്തം ഉണ്ടെങ്കിൽ എങ്ങിനെയാണ് നിർജ്ജീവ പ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം മനുഷ്യനെ ബോധിപ്പിക്കേണ്ടത് എന്ന് അറിഞ്ഞിരിക്കണം.

**ദൈവത്തിന്റെ ദയ**

ദൈവത്തിന്റെ ദയ പാപിയുടെ ജീവിതത്തിൽ കാണിക്കുമ്പോൾ ദൈവം ആ ഭക്തികെട്ട ജിവിതത്തെ അംഗീകരിച്ചു എന്ന് തെറ്റായി ധരിക്കരുത്. ദൈവത്തിന്റെ ദയ ഒരു വിധത്തിൽ പറഞ്ഞാൽ കർത്താവു മനുഷ്യനെ സഹായിക്കാനായീ തിരികെ വരാൻ അപേക്ഷിക്കുകയാണ്.

അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?(റോമർ 2:4)

**പ്രസംഗം**

മനുഷ്യൻ മാനസാന്തരപെടണം എന്നതുകൊണ്ടാണ് ദൈവവചനം പ്രസംഗികുന്നത്. യോനയുടെ പ്രസംഗം നീനെവേ പട്ടണത്തിൽ എല്ലാവർക്കും മാനസാന്തരത്തിന് കാരണമായി:

നീനെവേക്കാർ ന്യായവിധിയിൽ ഈ തലമുറയോടു ഒന്നിച്ചു എഴുന്നേറ്റു അതിനെ കുറ്റം വിധിക്കും; അവർ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടുവല്ലോ; ഇതാ, ഇവിടെ യോനയിലും വലിയവൻ.(മത്തായി 12:41)

**ക്രിസ്തുവിന്റെ വിളി**

ദൈവവചനം പ്രസംഗിക്കുമ്പോൾ ജനം കേൾക്കുകയും ക്രിസ്തുവിന്റെ വിളി മാനസാന്തരത്തിലേക്ക് നയിക്കും:

ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നതു” എന്നു പറഞ്ഞു.(മത്തായി 9:13)

**പിതാവായ ദൈവം**

യേശു പറഞ്ഞത്, പിതാവിനെ കുടാതെ ആര്ക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല. ദൈവം മാനസാന്തരത്തിലേക് മനുഷ്യനെ നയിക്കുന്നു: എന്നെ അയച്ച പിതാവു ആകർഷിച്ചിട്ടില്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല;(യോഹന്നാൻ 6:44)

**ശാസന**

ശാസിക്കുമ്പോൾ മനുഷ്യൻ മാനസാന്തരപെടുന്നു. ദൈവവചനത്താൽ ലഭിച്ചിരിക്കുന്ന തെറ്റു തിരുത്തൽ ആണ് ശാസന:

സഹോദരൻ പിഴച്ചാൽ അവനെ ശാസിക്ക; അവൻ മാനസാന്തരപ്പെട്ടാൽ അവനോടു ക്ഷമിക്ക.(ലൂക്കോസ് 17:3)

**ദൈവഹിതപ്രകാരമുള്ള ദുഃഖം**

നിങ്ങൾ അറിഞ്ഞത്പോലെ, മാനസാന്തരത്തിന്റെ കൂടെ ദുഃഖം ഉണ്ടായേക്കാം. ലോകത്തിന്റെ ദുഃഖം ശരിയായ മാനസാന്തരമല്ല. എന്നാൽ ദൈവഹിത പ്രകാരമുള്ള ദുഃഖം യഥാർത്ഥ മാനസാന്തരത്തിലേക്ക് നയിക്കുന്നു:

ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷെക്കായി ഉളവാക്കുന്നു; ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാക്കുന്നു. (2.കൊരിന്ത്യർ 7:10)

## മാനസാന്തരത്തോട് ബന്ധപ്പെട്ട കാര്യങ്ങൾ

മാനസാന്തരത്തോട് ബന്ധിച്ച് ദൈവവചനം പല കാര്യങ്ങളിൽ യോജിക്കുന്നു.

### വിശ്വാസം

ദൈവത്തോടുള്ള വിശ്വാസം മാനസാന്തരവുമായി യോജിക്കുന്നു. എബ്രായർ 6 ൽ ഇതിനെ ക്രിസ്തിയ വിശ്വാസത്തിന്റെ രണ്ടാമത്തെ അടിസ്ഥാന ഉപദേശ മായി കണക്കാക്കുന്നു. നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം ദൈവത്തോ ടുള്ള വിശ്വാസമായി ഒന്നിച്ചു പോകുന്നു:

മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു.(മർക്കൊസ് 1:15; അപ്പൊസ്തല പ്രവൃത്തികൾ 20:21)

### സ്നാനം

സ്നാനം മാനസാന്തരമായി യോജിക്കുന്നു. അകമേയുള്ള മാറ്റം ബാഹ്യമായുള്ള അടയാളമായി മാറുന്നു:

നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഔരോ രുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; (അപ്പൊസ്തല പ്രവൃത്തികൾ 2:38)

### പ്രവൃത്തികൾ

ശരിയായ മാനസാന്തരം എന്ന് സാക്ഷ്യപ്പെടുത്തെണ്ടതിനു മനുഷ്യന്റെ പ്രവൃ ത്തികളുടെ ഫലങ്ങൾ എന്ന് ദൈവവചനം വിളിക്കുന്നു:

പിന്നെ ജാതികളോടും മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാ ന്തരത്തിന്നു യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം എന്നു പ്രസംഗിച്ചു. (അപ്പൊസ്തല പ്രവൃത്തികൾ 26:20)

മാനസാന്തരത്തിന്നു യോഗ്യമായ ഫലം കായ്പിൻ.(മത്തായി 3:8)

"പ്രവൃത്തികൾ" "ഫലങ്ങൾ" ഇവ രണ്ടും മാനസാന്തരത്തിനു ശേഷമുള്ള ബാ ഹ്യമായ മാറ്റം ആകുന്നു.

### പരിവർത്തനം

പരിവർത്തനം എന്നത് മാനസാന്തരമായി ബന്ധപ്പെട്ടതാണ്. പരിവർത്തനത്തെ നിങ്ങൾ മനസ്സിലാക്കുകയും വേണം:

ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന്നു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ (അപ്പൊസ്തല പ്രവൃത്തികൾ 3:19)

## പരിവർത്തനം

പരിവർത്തനം എന്നാൽ "തിരിഞ്ഞുകൊൾക" ഇതു ദൈവവചനത്തിൽ മാന സാന്തരമായി ഉപയോഗികുമ്പോൾ തെറ്റിൽ നിന്നും ശരിയായ വഴിയിലേക്ക് തിരിയുക എന്നാണ്.

അവൻ യിസ്രായേൽമക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവി ങ്കലേക്കു തിരിച്ചുവരുത്തും (ലൂക്കോസ്1:16)

കർത്താവിന്റെ കൈ അവരോടുകൂടെ ഉണ്ടായിരുന്നു; വലിയൊരു കൂട്ടം വി ശ്വസിച്ചു കർത്താവിങ്കലേക്കു തിരിഞ്ഞു. (അ. പ്രവൃത്തികൾ11:21;9:35)

പരിവർത്തനം എന്നാൽ പാപ അന്ധകാരത്തിൽ നിന്നു ദൈവത്തിന്റെ നീതി യായ വെളിച്ചത്തിലേക്ക് തിരിയുന്നത്:

അവരെ ഇരുളിൽനിന്നു വെളിച്ചത്തിലേക്കും(അപ്പൊസ്തല പ്രവൃത്തികൾ26:18)

ഇതു സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കും തിരിയുന്നത്:

സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും. (അപ്പൊസ്തല പ്രവൃത്തികൾ 26:18)

ലൗകികമായ കാര്യങ്ങളിൽ നിന്നും ആത്മീയ കാര്യങ്ങളിലേക് തിരിയുന്നത്:

ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിങ്കലേക്കു തിരിയേണം (അപ്പൊസ്തല പ്രവൃത്തികൾ 14:15)

ഇത് വിഗ്രഹങ്ങളെ വിട്ടു സത്യവും ജീവനുള്ള ദൈവത്തിലേക്ക് തിരിയുന്നത്:

നിങ്ങൾ വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്കു എങ്ങനെ തിരിഞ്ഞുവന്നു (1.തെസ്സലൊനീക്യർ 1:9)

## പരിവർത്തനത്തിന്റെ പ്രാധാന്യം

പരിവർത്തനം മാനസാന്തരവുമായി ഒത്തുപോകുന്നു. നിങ്ങൾ തെറ്റിൽ നിന്നും ശരിയിലേക്ക് തിരിയേണം കാരണം....

ദൈവരാജ്യത്തിൽ കടക്കേണ്ടതിനു ഇത് ആവശ്യം:

നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ് വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യ ത്തിൽ കടക്കയില്ല(മത്തായി 18:3)

ആത്മീയ മരണത്തിൽ നിന്ന് ഇത് രക്ഷിക്കും:

പാപിയെ നേർവ്വഴിക്കു ആക്കുന്നവൻ അവന്റെ പ്രാണനെ മരണത്തിൽനിന്നു രക്ഷിക്കയും പാപങ്ങളുടെ ബഹുത്വം മറെക്കയും ചെയ്യും.(യാക്കോബ് 5:20)

നമ്മൾ മാനസാന്തരപെട്ടു തിരിയുന്നത് വരെയും പാപം ദൈവത്തിന്റെ രേഖ കളിൽ എഴുതപെട്ടിരിക്കുന്നു. പിന്നെ അത് മായ്ച്ചുകളയുന്നു.

നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി (അപ്പൊസ്തല പ്രവൃത്തികൾ 2:38)

## മുടിയനായ പുത്രൻ

മാനസാന്തരം, പരിവർത്തനം എന്ന വിഷയത്തെ ഏറ്റുവും നന്നായി ചിത്രീ കരിച്ചത് യേശു പറഞ്ഞ മുടിയനായ പുത്രൻ എന്ന കഥയിലുടെയാണ്. ഈ കഥ ലൂക്കോസ് 15:11-24 ൽ വായിക്കുക. ഇവിടെ ഇളയമകൻ അപ്പനെയും വീടിനെയും വിട്ടു, ദൂരദേശത്തേക്കു യാത്രയായി, പാപം ചെയ്ത് അവനുള്ളത് എല്ലാം നഷ്ടമാക്കി. ഒടുവിൽ ഇളയവന് അവന്റെ അവസ്ഥയെ പറ്റി സുബോ ധം വന്നു. അവനു വിശന്നു, തനിച്ചായി, ജീർണ്ണവസ്ത്രം ധരിച്ചു, പന്നികളെ മേയ്ച്ചു. പിന്നീട് അവൻ ഒരു പ്രധാനപെട്ട തീരുമാനം എടുത്തു. അവൻ പറഞ്ഞു "ഞാൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ ചെന്നു" ഇവിടെ അകമേ യുള്ള തിരുമാനം പുറമേയുള്ള പ്രവർത്തിക്ക് മാറ്റം വരുത്തി. അവൻ എഴു നേറ്റു അപ്പനോട് ക്ഷമ ചോദികേണ്ടതിന് പോയി.

**മാനസാന്തരം - മനസിന്റെ മാറ്റം**

ലൂക്കോസ് 15:17-19 വായിക്കുക. ഇളയമകൻ അവന്റെ പാപ അവസ്ഥയെ പറ്റി മനസിലാക്കി. പാപത്തെ കുറിച്ച് അനുതപിച്ചു, അവൻ ഒരു തിരുമാനം എടുത്ത് അവന്റെ അപ്പന്റെ അടുക്കലേക്ക് പോയി. ഇതു അകമേയുള്ള തിരുമാനം പുറമെയുള്ള പ്രവർത്തി ആയി പ്രതിഫലിച്ചത് മാനസാന്തരത്തിനു ഒരു ഉദാഹരണമാണ്.

**പരിവർത്തനം - തിരുമാനതിന്റെ പ്രവർത്തി**

ലൂക്കോസ്15:20 ൽ ഇളയമകൻ എഴുന്നേറ്റു, പഴയ ജീവിതത്തെ വിട്ടു അവന്റെ അപ്പന്റെ വീട്ടിലേക്കു പോയി ഒരു പുതിയ ജീവിതം ആരംഭിക്കുന്നു. ഇതാണ് പരിവർത്തനം, വഴിതിരിവ് അല്ലെങ്കിൽ മാറ്റം.

**മുടിയനായ മനുഷ്യൻ**

അതുപേലെ ഓരോ മനുഷ്യനും അവന്റെ പാപ അവസ്ഥയിൽ പിതാവായ ദൈവത്തോടും സ്വർഗ്ഗമെന്ന അവന്റെ ഭവനത്തോടും പുറം തിരിക്കുന്നു. അവൻ എടുക്കുന്ന ഓരോ ചുവടും ദൈവത്തിൽ നിന്നും പുറകോട്ടാണ്, ഓരോ ചുവടും ആത്മീയ മരണത്തോട് അടുക്കലും, ദൈവത്തിൽ നിന്നും നിത്യമായി അകലുന്നു.

അവൻ എത്രയും പെട്ടന്ന് ഒരു പ്രധാന തിരുമാനം എടുക്കണം. അവൻ "സുബോധം വന്നിട്ടു" അവന്റെ ആത്മീയ അവസ്ഥ മനസിലാക്കണം. അവൻ എടുക്കുന്ന തിരുമാനം ശരിയായ ആത്മീയ ദിശയിൽ ആയിരിക്കേണം. ഈ മാറ്റം പാപത്തിൽ നിന്ന് തിരിഞ്ഞു ദൈവത്തിലേക്കു ആയിരിക്കും. ഇതാണ് ശരിയായ ഒരു ആത്മീയ അടിസ്ഥാനം പണിയുന്നതിന്റെ ആദ്യ ചുവട്.

**രക്ഷയും ന്യായീകരണവും**

വേദപുസ്തകത്തിൽ മാനസാന്തരത്തോട് സംബന്ധിച്ച് വേറെ രണ്ടു പദം ഉപയോഗിച്ചിരിക്കുന്നു. ഈ പദമാണ് ന്യായീകരണവും, രക്ഷയും. എല്ലാ മനുഷ്യരുടെയും ന്യായാധിപതി ദൈവം. നിർജ്ജീവപ്രവൃത്തിയിൽ (പാപത്തിൽ) ജീവിക്കുമ്പോൾ നിങ്ങൾ അവന്റെ മുന്പിൽ കുറ്റംചുമത്തപ്പെട്ടു.

അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു. ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതു ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നേ.(യോഹന്നാൻ 3:18-19)

നിങ്ങൾ പാപത്തിൽ നിന്ന് മാനസാന്തരപെടുമ്പോൾ, പാപ വഴിയിൽ നിന്നും തിരിഞ്ഞു പുതിയ തിരുമാനം എടുക്കുമ്പോൾ ദൈവവുമായി ഒരു നേരായ ബന്ധം സ്ഥാപിക്കുന്നു. ഈ നല്ല ബന്ധത്തെ അല്ലെങ്കിൽ ദൈവത്തിന്റെ മുമ്പാകെ നേരോടെ നിൽക്കുമ്പോൾ നീതികരണം എന്ന് വിളിക്കപ്പെടുന്നു

നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നേ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചു പോരുകയും ചെയ്യുന്നവന്നു ദാസന്മാർ ആകുന്നു എന്നു

അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിന്നായി പാപത്തിന്റെ ദാസന്മാർ, അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ തന്നേ. എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു. പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായിത്തീർന്നതുകൊണ്ടു ദൈവത്തിന്നു സ്തോത്രം (റോമർ 6:16-18)

പാപത്തിന്റെ ശിക്ഷ ശരീരികമായും ആത്മീയമായുള്ള മരണം. യേശു ക്രൂശിൽ മരിച്ചപ്പോൾ എല്ലാ മനുഷ്യരുടെയും പാപത്തിനുള്ള ശബളം വീട്ടി കൊടുത്തു.

പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കു വേണ്ടി പാപം ആക്കി (2.കൊരിന്ത്യർ 5:21)

നിങ്ങളുടെ പാപങ്ങൾക്കു വേണ്ടി യേശു മരിച്ചു എന്നു വിശ്വസിക്കുന്നു എങ്കിൽ, മാനസാന്തര പെടുകയും, തുടർന്ന് നിങ്ങളുടെ രക്ഷിതാവും കർത്താവുമായ യേശുവിനെ സ്വീകരിക്കുമ്പോൾ ദൈവത്തിൽ നിന്ന് നിത്യമായ വേർതിരിക്കുന്ന ആത്മീയ മരണം, നരകത്തിന്റെ അനുഭവം നിങ്ങൾക്ക് ഉണ്ടായിരിക്കുന്നതല്ല. നിങ്ങളുടെ ഭൗതികമായ ശരീരം മരിച്ചാലും നിത്യജീവനായി പുനരുത്ഥാനം ചെയ്യും. ഇതു നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും മൂലമാണ് സാധ്യമായത്. നിങ്ങൾ നീതികരിക്കപ്പെട്ടത് അല്ലെങ്കിൽ ദൈവത്തിന്റെ നല്ല ബന്ധത്തിൽ യേശു ക്രിസ്തു മുഖാന്തരം കൊണ്ടുവന്നു

അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൌജന്യമായത്രേ നീതീകരിക്കപ്പെടുന്നതു. (റോമർ 3:24)

അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും. (റോമർ 5:9)

വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ടു. (റോമർ 5:1)

നിങ്ങൾ മാനസാന്തരപെട്ടു, യേശു ക്രിസ്തുവിനെ രക്ഷിതവായീ സ്വീകരിച്ചതുകൊണ്ടു നീതികരിക്കപെട്ട് പാപ ജീവിതത്തിൽ നിന്നും പാപശിക്ഷയിൽ നിന്നും നിങ്ങൾ രക്ഷിക്കപെട്ടു.

ആമേൻ , ആമേൻ , ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു. (യോഹന്നാൻ 5:24)

ഇതിനെയാണ് വചനത്തിൽ "രക്ഷ" അർത്ഥമാക്കുന്ന പദം രക്ഷിക്കപെട്ടു എന്ന് പറയുന്നത്. ഇത് ദൈവകോപത്തിന്റെ നിത്യ പാപശിക്ഷ വിധിയുടെ അനുഭവത്തിൽ നിന്നും എല്ലാ മനുഷ്യരും രക്ഷ പ്രാപിക്കണം എന്നുള്ള ദൈവത്തിന്റെ ആഗ്രഹമാണ്.

ദൈവം നമ്മെ കോപത്തിന്നല്ല,...ജീവിക്കേണ്ടതിന്നു നമുക്കു വേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിപ്പാനത്രേ നിയമിച്ചിരിക്കുന്നതു.(1.തെസ്സലൊനീക്യർ 5:9-10a)

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നലകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. (യോഹന്നാൻ 3:16-17)

**ചുരുക്കം**

പാപത്തിന്റെ ഉത്ഭവം ലുസിഫർ (പിശാച്)
ദൈവത്തിനെതിരെയുള്ള മത്സരം
അവൻ മനുഷ്യനെ പാപത്തിലേക്ക് നയിച്ച് അതിന്റെ ഫലം

മനുഷ്യന്റെ വീഴ്ച (ആദം, ഹവ്വ)

ഇതിന്റെ ഫലം

എല്ലാ മനുഷ്യരും പാപ സ്വഭാവം ഉള്ളവരായി തെറ്റുചെയ്തു
വ്യക്തികളിലുള്ള പാപപ്രവൃത്തി സ്വഭാവം ഉള്ളതുകൊണ്ട്

പാപം നയിച്ചത്

ആത്മീയ മരണം
ഭൗതികമായ മരണം

കുരിശിൽ, യേശു പാപ മനുഷ്യന്റെ ശിക്ഷയ്ക്ക് വിലകൊടുത്ത്
നീതികരണത്തിനു കാരണമായി

നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം (അകമേയുള്ള തിരുമാനം)
ഇതിലേക്ക് നയിച്ചു

മാറ്റം (പുറമെയുള്ള മാറ്റം)

ഇതിനു കാരണമായി

പാപിയായ മനുഷ്യന്റെ നീതികരണം ഒരു നീതിയുള്ള ദൈവത്തിന്റെ മുമ്പാകെ
പാപജീവിതത്തിൽ നിന്നും പാപശിക്ഷയില്നിന്നും രക്ഷിക്കപെട്ടു

## സ്വയ പരിക്ഷ

1. എന്തുകൊണ്ട് മാനസാന്തരം പ്രധാനപെട്ടതും രക്ഷയുടെ ആവശ്യം എന്നതിന് ഏഴ് (7) കാരണങ്ങൾ കാണിക്കുക
2. എന്ത് കാരണം കൊണ്ട് മനുഷ്യൻ മാനസാന്തരപെടുന്നു എന്നുള്ള ആറ് (6) കാര്യങ്ങൾ കാണിക്കുക.
3. പരിവർത്തനം എന്ന വിഷയത്തെ വിവരിക്കുക
4. മുടിയനായ പുത്രൻ എന്ന കഥയിലുടെ മാനസാന്തരം, പരിവർത്തനം വിവരിക്കുക
5. പ്രധാന വാക്യം കാണാതെ എഴുതുക
6. ദൈവ വചനത്തിൽ നിന്നും മാനസാന്തരത്തിന്റെ ഭാഗമായ നാലു (4) കാര്യങ്ങൾ വിവരിക്കുക
7. ക്രിസ്താനികൾ മാനസാന്തരപെടെണമോ?
8. ക്രിസ്താനിക്ക് മാനസാന്തരത്തിനു ആവശ്യമായ മൂന്നു (3) ഉദാഹരണങ്ങൾ വചനത്തിൽ നിന്ന് എടുക്കുക
9. നീതികരണം എന്ന വാക്യം വിശദീകരിക്കുക?
10. രക്ഷിക്കപെടുക എന്ന് പറഞ്ഞാൽ എന്താണ്?

## തുടർന്ന് പഠിക്കുവാൻ

മാനസാന്തരം, പരിവർത്തനം, നീതികരണം എന്നി വിഷയത്തെ ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്തു. തുടർന്ന് കുടുതലായി പഠിക്കുവാൻ താഴെ കൊടുത്തിരിക്കുന്ന കുറുപ്പ് ഉപയോഗിക്കുക.

**പരിവർത്തനം**

മത്തായി 18:3
അപ്പൊസ്തല പ്രവൃത്തികൾ 3:19
സങ്കീർത്തനങ്ങൾ 19:7

**നീതികരണം**

അപ്പൊസ്തല പ്രവൃത്തികൾ 13:39
റോമർ 2:13; 3:4,20,24,28; 4:2,25; 5:1,16,18; 8:30
1.കൊരിന്ത്യർ 6:11
ഗലാത്യർ 2:16-17; 3:8,11,24
തീത്തൊസ് 3:7
യാക്കോബ് 2:21-25

**മാനസാന്തരം**

മത്തായി 3:2,8,11; 4:17; 9:13; 11:20-21; 12:41
മർക്കൊസ് 1:4,15; 2:17; 6:12
ലൂക്കോസ് 3:3,8; 5:32; 11:32; 13:3,5; 15:7,10; 17:3,4; 24:47
അപ്പൊസ്തല പ്രവൃത്തികൾ 2:38; 3:19; 5:31; 8:22; 17:30; 26:20; 5:31; 11:18; 13:24; 19:4; 20:21
റോമർ 2:4
2.കൊരിന്ത്യർ 7:8-10
2.പത്രൊസ്3:9
വെളിപ്പാടു 2:5,16; 3:3,19

# അദ്ധ്യായം - 4

## ദൈവത്തിങ്കലെ വിശ്വാസം

**ഉദ്ദേശ്യം**

ഈ അദ്ധ്യായം പൂർത്തികരികുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും:

- പ്രധാന വാക്യം കാണാതെ എഴുതുക
- വിശ്വാസം എന്നത് വിവരിക്ക
- വിവിധ തരത്തിലുള്ള വിശ്വാസം തിരിച്ചറിയുക
- ദൈവത്തിങ്കലെ വിശ്വാസം വിവരിക്ക
- ദൈവത്തിങ്കലെ വിശ്വാസത്തിന്റെ പ്രാധാന്യം വിശദീകരിക്കുക
- എങ്ങിനെ വിശ്വാസം വർധിപ്പിക്കാം എന്ന് വിശദീകരിക്കുക

**പ്രധാനവാക്യം**

എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കും പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ. (എബ്രായർ 11:6)

**ആമുഖം**

രണ്ടാമത്തെ അടിസ്ഥാന ഉപദേശം "ദൈവത്തിങ്കലെ വിശ്വാസം" ആകുന്നു. ദൈവത്തിങ്കലെ വിശ്വാസം നിങ്ങളുടെ ദൈവത്തോടുള്ള മനോഭാവം എന്തെന്ന് സംബധിച്ചതായിരിക്കുന്നു. ചില മനുഷ്യർ ദൈവത്തോട് വെറുപ്പും, മത്സരവും കാണിക്കുന്നു. ചിലർ അവനെ ഭയപെടുന്നു. എന്നാൽ നിങ്ങളുടെ മനോഭാവം ദൈവത്തിങ്കലെ വിശ്വാസം ആയിരിക്കണം.

വിശ്വാസം, മാനസാന്തരം ഇവ രണ്ടും യഥാർത്ഥമായ പരിവർത്തനത്തിന് ആവശ്യം. പാപത്തെ വിട്ടു ദൈവത്തിലേക്ക് തിരിയുന്നത് മാത്രം ശരിയായ മാനസാന്തരമല്ല. പാപത്തെ ഉപേക്ഷിക്കുവാൻ ശ്രമിക്കുന്നതും ദൈവത്തിലേക്ക് വിശ്വാസത്തോടെ തിരിയാതിരിക്കുന്നതും പരാജയം ആയിരിക്കും. രക്ഷിക്കപ്പെടാത്തവർക്ക് വേണ്ടിയുള്ള ശുശ്രൂഷ ആയിരുന്നു പൌലോസിന്റെത്

ദൈവത്തിങ്കലേക്കുള്ള മാനസാന്തരവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസവും യെഹൂദന്മാർക്കും യവനന്മാർക്കും സാക്ഷീകരിച്ചു എന്നും നിങ്ങൾ അറിയുന്നുവല്ലോ.(അപ്പൊസ്തല പ്രവൃത്തികൾ 20:21)

മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം ഇവ രണ്ടും രക്ഷക്ക് ആവശ്യമാണ്.

**വ്യാഖ്യാനം**

വിശ്വാസം എന്നത് വിശ്വസിക്കുകയും കാര്യങ്ങളുടെ ഉറപ്പും ആകുന്നു. വിശ്വസിക്കുക എന്നാൽ ഉറപ്പുണ്ടാകുക. വിശ്വാസം, വിശ്വസിക്കുക, ആശ്രയം എന്നി വക്കുകളുടെ അർത്ഥം ദൈവവുമായി ബന്ധപ്പെട്ട് ഒന്ന് തന്നെ. വേദപുസ്തകം വിശ്വാസത്തെ നിർവചിക്കുന്നത്:

വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. (എബ്രായർ 11:1)

**പ്രത്യാശ**

വിശ്വാസവും, പ്രത്യാശയും തമ്മിൽ വ്യത്യാസമുണ്ട്. പ്രത്യാശ ഒരു ആഗ്രഹം അല്ലെങ്കിൽ ഭാവിയിൽ ആശിക്കുന്ന കാര്യങ്ങളുടെ മനോഭാവം. വിശ്വാസം നൽകുന്നത് ഭാവിയിൽ ആശിക്കുന്ന വാഗ്ദാനങ്ങളുടെ ഉറപ്പും, കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. പ്രത്യാശ എന്നത് മനസിലും, വിശ്വാസം എന്നത് ഹൃദയത്തിലും ആകുന്നു.

നാമോ പകലിന്നുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ടു സുബോധമായിരിക്ക. (1.തെസ്സലൊനീക്യർ 5:8)

ഈ വാക്യത്തിൽ വിശ്വാസം എന്നത് ഹൃദയത്തിന്റെ ഭാഗമായ കവചവും. പ്രത്യാശ എന്നത് തലയുടെ ഭാഗമായ ശിരസ്ത്രണം.

പ്രത്യാശ ഭാവിയിൽ ആശിക്കുന്ന കാര്യങ്ങളുടെ മനോഭാവം. വിശ്വാസം ഹൃദയത്തിൽ ഉണ്ടാകുന്ന ദൈവത്തിൽ പ്രതീക്ഷ വയ്ക്കുന്ന അവസ്ഥ.

ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും. (റോമർ 10:10)

സുവിശേഷം മനസ് കൊണ്ട് മാത്രം വിശ്വസിച്ചാൽ പോര. ഇതു ശരിയായ വചന പ്രകരമുള്ള വിശ്വാസം അല്ല. ഇതു നിങ്ങളുടെ ജീവിതത്തിൽ പരിവർത്തനം ഉണ്ടാക്കുകയില്ല. ശരിയായ വിശ്വാസം ഹൃദയം കൊണ്ടു വിശ്വസിക്കയും ജീവിതത്തിൽ മാറ്റം ഉണ്ടാകുകയും ചെയ്യും. ഇതിന്റെ ഫലം ഇപ്പോൾ തന്നെ അനുഭവപെടുന്നതാണ്, എന്തെങ്കിലും ഭാവിയിൽ പ്രതീക്ഷിക്കുന്നതല്ല.

**മനസ്സിന്റെ നിയന്ത്രണം**

മറ്റു മതങ്ങൾ പഠിപ്പികുന്നതു പോലെ വിശ്വാസം എന്നത് മനസ്സിന്റെ നിയന്ത്രണം അല്ല. മനസ്സിന്റെ നിയന്ത്രണം പരിശീലിപ്പിക്കുന്നത് മനുഷ്യന്റെ മനസ്, യുക്തി, വിചാരം, ഇച്ഛാശക്തി എന്നിവയിൽ ആശ്രയിക്കുന്നു, ദൈവത്തിൽ അല്ല. മനസ്സിന്റെ നിയന്ത്രണം ഉപയോഗിക്കുമ്പോൾ ഈ ലോകത്തിലെ [ലോകം കാര്യം] എല്ലാ പ്രശ്നങ്ങളും തരണം ചെയ്യാം, എന്നത് മനുഷ്യനിൽ കേന്ദ്രീകരിക്കുന്ന ഉപദേശങ്ങൾ ആകുന്നു. അവർ തന്നിൽ തന്നെ ആശ്രയിക്കുന്നു ദൈവ വചന പ്രകാരം അല്ല. വിശ്വാസം എന്നത് ദൈവത്തിന്റെ ഉറവിടം, ദൈവത്തിന്റെ ദാനം, മാനുഷിക ഉറവിടം അല്ല. മനുഷ്യന്റെ സ്വയ പരിശ്രമങ്ങളിലൂടെ. മനസ്സിന്റെ നിയന്ത്രണം കൊണ്ട് ഉണ്ടാകുന്നതല്ല വിശ്വാസം.

## വിവിധ വിശ്വാസം

പല വ്യത്യസ്തമായ വിശ്വാസങ്ങൾ ഉണ്ട്.

**സാധാരണ വിശ്വാസം**

ഇതു സാധാരണ കാര്യങ്ങളിൽ ഉറപ്പ് തെളിയിക്കപ്പെട്ട വിശ്വാസം. ഉദാഹരണമായി നിങ്ങൾ ഇരിക്കുന്ന കസേര പിന്താങ്ങും എന്ന ഉറപ്പ്. ഇതു ദൈവത്തിങ്കലെ വിശ്വാസം അല്ല. ഇതു സാധാരണ നിങ്ങളുടെ ചുറ്റും ഉള്ള കാര്യങ്ങളിൽവച്ച പ്രതീക്ഷ. നിങ്ങൾ സാധാരണയായി അനുഭവിച്ച് ആശ്രയിക്കാവുന്നവ എന്ന് തെളിയിക്കപ്പെട്ട വിശ്വാസം.

താഴെ കാണുന്ന വിവിധ വിശ്വാസങ്ങൾ ആകുന്നു ദൈവത്തിങ്കലെ വിശ്വാസം.

**ശുദ്ധീകരിക്കുന്ന വിശ്വാസം**

ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു (ഗലാത്യർ 2:20)

പരിവർത്തനത്തിനു ശേഷം ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ വിശ്വാസിയെ ശുദ്ധീകരിക്കുന്ന വിശ്വാസം പ്രാപ്തനാക്കുന്നു. ശുദ്ധികരണം എന്ന വിഷയത്തെ കുടുതലായി അവസാനത്തെ അദ്ധ്യായത്തിൽ പരിപൂർണ്ണത ചർച്ച ചെയ്യുമ്പോൾ പഠിക്കും.

ശുദ്ധീകരിക്കുന്ന വിശ്വാസം ഉൾപ്പെടുന്ന ദൈവത്തിങ്കലെ വിശ്വാസം നിങ്ങൾക്ക് ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ കഴിയും എന്ന വിശ്വാസമാണ്. ഇതു നിങ്ങൾ സ്വന്തം ശക്തിയാൽ ചെയ്യുന്നത് അല്ല. നിങ്ങളിൽ വസിക്കുന്ന ദൈവത്തിന്റെ ശക്തിയാൽ അത്രേ.

**പ്രതിരോധ വിശ്വാസം**

പ്രതിരോധ വിശ്വാസം എന്നത് നിങ്ങളുടെ ആത്മീയ ശത്രുവായ പിശാചിൽ നിന്നും പ്രതിരോധിക്കുവാനുള്ള ഒരു ആയുധം ആണ്.

എല്ലാറ്റിന്നും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ.(എഫെസ്യർ 6:16)

പിശാചു നിങ്ങളുടെ മനസിനെ വിശ്വാസം കെടുക്കുവാന്തക്കതായ തീയമ്പുകൾ അയച്ചു ആക്രമിക്കും. ദൈവം ഈ ആക്രമണത്തെ ആത്മീയമായി പ്രതിരോധിക്കുവാൻ ദൈവത്തിങ്കലെ വിശ്വാസം നൽകുന്നു.

**രക്ഷനൽകുന്ന വിശ്വാസം**

വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ടു. (റോമർ 5:1)

ദൈവത്തിങ്കലെ വിശ്വാസം മാനസാന്തരവുമായി കൂടിച്ചേരുമ്പോൾ രക്ഷനൽകുന്ന വിശ്വാസം ആകുന്നു. രക്ഷ അറിയുകയും, വിശ്വസിക്കുകയും സുവിശേഷം സ്വീകരിക്കുമ്പോഴും ലഭികുന്നതാണ്. രക്ഷനൽകുന്ന വിശ്വാസത്തിനു ദൈവ ത്തോട് ഒരു വ്യക്തിപരമായ പ്രത്യുത്തരം ആവശ്യമാണ്. ആർക്കും മറ്റുള്ളവ ർക്ക് വേണ്ടി പ്രത്യുത്തരം നല്കുവാൻ സാധ്യമല്ല. ഓരോ വ്യക്തിയും രക്ഷി ക്കപെടുന്നത് സുവിശേഷം സ്വന്തം പ്രതികരണം വഴിയാണ്.

വിശ്വാസം എന്നത് ഒരു സത്യമാണ്. മനുഷ്യൻ രക്ഷിക്കപെടുന്നത് ദൈവം കൊടുത്ത ദാനമാകുന്നു.

കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. (എഫെസ്യർ 2:8)

വിശ്വാസം എന്നാൽ ഒരു പ്രവൃത്തി കൂടിയാണ്. ഓരോ വ്യക്തിയും ദൈവം തന്ന വിശ്വാസം അനസരിച്ചു പ്രവർത്തിക്കണം. ദൈവത്തിങ്കലെ വിശ്വാസം നിങ്ങളുടെ ഉത്തരവാദിത്തമാണ് അവനോടു പ്രവർത്തിയാലുള്ള വിശ്വാസം.

ദൈവത്തിങ്കലെ വിശ്വാസം അനുഭവിച്ച് നിങ്ങൾ ഒരു വിശ്വാസിയായി തീരു മ്പോൾ വിശ്വാസത്തിന്റെ ആത്മീയ ഫലങ്ങളും ദാനങ്ങളും ദൈവത്തിങ്കലെ വിശ്വാസം വർദ്ധിപ്പിക്കും.

## മാറ്റി നിർത്തേണ്ട വിശ്വാസം

നിങ്ങൾ ഇപ്പോൾ പഠിക്കുന്ന ഉപദേശം ദൈവത്തിങ്കലെ വിശ്വാസം. ഇത് സാ ധാരണ വിശ്വാസമല്ല. ഇത് നേരായ വിശ്വാസം. താഴെ കാണുന്നത് പോലെ നിങ്ങളെ വഴിതെറ്റിക്കുന്ന വിശ്വാസം വന്നേക്കാം..

### സ്വാഭാവിക ആയുധങ്ങൾ

ഞാൻ എന്റെ വില്ലിൽ ആശ്രയിക്കയില്ല; എന്റെ വാൾ എന്നെ രക്ഷിക്കയുമില്ല (സങ്കീർത്തനങ്ങൾ 44:6)

### പ്രഭുക്കന്മാർ

നിങ്ങൾ പ്രഭുക്കന്മാരിൽ ആശ്രയിക്കരുതു, സഹായിപ്പാൻ കഴിയാത്ത മനുഷ്യ പുത്രനിലും അരുതു (സങ്കീർത്തനങ്ങൾ 146:3)

### സ്വയം

സ്വന്തഹൃദയത്തിൽ ആശ്രയിക്കുന്നവൻ മൂഢൻ; ജ്ഞാനത്തോടെ നടക്കുന്നവനോ രക്ഷിക്കപ്പെടും.(സദൃശവാക്യങ്ങൾ 28:26)

### വിഗ്രഹം

വിഗ്രഹങ്ങളിൽ ആശ്രയിച്ചു ബിംബങ്ങളോടു: നിങ്ങൾ ഞങ്ങളുടെ ദേവന്മാരെ ന്നു പറയുന്നവർ പിൻ തിരിഞ്ഞു ഏറ്റവും ലജ്ജിച്ചുപോകും.(യെശയ്യാവു42:17)

### കള്ള പ്രവാചകൻ

നിങ്ങൾ പ്രയോജനമില്ലാത്ത വ്യാജവാക്കുകളിൽ ആശ്രയിക്കുന്നു.
(യിരെമ്യാവു 7:4,8)

### ലോക ശക്തി

ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്രയിക്കുന്നു; ഞങ്ങളോ ഞങ്ങ ളുടെ ദൈവമായ യഹോവയുടെ നാമത്തെ കീർത്തിക്കും.
(സങ്കീർത്തനങ്ങൾ 20:7)

### സമ്പത്ത്

ദൈവത്തെ തന്റെ ശരണമാക്കാതെ തന്റെ ദ്രവ്യസമൃദ്ധിയിൽ ആശ്രയിക്കയും ദുഷ്ടതയിൽ തന്നെത്താൻ ഉറപ്പിക്കയും ചെയ്ത മനുഷ്യൻ അതാ എന്നു പറയും (സങ്കീർത്തനങ്ങൾ 52:7)

**സ്നേഹിതൻ**

ഞാൻ വിശ്വസിച്ചവനും എന്റെ അപ്പം തിന്നവനുമായ എന്റെ പ്രാണസ്നേഹിതൻ പോലും എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു. (സങ്കീർത്തനങ്ങൾ 41:9)

വിശ്വാസം ഉണ്ടായാൽ പോര. നിങ്ങളുടെ വിശ്വാസം നഷ്ടപ്പെടുകയോ ചെയ്യാം. ശരിയായ വിശ്വാസം യഥാർത്ഥ വിശ്വാസം. ഇത് ദൈവത്തിങ്കലെ വിശ്വാസം.

## വിശ്വാസത്തിന്റെ പ്രാധാന്യം

ദൈവത്തോടുള്ള വിശ്വാസത്തിന്റെ പ്രാധാന്യം എന്തുകൊണ്ട് എന്നതിന് രണ്ടു കാരണങ്ങൾ ഉണ്ട്.

ആദ്യത്തെ കാരണം ദൈവത്തിങ്കലെ വിശ്വാസം കുടാതെ രക്ഷിക്കപെടുക സാധ്യമല്ല.

വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.(മർക്കൊസ് 16:16)

കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; (എഫെസ്യർ 2:8)

രണ്ടാമത്തെ കാരണം വിശ്വാസം കുടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴികയില്ല.

എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കും പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ. (എബ്രായർ 11:6)

## വിശ്വാസത്തിന്റെ അളവ്

പലതരത്തിലുള്ള അളവ് വിശ്വാസത്തിന് ഉണ്ടെന്നു ദൈവ വചനം വെളിപെടുത്തുന്നു.

വിശ്വാസം ഇല്ലാത്ത ജനത്തോട് യേശു പറഞ്ഞത് അല്പ വിശ്വാസികളെ (മത്തായി17:17)അവൻ ചെറിയ വിശ്വാസം ഉള്ളവരോട് പറഞ്ഞത് (മത്തായി6:30; 8:26;14:31) വലിയ വിശ്വാസം ഉള്ളവരോട് (മത്തായി8:10;15:28; ലൂക്കോസ്7:9)

ഓരോ വ്യക്തിക്കും ഏതാനും വിശ്വാസത്തിന്റെ അളവ് ദൈവം ദാനമായി കൊടുത്തിട്ടുണ്ട്.

ഭാവിക്കേണ്ടതിന്നു മീതെ ഭാവിച്ചുയരാതെ ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ (റോമർ 12:3)

ഓരോ വിശ്വസിക്കും ഏതാനും വിശ്വാസം ഉണ്ട് കാരണം അവർ വിശ്വാസത്താൽ രക്ഷിക്കപെട്ടത്.

കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു(എഫെസ്യർ2:8)

## വിശ്വാസത്തെ എങ്ങിനെ വർദ്ധിപ്പിക്കാം

ശുദ്ധീകരിക്കുന്ന വിശ്വാസം നിങ്ങളെ വിശുദ്ധ ജീവിതം നയിക്കുവാൻ സാധ്യ മാക്കും. വിശ്വാസം വർദ്ധിപ്പിച്ച് പൂർണ്ണതയിലേക്ക് എത്താൻ സഹായിക്കും, പ്രതിരോധാത്മക വിശ്വാസം ശത്രുവായ പിശാചിന്റെ ആക്രമണങ്ങളിൽ നിന്നും നിങ്ങൾക്ക് പരിചയാകുന്നു, വിശ്വാസം വർദ്ധിക്കുമ്പോൾ നിങ്ങളുടെ ആത്മീയ പ്രതിരോധശക്തി വർദ്ധിക്കും

ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താ ലും വരുന്നു.(റോമർ 10:17)

നിങ്ങൾ ദൈവവചനം കേൾക്കുമ്പോൾ ദൈവത്തിങ്കലെ വിശ്വാസം വർദ്ധിക്കും മാനസാന്തരത്തിനും യേശുവിനെ രക്ഷകനായി സ്വീകരികേണ്ടതിനും ആദ്യം ദൈവവചനം കേൾക്കണം. രക്ഷ നല്കുന്ന വിശ്വാസം ദൈവ വചനം കേൾക്കു മ്പോൾ ലഭിക്കുന്നു.

നിങ്ങൾ രക്ഷിക്കപെട്ടശേഷം, വേദപുസ്തകം പഠിക്കുകയും പ്രസംഗം കേൾ ക്കുകയും ചെയുമ്പോൾ വിശ്വാസം വർദ്ധിക്കുന്നു. ദൈവവചനം കൂടുതൽ കേൾക്കുമ്പോൾ നിങ്ങളുടെ വിശ്വാസം വർദ്ധിക്കുന്നു. വിശ്വാസം വർദ്ധിക്കു തോറും വിശുദ്ധ ജീവതം എളുപ്പം ആയിരിക്കും, ശത്രുവിനെതിരെയുള്ള ആത്മീയ പ്രതിരോധ ശക്തി വർദ്ധിക്കുന്നു.

ഒരു കടുകുമണിയോളം വിശ്വാസം വളെരെ ശക്തമാണ്:

നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു: ഇവിടെ നിന്നു അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും; നിങ്ങൾക്കു ഒന്നും അസാദ്ധ്യമാകയുമില്ല." (മത്തായി 17:20)

കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ എല്ലാം സാദ്ധ്യം.

## വിശ്വാസവും പ്രവൃത്തിയും

വിശ്വാസം ദൈവത്തിന്റെ ദാനം. ഇത് പ്രവർത്തിയാൽ വർദ്ധിക്കുവാൻ സാ ദ്ധ്യമല്ല. വിശ്വാസത്താൽ നിങ്ങൾ പ്രതീക്ഷിക്കുന്നതാണ് വിശ്വാസം. പ്രവർത്തി എന്നാൽ നിങ്ങൾ ചെയ്യുന്നത്. .

കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാ തിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.(എഫെസ്യർ 2:8-9)

വിശ്വസിക്കേണ്ടതിന് വിശ്വാസം എന്ന ദൈവദാനം തന്നിരിക്കുന്നു. അതിന്റെ അർത്ഥം പ്രവർത്തി (നിങ്ങൾ ചെയ്യുന്നത്) പ്രധാനമായതല്ല എന്നല്ല. ദൈവ ത്തിന്റെ ദാനമായീ വിശ്വാസം ആദ്യം വരുന്നു, പ്രവർത്തി നിങ്ങളുടെ വിശ്വാ സം ശരിയോ അല്ലയോ എന്ന് അറിയേണ്ടതിന് ഒരു പരീക്ഷണം.

സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ടു എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്തു? ആ വിശ്വാസ ത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ഒരു സഹോദരനോ, സഹോദരിയോ

നഗ്നരും അഹോവൃത്തിക്കു വക ഇല്ലാത്ത വരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോടു: സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്വിലൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷെക്കു ആവശ്യമുള്ളതു അവർക്കും കൊടുക്കാതിരുന്നാൽ ഉപകാരം എന്തു? അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു. എന്നാൽ ഒരുത്തൻ : നിനക്കു വിശ്വാസം ഉണ്ടു; എനിക്കു പ്രവൃത്തികൾ ഉണ്ടു എന്നു പറയുമായിരിക്കും. നിന്റെ വിശ്വാസം പ്രവൃത്തികൾ കൂടാതെ കാണിച്ചുതരിക; ഞാനും എന്റെ വിശ്വാസം പ്രവൃത്തികളാൽ കാണിച്ചു തരാം.(യാക്കോബ്2:14-18)

നിങ്ങളുടെ പ്രവർത്തി... നിങ്ങൾ എങ്ങിനെ ജീവിക്കുന്നു, നിങ്ങളുടെ ചുറ്റും ഉള്ള ആളുകളുടെ ആവശ്യത്തിനു എങ്ങിനെ പ്രതികരിക്കുന്നു... ഇത് ആകുന്നു നിങ്ങളുടെ വിശ്വാസത്തിന്റെ പരീക്ഷണം.

യാക്കോബ് വിശ്വാസത്തെയും പ്രവർത്തിയെയും ഉദാഹരണമായി മനുഷ്യ ശരീരത്തെയും ആത്മാവിനെയും തമ്മിലുള്ള ബന്ധത്തെ കാണിച്ചുകൊണ്ട് ഒന്നാക്കിപ്പറയുന്നു. മനുഷ്യൻ മരിക്കുമ്പോൾ അവന്റെ ആത്മാവ് ശരീരത്തിൽ നിന്നും വേർപിരിയുന്നു.

ഇങ്ങനെ ആത്മാവില്ലത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു(യാക്കോബ് 2:26)

“നീതിമാൻ വിശ്വാസത്താൽ ജീവിക്കും” (ഗലാത്യർ 3:11)

നിങ്ങളുടെ പ്രവൃത്തികൾ നിങ്ങൾ ജീവിക്കുന്ന വിശ്വാസം പ്രതിഫലിക്കണം.

## വിശ്വാസത്തിന്റെ ഒരു മാതൃക

എബ്രായർ 11ൽ വിശ്വാസത്തിന്റെ വളരെ മാതൃകയുള്ള പല പേരുകളുടെ പട്ടിക തന്നിരിക്കുന്നു. എന്നാൽ ഒരു മനുഷ്യനെ വേദപുസ്തകം വിളിക്കുന്നത് "വിശ്വസിക്കുന്ന എല്ലാവർക്കും പിതാവ്" (റോമർ 4:11) അവന്റെ പേരാണ് അബ്രാഹാം.

ക്രിസ്താനികൾ വിശ്വസ്തനായ അബ്രാഹാംമിന്റെ കാൽചുവടു പിൻപറ്റുന്നവർ (റോമർ 4:12) അവരെ വിളിക്കുന്നത് അബ്രാഹാമിന്റെ മക്കൾ (ഗലാത്യർ 3:7) കാരണം അബ്രഹാമിന്റെ ദൈവത്തിങ്കലെ വിശ്വാസം നീതികരിക്കപെട്ടു.

അബ്രാഹാം ദൈവത്തെ വിശ്വസിക്കയും അതു അവന്നു നീതിയായി കണക്കിടുകയും ചെയ്തു (യാക്കോബ് 2:23)

അപോസ്തലനായ പൗലോസ് ദൈവത്തിങ്കലെ വിശ്വാസം വിവരിച്ചപ്പോൾ മാതൃകയായി അബ്രഹാംമിന്റെ പേരാണ് ഉപയോഗിച്ചത്.

അവന്നു കണക്കിട്ടു എന്നു എഴുതിയിരിക്കുന്നതു അവനെ വിചാരിച്ചു മാത്രം അല്ല, നമ്മെ വിചാരിച്ചുംകൂടെ ആകുന്നു. നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ച വനിൽ വിശ്വസിക്കുന്ന നമുക്കും കണക്കിടുവാനുള്ളതാകയാൽ തന്നേ(റോമർ4:23-25)

അബ്രാഹാംമിന്റെ വിശ്വാസം നീതീകരണത്തിനായി കണക്കിട്ടു എന്നു എഴുതി യിരിക്കുന്നതു അവനെ വിചാരിച്ചു മാത്രം അല്ല, സുവിശേഷത്തിൽ വിശ്വസി ക്കുന്ന നമുക്കും നീതീകരണത്തിന്നായി കണക്കിടുവാൻ കൂടിയാണ്.

അബ്രാഹാം വിശ്വാസത്തിന്റെ മാതൃക ആകാനുള്ള കാരണങ്ങൾ താഴെ പറ യും പ്രകാരം:

**വചനത്തെ കേട്ടു**

അബ്രാഹാം ദൈവത്തിന്റെ വാഗ്ദാനങ്ങൾ കേട്ടു.

ലോകാവകാശി ആകും എന്നുള്ള വാഗ്ദത്തം അബ്രാഹാമിന്നോ അവന്റെ സന്തതിക്കോ ന്യായപ്രമാണത്താലല്ല വിശ്വാസത്തിന്റെ നീതിയാലല്ലോ ലഭിച്ച തു. അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണ മായി ഉറെച്ചു(റോമർ 4:13,21)

**വചനത്തെ വിശ്വസിച്ചു**

അവൻ ദൈവത്തിന്റെ വാഗ്ദാനങ്ങൾ കേൾക്കുക മാത്രമല്ല, വിശ്വസിക്കുക യും ചെയ്തു.

നിന്റെ സന്തതി ഇവ്വണ്ണം ആകും എന്നു അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്കു പിതാവാകും എന്നു അവൻ ആശെക്കു വിരോധ മായി ആശയോടെ വിശ്വസിച്ചു.(റോമർ 4:18)

അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു; ഇപ്പോൾ കാണാതെ വി ശ്വസിച്ചുംകൊണ്ടു നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷ പ്രാപി ക്കയും പറഞ്ഞുതീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്ക യും ചെയ്യുന്നു.(1.പത്രൊസ് 1:8-9)

**വിശ്വാസത്തിൽ ക്ഷീണിച്ചില്ല**

ദൈവവചനം കേട്ടിട്ടാണ് അബ്രഹാംമിന്റെ ജീവിതത്തിൽ മാറ്റം ഉണ്ടായത്.

അവൻ ഏകദേശം നൂറു വയസ്സുള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവ മായിപ്പോയതും സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല. (റോമർ 4:18-19)

സ്ത്രീകളും പുരുഷന്മാരും പാപത്താൽ നഷ്ടപ്പെട്ടുതുപോലെ അബ്രാഹാം ഈ ലോകത്തിൽ ഒരു പ്രതീക്ഷയറ്റ അവസ്ഥ നേരിടേണ്ടി വന്നു. ബഹുജാതികൾക്കു പിതാവാകും എന്ന വാഗ്ദത്തം ദൈവത്താൽ മാത്രം കഴിയുകയുള്ളൂ കാരണം കുട്ടികൾ ഉണ്ടാകുവാൻ അബ്രഹാമും സാറയും വളരെ വയസ്സ് ചെന്നവരായി രുന്നു.

രക്ഷ മാർഗ്ഗം യേശു ക്രിസ്തുവിൽ കൂടെ മാത്രം. വാഗ്ദത്തം പ്രാപിപ്പാൻ നിങ്ങള്ക്ക് മറ്റു മാർഗങ്ങൾ ഒന്നും ഇല്ല അവന്റെ രക്ഷ പദ്ധതി വിശ്വാസ ത്തോടെ അല്ലാതെ.

ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും (എഫെസ്യർ 3:17)

**വാഗ്ദത്തം പരമാർത്ഥതയോടെ സ്വീകരിച്ചു**

അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറെച്ചു.(റോമർ 4:20)

ഇത് ആകുന്നു ദൈവത്തിങ്കലെ വിശ്വാസം

### നമുക്ക് ഒരു മാതൃക

അബ്രഹാമിന്റെ ദൈവത്തിങ്കലെ വിശ്വാസം നമുക്ക് ഒരു മാതൃക.
നിങ്ങൾ:

- വചനത്തെ കേൾക്കണം
- വചനത്തെ വിശ്വസിക്കണം .
- ആശയില്ലാത്ത സാഹചരിത്ത്യിൽ നിന്നും തിരിയണം
  (നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം മൂലം മാറ്റം വരേണ്ടത്)
- ദൈവത്തിന്റെ വാഗ്ദത്തം പരമാർത്ഥതയോടെ സ്വീകരിക്കുക.
  അവന്റെ വാഗ്ദത്തം നിങ്ങൾ മാനസാന്തരത്തിലുടെ നീതീകരിക്കപ്പെട്ടിരിക്കുന്നു, യേശുവിലുടെ ദൈവത്തിങ്കലെ വിശ്വാസം എന്നതാണ്.

### സ്വയ പരിക്ഷ

1. വിശ്വാസം എന്ന വാക്യം വിവരിക്കുക
2. വിവിധ വിശ്വാസങ്ങൾ വർണ്ണിക്കുക
   സാധാരണ വിശ്വാസം
   രക്ഷ നൽകുന്ന വിശ്വാസം
   ശുദ്ധീകരിക്കുന്ന വിശ്വാസം
   പ്രതിരോധ വിശ്വാസം
3. എന്തുകൊണ്ട് ദൈവത്തോടുള്ള വിശ്വാസം ആവശ്യം രണ്ടു കാരണങ്ങൾ
4. എങ്ങിനെ ദൈവത്തോടുള്ള വിശ്വാസം വർദ്ധിപ്പിക്കാം?
5. പ്രധാന വാക്യം കാണാതെ എഴുതുക
6. എന്തുകൊണ്ട് അബ്രഹാം വിശ്വാസത്തിന്റെ ഒരു മാതൃക, നാലു കാരണങ്ങൾ
7. വിശ്വാസം പ്രത്യാശ തമ്മിലുള്ള വ്യത്യാസം എന്ത്?
8. വിശ്വാസവും മനസ്സിന്റെ നിയന്ത്രണം തമ്മിൽ വ്യത്യാസം എന്താണ്?
9. വിശ്വാസവും പ്രവർത്തിയും തമ്മിൽ വ്യത്യാസം എന്താണ്?
10. എന്താണ് ദൈവത്തിങ്കലെ വിശ്വാസം സൂചിപ്പിക്കുന്നത്?

### തുടർന്ന് പഠിക്കുവാൻ

വിശ്വാസത്തിന്റെ വേറെ ഒരു വാക്യം "ആശ്രയം". ദാവിദ് സങ്കീർത്തനത്തിലുടെ ആശ്രയത്തെ കുറിച്ച് എഴുതിയരിക്കുന്നു. ദൈവത്തിങ്കലെ വിശ്വാസം ദാവിദ് ആശ്രയം എന്ന് വിളിക്കുന്നു, തുടർന്ന് പഠിക്കുക

**മാറ്റി നിർത്തേണ്ട ആശ്രയം**

സങ്കീർത്തനങ്ങൾ 20:7 ____________________________________________
സങ്കീർത്തനങ്ങൾ 41:9 ____________________________________________
സങ്കീർത്തനങ്ങൾ 44:6 ____________________________________________
സങ്കീർത്തനങ്ങൾ 49:6 ____________________________________________
സങ്കീർത്തനങ്ങൾ 52:7 ____________________________________________
സങ്കീർത്തനങ്ങൾ 115:8 ____________________________________________
സങ്കീർത്തനങ്ങൾ 118:8-9 __________________________________________
സങ്കീർത്തനങ്ങൾ 135:17-18 ________________________________________
സങ്കീർത്തനങ്ങൾ 146:3____________________________________________

**നല്ലത് നിർത്തേണ്ട ആശ്രയം**

സങ്കീർത്തനത്തിലൂടെ ദാവീദ് ദൈവത്തിൽഉള്ള ആശ്രയം വർദ്ധിപ്പിക്കുന്നു.

സങ്കീർത്തനങ്ങൾ 33:21 ____________________________________________
സങ്കീർത്തനങ്ങൾ 36:7 ____________________________________________
സങ്കീർത്തനങ്ങൾ 13:5 ____________________________________________
സങ്കീർത്തനങ്ങൾ 52:8 ____________________________________________
സങ്കീർത്തനങ്ങൾ 57:1 ____________________________________________
സങ്കീർത്തനങ്ങൾ 61:4 ____________________________________________
സങ്കീർത്തനങ്ങൾ 78:22 ____________________________________________
സങ്കീർത്തനങ്ങൾ 91:4 ____________________________________________
സങ്കീർത്തനങ്ങൾ 119:42 ___________________________________________

**എപ്പോഴാണ് ആശ്രയികെണ്ടത്**

സങ്കീർത്തനങ്ങൾ 56:3 ____________________________________________

**ആശ്രയിക്കുമ്പോൾ അനുഗ്രഹം**

ദാവിദ് ദൈവത്തിൽ ആശ്രയിക്കുമ്പോൾ ഉള്ള അനുഗ്രഹം അല്ലെങ്ങിൽ ദൈവത്തിൽ വിശ്വാസിച്ചപ്പോൾ ലഭിച്ച അനുഗ്രഹങ്ങൾ

സങ്കീർത്തനങ്ങൾ 25:2 ____________________________________________
സങ്കീർത്തനങ്ങൾ 25:20 ____________________________________________
സങ്കീർത്തനങ്ങൾ 26:1 ____________________________________________
സങ്കീർത്തനങ്ങൾ 28:7 ____________________________________________
സങ്കീർത്തനങ്ങൾ 31:1 ____________________________________________
സങ്കീർത്തനങ്ങൾ 31:6 ____________________________________________
സങ്കീർത്തനങ്ങൾ 31:19 ____________________________________________
സങ്കീർത്തനങ്ങൾ 32:10 ____________________________________________
സങ്കീർത്തനങ്ങൾ 33:21 ____________________________________________
സങ്കീർത്തനങ്ങൾ 34:8 ____________________________________________
സങ്കീർത്തനങ്ങൾ 34:22 ____________________________________________

സങ്കീർത്തനങ്ങൾ 37:5 ____________________________________________

സങ്കീർത്തനങ്ങൾ 37:40 ____________________________________________

സങ്കീർത്തനങ്ങൾ 40:3 ____________________________________________

സങ്കീർത്തനങ്ങൾ 2:12 ____________________________________________

സങ്കീർത്തനങ്ങൾ 5:11 ____________________________________________

സങ്കീർത്തനങ്ങൾ 7:1 ____________________________________________

സങ്കീർത്തനങ്ങൾ9:10 ____________________________________________

സങ്കീർത്തനങ്ങൾ 16:1 ____________________________________________

സങ്കീർത്തനങ്ങൾ 17:7 ____________________________________________

സങ്കീർത്തനങ്ങൾ 21:7 ____________________________________________

സങ്കീർത്തനങ്ങൾ 22:4 ____________________________________________

സങ്കീർത്തനങ്ങൾ 22:5 ____________________________________________

സങ്കീർത്തനങ്ങൾ 22:8 ____________________________________________

സങ്കീർത്തനങ്ങൾ 40:4 ____________________________________________

സങ്കീർത്തനങ്ങൾ 56:4 ____________________________________________

സങ്കീർത്തനങ്ങൾ56:11 ____________________________________________

സങ്കീർത്തനങ്ങൾ 57:1 ____________________________________________

സങ്കീർത്തനങ്ങൾ 64:10 ____________________________________________

സങ്കീർത്തനങ്ങൾ 71:1 ____________________________________________

സങ്കീർത്തനങ്ങൾ 73:28 ____________________________________________

സങ്കീർത്തനങ്ങൾ 84:12 ____________________________________________

സങ്കീർത്തനങ്ങൾ 86:2 ____________________________________________

സങ്കീർത്തനങ്ങൾ 112:7 ____________________________________________

സങ്കീർത്തനങ്ങൾ 119:42 ____________________________________________

സങ്കീർത്തനങ്ങൾ 125:1 ____________________________________________

സങ്കീർത്തനങ്ങൾ 141:8 ____________________________________________

സങ്കീർത്തനങ്ങൾ 143:8 ____________________________________________

സങ്കീർത്തനങ്ങൾ 144:2 ____________________________________________

### ദൈവത്തിൽ ആശ്രയിക്കാതിരുന്നപ്പോൾ ഉള്ള അനുഭവം

സങ്കീർത്തനങ്ങൾ 32:10 ____________________________________________

സങ്കീർത്തനങ്ങൾ 55:23 ____________________________________________

സങ്കീർത്തനങ്ങൾ 78:21-22 ____________________________________________

### ദാവിദിന്റെ ആശ്രയത്തെ കുറച്ച് ചരിത്രം

ദാവിദ് പറയുന്നു എത്ര നാൾ മുതൽ ദൈവത്തിൽ ആശ്രയിക്കും
സങ്കീർത്തനങ്ങൾ 71:5 " ____________ " നീ എന്റെ ആശ്രയം തന്നേ

### വിശേഷാലുള്ള നിർദ്ദേശം

സങ്കീർത്തനങ്ങൾ 31:4 ____________________________________________

സങ്കീർത്തനങ്ങൾ 4:5 ____________________________________________

സങ്കീർത്തനങ്ങൾ 11:1 ____________________________________________

# അദ്ധ്യായം - 5

## സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം - ഭാഗം 1

**ഉദ്ദേശ്യം**

ഈ അദ്ധ്യായം പൂർത്തികരികുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും:

- പ്രധാന വാക്യം കാണാതെ എഴുതുക
- പുതിയ നിയമത്തിൽ നിന്നും സ്നാനങ്ങളെക്കുറിച്ചുള്ള നാലു (4) പേര് നൽകുക
- സ്നാനം എന്ന വാക്യം വിവരിക്കുക
- ക്രിസ്തിയ സ്നാനത്തിന്റെ പ്രാധാന്യം വിവരിക്കുക
- എന്തൊക്കയാണ് ക്രിസ്തിയ സ്നാനം ആവശ്യപ്പെടുന്നവരുടെ യോഗ്യത

**പ്രധാന വാക്യം**

ഞാൻ നിങ്ങളെ മാനസാന്തരത്തിന്നായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളു; എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു; അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും.( മത്തായി 3:11)

**ആമുഖം**

എബ്രായർ അദ്ധ്യായം 6 ൽ മൂന്നാമത്തെ അടിസ്ഥാനതത്ത്വം സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം രേഖപെടുത്തിയിരിക്കുന്നു.

എബ്രായർ 6:2 ൽ "സ്നാനം" എന്ന വാക്യം ബഹുവചനത്തിൽ ആകുന്നു. സ്നാനങ്ങളെക്കുറിച്ചുള്ള [ബഹു വചനം], സ്നാനം [ഏക വചനം] എന്നല്ല. ഇതിന്റെ അർത്ഥം ക്രിസ്തിയ വിശ്വാസ ഉപദേശത്തിൽ ഒരു സ്നാനത്തേക്കാൾ കുടുതൽ ഉണ്ട്.

**നാലു സ്നാനങ്ങൾ**

പുതിയ നിയമത്തിൽ നാലു വ്യത്യസ്തമായ സ്നാനങ്ങളെ കുറിച്ച് സൂചിപ്പിക്കുന്നു.

- ക്രിസ്തുവിന്റെ കഷ്ടനുഭവ സ്നാനം
- സ്നാപക യോഹന്നാന്റെ സ്നാനം
- ക്രിസ്ത്യയ ജല സ്നാനം
- പരിശുദ്ധാത്മാ സ്നാനം

ഈ അദ്ധ്യായത്തിൽ ആദ്യത്തെ മൂന്നു സ്നാനങ്ങളെ കുറിച്ച് ചര്ച്ചചെയ്യപ്പെടുന്നു. അടുത്ത അദ്ധ്യായം പരിശുദ്ധാത്മാവിന്റെ സ്നാനം സംബന്ധിക്കുന്നതായിരിക്കും.

**വ്യഖ്യാനം**

"സ്നാനം" എന്ന വാക്യം ദൈവവചനത്തിൽ അർത്ഥമാക്കുനത് വെള്ളത്തിൽ തികച്ചും മുക്കുക അഥവാ വ്യക്തിയെ വെള്ളത്തിൽ ആഴ്ത്തുക.

## ക്രിസ്തുവിന്റെ കഷ്ടനുഭവ സ്നാനം

പുതിയ നിയമത്തിൽ ഒരു സ്നാനം ഉണ്ട്. നാം അതിനെ കഷ്ടനുഭവ സ്നാനം എന്ന് വിളിക്കുന്നു. ഈ സ്നാനത്തെ കുറിച്ച് യേശു സംസാരിക്കുന്നു:

എങ്കിലും എനിക്കു ഒരു സ്നാനം ഏല്പാൻ ഉണ്ടു; അതു കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു.(ലൂക്കോസ് 12:50)

ഈ സ്നാനം മാർകോസ് 10:38ൽ പ്രസ്താവിച്ചിരിക്കുന്നു അവിടെ സെബെദിയുടെ മക്കൾ ക്രിസ്തുവിനോട്കൂടെ വലതും ഇടതുമായീ സ്വർഗ്ഗത്തിൽ മഹത്വത്തിൽ ഇരിക്കെണ്ടതിനു ചോദിച്ചു. യേശു അവരോടു: നിങ്ങൾ യാചിക്കുന്നതു ഇന്നതു എന്നു നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും ഞാൻ ഏൽക്കുന്ന സ്നാനം ഏല്പാനും നിങ്ങൾക്കു കഴിയുമോ എന്നു ചോദിച്ചതിന്നു കഴിയും എന്നു അവർ പറഞ്ഞു. യേശു സംസാരിച്ചത് വരുവാനുള്ള കഷ്ടനുഭവങ്ങൾ എല്ലാ മനുഷ്യരുടെയും പാപത്തിനുവേണ്ടി മരണത്തിലുടെ. അവൻ കഷ്ടഅനുഭവങ്ങളാൽ മുങ്ങി, അടക്കി, പുതിയ ശരിരത്തിൽ ഉയിർത്തെഴുന്നേറ്റു.

## സ്നാപക യോഹന്നാന്റെ സ്നാനം

സ്നാപക യോഹന്നാന്റെ ജലസ്നാനം മാനസാന്തരവുമായീ ബന്ധപ്പെട്ടതാണ്. സ്നാപക യോഹന്നാൻ സെഖര്യാവിന്റെയും എലീശബെത്ത്ന്റെയും മകനായീ അത്ഭുതകരമായീ ജനിച്ചു.(ലൂക്കോസ് 1) അവന്റെ ജീവിതത്തിൽ ദൈവത്തിനു ഒരു പ്രത്യക പദ്ധതി ഉണ്ടായിരുന്നു, യേശുവിന്റെ മുന്നോടിയായി ശുശ്രൂഷിക്കുക.

നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിന്റെ വഴി ഒരുക്കുവാനും നമ്മുടെ ദൈവത്തിന്റെ ആർദ്ര കരുണയാൽ അവന്റെ ജനത്തിന്നു പാപമോചനത്തിൽ രക്ഷാപരിജ്ഞാനം കൊടുപ്പാനുമായി നീ അവന്നു മുമ്പായി നടക്കും.(ലൂക്കോസ് 1:76-77)

മുന്നോടിയായി എന്ന വാക്യത്തിന്റെ അർത്ഥം ഒരാൾ മുന്പേ പോയീ വഴി ഒരുക്കുവാൻ. യോഹന്നാൻ മാനസാന്തരത്തെ കുറിച്ച് പ്രസംഗിച്ചു സ്നാനം കൊടുത്തു ഇസ്രേൽ ജനം വരുവാനുള്ള മിശിഹാ, (യേശു ക്രിസ്തുവിനു) വേണ്ടി ഒരുക്കപെടെണ്ടതിനു.

ഞാൻ നിങ്ങളെ മാനസാന്തരത്തിന്നായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളു; എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു; …അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും. (മത്തായി 3:11)

സ്നാപക യോഹന്നാന്റെ ശുശ്രൂഷ ഒരു കാലഘട്ടത്തിന്റെ ആത്മീയ തുടക്കം ആയിരുന്നു.

ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെ ആയിരുന്നു; അന്നുമുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചുവരുന്നു. (ലൂക്കോസ്16:16)

സ്നാപക യോഹന്നാന്റെ മുന്പ് ജനങ്ങൾ ജീവിച്ചിരുന്നത് ന്യായപ്രമാണത്തിന്റെ കീഴിൽ ആയിരുന്നു. പ്രവാചകന്മാരും പുരോഹിതന്മാരും ആത്മീയ നായകമാരായീ ശുശ്രൂഷ ചെയ്ത് ന്യായപ്രമാണത്തെ വ്യഖ്യാനിച്ചു. പുരോഹിതന്മാർ മാത്രമേ ആലയത്തിൽ ദൈവസാന്നിധ്യത്തിൽ കടക്കുവാൻ അനുവാദം ഉണ്ടായിരുന്നുള്ളു. അവർ ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥത വഹിക്കുകയും പാപയാഗങ്ങൾ കല്പനപ്രകാരം അർപ്പിക്കുകയും ചെയ്തു. ഇതിനു ഒരു മാറ്റം യേശു ക്രിസ്തു വന്നതോടെ ഉണ്ടായീ. അവന്റെ ജീവിതം, മരണം, പുനരുത്ഥാനം യേശു മുഖാന്തിരം എല്ലാ മനുഷ്യർക്കും ദൈവത്തിലേക്കു വരുവാൻ സാധിച്ചു. ഇപ്പോൾ സ്വർഗ്ഗത്തിൽ യേശു മഹാപുരൊഹിതനായീ നീതിമാനായ ദൈവത്തിനും പാപികളായ മനുഷ്യർക്കും ഇടയിൽ മധ്യസ്ഥത വഹിക്കുന്നു.

യോഹന്നാൻ രണ്ടു കാര്യങ്ങൾ ജനങ്ങളിൽനിന്നും ആവശ്യപ്പെട്ടു. മാനസാന്തരവും, പരസ്യമായീ പാപം ഏറ്റുപറച്ചിലും. ഇതു കേട്ട് അനുസരിച്ചവർ പൊതു സാക്ഷ്യത്തിനായീ യോർദ്ദാൻ കരെയിൽ സ്നാനം കഴിച്ചു. അവർ തങ്ങളുടെ പാപങ്ങളെ അനുതപിച്ചു എന്നു ഒരു പുറമെയുള്ള അടയാളം ആയിരുന്നു.

ചില മതനേതാക്കൾ യോഹന്നാനറെ അടുക്കൽ സ്നാനത്തിനായീ വന്നപ്പോൾ അവൻ വിസമ്മതിച്ചു. അവരുടെ ജീവിതത്തിൽ യഥാർത്ഥ മാറ്റം ഉണ്ടാകണം എന്ന് അവൻ സ്നാനത്തിനു മുന്പ് നിർബന്ധമായീ ആവശ്യപെട്ടു.

തന്റെ സ്നാനത്തിന്നായി പരീശരിലും സദൂക്യരിലും പലർ വരുന്നതു കണ്ടാറെ അവൻ അവരോടു പറഞ്ഞതു: സർപ്പസന്തതികളെ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞു ഔടിപ്പോകുവാൻ നിങ്ങൾക്കു ഉപദേശിച്ചുതന്നതു ആർ? മാനസാന്തരത്തിന്നു യോഗ്യമായ ഫലം കായ്പിൻ.(മത്തായി 3:7-8)

യോഹന്നാൻ സ്നാനം കഴിക്കുന്നതിനു മുന്പേ മാനസാന്തരവും പാപക്ഷമയും ആവശ്യമായിരുന്നു. ഈ 'മാനസാന്തരസ്നാനവും പാപമോചനവും' എന്നീ പദം രണ്ടു അനുഭവങ്ങൾ വെള്ളത്തിൽ സ്നാന പ്രവ്യത്തിക്ക് ശേഷം എന്ന് ഇതിനർത്ഥമല്ല. സ്നാനം എന്നത് മാനസാന്തരവും, പാപമോചനം അനുഭവിച്ചിട്ടുണ്ട് എന്ന് സ്നാന പെടുന്നവരുടെ ദൃശ്യമായ ഉറപ്പാക്കൽ ആയിരുന്നു.

### ക്രിസ്ത്യയ ജല സ്നാനം (ജ്ഞാന സ്നാനം)

യേശുവിന്റെ സ്നാനത്തിലുടെ ക്രിസ്ത്യയ സ്നാനം എന്തെന്ന് വിവരിക്കുന്ന വാക്യം പ്രയോഗത്തിൽ കൊണ്ട്വന്നു:

അനന്തരം യേശു യോഹന്നാനാൽ സ്നാനം ഏലക്കുവാൻ ഗലീലയിൽ നിന്നു യോർദ്ദാൻ കരെ അവന്റെ അടുക്കൽ വന്നു. യോഹന്നാനോ അവനെ വിലക്കി: നിന്നാൽ സ്നാനം ഏലക്കുവാൻ എനിക്കു ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ എന്നു പറഞ്ഞു. യേശു അവനോടു: ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകലനീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം എന്നു ഉത്തരം പറഞ്ഞു; എന്നാറെ അവൻ അവനെ സമ്മതിച്ചു. യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽനിന്നു കയറി അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കണ്ടു; ഇവൻ എന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി (മത്തായി 3:13-17)

യേശു യോഹന്നാനിനാൽ സ്നാനം ഏൽക്കുവാൻ വന്നത് മാനസാന്തരവും പാപക്ഷമയും എന്നതിന് തെളിവായിട്ടല്ലാ, കാരണം അവനിൽ പശ്ചാത്തപിക്കു വാൻ പാപം ഇല്ലായിരുന്നു. സകലനീതിയും നിവർത്തിക്കുന്നതിനുവേണ്ടി യേശു സ്നാനം പെട്ടത്. എല്ലാ വിശ്വാസികളും ഈ പ്രമാണം തുടരെണ്ടതിനു അവൻ ഒരു നീതിയുള്ള മാതൃക കാണിച്ചു.

## ശിശു സ്നാനം

യേശു സ്നാനം പെട്ടത് ഒരു ശിശുവായിട്ടല്ല. അവൻ ശിശുവായിരിക്കുമ്പോൾ അവന്റെ അമ്മയപ്പന്മാർ അവനെ യെരൂശലേമിന്നു കൊണ്ടുപോയി ദൈവ ത്തിനു കാഴ്ചവയ്ക്കുക ആയിരുന്നു. എന്നാൽ അപ്പോൾ സ്നാനപെട്ടില്ല (ലൂക്കോസ് 2:22) യേശു അവൻ എന്ത് ചെയ്യുവാൻ പോകുന്നു അതിന്റെ കാരണം എന്തെന്ന് അറിയുന്നത് വരെ സ്നാനപെട്ടില്ല.

ശിശുക്കൾ സ്നാനം ചെയ്യാൻ പാടില്ല. ശിശുക്കളെ പ്രതിഷ്ഠക്കായി ദൈവ ത്തിനു കാഴ്ചവെച്ച് കൈവെപ്പിനാൽ അനുഗ്രഹം പ്രാപിക്കം എന്നാൽ അവർ ചെയ്യുവാൻ പോകുന്നതിനെപറ്റി അറിവ്(ജ്ഞാനം) ലഭിക്കുകയും, ബൈബിൾ പ്രകാരമുള്ള ആവശ്യങ്ങൾ നിറവേറുന്നത് വരെ സ്നാനം പെടുവാൻ പാടില്ല.

## തളിക്കുന്നത് അല്ലെങ്കിൽ മുഴുങ്ങൽ?

ചില സഭകളിൽ വെള്ളം തളിച്ച് സ്നാനം പെടുത്തുന്നു. മറ്റുള്ളവർ വെള്ള ത്തിൽ മുഴുവനായി മുക്കി സ്നാനം പെടുത്തുന്നു. യേശു സ്നാനപെട്ടപ്പോൾ അവൻ വെള്ളത്തിൽ മുങ്ങി വെള്ളത്തിൽനിന്നു കയറി. ഇത് പരിഗണിക്കു മ്പോൾ, സ്നാനത്തിന്റെ അർഥം മനസിലാക്കുമ്പോൾ, യേശു യോർദ്ദാനിലെ വെള്ളത്തിൽ മുഴുവനായി മുങ്ങി എന്ന് നിർണയിക്കാം

തന്നെത്താൻ സ്നാനത്തിനു സമ്മതിക്കുന്നതാണ് ദൈവത്തിന്റെ ഇഷ്ടം എന്ന് യേശു പുറമെയുള്ള അനുസരണം വഴി കാണിച്ചത്. ഈ അനുസരണ പ്രവർത്തിയിലുടെ അവൻ ദൈവത്തിന്റെ പദ്ധതി നിവൃത്തിച്ചു. വിശ്വാസികൾ സ്നാനം ചെയ്യുമ്പോൾ ഈ ബാഹ്യമായ അനുസരണം വിശ്വാസത്താൽ നീതി ലഭിച്ച പ്രതീകമാണ്

## സ്നാനത്തിന്റെ ആവശ്യകതകൾ

യോഹന്നാന്റെ സ്നാനം അന്വേഷിച്ചു വരുന്നവർക്ക് ആത്മീയ വ്യവസ്ഥകൾ ഉണ്ടായിരുന്നു. അതുപോലെ ക്രിസ്തിയ ജല സ്നാനം അന്വേഷിക്കുന്നവർക്കു ആവശ്യമായ നിബന്ധനതകൾ ഉണ്ട്.

**യേശുവിന്റെ നിർദേശം:**

സ്നാനംപെടുവാൻ ആദ്യത്തെ നിബന്ധന യേശുവിൽ നിന്ന് ലഭിച്ചു:

ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാ ത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പി ച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതി കളെയും ശിഷ്യരാക്കിക്കൊൾവിൻ (മത്തായി 28:19)

പുതിയ വിശ്വാസികളെ പഠിപ്പിക്കാൻ ക്രിസ്തുവിന്റെ കൽപനകൾ രണ്ടു വി ധത്തിൽ നൽകിയിരിക്കുന്നു. അവരെ സ്നാനത്തിനു മുൻപും അതിനുശേഷവും പഠിപ്പികേണം. സത്യവിശ്വാസികൾ ആകുവാൻ ആദ്യം പാപികൾ സുവിശേഷം കേൾക്കുകയും സ്വീകരിക്കയും ചെയ്യണം. (44)

അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു;(അ. പ്രവൃത്തികൾ 2:41)

ഇതു കേട്ടാറെ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു.(അപ്പൊസ്തല പ്രവൃത്തികൾ 19:5)

തുയത്തൈരാപട്ടണക്കാരത്തിയും രക്താംബരം വിലക്കുന്നവളുമായി ലുദിയ എന്നു പേരുള്ള ദൈവഭക്തയായോരു സ്ത്രീ കേട്ടുകൊണ്ടിരുന്നു. പൗലൊസ് സംസാരിച്ചതു ശ്രദ്ധിക്കേണ്ടതിന്നു കർത്താവു അവളുടെ ഹൃദയം തുറന്നു അവളും കുടുംബവും സ്നാനം ഏറ്റ ശേഷം (അ. പ്രവൃത്തികൾ 16:14-15)

വിശ്വാസികൾ സ്നാനത്തിന്റെ അർത്ഥം മനസിലാക്കുവാൻ, സ്നാനത്തിനു മുന്പ് ഉപദേശം ലഭിക്കണം. സ്നാനത്തിനു ശേഷവും അവർ ആത്മീയ പക്വത പ്രാപിപ്പാൻ ഉപദേശം കൈക്കൊള്ളൂന്നത് തുടരണം. "പരിപൂർണ്ണത പ്രാപിപ്പാൻ ശ്രമിക്കുക" (എബ്രായർ 6)

**മാനസാന്തരം**

സ്നാനത്തിന്റെ രണ്ടാമത്തെ നിബന്ധന പാപത്തിൽ നിന്നുള്ള മാനസാന്തരം. പത്രോസ് ഇത് പെന്തക്കോസ്തുനാളിൽ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു:

ഇതു കേട്ടിട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും: സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു. പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഔരോരുത്തൻ യേശുക്രിസ്തു വിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും.(അപ്പൊസ്തല പ്രവൃത്തികൾ 2:37,38)

ശ്രദ്ധിക്കുക: പാപ ബോധ്യം മാത്രം പോരാ. പ്രവൃത്തികുടെ സ്വീകരിക്കണം. പത്രോസ് രണ്ടു കൽപനകൾ മാനസാന്തരം, സ്നാനം എന്നിവ നൽകുന്നു. മാന സാന്തരം സ്നാനത്തിനു മുന്പേ വരുന്നു.

**വിശ്വാസം**

സ്നാനത്തിന്റെ മൂന്നാമത്തെ നിബന്ധന വിശ്വാസം:

പിന്നെ അവൻ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏൽക്ക യും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാ വിധിയിൽ അകപ്പെടും.(മർക്കൊസ് 16:15-16)

ഫിലിപ്പ് എത്യോപ്യൻ കഥയിൽ വിശ്വാസിത്തിന്റെ ഈ ആവശ്യം വേണ്ടത് എടുത്തു പറയുന്നു, അവർ ഗാസ യെരൂശലേമിൽ റോഡിൽ കണ്ടുമുട്ടി യപ്പോൾ (അപ്പൊസ്തല പ്രവൃത്തികൾ 8) ഫിലിപ്പോസ് യെശയ്യാ പ്രവാചക ന്റെ പുസ്തകത്തിൽ നിന്ന് എത്യോപ്യൻ വായിച്ചത് കേട്ടു. ഫിലിപ്പോസ് സുവിശേഷം വിശദീകരിക്കുവാൻ രഥത്തിൽ ചേർന്നു അവർ യാത്ര തുടർന്നു, റോഡിനരികെ വെള്ളം കണ്ടു. എത്യോപ്യൻ വിശ്വാസത്തോടെ ഏറ്റുപറഞ്ഞു, ഫിലിപ്പോസ് അവന്റെ അപേക്ഷ പ്രകാരം അവനെ സ്നാനം കഴിപ്പിച്ചു.

അവർ ഇങ്ങനെ വഴിപോകയിൽ വെള്ളമുള്ളോരു സ്ഥലത്തു എത്തിയപ്പോൾ ഷണ്ഡൻ: ഇതാ വെള്ളം ഞാൻ സ്നാനം ഏൽക്കുന്നതിന്നു എന്തു വിരോധം എന്നു പറഞ്ഞു. (അതിന്നു ഫിലിപ്പൊസ്: നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു. യേശു ക്രിസ്തു ദൈവ പുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു അവൻ ഉത്തരം പറഞ്ഞു.(അ.പ്ര 8:36-38)

ഫിലിപ്പോസ് ഷണ്ഡനോട് പറഞ്ഞു: "നീ നിന്റെ ഹൃദയത്തിൽ വിശ്വസിക്കുന്നു എങ്കിൽ സ്നാനം ആകാം" ഷണ്ഡൻ പറഞ്ഞു: "ക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു." ഒരു വ്യക്തി ക്രിസ്തീയ സ്നാനം ആഗ്രഹിക്കുന്നുവെങ്കിൽ യേശു ക്രിസ്തു ദൈവപുത്രൻ എന്ന വിശ്വാസം ആദ്യം ഏറ്റുപറയണം.

### ദൈവത്തോടു നല്ല മനസ്സാക്ഷി

ക്രിസ്തീയ സ്നാനം എന്ന നാലാമത്തെ നിബന്ധന ദൈവത്തോടു നല്ല മനസ്സാക്ഷി ആകുന്നു. ക്രിസ്തീയ ജലസ്നാനം നോഹയും കുടുംബവും പെട്ടകത്തിൽ കടന്ന അനുഭവം പോലെ, ന്യായവിധിയിൽനിന്ന് രക്ഷിക്കുന്നു എന്ന് പത്രോസ് താരതമ്യപ്പെടുത്തുന്നു.(നോക്കുക 1.പത്രൊസ്3:20; 2.പത്രൊസ്2:4)

അതു സ്നാനത്തിന്നു ഒരു മുൻ കുറി. സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു. (1.പത്രൊസ്3:21)

സ്നാനത്തിന്റെ ലക്ഷ്യം ഏതെങ്കിലും തരത്തിലുള്ള ശാരീരിക ശുദ്ധീകരണം എന്ന ആശയം പത്രൊസ് തള്ളി. ക്രിസ്തീയ സ്നാനത്തിന്റെ നിബന്ധന ദൈവത്തോടുള്ള വിശ്വാസിയുടെ ആദ്ധ്യാത്മികമായ ബന്ധം എന്ന് പറയുന്നു. അവൻ അതു "ദൈവത്തോടു നല്ല മനസ്സാക്ഷി." എന്ന് വിളിക്കുന്നത്.

### സ്നാനത്തിന്റെ സമയദൈർഘ്യം

ക്രിസ്തിയ ജല സ്നാനത്തിന്റെ യോഗ്യത ഒരു വ്യക്തി, ശരിയായ പ്രബോധനം കൈക്കൊൾകയും പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും, ദൈവത്തോടു നല്ല മനസ്സാക്ഷി ഉണ്ടായിരിക്കുക എന്നതാണ്. ഇതിൽ എത്തുവാൻ എടുക്കുന്ന സമയദൈർഘ്യം ഓരോ വ്യക്തിയുടെ ആവശ്യകതകൾക്ക് അനുസരിച്ച് വ്യത്യസ്തമായിരിക്കും.

ചില സഭകളിൽ സ്നാനം എടുക്കാൻ ആഗ്രഹിക്കുന്നവരിൽ നീണ്ട ആഴ്ച അല്ലെങ്കിൽ മാസം പ്രബോധനത്തിനായി വേണ്ടിവരും. എന്നാൽ ബൈബിളിൽ പെന്തക്കോസ്തുനാളിൽ മൂവായിരം പേർ ജല സ്നാനം ഏറ്റു. ഏതാനും മണിക്കൂറുകൾ മുമ്പ് അവർ അവിശ്വാസികൾ ആയിരുന്നു, യേശുവിനെ യിസ്രായേലിന്റെ മിശിഹാ അല്ലെങ്കിൽ ദൈവപുത്രൻ അല്ല എന്ന് നിഷേധിച്ചു. അവസാനം പത്രോസിന്റെ പ്രസംഗം അവരുടെ സ്നാനത്തിലേക്കു, ആവശ്യമായ ഉപദേശം നല്കുവാൻ ഏതാനും മണിക്കൂറുകൾ സമയം മാത്രം വേണ്ടി വന്നുള്ളൂ.

അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മുവായിരത്തോളം പേർ അവരോടു ചേർന്നു.(അപ്പൊസ്തല പ്രവൃത്തികൾ 2:41)

ഫിലിപ്പോസ് എത്യോപ്യനോടു സുവിശേഷം അറിയിച്ച അതേ ദിവസം സ്നാനം ഏറ്റു.

### ചുരുക്കത്തിൽ ...

സ്നാനം സംബന്ധിച്ച് ആദ്യസഭയുടെ അനുഭവം താഴെ കൊടുത്തിരിക്കുന്നു:

1. സ്നാനത്തിന്റെ മുന്പ് അവർ യേശുവിന്റെ ജിവിതം, മരണം, പുനരുത്ഥാനം എന്നിവ ആധാരമാക്കി സുവിശേഷത്തിന്റെ അടിസ്ഥാന വസ്തുതകൾ പഠിപ്പിച്ചു
2. അവർ ഈ വസ്തുതകൾ സ്നാന പെടുവാനുള്ള ആവശ്യമായി ബന്ധപ്പെടുത്തി.
3. അവർ മാനസാന്ത രം, പുതിയ വിശ്വാസം സ്ഥിരീകരിച്ചതു ഉറപ്പാക്കിയ ശേഷം പുതിയ വിശ്വാസിയെ ജലത്തിൽ സ്നാനം പെടുത്തി.
4. സ്നാനശേഷം വിശ്വാസികൾക്ക് ആത്മീയ വർധനക്കായി കൂടുതൽ നിർദേശങ്ങൾ അല്ലെങ്കിൽ അറിവ് നല്കി.

### ക്രിസ്തീയ സ്നാനം പ്രാധാന്യം

ക്രിസ്തീയ സ്നാനത്തിന്റെ ആത്മീയ പ്രാധാന്യം താഴെത്തെ വാക്യത്തിൽ വെളിപ്പെടുത്തുന്നു

ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിന്നു പാപം ചെയ്തു കൊണ്ടിരിക്ക എന്നോ? ഒരുനാളും അരുതു. പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ? അല്ല, യേശു ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്നു സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ.(റോമർ 6:1-4)

ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുകയും മാനസാന്തരപെടുമ്പോൾ പാപത്തിന്റെ മരണം നിങ്ങളുടെ പഴയ ജീവിതത്തിൽ സംഭവിക്കുന്നത്. ഒരു പുതിയ ജീവിതം നീതിക്കായീ സൃഷ്ടിക്കപെട്ട് ദൈവത്തിനു വേണ്ടി ജീവിക്കുന്നു.

അവ്വണ്ണം നിങ്ങളും പാപ സംബന്ധമായി മരിച്ചവർ എന്നു ക്രിസ്തു യേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുതു, നിങ്ങൾ ന്യായപ്രമാണത്തിന്നല്ല, കൃപെക്കത്രെ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ.(റോമർ11,12,14

യേശുവിന്റെ മരണവും പുനരുത്ഥാനവുമായീ ക്രിസ്തീയ ജലസ്നാനം ഒരു പ്രതീകാത്മകമാണ്. നിങ്ങൾ വെള്ളത്തിൽ ആ "ശവക്കുഴി" യിൽ മുഴുകുമ്പോൾ പാപസംബന്ധമായി മരിച്ചു പിന്നെ വെള്ളത്തിൽ നിന്ന് കയറുമ്പോൾ ഉയിർത്തെഴുന്നേൽക്കുന്നു ദൈവത്തിൽ നീതിക്കായീ ജീവിക്കുന്ന ഒരു പുതിയ ജീവിതത്തിലേക്ക് എന്ന് സുചിപ്പിക്കുന്നു.

വിശ്വാസിക്ക് വെള്ളത്തിൽനിന്ന് ഉയിർത്തെഴുന്നേൽപ്പിക്കുന്ന ഈ പുതിയ ജീവിതം അവന്റെ സ്വന്തം ശക്തിയിലല്ല. ഇത്, ദൈവ ശക്തിയാൽ യേശുവിനെ കല്ലറയിൽ നിന്ന് ഉയിർപ്പിച്ച അതേ ശക്തിയാൽ ജീവിക്കുന്നത്. (കൂടുതലായി അധ്യായം പതിനൊന്നിൽ പഠിക്കും). മാനസാന്തരവും വിശ്വാസത്തെയും ആശ്രയിച്ചിരിക്കുന്നു ക്രിസ്തിയ ജല സ്നാനം ഫലം ഉളവാക്കുന്നത്. ഇത് കൂടാതെ സ്നാനത്തിന്റെ ശ്രേഷ്ഠത ഇല്ലാതാകുന്നു.

യഥാർത്ഥ ക്രിസ്തീയ സ്നാനത്തിന്റെ അർത്ഥം ക്രിസ്തുവിനോട് ചേരുക എന്നാണ്, ഒരു പ്രത്യേക സഭയിലോ മതവിഭാഗത്തിലോ ചേരുന്നത് അല്ല.

ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. (ഗലാത്യർ 3:27)

**സ്നാനം ഒരു അന്തരം**

യോഹന്നാന്റെ സ്നാനം, ക്രിസ്തീയ സ്നാനം രണ്ടും വെള്ളത്തിൽ മുങ്ങിയാണ് സംഭവിക്കുന്നത്, പക്ഷെ രണ്ടും തമ്മിൽ വ്യത്യാസം ഉണ്ട്. പൗലോസ് എഫെസോസ് നഗരം സന്ദർശിച്ചപ്പോൾ അവൻ ഒരു കൂട്ടം യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരെ കണ്ടെത്തി. അവർ യോഹന്നാന്റെ സന്ദേശം കേട്ടു മാനസാന്തര സ്നാനം എടുത്തു. പക്ഷെ യേശു ക്രിസ്തുവിന്റെ സുവിശേഷം കേട്ടില്ല.

അപ്പൊല്ലോസ് കൊരിന്തിൽ ഇരിക്കുമ്പോൾ പൗലോസ് ഉൾപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ചു എഫെസോസിൽ എത്തി ചില ശിഷ്യന്മാരെ കണ്ടു: നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്നു അവരോടു ചോദിച്ചതിന്നു: പരിശുദ്ധാത്മാവു ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്നു അവർ പറഞ്ഞു. എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം എന്നു അവൻ അവരോടു ചോദിച്ചതിന്നു: യോഹന്നാന്റെ സ്നാനം എന്നു അവർ പറഞ്ഞു. അതിന്നു പൗലൊസ്: യോഹന്നാൻ മനസാന്തരസ്നാനമത്രേ കഴിപ്പിച്ചു തന്റെ പിന്നാലെ വരുന്നവനായ യേശുവിൽ വിശ്വസിക്കേണം എന്നു ജനത്തോടു പറഞ്ഞു എന്നു പറഞ്ഞു. ഇതു കേട്ടാറെ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു. (അപ്പൊസ്തല പ്രവൃത്തികൾ 19:1-5)

പൗലോസ് ഈ ജനത്തോട് സുവിശേഷം വിശദീകരിച്ചശേഷം, അത് അവർ ഏറ്റുവാങ്ങി വീണ്ടും സ്നാനം ഏറ്റു. ഇപ്പോൾ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു. യോഹന്നാന്റെ സ്നാനം ക്രിസ്തിയ സ്നാനം തമ്മിൽ വ്യത്യസ്തമാണെന്ന് ഈ ഉദാഹരണം കാണിക്കുന്നു. യേശുവിന്റെ മരണവും പുനരുത്ഥാനവും ശേഷം യോഹന്നാന്റെ സ്നാനം സ്വീകര്യമല്ല. യോഹന്നാന്റെ സ്നാനം ലഭിച്ചവർ പിന്നീട് ക്രിസ്തീയ സ്നാനം വീണ്ടും സ്വീകരിച്ചു.

യോഹന്നാന്റെ സന്ദേശം യിസ്രായേൽ ജനത്തെ ഒരുക്കി അവരുടെ മിശഹായെ, (ക്രിസ്തുവിനെ) വെളിപ്പെടുന്നതിനു വേണ്ടി ആയിരുന്നു. അവർ സ്നാനത്തിലുടെ ബാഹ്യമായി പാപങ്ങൾ പശ്ചാത്താപിക്കുകയും വരുന്ന മിശിഹായിൽ വിശ്വാസിക്കേണ്ടിയിരുന്നു.

യേശുവിന്റെ മരണ പുനരുത്ഥാനത്തിനു ശേഷം ജനങ്ങൾ പിതാവു, പുത്രൻ, പരിശുദ്ധാത്മാവു നാമത്തിൽ സ്നാനം ഏറ്റു. അങ്ങനെ ചെയ്യുന്നതിലൂടെ അവർ സുവിശേഷം സന്ദേശം ബാഹ്യപ്രകടമായി സ്വീകരിച്ചു അതു അവരുടെ ജീവിതത്തെ മാറ്റി. സ്നാനം യേശുവിന്റെ കല്പനയാണ്:

ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു.(മത്തായി 28:19)

ക്രിസ്തീയ സ്നാനവും യോഹന്നാന്റെ സ്നാനവും തമ്മിലുള്ള വ്യത്യാസം ദൈവത്തിന്റെ പൂർണ അധികാരത്തിൽ പിതാവു, പുത്രൻ, പരിശുദ്ധാത്മാവിന്റെ നാമത്തിൽ ക്രിസ്തീയ സ്നാനം ചെയ്യേണം എന്നതാകുന്നു.

യോഹന്നാന്റെ സ്നാനം ഇതേ അധികാരത്തിൽ ചെയ്യുവാൻ കഴിഞ്ഞില്ല. വരുന്ന മിശിഹായെ വിശ്വസിക്കേണ്ടതിനു അത് ഒരു മാനസാന്തര സ്നാനം ആയിരുന്നു. ക്രിസ്തീയ സ്നാനം പൂർത്തിയാക്കിയ ദൈവത്തിന്റെ വീണ്ടെടുപ്പിൻ പദ്ധതിയിൽ അംഗീകരിച്ചതായ സ്നാനം.

**സ്നാനത്തിൽ പറയേണ്ട വാക്കുകൾ**

സ്നാനത്തിൽ നേരിടേണ്ട ആവശ്യങ്ങൾ വെള്ളത്തിൽ മുഴുവൻ മുങ്ങി എന്ന് നാം ചർച്ച ചെയ്തു സ്ഥിരീകരിച്ചു. ഏതെല്ലാം വാക്കുകൾ സ്നാന സമയത്ത് അരുളിച്ചെയ്തിരിക്കുന്നു എന്ന് ഒരു ചോദ്യം നിലനിൽക്കുന്നു?

യേശു പറഞ്ഞത് "പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും" നാമത്തിൽ സ്നാനം കഴിപ്പിക്കണം. പല ശുശ്രൂഷകന്മാരും സ്നാനത്തിനു ഈ കൃത്യമായ വാക്കുകൾ ഉപയോഗിക്കാൻ തിരഞ്ഞെടുത്തു ഇത് തിരുവെഴുത്തിന്നു ഒത്തവണ്ണം ആകുന്നു. എന്നാൽ അതു കർത്താവായ യേശുവിന്റെ നാമത്തിൽ ഉപയോഗിക്കുന്നതും സ്വീകാര്യമായിരിക്കും. ബൈബിളിൽ ശിഷ്യന്മാർ ഇങ്ങിനെ ചെയ്തു എന്നു രേഖപ്പെടുത്തിയിരിക്കുന്നു:

അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റിരുന്നതേയുള്ളു. (അപ്പൊസ്തല പ്രവൃത്തികൾ 8:16)

ഇതു കേട്ടാറെ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു. (അപ്പൊസ്തല പ്രവൃത്തികൾ 19:5)

യേശു സ്നാന പെടുത്തുവാൻ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, നാമങ്ങൾ [ബഹുവചനം] എന്ന് അവന്റെ ശിഷ്യന്മാരോട് കല്പിച്ചിട്ടില്ല മറിച്ച് ഒരു ത്രിത്വത്തിലെ വ്യക്തികളുടെ "നാമ" ത്തിൽ [ഏകവചന] അത്രേ.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമം "കർത്താവായ യേശു ക്രിസ്തു", കാരണം...

അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു.(കൊലൊസ്സ്യർ 2:9)

ബൈബിളിൽ നാം യേശു ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റു എന്ന് പഠിപ്പിക്കുന്നു:

യേശു ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം (റോമർ 6:3)

ചില സഭ വിഭാഗക്കാർ സ്നാന സമയത്ത് ചൊല്ലേണ്ട വാക്കുകളെ ചൊല്ലി ഏറെ വിവാദം ഉണ്ടാക്കുന്നു. അവർ ഒന്നിന് ന്യായവും മറ്റേത് തെറ്റാണെന്ന് അവകാശപ്പെടുന്നു. എന്നാൽ ബൈബിളിൽ, "കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ" അല്ലെങ്കിൽ "പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെ" നാമത്തിൽ ഇവ രണ്ടും ക്രിസ്തിയ സ്നാനം സമയത്ത് ചെല്ലുന്നത് സ്വീകാര്യമാണ്. രണ്ടു വിധത്തിലുള്ള വാക്യത്തിലും തർക്കമില്ല. രണ്ടും ത്രിത്വമായ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവിനെ പ്രസ്താവിക്കുന്നു.

സ്ഥിരമായി ഉപയോഗികുന്നതിനും ബൈബിളിന്റെ ഐക്യത്തിനു വേണ്ടി താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ നിർദ്ദേശിക്കുന്നു.

"നിങ്ങളുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, കർത്താവായ യേശു ക്രിസ്തുവിനോട് സ്നാനം കഴിപ്പിക്കുന്നു."

**സ്വയ പരിക്ഷ**

1. പ്രധാന വാക്യം കാണാതെ എഴുതുക
2. സ്നാനം എന്ന വാക്യം വിവരിക്കുക
3. ക്രിസ്തിയ സ്നാനത്തിന്റെ പ്രാധാന്യം വിവരിക്കുക
4. ക്രിസ്തിയ സ്നാനം തേടുന്നവർക്ക് നാലു യോഗ്യതകൾ എന്തൊക്കയാണ്
5. പുതിയ നിയമത്തിൽ നിന്നും സ്നാനങ്ങളെക്കുറിച്ചുള്ള നാലു (4) പേര് നൽകുക
6. പുതിയ നിയമത്തിൽ മാനസാന്തരപെട്ടവർ, എത്ര സമയദൈർഘ്യം വേണം സ്നാനം പെടുവാൻ?
7. യോഹന്നാന്റെ സ്നാനം, ക്രിസ്തിയ ജലസ്നാനം തമ്മിലുള്ള വ്യത്യാസം ഏതു ദൈവ വചനത്തിൽ പ്രസ്താവിക്കുന്നു
8. ശിശുക്കൾ ജലത്തിൽ സ്നാന പെടണമോ?
9. ഏതു പ്രായത്തിൽ ആണ് ഒരു കുട്ടി ജലത്തിൽ സ്നാന പെടെണ്ടത്?
10. ഈ പ്രസ്താവന ശരിയെങ്കിൽ ടി എന്നും തെറ്റെങ്കിൽ ഫ എന്ന് ശൂന്യമായ സ്ഥലത്ത് എഴുതുക

1. എ) ____________നിങ്ങൾ കർത്താവായ യേശു ക്രിസ്തുവിൽ സ്നാന പെട്ടാൽ വീണ്ടും പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിക്കണം.
2. ബി) _________സ്നാനം എന്ന വാക്യം മുങ്ങുക എന്ന അർത്ഥം തളിക്കുക എന്നല്ല
3. സി) __________ സ്നാനം എടുക്കനതിനു മുന്പേ, സ്നാനം എന്ന വാക്യത്തിന്റെ അർത്ഥം അറിഞ്ഞിരിക്കണം

## കൂടുതലായി അറിയേണ്ടതിന്

ഈ അദ്ധ്യായത്തിൽ സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം അവതരിപ്പിച്ചു. നിങ്ങളുടെ പഠനവിഷയം വികസിപ്പിക്കാൻ സ്നാനം സംബന്ധിച്ചു താഴെ തിരുവെഴുത്തുകൾ കൊടുത്തിരിക്കുന്നു.

മത്തായി 3:6,7,11-16; 11:11-12; 14:2; 16:4; 20:22-23; 21:25

മർക്കൊസ് 1:4,5,8,9; 10:38-39; 11:30; 16:16

ലൂക്കോസ് 3:3,7,12,16,21; 7:29-30; 12:50; 20:4

യോഹന്നാൻ 1:25-28,33; 3:22-23,26; 4:1-2; 10:40

അപ്പൊസ്തല പ്രവൃത്തികൾ 1:5,22; 2:38,41; 8:12,13,16,36,38; 9:18; 10:37,47-48; 11:16; 13:24; 18:8,25; 19:3,4,5; 22:16

റോമർ 6:3-4

1. കൊരിന്ത്യർ 1:13-16; 10:2; 12:13; 15:29

ഗലാത്യർ 3:27

എഫെസ്യർ 4:5

കൊലൊസ്സ്യർ 2:12

1. പത്രൊസ് 3:21

എബ്രായർ 6:2

# അദ്ധ്യായം - 6

## സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം: ഭാഗം 2

**ഉദ്ദേശ്യം**

ഈ അദ്ധ്യായം പൂർത്തികരികുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും:

- പ്രധാന വാക്യം കാണാതെ എഴുതുക
- പരിശുദ്ധാത്മാവിന്റെ ആവശ്യം വിവരിക്കുക
- പരിശുദ്ധാത്മാസ്നാനം ലഭികേണ്ടത് എങ്ങനെ എന്ന് വിവരിക്കുക
- പരിശുദ്ധാത്മാസ്നാനം ലഭിച്ചതിന്റെ ബാഹ്യമായ അടയാളത്തിന്റെ പേര്
- പരിശുദ്ധാത്മാസ്നാനത്തിന്റെ ശരിയായ തെളിവ് തിരിച്ചറിയുക
- പരിശുദ്ധാത്മാവിന്റെ വരങ്ങളും ഫലങ്ങളും മനസ്സിലാക്കുക

**പ്രധാന വാക്യം**

എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു. (അ. പ്രവൃത്തികൾ 1:8)

**ആമുഖം**

അവസാനത്തെ അദ്ധ്യായത്തിൽ "സ്നാനം" എന്ന വാക്യത്തിന്റെ വ്യാഖ്യാനം പഠിച്ചു, പുതിയ നിയമത്തിൽ നാലു സ്നാനത്തെ കുറിച്ച് പ്രസ്താവിച്ചതിൽ മുന്നെണ്ണം ക്രിസ്തുവിന്റെ കഷ്ടഅനുഭവ സ്നാനം, സ്നാപക യോഹന്നാന്റെ സ്നാനം, ജലത്തിലുള്ള ക്രിസ്തിയ സ്നാനം പഠിച്ചു. ഈ അദ്ധ്യായത്തിൽ പരിശുദ്ധാന്മ സ്നാനം എന്ന നാലാമത്തെ വിഷയത്തെ കുറിച്ചാണ്.

**പരിശുദ്ധാത്മാവ് എന്ന വാഗ്ദാനം**

യേശുവിന്റെ ഉയിര്ത്തെഴുന്നേല്പ്പിന്റെ ശേഷവും സ്വർഗ്ഗാരോഹണം ചെയ്യുന്നതിന് മുന്പായി യേശു വളരെ പ്രധാനപെട്ട കാര്യങ്ങൾ ശിഷ്യരോട് നിർദേശിച്ചു:

എന്റെ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽനിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നും അവരോടു പറഞ്ഞു. (ലൂക്കോസ് 24:47)

യേശു പരാമർശിച്ചത് പരിശുദ്ധാത്മാവ് എന്ന വാഗ്ദാനത്തെ കുറിച്ചായിരുന്നു. ഇതിനെ കുറിച്ച് ശിഷ്യരോട് മുന്പും പറഞ്ഞിരുന്നു.

എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കു തരും. ലോകം അവനെ കാണുകയോ അറികയോ ചെയ്യായ്കയാൽ അതിന്നു അവനെ ലഭിപ്പാൻ കഴികയില്ല; നിങ്ങളോ അവൻ നിങ്ങളോടു കൂടെ വസിക്കയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ടു അവനെ അറിയുന്നു. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും. (യോഹന്നാൻ 14:16-18)

## പരിശുദ്ധാത്മാവിന്റെ പ്രധാന ഉദ്ദേശ്യം

പരിശുദ്ധാത്മാവിന്റെ പ്രധാന ഉദ്ദേശ്യം ഇപ്പോൾ ഉദ്ധരിച്ച ഭാഗങ്ങളിൽ കൊടുത്തിരിക്കുന്നു: അതായത് വിശ്വാസികളെ ആശ്വസിപ്പിക്കുക. എന്നാൽ ദൈവ വചനം വിശ്വാസികളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ മറ്റു പല ഉദ്ദേശ്യത്തെ കുറിച്ചും പറഞ്ഞിരിക്കുന്നു:

ആത്മാവിൽ നിറയുവാൻ, സ്നാനപെടുവാൻ - അപ്പൊസ്തല പ്രവൃത്തികൾ 2:4
വസിക്കുവാൻ - 1.കൊരിന്ത്യർ 6:19
ഒരേ ആന്മാവിനാൽ ദൈവത്തോടും മറ്റു വിശ്വാസികുളുമായി
ഒന്നായിരിക്കേണ്ടതിനു - 1.കൊരിന്ത്യർ 6:17
പ്രാർത്ഥിക്കേണ്ടതിനു - റോമർ 8:26
വഴി നടത്തേണ്ടതിന് - യോഹന്നാൻ 16:13
ക്രിസ്തുവിന്റെ ഛായയോടു സദൃശമാക്കുവാൻ - 2. കൊരിന്ത്യർ 3:18
ദൈവ വചനത്തിലെ സത്യങ്ങൾ വെളിപെടുത്തുവാൻ - 1.കൊരിന്ത്യർ 2:10
ഉപദേശിക്കുവാൻ - യോഹന്നാൻ 14:26
സത്യാആരാധന പ്രചോദിപ്പിക്കുവാൻ - യോഹന്നാൻ 4:24
ശക്തിപ്പെടുത്തുവാൻ - എഫെസ്യർ 3:16
ഉണർത്തുവാൻ - റോമർ 8:11
വിശുദ്ധീകരിക്കപ്പെടുവാൻ - 2.തെസ്സലൊനീക്യർ 2:13-14
പരിവർത്തിക്കുവാൻ - തീത്തോസ് 3:5
തെറ്റ് ചെയുമ്പോൾ ബോധം വരുത്തുവാൻ - യോഹന്നാൻ 16:8-11
രക്ഷാ ഉറപ്പക്കുവാൻ; - റോമർ 8:16
സ്വാതന്ത്ര്യം കൊടുക്കുവാൻ - റോമർ 8:2
സംസാരിക്കുവാൻ; - മർക്കൊസ് 13:11
ദൈവ ശക്തി വെളിപെടുത്തുവാൻ 1.കൊരിന്ത്യർ 2:4
ശക്തി ലഭിച്ചിട്ടു സാക്ഷികൾ ആകുവാൻ - അപ്പൊസ്തല പ്രവൃത്തികൾ 1:8

## പരിശുദ്ധാത്മാവിന്റെ തെളിവുകൾ

വിശ്വാസികളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിനു പല ഉദ്ദേശ്യങ്ങൾ ഉണ്ട്. എന്നാൽ പ്രധാന ഉദ്ദേശ്യവും ശരിയായ തെളിവും പരിശുദ്ധാത്മാ സ്നാനം പ്രാപിച്ച് ക്രിസ്താനിയെ ശക്തമായ സുവിശേഷത്തിന്റെ സാക്ഷികൾ ആകുവാൻ വേണ്ടിയാണ്.

എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു (അപ്പൊ പ്രവൃത്തികൾ 1:8)

പരിശുദ്ധാത്മാവിന്റെ പ്രത്യക്ഷമായ തെളിവ് അപ്പൊസ്തലനായ പത്രോസിന്റെ ജീവിതത്തിൽ ഉടനെ ഉണ്ടായിരുന്നു. പെന്തെക്കൊസ്ത ദിവസത്തിന് മുമ്പ് ഭയത്തോടെ യേശുവിനെ തള്ളി പറഞ്ഞു. എന്നാൽ പരിശുദ്ധാത്മാ സ്നാനം പ്രാപിച്ചപ്പോൾ പത്രൊസ് നിന്നുകൊണ്ടു ശക്തമായ സുവിശേഷത്തിന്റെ സാക്ഷിയായി, 3,000 പേരുടെ രക്ഷക്ക് കാരണമായി. അതു പരിശുദ്ധാത്മാവിന്റെ ശക്തി ആയിരുന്നു. ആദ്യ സഭയുടെ കാലത്ത് ലോകമെമ്പാടും സുവിശേഷം എത്തുവാൻ ഇതു കാരണമായി. അപ്പൊസ്തല പ്രവർത്തികളിൽ ഇതു പോലെ ശക്തമായ സാക്ഷികൾ ആകുവാൻ പരിശുദ്ധാത്മാവിന്റെ പ്രത്യക്ഷമായ തെളിവ് രേഖപെടുത്തിയിരിക്കുന്നു. 

## പരിശുദ്ധാത്മാ സ്നാനം

പുതിയ നിയമത്തിൽ ഏഴു സ്ഥലത്ത് "സ്നാനം" എന്ന വാക്യം പരിശുദ്ധാത്മാവിനോട് അനുബന്ധമായി ഉപയോഗിച്ചിരിക്കുന്നു. അതിൽ നാലെണ്ണം യോഹന്നാൻ സ്നാപകന്റെ വാക്കുകളിൽ സുവിശേഷത്തിൽ രേഖപെടുത്തിയിരിക്കുന്നു:

ഞാൻ നിങ്ങളെ മാനസാന്തരത്തിന്നായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളു; എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു; അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും.(മത്തായി 3:11)

ഞാൻ നിങ്ങളെ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നു; അവനോ നിങ്ങളെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കും എന്നു അവൻ പ്രസംഗിച്ചു പറഞ്ഞു. (മർക്കൊസ് 1:8)

യോഹന്നാൻ എല്ലാവരോടും ഉത്തരം പറഞ്ഞതു: ഞാൻ നിങ്ങളെ വെള്ളംകൊണ്ടു സ്നാനം കഴിപ്പിക്കുന്നു; എന്നാൽ എന്നിലും ബലവാനായവൻ വരുന്നു; അവന്റെ ചെരിപ്പിന്റെ വാറു അഴിപ്പാൻ ഞാൻ യോഗ്യനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും സ്നാനം കഴിപ്പിക്കും.(ലൂക്കോസ് 3:16)

ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ എന്നെ അയച്ചവൻ എന്നോടു: ആരുടെമേൽ ആത്മാവു ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു എന്നു പറഞ്ഞു.(യോഹന്നാൻ 1:33)

പരിശുദ്ധാത്മാസ്നാനത്തെ കുറിച്ച് യേശു പറഞ്ഞിരിക്കുന്നു:

യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെനാൾ കഴിയുംമുമ്പെ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും എന്നു കല്പിച്ചു. (അപ്പൊസ്തല പ്രവൃത്തികൾ 1:5)

കൊർന്നോല്യൊസിന്റെ ഭവനത്തിൽ കാര്യങ്ങൾ വിവരിക്കുമ്പോൾ യേശുവിന്റെ വാക്കുകൾ ഔർത്തു പത്രൊസ് പറഞ്ഞു:

അപ്പോൾ ഞാൻ : യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം കഴിപ്പിച്ചു; നിങ്ങൾക്കോ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും എന്നു കർത്താവു പറഞ്ഞ വാക്കു ഔർത്തു.(അപ്പൊസ്തല പ്രവൃത്തികൾ 11:16)

പൗലോസ് പരിശുദ്ധാത്മാവു ബന്ധപ്പെട്ട് "സ്നാനം" എന്ന വാക്യം ഉപയോഗിക്കുന്നു:

യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനംചെയ്തുമിരിക്കുന്നു. (1.കൊരിന്ത്യർ12:13)

പരിശുദ്ധാത്മാവിനാൽ സ്നാനപെട്ടു എന്ന വാക്യം തന്നെയാണ് ജലത്താൽ സ്നാനപെട്ടു എന്നതിൽ ഉപയോഗിച്ചിരികുന്നത്. ഈ രണ്ടു അവസ്ഥയിലും "സ്നാനം" എന്നത് അകമേയുള്ള ആത്മീയ നിലവാരത്തിന്റെ ബാഹ്യമായ പ്രകടനമാണ്.

പെന്തെക്കൊസ്തനാളിൽ പരിശുദ്ധാത്മാവ് ആകാശത്തിൽ നിന്ന് ശിഷ്യമാരിലെക്ക് വന്നു. അവർ മുഴുവനായി പരിശുദ്ധാത്മാവിനാൽ മുങ്ങി സ്നാനപെട്ടു. ഈ അനുഭവത്തെ പത്രോസ് പറയുന്നത് ദൈവത്തിന്റെ വാഗ്ദാന നിവർത്തിയെന്ന്. "അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; ഇതു യോവേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്ത തത്രേ; (യോവേൽ2:28.അ പ്ര2:17)

### പ്രത്യക്ഷമായ അടയാളം

നമ്മുടെ കണ്ണ്കൊണ്ട് പരിശുദ്ധാത്മാവിനെ കാണുവാൻ സാധ്യമല്ല. അവനെ കാറ്റിനോട് യേശു ഉപമിച്ചിരിക്കുന്നു

കാറ്റു ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അതു എവിടെനിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു എന്നു ഉത്തരം പറഞ്ഞു. (യോഹന്നാൻ 3:8)

കാറ്റ് നമുക്ക് കാണുവാൻ സാധ്യമല്ല എങ്കിലും അത് ഉളവാക്കുന്നത് നമുക്ക് കാണുകയും കേൾക്കുകയും ചെയ്യും. കാറ്റ് വീശുമ്പോൾ പൊടി ഭുമിയിൽ നിന്നും പറക്കുന്നു, മരങ്ങൾ ഒരു ദിശയിലേക്ക് ചായുന്നു, ഇലകൾ കല ശബ്ദ മുണ്ടാക്കുന്നു. കടലിലെ തിരമാലകൾ മുഴങ്ങുന്നു, ആകാശത്തിലെ മേഘങ്ങൾ നീങ്ങുന്നു. ഇതെല്ലാം കാറ്റിന്റെ പ്രത്യക്ഷമായ അടയാളം. അതുപോലെ തന്നെ പരിശുദ്ധാത്മാവ് വരുമ്പോൾ കാണുവാൻ സാധ്യമല്ല എങ്കിലും അത് ഉളവാക്കുന്നത് നമുക്ക് കാണുകയും കേൾക്കുകയും ചെയ്യും.

പുതിയ നിയമത്തിൽ മുന്നിടെത്ത് പരിശുദ്ധാത്മാ സ്നാനപ്പെടുമ്പോൾ ജനങ്ങളിൽ ഉണ്ടാകുന്ന അനുഭവത്തെ വിവരിക്കുന്നു.

**പെന്തെക്കൊസ്ത ദിവസം**

അപ്പൊസ്തല പ്രവൃത്തികൾ 2:2-4 ൽ പെന്തെക്കൊസ്തനാളിൽ എന്ത് സംഭവിച്ചു എന്ന് രേഖപെടുത്തിയിരിക്കുന്നു.

പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തനിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു. അഗ്നി ജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കും പ്രത്യക്ഷമായി അവരിൽ ഔരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരുംപരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കും ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. (അപ്പൊസ്തല പ്രവൃത്തികൾ 2:2-4)

കൊർന്നോല്യൊസിന്റെ ഭവനത്തിൽ വെച്ച് പത്രോസ് സുവിശേഷം പ്രസംഗിച്ചപ്പോൾ ഉണ്ടായ സംഭവം അപ്പൊസ്തല പ്രവൃത്തികൾ 10:44-46 ൽ രേഖപെടുത്തിയിരിക്കുന്നു.

ഈ വാക്കുകളെ പത്രൊസ് പ്രസ്താവിക്കുമ്പോൾ തന്നേ വചനം കേട്ട എല്ലാവരുടെ മേലും പരിശുദ്ധാത്മാവു വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കയാൽ പത്രൊസിനോടുകൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവു എന്ന ദാനം ജാതികളുടെ മേലും പകർന്നതു കണ്ടു വിസ്മയിച്ചു. (അപ്പൊസ്തല പ്രവൃത്തികൾ 10:44-46)

### എഫെസൊസിലെ ആദ്യ വിശ്വാസികൾ

എഫെസൊസിലെ ആദ്യ വിശ്വാസികൾക്ക് ഉണ്ടായ അനുഭവം അപ്പൊസ്തല പ്രവൃത്തികൾ 19:6 ൽ വിവരിച്ചിരിക്കുന്നു.

പൗലൊസ് അവരുടെ മേൽ കൈവെച്ചപ്പോൾ പരിശുദ്ധാത്മാവു അവരുടെമേൽ വന്നു അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു. (അപ്പൊസ്തല പ്രവൃത്തികൾ 19:6)

നമ്മൾ ഈ മൂന്നു സംഭവങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ പൊതുവായുള്ള പ്രത്യക്ഷമായ അടയാളം കാണാം. അവർ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുമ്പോൾ അന്യഭാഷകളിൽ സംസാരിച്ചു. മറ്റു അതിശയ പ്രവൃത്തിയുടെ അടയാളങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ എവിടെയും ഒരു പോലെ സംഭവിച്ചിട്ടില്ല.

പെന്തെക്കൊസ്തനാളിൽ കൊടിയ കാറ്റടിക്കുന്നതും അഗ്നി ജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ പ്രത്യക്ഷമായി. മറ്റു സന്ദർഭങ്ങളിൽ ഇതുപോലെ രേഖപെടുത്തിയിട്ടില്ല.

എഫെസൊസിലെ ആദ്യ വിശ്വാസികൾ പ്രവചിച്ചു. എന്നാൽ ഇത് മറ്റു രണ്ടു സന്ദർഭങ്ങളിൽ പറഞ്ഞിട്ടില്ല.

ഒരു പ്രത്യക്ഷമായ അടയാളം കൊർന്നേല്യൊസും ചാർച്ചക്കാരും അനുഭവപെട്ടത് അവർ അന്യഭാഷകളിൽ സംസാരിച്ചു എന്ന് അപ്പൊസ്തലർ നിരീക്ഷിച്ചു. ഈ ബാഹ്യമായ അടയാളം പരിശുദ്ധാത്മാസ്നാനം പ്രാപിച്ചു എന്നതിന് അപ്പൊസ്തലർക്ക് തെളിവായി.

ഈ പറഞ്ഞ ദൈവ വചനത്തിന്റെ അടിസ്ഥാനരേഖകൾ നിർണ്ണയിക്കുന്നു, പരിശുദ്ധാത്മാ ശക്തിയാൽ അന്യഭാഷകളിൽ സംസാരിക്കുന്നത് ഒരു വ്യക്തി പരിശുദ്ധാത്മാ സ്നാനം ലഭിച്ചു എന്നതിന്റെ ഉറപ്പ് ആകുന്നു.

#### ഭാഷകൾ

നാവുകളുടെ അടയാളം മനുഷ്യനു അറിയപ്പെടുന്ന ഭാഷകളിൽ സംസാരിക്കുവാൻ കഴിയും. ഇതാണ് പെന്തെക്കൊസ്ത നാളിൽ സംഭവിച്ചത്.

എല്ലാവരും ഭ്രമിച്ചു ആശ്ചര്യപ്പെട്ടു: ഈ സംസാരിക്കുന്നവർ എല്ലാം ഗലീലക്കാർ അല്ലയോ? പിന്നെ നാം ഔരോരുത്തൻ ജനിച്ച നമ്മുടെ സ്വന്ത ഭാഷയിൽ അവർ സംസാരിച്ചു കേൾക്കുന്നതു എങ്ങനെ? (അപ്പൊസ്തല പ്രവൃത്തികൾ 2: 7-8)

മനുഷ്യന് അറിയാത്ത ഭാഷയും ഉണ്ട്. ഇതിനെയാണ് അന്യഭാഷ എന്ന് വിളിക്കുന്നത്.

അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു; ആരും തിരിച്ചറിയുന്നില്ലല്ലോ; എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു.(1.കൊരിന്ത്യർ 14:2)

#### അന്യഭാഷയുടെ ആവശ്യം

പരിശുദ്ധാത്മാസ്നാനം മുഖാന്തരം ലഭിച്ച അന്യഭാഷ ഒരു വിശ്വാസിയുടെ ജീവിതത്തിൽ പല ആവശ്യങ്ങൾ ഉണ്ട്. 1. കൊരിന്ത്യർ 14ൽ പ്രത്യക്ഷമായ അന്യഭാഷയുടെ ചില ആവശ്യത്തെ കുറിച്ച് തിരിച്ചറിയുന്നു.

ദൈവത്തോടുള്ള പ്രാർത്ഥന: വാക്യം 2
ആത്മികവർദ്ധന: വർദ്ധന എന്നാൽ ആത്മീയ വളർച്ച, ഉത്സാഹം തരുക വാക്യം 4
വ്യാഖ്യാനിക്കുമ്പോൾ സഭയുടെ ആത്മികവർദ്ധന: വാക്യം 12
പക്ഷവാദം: വാക്യം 14 ( റോമർ 8:26-27)
അവിശ്വാസികൾക്ക് അടയാളം: വാക്യം 22
പ്രവചന നിവർത്തി: വാക്യം 21 (യെശയ്യാവു 28:11-12)
സ്തോത്രം ചൊല്ലുക: വാക്യം 15, 17

## എതിർപ്പുകൾ

അന്യഭാഷയുടെ അടയാളത്തെ ചില ആളുകൾ എതിർക്കുന്നു. അവർ ഉയർത്തു ന്ന ചില എതിർപ്പുകൾ:

### എല്ലാ ക്രിസ്ത്യാനിക്കും പരിശുദ്ധാത്മാവ് ഉണ്ട്

ഏറ്റവും പ്രധാനപെട്ട എതിർപ്പ് ഓരോ ക്രിസ്ത്യാനിയും രക്ഷിക്കപെടുമ്പോൾ പരിശുദ്ധാത്മാവ് ലഭിക്കുന്നു പിന്നീടു പരിശുദ്ധാത്മാ സ്നാനം എന്ന അനുഭവം സ്വീകരിക്കേണ്ട ആവശ്യം ഇല്ല. എന്നാൽ പുതിയ നിയമത്തിൽ യഥാർത്ഥ വിശ്വാസികളുടെ ഉദാഹരണങ്ങൾ പരിഗണിക്കുക.

അപ്പൊസ്തലർ മാനസാന്തരപെട്ടു യേശുവിനെ മശിഹ/ക്രിസ്തു എന്ന് വിശ്വസിച്ചു. അവർ അവന്റെ മരണം, അടക്കം പുനരുത്ഥാനത്തിൽ ദൃക്സാക്ഷികളായി. യേശു തന്നെ അനുഗമിക്കുന്നവരോട് പറഞ്ഞത്:

എന്റെ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽനിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നും അവരോടു പറഞ്ഞു.(ലൂക്കോസ് 24:47)

പിന്നെയും പറഞ്ഞത് :
യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെനാൾ കഴിയുംമുമ്പെ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും എന്നു കല്പിച്ചു. (അപ്പൊസ്തല പ്രവൃത്തികൾ 1:5)

പരിശുദ്ധാത്മാസ്നാനം എന്ന വാഗ്ദാനം ചെയ്യപ്പെട്ട അനുഭവം ഉണ്ടായത് പെന്തെക്കൊസ്ത നാളിലാണ്.

എല്ലാവരുംപരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കും ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.(അ. പ്രവൃത്തികൾ 2:4)

അപ്പൊസ്തലർ യഥാർത്ഥമായ വിശ്വാസികൾ ആയിരുന്നെങ്കിലും പെന്തെക്കൊസ്ത നാളുവരെ പരിശുദ്ധാത്മാവിൽ നിറഞ്ഞ സ്നാനം ലഭിച്ചിരുന്നില്ല.

അനന്തരം യെരൂശലേമിലുള്ള അപ്പൊസ്തലന്മാർ, ശമര്യർ ദൈവവചനം കൈക്കൊണ്ടു എന്നു കേട്ടു പത്രൊസിനെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു. അവർ ചെന്നു, അവർക്കും പരിശുദ്ധാത്മാവു ലഭിക്കേണ്ടതിന്നു അവർക്കായി പ്രാർത്ഥിച്ചു. അന്നുവരെ അവരിൽ ആരുടെമേലും ആത്മാവു

വന്നിരുന്നില്ല; അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റിരുന്ന തേയുള്ളു. അവർ അവരുടെമേൽ കൈ വെച്ചപ്പോൾ അവർക്കും പരിശുദ്ധാത്മാവു ലഭിച്ചു. (അപ്പൊസ്തല പ്രവൃത്തികൾ 8:14-17)

ഫിലിപ്പോസിന്റെ ശുശ്രൂഷ മുഖാന്തരം ശമര്യയക്കാർ രക്ഷിക്കപെട്ടു. അവർ പത്രോസിന്റെയും യോഹന്നാന്റെ കൈവെപ്പ് ശുശ്രൂഷ മുഖാന്തരം പരിശുദ്ധാത്മാവിന്റെ സ്നാനം ലഭിച്ചു. രക്ഷിക്കപെടുക, പരിശുദ്ധാത്മാവു സ്നാനം ലഭിക്കുക എന്നത് വ്യത്യസ്തമായ അനുഭവങ്ങൾ ആണ്.

അപ്പൊസ്തല പ്രവൃത്തി 19:1-6 ൽ പൗലോസ് എഫെസോസിൽ പോയി അവിടെയുള്ള ശിഷ്യമാരെ കണ്ടു. പൗലോസ് അവരോടു ആദ്യം ചോദിച്ചത് "നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ" ജനങ്ങൾ രക്ഷിക്കപെട്ടപ്പോൾ പരിശുദ്ധാത്മാസ്നാനം ലഭിച്ചുവെങ്കിൽ ഇങ്ങനെയുള്ള പൌലോസിന്റെ ചോദ്യം മണ്ടത്തരമായിരിക്കും. ജനങ്ങൾ ക്രിസ്തിയ വിശ്വാസികൾ ആകുന്നത് പരിശുദ്ധാത്മാസ്നാനം കുടാതെ എന്ന് വ്യക്തമാക്കുന്നതിനു വേണ്ടിയാണു ഈ ചോദ്യം ചോദിച്ചത്. ചിലപ്പോൾ ഒരു വ്യക്തി മാനസാന്തരപെടുമ്പോൾ തന്നെ പരിശുദ്ധാത്മാസ്നാനം ലഭിച്ചാലും രക്ഷ എന്ന അനുഭവത്തിൽ നിന്നും വ്യത്യസ്തമാണ്.

പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ തുടർച്ചയായി പ്രവർത്തിച്ചു കൊണ്ടിരിക്കും. പഴയ നിയമത്തിൽ പരിശുദ്ധാത്മാവ് ഇസ്രേലിന്റെ ആത്മീയ നേതാക്കളിൽ വന്നിരുന്നു. പരിശുദ്ധാത്മാവ് പാപികളുടെ ജീവിതത്തിൽ പ്രവർത്തിച്ചു ക്രിസ്തുവിലേക്ക് കൊണ്ടുവരുന്നു.

എന്നാൽ പരിശുദ്ധാത്മാവിൽ നിറയുന്നതിൽ നിന്നും ഇതു വ്യത്യസ്തമാണ്. യേശു വ്യക്തമായി പറഞ്ഞു:

ലോകം അവനെ കാണുകയോ അറികയോ ചെയ്യായ്കയാൽ അതിന്നു അവനെ ലഭിപ്പാൻ കഴികയില്ല; നിങ്ങളോ അവൻ നിങ്ങളോടു കൂടെ വസിക്കയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ടു അവനെ അറിയുന്നു.(യോഹന്നാൻ 14:17)

ആദ്യ കാലത്തു പരിശുദ്ധാത്മാവു ശിഷ്യന്മാരോട് കൂടെ ഉണ്ടായിരുന്നു. എന്നാൽ അവരുടെ ഉള്ളിൽ ഇല്ലായിരുന്നു. അവർ പരിശുദ്ധാത്മാവിൽ നിറഞ്ഞത്[പരിശുദ്ധാത്മാ സ്നാനം] പെന്തക്കോസ്തു നാളിലാണ്. പരിശുദ്ധാത്മാവു പാപികളുടെ കൂടെയിരുന്നു യേശു ക്രിസ്തുവിലേക്ക് അടുപ്പിക്കുന്നു, എന്നാൽ വിശ്വാസികളിൽ ഉള്ളതുപോലെ അവരുടെ ഉള്ളിൽ ഉണ്ടായിരുന്നില്ല.

പഴയ നിയമ കാലത്ത് പരിശുദ്ധാത്മാവു ആത്മീയ നേതാക്കളിൽ കൂടെ ഉണ്ടായിരുന്നു. എന്നാൽ അവരുടെ ഉള്ളിൽ അതുവരെ ഉണ്ടായിരുന്നില്ല. ഇതാണ് പഴയ പുതിയ നിയമ ശുസ്രുഷയുടെ വ്യത്യാസം.

**എല്ലാവരും അന്യഭാഷയിൽ സംസരികുന്നോവോ?**

വേറെ ഒരു എതിർപ്പ് അന്യഭാഷയോടുള്ളത് 1.കൊരിന്ത്യർ 12:30 ൽ അപ്പോസ്തലനായ പൗലോസ് ചോദിച്ചതിന്റെ തെറ്റിധാരണയാണ്. " എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ?" എന്ന് ചോദിച്ചു അതിന്റെ ഉത്തരം "ഇല്ല എന്നാണ്. എല്ലാവരും അന്യഭാഷകളിൽ സംസരിക്കുന്നില്ല".

എന്നാൽ പൗലോസ് ഇവിടെ അർത്ഥം മാക്കുന്നത് പരിശുദ്ധാത്മാസ്നാനം എന്ന അനുഭവത്തെ പറ്റിയല്ല. ഇവിടെ ചർച്ച ചെയ്തത് പരിശുദ്ധാത്മാവിന്റെ വരങ്ങൾ സഭയിൽ വിശ്വാസികൾ ഉപയോഗിക്കുന്നതിനെ കുറിച്ചാണ്.

എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഔരോരുത്തൻ വെവ്വേറായി അവയവങ്ങളും ആകുന്നു. ദൈവം സഭയിൽ ഒന്നാമതു അപ്പൊസ്തലന്മാർ, രണ്ടാമതു പ്രവാചകന്മാർ മൂന്നാമതു ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഔരോരുത്തരെ നിയമിക്കയും പിന്നെ വീർയ്യപ്രവൃത്തികൾ, രോഗശാന്തികളുടെ വരം, സഹായം ചെയ്‌വാനുള്ള വരം, പരിപാലനവരം, വിവിധഭാഷാവരം എന്നിവ നലകുകയും ചെയ്തു (1. കൊരിന്ത്യർ 12:27,28)

സഭയിലെ അംഗങ്ങൾ എങ്ങിനെ വരങ്ങൾ ഉപയോഗിക്കണം എന്ന് പൗലോസ് ഇവിടെ പറഞ്ഞിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ഒരു വരം "വിവിധ ഭാഷാ വരം" ഇതു ഒരു പ്രത്യക സന്ദേശം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഭാഷ സംസാരിക്കുവാനുള്ള കഴിവ് സഭക്ക് കൊടുക്കുന്നത്. പരിശുദ്ധാത്മാ സ്നാനം ലഭിക്കുമ്പോൾ അന്യഭാഷയുടെ അടയാളം എല്ലാവരും അനുഭവപെടുന്നു. എന്നാൽ എല്ലാവർക്കും വിവിധ ഭാഷാവരം എന്ന ദാനം ലഭിക്കുന്നില്ല.

**ഭയം**

ചില വിശ്വാസികൾ പരിശുദ്ധാത്മാസ്നാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നില്ല കാരണം അവർ ഭയപെടുന്നത് അവർക്ക് ലഭിക്കുന്ന അനുഭവം ദൈവത്തിൽ നിന്ന് ഉള്ളതല്ല. എന്നാൽ ദൈവ വചനം പറയുന്നത്:

യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവന്നും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്നു തുറക്കും. മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളു? മീൻ ചോദിച്ചാൽ അവന്നു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കും നന്മ എത്ര അധികം കൊടുക്കും! (മത്തായി 7:7-11)

ഒരു വിശ്വാസി ദൈവത്തിൽ നിന്നും വരം ചോദിച്ചാൽ, ഒരു നല്ല ഭൗമിക പിതാവിനെ പോലെ ദൈവം ഒരിക്കലും ദോഷമായത് ലഭിക്കുവാൻ അനുവദിക്കില്ല.

**വികാരാധീനനാകുന്ന അനുഭവം**

വേറെ ഒരു എതിർപ്പ് അന്യഭാഷയോടുള്ളത് വൈകാരിക അനുഭവം. പല വിശ്വാസികൾ പരിശുദ്ധാത്മാസ്നാനം ലഭിക്കുമ്പോൾ അവരുടെ വികാരപരമായ അനുഭവത്തിനു പ്രാധാന്യം കൊടുത്തു പ്രതിപാദിച്ചിട്ടുണ്ട്. മനുഷ്യൻ ഒരു വികാരപരമായ സൃഷ്ടിയാണ്. മാനസാന്തരം ഒരു മനുഷ്യന്റെ വികാര പരമായ ഭാവത്തെ മാറ്റുന്നില്ല. അവനിൽ ദുഃഖം സന്തോഷവും എന്ന അനുഭവം ഉണ്ടായിരിക്കും. മാനസാന്തരം മനുഷ്യന്റെ വികാരാധീനനാകുന്ന പാപത്തിന്റെ നിയന്ത്രണത്തിൽ നിന്നും മോചിതനാകുന്നു. ഇതു ദൈവത്തെ ആരാധിക്കുന്ന വികാരത്തിലേക്ക് വ്യതിചലിക്കുന്നു. "സന്തോഷം" എന്ന വാക്യം പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ട് അപ്പൊസ്തല പ്രവൃത്തികൾ 13:52 ൽ വായിക്കുന്നു. "ശിഷ്യന്മാർ സന്തോഷവും പരിശുദ്ധാത്മാവും നിറഞ്ഞവരായിത്തീർന്നു."

ചില ആളുകൾ പരിശുദ്ധാത്മാസ്നാനം ലഭികുമ്പോൾ വളരെ വികാരപരമായ ആഹ്ലാദം പ്രകടിപ്പിക്കുന്നു കാരണം അങ്ങനെയുള്ളവർ സാധാരണയുള്ളവരേക്കാൾ കുടുതൽ വികാരപരമായ അനുഭവം ഉള്ളവരാണ്. അവർ ആർപ്പുവിളിക്കുന്നു, ചിരിക്കുന്നു, അല്ലെങ്കിൽ ശാരിരികമയീ അനുഭൂതി അനുഭവപെടുന്നു. എന്നാൽ ഇതൊന്നും പരിശുദ്ധാത്മാസ്നാനത്തിന്റെ അടയാളമല്ല. അന്യ ഭാഷയിൽ സംസാരിക്കുന്നതാണ് സ്ഥിരീകരിക്കുന്ന അടയാളം.

കൂടുതലായ വികാര പ്രകടനം അതായതു ആർപ്പുവിളിക്കുക, ചിരിക്കുക, നൃത്തം ചെയ്യുക എന്നിവ പരിശുദ്ധാത്മാസ്നാനം ലഭികുമ്പോൾ ആവശ്യമില്ല. ഒരു വ്യക്തി എങ്ങിനെ സന്തോഷം പ്രകടിപ്പിക്കും എന്നത് സാധാരണ അയാളുടെ വികാരം അടിസ്ഥാന സ്വഭാവുമയീ ബന്ധപ്പെട്ടിരിക്കുന്നു.

എന്നാൽ നമ്മൾ ഒരിക്കലും പരിശുദ്ധാത്മാവിന്റെ സന്തോഷമായ വികാര പ്രകടനത്തെ വിമർശിക്കരുത്. ദൈവവചനത്തിൽ പറയുന്നത്, അവർക്ക് ശക്തമായ അനുഭവം ഉണ്ടായീ അവർ ദൈവത്തിന്റെ മുന്പേ വികാരപരമായീ. ആളുകൾ വിറെച്ചു, ചലിച്ചു , താഴെ വീണു, ആർപ്പു വിളിച്ചു, ആനന്ദിച്ചു , നൃത്തം ചെയ്തു.

ജനങ്ങൾ കായികവിനോദങ്ങൾ നടക്കുന്ന സ്ഥലത്ത് വളരെ വികാര പ്രകടനം നടത്തുന്നു. അവർ അവിടെ കൂക്കുവിളിക്കുന്നു, ചിരിക്കുന്നു, ചാടുന്നു, ആവേശം കാണിക്കുന്നു. അങ്ങിനെ എങ്കിൽ നമ്മൾ പരിശുദ്ധാത്മാവിന്റെ ദാനം നമ്മുടെ ജീവിതത്തിൽ നേടുമ്പോൾ അത് കൊണ്ടുവരുന്ന സന്തോഷം, ശക്തി ലഭിച്ചിട്ടു എത്ര ആവേശം ഉണ്ടാകണം.

സങ്കീർത്തകനായ ദാവിദ് സന്തോഷത്തോടെ, ഘോഷത്തോടെ, ദൈവത്തെ ആരാധിച്ചു.

വരുവിൻ , നാം യഹോവേക്കു ഉല്ലസിച്ചു ഘോഷിക്ക; നമ്മുടെ രക്ഷയുടെ പാറെക്കു ആർപ്പിടുക. നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ ചെല്ലുക; സങ്കീർത്തനങ്ങളോടെ അവന്നു ഘോഷിക്ക. യഹോവ മഹാദൈവമല്ലോ; അവൻ സകല ദേവന്മാർക്കും മീതെ മഹാരാജാവു തന്നേ.(സങ്കീർത്തനങ്ങൾ 95:1-3)

കാഹളനാദത്തോടെ അവനെ സ്തുതിപ്പിൻ; വീണയോടും കിന്നരത്തോടും കൂടെ അവനെ സ്തുതിപ്പിൻ . തപ്പിനോടും നൃത്തത്തോടും കൂടെ അവനെ സ്തുതിപ്പിൻ ; തന്ത്രിനാദത്തോടും കുഴലിനോടും കൂടെ അവനെ സ്തുതിപ്പിൻ. ഉച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പിൻ ; അത്യുച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പിൻ. ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ; യഹോവയെ സ്തുതിപ്പിൻ.(സങ്കീർത്തനങ്ങൾ 150:3-6)

പരിശുദ്ധാത്മാസ്നാനം ലഭികുമ്പോൾ നിങ്ങൾ ദോഷം ചെയ്യുമെന്നു അല്ലെങ്കിൽ നിങ്ങളുടെ നിയന്ത്രണം വിട്ടു പോകുമെന്ന് ഭയപെടെണ്ടതില്ല.

ദൈവവചനം പറയുന്നു:

പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്കും കീഴടങ്ങിയിരിക്കുന്നു (1. കൊരിന്ത്യർ 14:32)

ദൈവം തരുന്ന ദാനം അതിന്റെ ഉപയോക്താവുമായീ നിയന്ത്രണത്തിലാണ്. കാരണം ദൈവം ദോഷമയതോന്നും ചെയ്യുകയില്ല.

ദൈവം കലക്കത്തിന്റെ ദൈവമല്ല സമാധാനത്തിന്റെ ദൈവമത്രേ. (1.കൊരിന്ത്യർ 14:33)

## പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ

സുവിശേഷം ഭുമിയുടെ അറ്റത്തോളം എത്തേണ്ടതിന് ഉത്തരവാദിത്വമുള്ള കാര്യം യേശു ശിഷ്യരെ ഏല്പിച്ചു. ഈ കൃത്യം പരിശുദ്ധാത്മാശക്തിയുടെ സഹായത്താൽ ചെയ്യുവാൻ സാധിക്കും. ഇതു ഒരു പ്രത്യേക ദാനം പരിശുദ്ധാത്മാശക്തി വിശ്വാസികളെ കാര്യാഷമതയായി ഒരുക്കുന്നു.

ആത്മീയ ദാനങ്ങൾ സാധാരണ താലന്തു പോലെ ജന്മനാ രൂപപ്പെടുന്ന പ്രാഗത്ഭ്യം അല്ല. ജന്മനാ രൂപപ്പെടുന്ന പ്രാഗത്ഭ്യം കഴിവ്(താലന്തു) അത് ജനിക്കുമ്പോൾ ലഭിക്കുന്ന അല്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ പരിശ്രമിച്ചു നേടിയതാണ്. അത് നമ്മുടെ ശുശ്രുഷയിൽ ഉപയോഗിക്കാം, എന്നാൽ അവയും ആത്മീയ ദാനങ്ങളും തമ്മിൽ വ്യത്യാസം ഉണ്ട്.

അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിന്നായുള്ള ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനെക്കും ആകുന്നു. അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഔരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും. (എഫെസ്യർ 4:12-15)

ഈ വേദഭാഗം ആത്മീയ വരങ്ങളുടെ ആവശ്യം എന്തിനെന്ന് വെളിപ്പെടുത്തുന്നു:

- വിശുദ്ധന്മാരുടെ സമ്പൂർണ്ണത
- ശുശ്രൂഷയുടെ വേലക്ക്
- ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനെക്ക്

ആത്മീയ വരങ്ങളുടെ ലക്ഷ്യം നമ്മൾ...

- വിശ്വാസത്തിൽ ഐക്യത പ്രാപിക്കുവാൻ
- ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനം പ്രാപിക്കുവാൻ
- ക്രിസ്തുവിന്റെ മാതൃകാരൂപമുള്ള സമ്പൂർണ്ണത പ്രാപിക്കുവാൻ
- സ്ഥിരതയുള്ളവരകുവാൻ, തെറ്റായ ഉപദേശത്തിന്റെ ചതിയിൽ പെടാതിരിപ്പാൻ
- ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ

ചില സഭകൾ വാദിക്കുന്നത് പരിശുദ്ധാത്മാവിന്റെ എല്ലാ വര ദാനങ്ങളും ആധുനിക വിശ്വാസിക്ക് ആവശ്യമില്ല. അവർ പഠിപ്പികുന്നത് അത്ഭുത പ്രവർത്തികൾ അന്യഭാഷ വരങ്ങൾ എന്നി ദാനങ്ങൾ ആദ്യകാല സഭക്കുള്ളതാണ്.

അവരുടെ എതിർപ്പിനുള്ള ഉത്തരം: സഭയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടിയാണ് വരങ്ങളുടെ ശുശ്രുഷ കർത്താവു നല്കിയത്. സഭയുടെ ആവശ്യങ്ങൾ നിറവേറാതെ ഏതെങ്കിലുമൊരു വരങ്ങൾ എടുത്തു കളയുകയില്ല. നമ്മുടെ സഭയിൽ എല്ലാവരും ഐക്യതയിലാണോ? നമുക്ക് എല്ലാവർക്കും ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനമുണ്ടോ? നമ്മൾ എല്ലാവരും പൂർണതയിൽ, തികഞ്ഞവരായ്, സ്ഥിരതയോടെ നടക്കുന്നുണ്ടോ? തെറ്റായ ഉപദേശങ്ങൾ സഭയിൽ കടന്നു കുടാതെ നമ്മൾ നിർത്തിയിട്ടുണ്ടോ?

ഈ ചോദ്യത്തിന്റെ ഉത്തരം "ഇല്ല" എന്നാണ്. വരങ്ങുളുടെ ശുശ്രുഷയുടെ ആവശ്യം ഇതുവരെ നിറവേറിയിട്ടില്ല.. അതുകൊണ്ട് ദൈവം തന്ന എല്ലാ വരങ്ങളും ഇപ്പോഴും സഭയുടെ ലക്ഷ്യത്തിൽ എത്തേണ്ടതിനു പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ദൈവവചനം പറയുന്നത്: ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ചു അനുതപിക്കുന്നില്ലല്ലോ (റോമർ 11:29) അതിന്റെ അർത്ഥം ദൈവം കൃപാവരങ്ങളെയും വിളിയെയും കുറിച്ച് മാറുകയില്ല, തന്ന വരങ്ങൾ തിരിച്ചു എടുക്കുകയുമില്ല.

പരിശുദ്ധാത്മാവ് ഓരോ വിശ്വസിക്കും കുറഞ്ഞത് ഒരു ആത്മീയ വരങ്ങൾ തരുന്നു. (1.പത്രൊസ് 4:10, എഫെസ്യർ4:7, 1.കൊരിന്ത്യർ 12:7) ഇതിൽ പ്രധാന ആത്മീയ വരങ്ങളെ തിരിച്ചറിഞ്ഞു അവ സഭയിൽ ഉപയോഗിക്കുക. ആത്മീയ വരങ്ങളെ കുറിച്ച് പരിശുദ്ധാത്മാവിനാൽ ലഭ്യമായതെന്നു വിവരിച്ചിരിക്കുന്നു.(റോമർ 12:1-8, 1. കൊരിന്ത്യർ 12:1-31, എഫെസ്യർ 4:1-16, 1. പത്രൊസ് 4:7-11)

## പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ

വിശ്വാസികളുടെ ജീവിതത്തിൽ ഗുണ നിലവാരങ്ങൾ പരിശുദ്ധാത്മാവ് വർദ്ധിപ്പിക്കുന്നു, ഇതിനെ ദൈവ വചനം "ആത്മീയ ഫലങ്ങൾ" എന്ന് വിളിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ ഒരു വിശ്വാസിയുടെ ജീവിതത്തിൽ കാണിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വാഭാവിക അടയാളമാകുന്നു.

ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം; ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല. (ഗലാത്യർ 5:22-23)

ഈ ഗുണങ്ങൾ വിശ്വാസികളുടെ ജീവിതത്തിൽ വർദ്ധിപ്പിക്കുന്നത് പരിശുദ്ധാത്മാവിന്റെ വേറെ ഒരു പ്രധാന പ്രവൃത്തിയാണ്.

## പരിശുദ്ധാത്മാവിനെ പ്രാപിപ്പാൻ

ദൈവവചന പ്രകാരം പരിശുദ്ധാത്മ സ്നാനം എങ്ങിനെ ലഭിക്കും എന്ന് താഴെ കൊടുത്തിരിക്കുന്നു.

### മാനസാന്തരപ്പെട്ടു സ്നാനപെടുക

ഇതു ആത്മീയമായി ഒരു സ്ഥാനത്ത് ആക്കപെടുന്നു:

പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഔരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും.(അപ്പൊസ്തല പ്രവൃത്തികൾ 2:38)

### വാഗ്ദത്തം നിങ്ങൾക്ക് ഉള്ളത് എന്ന് വിശ്വസിക്കുക

വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവു വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ എന്നു പറഞ്ഞു. (അപ്പൊസ്തല പ്രവൃത്തികൾ 2:39)

### അതിനായി ആഗ്രഹിക്കുക

ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശുനിന്നുകൊണ്ടു ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്ന

വന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു. അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കും ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞതു; യേശു അന്നു തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവു വന്നിട്ടില്ലായിരുന്നു.(യോഹന്നാൻ 7:37-39)

**ഇതു ഒരു ദാനം എന്ന് ബോധ്യമാവുക**

പരിശുദ്ധാത്മാവിനെ സഭക്ക് പെന്തെക്കൊസ്തനാളിൽ നൽകിയിട്ടുണ്ട്. ഇതു ഒരു ദാനം കാരണം, നിങ്ങൾ അതു നേടുന്നതിനായി ഒന്നും ചെയ്യുവാൻ കഴിയുന്നതല്ല.

എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും.(അപ്പൊസ്തല പ്രവൃത്തികൾ 2:38)

ഞാൻ ഇതൊന്നു മാത്രം നിങ്ങളോടു ഗ്രഹിപ്പാൻ ഇച്ഛിക്കുന്നു; നിങ്ങൾക്കു ആത്മാവു ലഭിച്ചതു ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ? എന്നാൽ നിങ്ങൾക്കു ആത്മാവിനെ നല്കി നിങ്ങളുടെ ഇടയിൽ വീര്യപ്രവൃത്തികളെ ചെയ്യുന്നവൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗത്താലോ അങ്ങനെ ചെയ്യുന്നതു? അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിന്നു നാം ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നേ.(ഗലാത്യർ 3:2,5,14)

പരിശുദ്ധാത്മാവിന്റെ ദാനത്തിനയി ദൈവത്തെ സ്തുതിക്കയും, നന്ദി പറഞ്ഞു കൊണ്ട് തുടങ്ങുക.

**ദൈവത്തിൽ സമർപ്പിക്കുക**

നിങ്ങൾ ദൈവത്തെ സ്തുതിക്കയും, ആരാധിക്കുകയും ചെയ്യുമ്പോൾ ആത്മാവിന്റെ ഭാഷ സംസാരിക്കുവാൻ ഭയപെടരുത്. നിങ്ങൾ വായ് തുറന്നു സ്തുതിച്ചു കൊണ്ടിരിക്കുമ്പോൾ ആദ്യം വിക്കിവിക്കി പറയുന്ന അനുഭവം ഉണ്ടായിരിക്കും. നിങ്ങളുടെ നാക്ക് പരിശുദ്ധാത്മാവിനായി സമർപ്പിക്കുക, അപ്പോൾ നിങ്ങൾ അറിഞ്ഞു കുടാത്ത വാക്കുകളിൽ സംസാരിക്കും. ഇതാണ് പരിശുദ്ധാത്മാ സ്നാനത്തിന്റെ അടയാളം.

വിക്കിവിക്കി പറയുന്ന അധരങ്ങളാലും അന്യഭാഷയിലും അവൻ ഈ ജനത്തോടു സംസാരിക്കും.(യെശയ്യാവു 28:11)

എല്ലാവരുംപരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കും ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.(അ.പ്ര 2:4)

**മറ്റുള്ള വിശ്വാസികളോട് പ്രാർത്ഥനക്കായി ആവശ്യപ്പെടുക**

പരിശുദ്ധാത്മാവു കൈവെപ്പു മുഖാന്തരം ലഭിക്കും(അ.പ്ര 8,9,19) ഇല്ലാതെയും ലഭിക്കുന്നു (അ.പ്ര 2,4,10) ആത്മാവിൽ നിറഞ്ഞ വിശ്വാസികൾ കാണിച്ചു തന്നത്, ഈ അദ്ധ്യായങ്ങളിൽ പഠിച്ചത് നിങ്ങൾക്ക് പരിശുദ്ധാത്മാ സ്നാനം ലഭിക്കുവാൻ സഹായിക്കും.

## സ്വയ പരീക്ഷ

1. വിശ്വാസികളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ ആവശ്യം എന്ത്?
2. പരിശുദ്ധാത്മാസ്നാനം ലഭിക്കുവാനുള്ള ആറു (6) മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക
3. പ്രധാന വാക്യം കാണാതെ എഴുതുക
4. പരിശുദ്ധാത്മാസ്നാനം ലഭിച്ചതിന്റെ പുറമെയുള്ള അടയാളം എന്ത്?
5. പരിശുദ്ധാത്മാസ്നാനത്തിന്റെ ശരിയായ തെളിവ് എന്ത്?
   ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരം നൽകുക.
6. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ എന്നാൽ എന്ത്?
7. വിശ്വാസികളുടെ ജീവിതത്തിൽ ഉണ്ടായിരികേണ്ട ഒന്പത് (9) പരിശുദ്ധാത്മാവിന്റെ ഫലങ്ങളുടെ പട്ടിക നൽകുക
8. പരിശുദ്ധാത്മാവിന്റെ വരങ്ങളുടെ ആവശ്യങ്ങൾ എന്ത്?
9. എന്തുകൊണ്ട് ഈ പ്രസ്താവന തെറ്റ്. "പരിശുദ്ധാത്മാവിന്റെ എല്ലാ വരങ്ങളും ഇപ്പോൾ നമുക്കുള്ളതല്ല. ചിലത് ആദിമ സഭക്കുള്ളത്"
10. അന്യഭാഷയിലുടെ സംസാരികുന്നതിന് ചില ആളുകളുടെ നാലു (4) പ്രധാന എതിർപ്പുകൾ എന്ത്?
11. ഈ എതിർപ്പുകൾ ഏതെങ്കിലും വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ സാധുതയുണ്ടോ?

## തുടർന്ന് പഠികേണ്ടതിന്

ഈ അദ്ധ്യായം പരിശുദ്ധാത്മാസ്നാനം എന്ന വിഷയത്തെ ചര്ച്ച ചെയ്തുകൊണ്ട് അവതരിപ്പിച്ചു. തുടർന്ന് പഠികേണ്ടതിന് താഴെ ചുരുക്കിപ്പറയുന്നു:

### പരിശുദ്ധാത്മാവിന്റെ സ്വാഭാവികത്വം

- ദൈവം എന്ന് വിളിക്കുന്നു. (അപ്പൊസ്തല പ്രവൃത്തികൾ 5:3-4)
- സർവ്വവ്യാപി - എല്ലായിടത്തും എത്തുന്നു. (സങ്കീർത്തനങ്ങൾ 139:7)
- സർവ്വജ്ഞാനി - എല്ലാം അറിയാം (1. കൊരിന്ത്യർ 2:10-11)
- സർവ്വശക്തൻ - എല്ലാത്തിലും ശക്തിയുള്ളവൻ. (അ. പ്രവൃത്തികൾ 1:8)
- നിത്യത - നിത്യമായതു (എബ്രായർ 9:14)
- പിതാവിനോടും പുത്രനോടും സമത്വം: (മത്തായി 3:16-17)

### പരിശുദ്ധാത്മാവിന്റെ സവിശേഷവ്യക്തിത്വം

- അവനിൽ മനസ് ഉണ്ട് (റോമർ 8:27)
- മുന്നറിഞ്ഞു പ്രവർത്തിക്കാൻ പ്രാപ്തിയുള്ളവൻ (1.കൊരിന്ത്യർ 2:10-11)
- മനുഷ്യ മനസുകളെ പരിശോധിക്കുന്നു (1.കൊരിന്ത്യർ 2:10)
- ഇച്ഛിക്കുന്നു (1.കൊരിന്ത്യർ 2:11)
- അനുവദിച്ചും അല്ലാതെയും മാർഗനിർദേശം നല്കുന്നു (അ.പ്ര 16:6-7,10)
- സംസാരിക്കുന്നു (അപ്പൊസ്തല പ്രവൃത്തികൾ 8:29)
- സ്നേഹിക്കുന്നു (അപ്പൊസ്തല പ്രവൃത്തികൾ 15:30)
- ദുഃഖിക്കുന്നു (എഫെസ്യർ 4:30)
- മദ്ധ്യസ്ഥത വഹിക്കുന്നു (റോമർ 8:26)

**സൂക്ഷ്മ ബോധമുള്ള സ്വാഭാവികത്വം**

പരിശുദ്ധാത്മാവിന് സൂക്ഷ്മ ബോധമുള്ള സ്വഭാവികത്വം ഉണ്ട്. നമ്മൾ വളരെ ശ്രദ്ധിക്കണം അല്ലാത്ത പക്ഷം നാം:

- പരിശുദ്ധാത്മാവിനോട് കള്ളം പറയുന്നു (അപ്പൊസ്തല പ്രവൃത്തികൾ 5:3-4)
- ആത്മാവിനോട് എതിർക്കുന്നു (അപ്പൊസ്തല പ്രവൃത്തികൾ 7:51)
- ആത്മാവിനെ നിയന്ത്രിക്കുന്നു (1. തെസ്സലൊനീക്യർ 5:19)
- ആത്മാവിനെ ദുഃഖിപ്പിക്കുന്നു (സങ്കീർത്തനങ്ങൾ 78:40)
- ആത്മാവിനെ അപമാനിക്കുന്നു (എബ്രായർ 6:4-6)
- പരിശുദ്ധാത്മാവിനെ പ്രകോപ്പിക്കുന്നു (യെശയ്യാവു 63:10)
- പരിശുദ്ധാത്മാവിനോട് ദൈവദൂഷണം ചെയ്യുന്നു (മത്തായി 12:31-32)

**പരിശുദ്ധാത്മാവിന്റെ പേര് പദവി**

പരിശുദ്ധാത്മാവിന്റെ പേര് പദവി കുടതലായി അറിവും ആവശ്യവും നല്കുന്നു. അവനെ വിളികുന്നത് :

- ദൈവത്തിന്റെ ആത്മാവ് (1.കൊരിന്ത്യർ 3:16)
- ക്രിസ്തുവിന്റെ ആത്മാവ് (റോമർ 8:9)
- നിത്യ ആത്മാവ് (എബ്രായർ 9:14)
- സത്യത്തിന്റെ ആത്മാവ് (യോഹന്നാൻ16:13; 14:26)
- കൃപയുടെ ആത്മാവ് (എബ്രായർ 10:29)
- ജീവന്റെ ആത്മാവ് (റോമർ 8:2)
- തേജസ്സിന്റെ ആത്മാവ് (1. പത്രൊസ് 4:14)
- പരിജ്ഞാനത്തിന്റെ വെളിപാടിന്റെ ആത്മാവ് (എഫെസ്യർ 1:17)
- ആശ്വാസദായകൻ (യോഹന്നാൻ 14:26)
- വാഗ്ദാനത്തിന്റെ ആത്മാവ് (അപ്പൊസ്തല പ്രവൃത്തികൾ 1:4-5)
- വിശുദ്ധിയുടെ ആത്മാവ് (റോമർ 8:15)
- വിശ്വാസത്തിന്റെ ആത്മാവ് (2. കൊരിന്ത്യർ 4:13)
- പുത്രത്തിന്റെ ആത്മാവ് (റോമർ 8:15)

**പരിശുദ്ധാത്മാവിന്റെ മുദ്ര**

ദൈവ വചനത്തിൽ പരിശുദ്ധാത്മാവിന്റെ പ്രതീകം താഴെ കാണുന്നതിൽ പ്രതിനിധാനം ചെയ്യുന്നു:

- പ്രാവ് (യോഹന്നാൻ1:32)
- എണ്ണ (ലൂക്കോസ് 4:18)
- വെള്ളം (യോഹന്നാൻ 7:37-39)
- മുദ്ര (എഫെസ്യർ 1:13)
- കാറ്റു (യോഹന്നാൻ 3:8)
- നദി (യോഹന്നാൻ 7:38-9)
- തീ - ഏതോ അതിനെ അർത്ഥമാക്കുന്നു.
    - ദൈവസാനിധ്യം (പുറപ്പാട് 3:2)
    - അംഗീകാരം നൽകുന്നു (ലേവ്യപുസ്തകം 9:24)
    - പരിപാലിക്കുന്നു (പുറപ്പാട് 13:21)
    - ശുദ്ധികരിക്കുന്നു (യെശയ്യാവു 6:1-8)
    - പരിശുദ്ധാത്മാവിന്റെ വരങ്ങൾ (അപ്പൊസ്തല പ്രവൃത്തികൾ 2:3)
    - ന്യായവിധി (എബ്രായർ 12)

# അദ്ധ്യായം - 7

## കൈവെപ്പു ശുശ്രൂഷ

**ഉദ്ദേശ്യം**

ഈ അദ്ധ്യായം പൂർത്തികരികുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും:

- പ്രധാന വാക്യം കാണാതെ എഴുതുക
- കൈവെപ്പു ശുശ്രുഷ  വിവരിക്കുക
- പഴയ നിയമ കാലത്ത് കൈവെപ്പിന്റെ ശുശ്രുഷ  തിരിച്ചറിയുക
- പുതിയ നിയമ കാലത്ത് കൈവെപ്പിന്റെ ശുശ്രുഷ തിരിച്ചറിയുക
- കൈവെപ്പു ശുശ്രുഷ ചെയ്യുവാനുള്ള യോഗ്യതകൾ  എന്തൊക്കെയാണ്

**പ്രധാന വാക്യം**

എന്നാൽ അവർ വളരെക്കാലം അവിടെ പാർത്തു, കർത്താവിൽ ആശ്രയിച്ചു പ്രാഗ ത്ഭ്യത്തോടെ പ്രസംഗിച്ചുകൊണ്ടിരുന്നു; അവൻ തന്റെ കൃപയുടെ വചനത്തിന്നു സാക്ഷിനിന്നു, അവരുടെ കയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നല്കി.(അപ്പൊസ്തല പ്രവൃത്തികൾ 14:3)

### മുഖവുര

ക്രിസ്തിയ വിശ്വാസിത്തിൻറെ അടിസ്ഥാന ഉപദേശത്തിന്റെ നാലാമത്തെ പ്രമാ ണമാണ് കൈവെപ്പു ശുശ്രുഷ. ഒരു വ്യക്തിയുടെ കരങ്ങൾ മറ്റൊരാളുടെ തലയിലോ ശരീരത്തിലോ വെച്ച് ഒരു പ്രത്യേക ആത്മീയ ഉദ്ദേശ്യത്തോടെ ചെയ്യുന്ന പ്രവർ ത്തിയാണ് കൈവെപ്പു ശുശ്രുഷ. ഇത് പ്രാർത്ഥനയോടെ അല്ലെങ്കിൽ പ്രവചനത്തോട് കൂടി  ആയിരക്കും.

### പഴയ നിയമ രേഖകൾ

പഴയ നിയമത്തിൽ കൈവെപ്പു താഴെ കാണിച്ചിരിക്കുന്ന ആവശ്യത്തിനു ഉപയോ ഗിച്ചിരുന്നു:

1. ആത്മീയ അനുഗ്രഹങ്ങൾ അല്ലെങ്കിൽ അധികാരങ്ങൾ പകരുന്നതിനു വേണ്ടി. (പകരുക എന്നാൽ ഒരാൾ കൈ വെച്ച് മറ്റൊരാളിൽ തൊടുമ്പോൾ ഉണ്ടാകുന്ന ചില ആത്മീയ പ്രവാഹം)
2. ദൈവത്തിൽ നിന്ന് ലഭിച്ച ആത്മീയ അനുഗ്രഹം അല്ലെങ്കിൽ അധികാരം പൊതു  ജനങ്ങൾക്കുള്ള  ഉറപ്പിക്കൽ.
3. ഒരു പ്രത്യേക ശുശ്രുഷ ദൈവത്തോടുള്ള  പ്രതിജ്ഞാബദ്ധത.

ഈ മൂന്ന് പഴയനിയമത്തിലെ ഉദാഹരണങ്ങൾ കൈവെപ്പു ശുശ്രുഷയുടെ ആ വശ്യങ്ങൾ  പരാമർശിക്കുന്നു.

**ഇസ്രയേൽ**

ഉല്പത്തി 48 ൽ ആദ്യത്തെ കൈവെപ്പു ആത്മീയ നന്മക്കു വേണ്ടി ചെയ്തത്. ജോസഫ് രണ്ടു പുത്രന്മാരെ മനശ്ശെ, എഫ്രയീം  എന്നിവരെ അനുഗ്രഹിക്കേണ്ടനു തന്റെ അപ്പന്റെ അടുക്കൽ  കൊണ്ടു ചെന്നു.

യിസ്രായേൽ വലങ്കൈ നീട്ടി ഇളയവനായ എഫ്രയീമിന്റെ തലയിലും ഇടങ്കൈ മൂത്ത വനായ മനശ്ശെയുടെ തലയിലുമായി അങ്ങനെ തന്റെ കൈകളെ പിണെച്ചുവെച്ചു. (ഉല്പത്തി 48:14)

യാക്കോബിന്റെ അനുഗ്രഹം രണ്ടു പേരകുട്ടികളിലെക്ക് തലയിൽ കൈവെച്ച പ്പോൾ പകർന്നു.

**ലേവ്യർ**

ഇസ്രേൽ സഭയിൽ ദൈവത്താൽ നിയോഗിക്കപ്പെട്ട ആത്മീയ നേതാക്കന്മാരാണ് ലേവ്യർ. ഈ സ്ഥാനത്തു നിന്ന് കൊണ്ട് അവർ ദൈവത്തിന്റെ മുമ്പാകെ ജനത്തിന്റെ പ്രതിനിധിയായിരിക്കുന്നു. കൈവെപ്പു ശുശ്രുഷയിലുടെയാണ് ലേവ്യർക്ക് ദൈവ ത്തിൽ നിന്ന് അധികാരം ലഭിച്ചു എന്നതിന് ഉറപ്പ്.

പിന്നെ ലേവ്യരെ യഹോവയുടെ സന്നിധിയിൽ നിർത്തേണം; യിസ്രായേൽമക്കൾ ലേവ്യരുടെ മേൽ കൈ വെക്കേണം.(ലേവ്യപുസ്തകം 8:10)

**മോശ**

ദൈവം ഒരു പുതിയ നേതാവിനെ ഇസ്രേൽ ജനത്തെ നടത്തേണ്ടതിന് മോശെയോടു ശുശ്രുഷയുടെ അവസാന സമയത്ത് കല്പിച്ചു .

യഹോവ മോശെയോടു കല്പിച്ചതു: എന്റെ ആത്മാവുള്ള പുരുഷനായി നൂന്റെ മകനായ യോശുവയെ വിളിച്ചു അവന്റെ മേൽ കൈവെച്ചു അവനെ പുരോഹി തനായ എലെയാസാരിന്റെയും സർവ്വസഭയുടെയും മുമ്പാകെ നിർത്തി അവർ കാൺകെ അവന്നു ആജ്ഞകൊടുക്ക. യിസ്രായേൽമക്കളുടെ സഭയെല്ലാം അനുസരി ക്കേണ്ടതിന്നു നിന്റെ മഹിമയിൽ ഒരംശം അവന്റെ മേൽ വെക്കേണം. യഹോവ തന്നോടു കല്പിച്ചതുപോലെ മോശെ ചെയ്തു; അവൻ യോശുവയെ വിളിച്ചു പുരോഹിതനായ എലെയാസാരിന്റെയും സർവ്വസഭയുടെയു മുമ്പാകെ നിർ ത്തി.അവന്റെമേൽ കൈവെച്ചു യഹോവ മോശെമുഖാന്തരം കല്പിച്ചതുപേലെ അവന്നു ആജ്ഞ കൊടുത്തു.(ലേവ്യപുസ്തകം 27:18-20, 22-23)

ആവർത്തനപുസ്തകത്തിൽ കൈവെപ്പു ശുശ്രുഷയിലുടെ യോശുവക്ക് ലഭിച്ച പരിണിതഫലങ്ങൾ രേഖപെടുത്തിരിക്കുന്നു.

നൂന്റെ മകനായ യോശുവയെ മോശെ കൈവെച്ചനുഗ്രഹിച്ചിരുന്നതുകൊണ്ടു അവന് ജ്ഞാനാത്മപൂർണ്ണനായ്തീർന്നു; യഹോവ മോശെയോടു കല്പിച്ചതു പോലെ യിസ്രായേൽമക്കൾ അവനെ അനുസരിച്ചു. (ആവർത്തനപുസ്തകം 34:9)

മോശയുടെ കൈവെപ്പു ശുശ്രുഷ യോശുവക്കും ഇസ്രേൽ മുഴുവൻ സഭക്കും പ്രധാനമായിരുന്നു. ഈ പ്രവർത്തി മൂലം മോശ ദൈവത്തിൽ നിന്ന് ലഭിച്ച ഒരു പങ്ക് ജ്ഞാനവും, ബഹുമതിയും യോശുവക്ക് പകർന്നു കൊടുത്തു. അതുപോലെ മോശ ഒരു പുതിയ നേതാവിനെ ദൈവം തിരഞ്ഞെടുത്തു എന്ന് ജനത്തിന് ഉറപ്പിച്ചു.

## പുതിയ നിയമ രേഖകൾ

പുതിയ നിയമത്തിൽ കൈവെപ്പു ശുശ്രുഷയുടെ അഞ്ചു ലക്ഷ്യങ്ങൾ രേഖപെ ടുത്തിയിരിക്കുന്നു.

**അത്ഭുത പ്രവർത്തിയുടെ അടയാളം:**

കൈവെപ്പു ശുശ്രുഷ യേശു ചെയ്തിരിന്നു.

ഏതാനും ചില രോഗികളുടെ മേൽ കൈ വെച്ചു സൌഖ്യം വരുത്തി (മർക്കൊസ് 6:5)

സൂര്യൻ അസ്തമിക്കുമ്പോൾ നാനാവ്യാധികൾ പിടിച്ച ദീനക്കാർ ഉള്ളവർ ഒക്കെയും അവരെ അവന്റെ അടുക്കൽ കൊണ്ടുവന്നു; അവൻ ഔരോരുത്തന്റെയും മേൽ കൈ വെച്ചു അവരെ സൌഖ്യമാക്കി.(ലൂക്കോസ് 4:40)

യേശു അവളെ കണ്ടു അടുക്കെ വിളിച്ചു: സ്ത്രീയേ, നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞു അവളുടെ മേൽ കൈവെച്ചു. അവൾ ക്ഷണത്തിൽ നിവിർന്നു ദൈവത്തെ മഹത്വപ്പെടുത്തി.(ലൂക്കോസ് 13:12,13)

സുവിശേഷം പ്രസംഗികുമ്പോൾ അത്ഭുത പ്രവർത്തിയുടെ അടയാളം കാണപെടും എന്ന് യേശു ശിഷ്യരോട് അവസാന സന്ദേശമായി പറഞ്ഞു. .

വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കും ഹാനി വരികയില്ല; രോഗികളുടെ മേൽ കൈ വെച്ചാൽ അവർക്കും സൌഖ്യം വരും എന്നു പറഞ്ഞു.(മർക്കൊസ് 16:17-18)

അത്ഭുത പ്രവർത്തിയുടെ ഒരു അടയാളം ദൈവം കൈവെപ്പു ശുശ്രൂഷയുടെ രോഗികളെ സൌഖ്യമാക്കി. ഈ ശുശ്രൂഷ തുടർന്ന് ചെയ്യണമെന്നു മർക്കൊസ് 16:17-18 ൽ ഉറപ്പാക്കുന്നു.

യേശുവിന്റെ നാമത്തിൽ കൈ വെപ്പു ശുശ്രൂഷ ചെയ്യുന്നത് രോഗികളുടെ സൌഖ്യത്തിനു വേണ്ടിയാണ്. ഒരു വക്തി മറ്റൊരു രോഗിയുടെമേൽ കൈവയ്ക്കുമ്പോൾ ദൈവത്തിന്റെ ശക്തി, അത്ഭുതസൌഖ്യം പകരപെടുന്നു. രോഗിയുടെ ശരിരത്തിൽ ദൈവത്തിന്റെ ശക്തി അനുഭവപെടുന്നു. ചിലപ്പോൾ ഇല്ലതാനും. ഇതിന്റെ അർഥം സൌഖ്യം നടക്കുകയില്ല എന്നല്ല. കൈവെപ്പു ശുശ്രൂഷ എന്നാൽ ഒരു വിശ്വാസത്തിന്റെ പ്രവർത്തിയും ദൈവവചനത്തിന്റെ അനുസരണയാണ്. അതിന്റെ ഫലപ്രാപ്തി ചെയ്യുന്നവരുടെ വൈകാരിക അനുഭവം ആശ്രയിച്ചല്ല.

രോഗശാന്തിയുടെ സമയത്തിൽ വ്യത്യാസപ്പെട്ടിരിക്കും. ചിലപ്പോൾ രോഗികളുടെ മേൽ കൈ വെയ്കുമ്പോൾ തന്നെ മുഴുവനായി സൌഖ്യം പ്രാപിക്കുന്നു. ചില സമയങ്ങളിൽ ക്രമേണയായി. (മർക്കൊസ് 8:22-25) രോഗ സൌഖ്യം ആഗ്രഹിക്കുന്നവർ പ്രധാനമായും പൂർണസൌഖ്യം പ്രാപിക്കുന്നത് വരെ വിശ്വാസം കാക്കണം.

ശുശ്രുഷകർ കൈവെപ്പു ശുശ്രുഷയിലുടെ അത്ഭുത രോഗസൌഖ്യവും മറ്റു അത്ഭുത പ്രവർത്തിയുടെ അടയാളങ്ങളും അവന്റെ വചനത്താൽ നടത്തുന്നു എന്ന് അപ്പൊസ്തല പ്രവൃത്തികളിൽ രേഖപെടുത്തിയിരിക്കുന്നു.

എന്നാൽ അവർ വളരെക്കാലം അവിടെ പാർത്തു, കർത്താവിൽ ആശ്രയിച്ചു പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചുകൊണ്ടിരുന്നു; അവൻ തന്റെ കൃപയുടെ വചനത്തിന്നു സാക്ഷിനിന്നു, അവരുടെ കയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നല്കി. (അപ്പൊസ്തല പ്രവൃത്തികൾ 14:3)

അപ്പൊസ്തലന്മാരുടെ കയ്യാൽ ജനത്തിന്റെ ഇടയിൽ പല അടയാളങ്ങളും അത്ഭുതങ്ങളും നടന്നു; (അപ്പൊസ്തല പ്രവൃത്തികൾ 5:12)

അങ്ങനെ അനന്യാസ് ആ വീട്ടിൽ ചെന്നു അവന്റെമേൽ കൈ വെച്ചു: ശൗലേ, സഹോദരാ, നീ കാഴ്ച പ്രാപിച്ചു പരിശുദ്ധാത്മപൂർണ്ണൻ ആകേണ്ടതിന്നു നീ വന്ന വഴിയിൽ നിനക്കു പ്രത്യക്ഷനായ യേശു എന്ന കർത്താവു എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു.(അപ്പൊസ്തല പ്രവൃത്തികൾ 9:17)

ദൈവം പൗലൊസ് മുഖാന്തരം അസാധാരണയായ വീര്യപ്രവൃത്തികളെ ചെയ്തിക്കയാൽ.(അപ്പൊസ്തല പ്രവൃത്തികൾ 19:11)

പുബ്ലിയൊസിന്റെ അപ്പൻ പനിയും അതിസാരവും പിടിച്ചു കിടപ്പായിരുന്നു. പൗലൊസ് അവന്റെ അടുക്കൽ അകത്തു ചെന്നു പ്രാർത്ഥിച്ചു അവന്റെമേൽ കൈവെച്ചു സൗഖ്യം വരുത്തി.(അപ്പൊസ്തല പ്രവൃത്തികൾ 28:8)

### പരിശുദ്ധാത്മ സ്നാനം

കൈവെപ്പു ശുശ്രുഷയുടെ മറ്റൊരു ലക്ഷ്യം പരിശുദ്ധാത്മാവിലുള്ള സ്നാനം. പരിശുദ്ധാത്മ സ്നാനം ജനങ്ങൾ എങ്ങിനെ ലഭിച്ചു എന്നതിനുള്ള അഞ്ചു ഉദാഹരണങ്ങൾ അപ്പൊസ്തല പ്രവൃത്തികളിൽ രേഖപെടുത്തിയിരിക്കുന്നു. ആദ്യത്തെ ഉദാഹരണം പെന്തെക്കൊസ്തനാളിൽ ശിഷ്യമാർ യെരുശലെമിൽ മാളിക മുറിയിൽ ഒന്നിച്ചു കൂടിയപ്പോൾ. (അപ്പൊസ്തല പ്രവൃത്തികൾ 2:1-4) മറ്റാരു ഉദാഹരണം സമരിയയിൽ പുതിയ വിശ്വാസികളിൽ (അപ്പൊസ്തല പ്രവൃത്തികൾ 8:14-20), തര്സോസിലെ ശൗൽ (അപ്പൊസ്തല പ്രവൃത്തികൾ 9:17), കൊർന്നോല്യസിന്റെ ഭവനത്തിൽ വെച്ച് (അപ്പൊസ്തല പ്രവൃത്തികൾ 10:44-46), എഫെസോസിൽ ശിഷ്യമാരിൽ (അപ്പൊസ്തല പ്രവൃത്തികൾ 19:1-6).

അപ്പൊസ്തല പ്രവൃത്തികൾ 8:18 പ്രസ്താവിക്കുന്നത് "അപ്പൊസ്തലന്മാർ കൈ വെച്ചതിനാൽ പരിശുദ്ധാത്മാവു ലഭിച്ചതു"

ദമസ്കൊസിൽ, അനന്യാസ് ശൗലിന്റെ മേൽ കൈവെച്ചപ്പോൾ കാഴ്ച പ്രാപിച്ചു, പരിശുദ്ധാത്മവിൽ നിറഞ്ഞു.

എഫെസോസിൽ, പൗലോസ് അവിടെയുള്ള ശിഷ്യമാരെ കൈവെച്ചപ്പോൾ പരിശുദ്ധാത്മ സ്നാനം ലഭിച്ചു.

ജനങ്ങൾ പരിശുദ്ധാത്മസ്നാനം ലഭിച്ചതു കൈവെപ്പു ശുശ്രുഷയിലുടെ മാത്രമല്ല. യേരുസലെമിൽ മാളിക മുറിയിലും കൊർന്നോല്യസിന്റെ ഭവനത്തിലും അവർക്ക് ലഭിച്ച അനുഭവം ആരും കൈവെപ്പു നടത്തിയിട്ടില്ല. എന്നാൽ മേൽ പറഞ്ഞ ഉദാഹരണത്തിൽ കൈവെപ്പു ശുശ്രുഷയിലുടെ പരിശുദ്ധാത്മ സ്നാനം ലഭിക്കാം എന്നത് ദൈവവചന പ്രകാരമാണ്.

### ആത്മീയ വരങ്ങൾ പകരുന്നു

കൈവെപ്പു ശുശ്രുഷയിലുടെ മറ്റൊരു ലക്ഷ്യം ആത്മീയ വരങ്ങൾ പകർന്ന് നൽകുക. പൗലോസ് തിമോത്തിക്ക് എഴുതിയ ലേഖനത്തിൽ:

മൂപ്പന്മാരുടെ കൈവെപ്പോടുകൂടെ പ്രവചനത്താൽ നിനക്കു ലഭിച്ചതായി നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ (1.തിമൊഥെയൊസ് 4:14)

അതുകൊണ്ടു എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്നു നിന്നെ ഔർമ്മപ്പെടുത്തുന്നു.(2.തിമൊഥെയൊസ് 1:16)

കൈവെപ്പിനാൽ തിമൊഥെയൊസിന് പ്രവചന വരത്തിലൂടെ ദൈവം തന്ന ശുശ്രൂഷ നിറവേറ്റുന്നതിനുള്ള ധൈര്യം, ശക്തി, ലക്ഷ്യം ലഭിച്ചു.

**ക്രിസ്തിയ വേലക്കാരെ ചുമതലപ്പെടുത്തി**

കൈവെപ്പു ശുശ്രൂഷയിലൂടെ മറ്റൊരു ലക്ഷ്യം ക്രിസ്തിയ വേലക്കാരെ ചുമതലപ്പെടുത്തുക. ചുമതലപ്പെടുത്തുക എന്നാൽ അധികാരപെടുത്തുക, നിയോഗിക്കുക, അല്ലെങ്കിൽ ദൗത്യത്തിനായി അയക്കുക. അന്ത്യോക്ക്യയിൽ ആത്മീയ നേതാക്കന്മാർ കർത്താവിനായി കാത്തിരിന്നതുപോലെ.

അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചുംകൊണ്ടിരിക്കുമ്പോൾ: ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലെക്കായിട്ടു അവരെ എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവു പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെ മേൽ കൈവെച്ചു അവരെ പറഞ്ഞയച്ചു. പരിശുദ്ധാത്മാവു അവരെ പറഞ്ഞയച്ചിട്ടു അവർ സെലൂക്യയിലേക്കു ചെന്നു; അവിടെ നിന്നു കപ്പൽ കയറി കുപ്രൊസ് ദ്വീപിലേക്കുപോയി.(അ.പ്ര 13:2-4)

പൌലൊസും ബർന്നബാസും അവർ ചെയ്യേണ്ട വേലയെ പറ്റി സഭയിലെ നേതൃത്വത്തിന് അറിയുന്നതിനു മുന്പേകൂട്ടി സ്വകാര്യമായി ദൈവം അവരോടു പറഞ്ഞിരിന്നു. ദൈവം അവരെ വിളിച്ചു വേർതിരിച്ചു എന്നതിന്റെ തെളിവാണ് ജനസമൂഹത്തിന്റെ മുമ്പാകയുള്ള പരസ്യമായ വെളിപെടുത്തൽ.

പൌലൊസിനെയും ബർന്നബാസിനെയും ദൗത്യത്തിനായി പെട്ടന്ന് അയച്ചില്ല. അവർ ഉപവസിച്ചും പ്രാർത്ഥനയിലും സമയം കണ്ടു. സഭ നേതാക്കന്മാർ കൈവെപ്പു ശുശ്രുഷ നടത്തിയതിനു ശേഷമാണു ഈ രണ്ടു പേരെയും അവരുടെ ദൗത്യത്തിനായി അയച്ചത്.

പൌലോസും തിമോത്തിയുടെ ശുശ്രുഷ ചുമതലപ്പെടുത്തുന്നതിനു വേണ്ടി കൈവെപ്പു ശുശ്രുഷ നടത്തി.(2. തിമൊഥെയൊസ് 1:16)

പുതിയ ശുശ്രൂഷകരെ നിയമിക്കുന്നത്(അ.പ്ര 6:1-6)കൈവെപ്പു ശുശ്രുഷ നടത്തി.

അപ്പൊസ്തലന്മാരുടെ മുമ്പാകെ നിറുത്തി; അവർ പ്രാർത്ഥിച്ചു അവരുടെ മേൽ കൈവെച്ചു.(അപ്പൊസ്തല പ്രവൃത്തികൾ 6:6)

യെരുശലെമിലെ സഭയിലെ വേലക്ക് വേണ്ടി തെരിഞ്ഞെടുക്ക പെട്ടവരെ പുതിയ ശുശ്രൂഷകർ എന്ന് വിളിച്ചു. പുതിയ ശുശ്രൂഷകരെ എങ്ങിനെ തെരിഞ്ഞെടുക്കണം, അതിനു യോഗ്യതയുള്ളവരെ വേലക്ക് വേർതിരിക്കേണ്ടതെങ്ങിനെ എന്ന് (അ.പ്ര 3:1-6) സൂചിപ്പിക്കുന്നു.

ഇങ്ങനെയുള്ളവരെ അപ്പൊസ്തലന്മാരുടെ മുമ്പാകെ നിറുത്തി അവരുടെ മേൽ കൈവെച്ചു പ്രാർത്ഥിച്ചു. ഈ പ്രവർത്തിയിലൂടെ അപ്പൊസ്തലർ അവരെ അംഗീകരിച്ചു, സുവിശേഷ വേലയ്ക്കു യോഗ്യമെന്നു എണ്ണി വേർതിരിച്ചു. അപ്പൊസ്തലർ അവരെ ഏറ്റ പ്രവൃത്തികൾ ചെയ്യേണ്ടതിനു ദൈവകരങ്ങളിൽ സമർപ്പിചു. അപ്പോൾ അവരിലുണ്ടായിരുന്ന ഒരു പങ്ക് ആത്മീയ പരിജ്ഞാനം ആവശ്യത്തിനു അനുസരിച്ച് പകരപെട്ടു.

## ശിശു പ്രതിഷ്ഠ

ശിശുക്കളെ സ്നാനപെടുത്തുന്നത് ദൈവവചന പ്രകാരം അല്ല, കാരണം അവർ സ്നാന പെടുന്നതിനു ആവശ്യമായ അറിവ്, വിശ്വസിക്കുവാൻ കഴിവുള്ളവര ല്ല. എന്നാൽ കൈവെപ്പു ശുശ്രുഷയിലുടെ ശിശുക്കളെ പ്രതിഷ്ഠക്കയും ദൈവ ത്തിന്റെ കരുതലിനും, നടത്തിപ്പിനും, അനുഗ്രഹത്തിനുമായി സമർപ്പിക്കാം.

ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. പിന്നെ അവൻ അവരെ അണെച്ചു അവരുടെ മേൽ കൈ വെച്ചു, അവരെ അനുഗ്രഹിച്ചു.(മർക്കൊസ് 10:15,16)

### പ്രത്യക ജാഗ്രത

കൈവെപ്പു ശുശ്രുഷ സംബന്ധിക്കുന്ന ജാഗ്രത നിര്ദേശം പുതിയ നിയമത്തിൽ നല്കിയിരിക്കുന്നു.

യാതൊരുത്തന്റെ മേലും വേഗത്തിൽ കൈവെക്കരുതു; അന്യന്മാരുടെ പാപ ങ്ങളിൽ ഔഹരിക്കാരനാകയുമരുതു. നിന്നെത്തന്നെ നിർമ്മലനായി കാത്തു കൊൾക.(1. തിമൊഥെയൊസ് 5:22)

ഇതു ഒരു ആത്മീയ പകർച്ച ആയതുകൊണ്ട് കൈവെപ്പു ശുശ്രുഷ നിങ്ങൾ ചെയ്യുമ്പോൾ അല്ലെങ്കിൽ നിങ്ങളിൽ ചെയ്യുമ്പോൾ വിവേകത്തോടെ, ജാഗ്രത യോടെ ആയിരിക്കണം. കൈവെപ്പു ശുശ്രുഷ ചെയ്യുന്ന ആൾ ആത്മീയ തക്ക യോഗ്യതയുള്ളതല്ലെങ്കിൽ ശുശ്രുഷ ഫലവത്തല്ല. കൈവെപ്പു ശുശ്രുഷ ചെയ്യു ന്നവർ യോഗ്യതയുള്ളവർ ആയിരിക്കണം മറ്റൊരാൾക്ക് അത് ആത്മീയ പ്ര യോജനം ലഭിക്കുവാൻ വേണ്ടി എന്ന് ബൈബിളിൽ നിർദ്ദിഷ്ടമാണ്.

## വിശ്വാസികൾ

വിശ്വാസികൾക്ക് മറ്റൊരാളുടെ മേൽ കൈവെപ്പു ചെയ്യാം.
വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: ... രോഗികളുടെ മേൽ കൈ വെച്ചാൽ അവർക്കും സൌഖ്യം വരും എന്നു പറഞ്ഞു.(മർക്കൊസ് 16:17-18)

## അപ്പൊസ്തലന്മാർ/ശിഷ്യർ

അപ്പൊസ്തലന്മാർ കൈ വെച്ചതിനാൽ പരിശുദ്ധാത്മാവു ലഭിച്ചതു ശിമോൻ കണ്ടാറെ അവർക്കും ദ്രവ്യം കൊണ്ടു വന്നു (അപ്പൊസ്തല പ്രവൃത്തികൾ8:18)
അങ്ങനെ അനന്യാസ് ആ വീട്ടിൽ ചെന്നു അവന്റെമേൽ കൈ വെച്ചു: ശൗലേ, സഹോദരാ, നീ കാഴ്ച പ്രാപിച്ചു.(അപ്പൊസ്തല പ്രവൃത്തികൾ 9:17)

ദൈവത്താൽ നിയോഗിക്കയും അഭിഷക്തന്മാരുമാണ് അപ്പൊസ്തലന്മാർ അവർ പക്വതയുള്ള വിശ്വാസികളും ആത്മീയ മാതൃക നേതാക്കൻമാരുമാണ്.

## മൂപ്പന്മാർ

മൂപ്പന്മാരുടെ കൈവെപ്പോടുകൂടെ പ്രവചനത്താൽ നിനക്കു ലഭിച്ചതായി നിന്നി ലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ (1.തിമൊഥെയൊസ് 4:14)

മൂപ്പന്മാരുടെ ആത്മീയ നിലവാരത്തെ പറ്റി 1. തിമൊഥെയൊസ് 3:1-7, തീത്തൊ സ് 1:6-9. രേഖപെടുത്തിയിരിക്കുന്നു.

**സംഗ്രഹം**

പുതിയ നിയമത്തിൽ കൈവെപ്പു ശുശ്രൂഷയുടെ അഞ്ചു ലക്ഷ്യങ്ങൾ:

- അത്ഭുത പ്രവർത്തിയുടെ അടയാളം
- പരിശുദ്ധാത്മാ സ്നാനം
- ആത്മീയ വരങ്ങൾ പകരുക
- ക്രിസ്തിയ വേലക്കാരെ ചുമതലപ്പെടുത്തുക
- ശിശു പ്രതിഷ്ഠ

കൈവെപ്പു ശുശ്രൂഷയുടെ അറിവും എങ്ങിനെ ഉപയോഗിക്കണം എന്നതും വളരെ പ്രധാനപെട്ടതാണ് കാരണം ഈ ശുശ്രൂഷ സഭയുടെ ഭാഗമായിട്ടാണ് യേശു നിർദ്ദേശിച്ചത്. പല സഭകളിലും ഈ കൈവെപ്പു ശുശ്രുഷ ഇപ്പോൾ കാണുന്നില്ല. എന്നാൽ..

- എല്ലാ വിശ്വാസികളും പ്രയോജനമുള്ളവരായി കൈവെപ്പു ശുശ്രുഷയിലുടെ രോഗസൌഖ്യവും, അത്ഭുതങ്ങളും നടന്നിരുന്നുവെങ്കിൽ സുവിശേഷത്തിന്റെ വ്യാപ്തിയുടെ അനന്തരഫലം എന്താകുമായിരുന്നു.

- ക്രിസ്തിയ വേലക്കാർ സ്ഥിരമായി കൈവെപ്പു ശുശ്രുഷയിലുടെ ആത്മീയ വരങ്ങൾ പകർന്നുവെങ്കിൽ സുവിശേഷത്തിന്റെ വ്യാപ്തിയുടെ അനന്തരഫലം എന്താകുമായിരുന്നു.

**സ്വയ-പരീക്ഷ**

1. പഴയ നിയമത്തിൽ കൈവെപ്പു ശുശ്രുഷയുടെ മൂന്ന് (3) ഉദാഹരണങ്ങൾ കാണിക്കുക.
2. പുതിയ നിയമത്തിൽ കൈവെപ്പു ശുശ്രുഷയുടെ അഞ്ചു (5) ലക്ഷ്യങ്ങൾ കാണിക്കുക.
3. പ്രധാന വാക്യം കാണാതെ എഴുതുക
4. യേശു സ്വർഗത്തിൽ പോയശേഷവും കൈവെപ്പു ശുശ്രുഷ തുടരണം എന്ന് ദൈവവചനത്തിൽ നിന്ന് ഒരു വാക്യം എടുത്തു സ്ഥിരീകരിക്കുക.
5. കൈവെപ്പു ശുശ്രുഷ വിവരിക്കുക
6. ആർക്കാണ് കൈവെപ്പു ശുശ്രുഷ ചെയ്യുവാനുള്ള യോഗ്യതകൾ.
7. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന ശരിയെങ്കിൽ ടി എന്നും, തെറ്റെങ്കിൽ ഫ എന്ന് എഴുതുക.
   എ. ____ കൈവെപ്പു ശുശ്രുഷ ചെയ്യുമ്പോൾ ശക്തിയുടെ അനുഭവം ഇല്ലെങ്കിൽ അതിൽ ഫലപ്രദമല്ല.
   ബി ____ കൈവെപ്പു ശുശ്രുഷ ക്രിസ്തിയ വേലക്കാരെ ദൗത്യത്തിനയി ആയുക്കുവാൻ പ്രയോഗിക്കാം
   സി ____ദൈവ വചനം പഠിപ്പിക്കുന്നു എല്ലാവരും കൈവെപ്പു ശുശ്രുഷ ചെയ്യുവാൻ യോഗ്യതകൾ ഉള്ളവരാണ്.
   ഡീ ____ കൈവെപ്പു ശുശ്രുഷയിലുടെ മാത്രമേ പരിശുദ്ധാത്മ സ്നാനം ലഭിക്കുകയുള്ളൂ
   ഈ ____ ആത്മീയ വരങ്ങൾ കൈവെപ്പു ശുശ്രുഷയിലുടെ പകരപെടുന്നു.
   എഫ് ____ ശിശുക്കളിൽ കൈവെപ്പു ശുശ്രുഷ ചെയ്യാൻ പാടില്ല, കാരണം അവർ അത് മനസിലാക്കുന്നില്ല.

## തുടർന്ന് പഠിക്കുവാൻ

യേശുവിന്റെ ശുശ്രൂഷ വേളയിൽ ചെയ്ത അത്ഭുത പ്രവർത്തികൾ പഠിക്കുക. എപ്പോൾ ആണ് എങ്ങിനെയാണ് കൈവെപ്പു ശുശ്രൂഷ ആത്മീയ അനുഗ്രഹങ്ങൾ പകരേണ്ടതിന് പ്രയോഗിച്ചു എന്ന് മനസിലാക്കുക

**മരിച്ചവരെ ജീവിപിച്ചപ്പോൾ**

ജരിസിന്റെ മകൾ (മത്തായി 9:18-19, 23-25)
വിധവയുടെ മകൻ (ലൂക്കോസ് 7:11-15)
ലാസ്സർ: (യോഹന്നാൻ 11:1-44)

**രോഗസൌഖ്യം**

കുഷ്ഠ രോഗി (മത്തായി 8:2-3)
ശതാധിപന്റെ ബാല്യക്കാരൻ (മത്തായി 8:5-13)
പത്രോസിന്റെ അമവിയമ്മ (മത്തായി 8:14-15)
ഗദരേനർ (മത്തായി 8:28-34)
പക്ഷവാതക്കാരൻ (മത്തായി 9:2-7)
രക്തസ്രവമുള്ളോരു സ്ത്രീ:(മത്തായി 9:20-22)
കുരുടന്മാർ:(മത്തായി 9:27-31)
ഭൂതഗ്രസ്തനായോരു ഊമൻ (മത്തായി 9:32-33)
കൈ വരണ്ട ഒരു മനുഷ്യൻ (മത്തായി 12:10-13)
കുരുടനും ഊമനുമായോരു ഭൂതഗ്രസ്തൻ(മത്തായി 12:22)
കനാന്യ സ്ത്രീ (മത്തായി 15:21-28)
ചന്ദ്രരോഗം പിടിച്ച മകൻ (മത്തായി 17:14-18)
കുരുടനായ മനുഷ്യൻ (മത്തായി 20:29-34)
വിക്കനായോരു ചെകിടൻ (മർക്കൊസ് 7:31-37)
അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ (മർക്കൊസ് 1:23-26)
ബേത്ത് സയിദയിൽ കുരുടൻ (മർക്കൊസ് 8:22-26)
കൂനിയായോരു സ്ത്രീ (ലൂക്കോസ് 13:11-13)
മഹോദരമുള്ളോരു മനുഷ്യൻ (ലൂക്കോസ് 14:1-4)
പത്തു കുഷ്ഠരോഗികൾ (ലൂക്കോസ് 17:11-19)
മഹാപുരോഹിതന്റെ ദാസന്റെ കാതു (ലൂക്കോസ് 22:50-51)
രാജഭൃത്യന്റെ മകൻ (യോഹന്നാൻ 4:46-54)
ബേഥെസ്ദായിലെ രോഗി (യോഹന്നാൻ 5:1-9)
ജന്മന കുരുടനായ മനുഷ്യൻ (യോഹന്നാൻ 9)

യേശു ഒരിക്കലും ഒരു പ്രത്യക രീതിയുലുള്ള അത്ഭുതം ചെയ്തിട്ടില്ല. ദൈവ വചനം ഉറപ്പിക്കേണ്ടതിനു പലരീതിയിലുള്ള അത്ഭുതങ്ങളും അടയാളങ്ങളും ദൈവം ചെയ്യുന്നു. കൈവെപ്പു ശുശ്രൂഷ എന്നത് ദൈവത്തിന്റെ ഒരു മാർഗ്ഗം മാത്രമാണ്.

# അദ്ധ്യായം - 8

## മരിച്ചവരുടെ പുനരുത്ഥാനം - ഭാഗം 1

**ഉദ്ദേശ്യം**

ഈ അദ്ധ്യായം പൂർത്തികരികുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും:

- പ്രധാന വാക്യം കാണാതെ എഴുതുക
- പുനരുത്ഥാനം എന്ന വാക്യം വിവരിക്കുക
- ഭൂതകാലം, വർത്തമാനകാലം, ഭാവികാല പുനരുത്ഥാനം വേർതിരിച്ചറിയുക
- ക്രിസ്തു യെശുവിലുള്ള വിശ്വാസികളുടെ വർത്തമാനകാല പുനരുത്ഥാനം വിവരിക്കുക
- യേശുവിന്റെ ഭൂതകാല പുനരുത്ഥാനം വിവരിക്കുക

**പ്രധാന വാക്യം**

യേശു അവളോടു: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസി ക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല; ഇതു നീ വിശ്വസിക്കുന്നുവോ എന്നു പറഞ്ഞു. (യോഹന്നാൻ 11:25-26)

**ആമുഖം**

ക്രിസ്തീയ വിശ്വാസത്തിൽ വേറെ രണ്ട് അടിസ്ഥാന ഉപദേശങ്ങൾ ഉണ്ട്. ഇവ യാണ് മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി. ഈ രണ്ടു ഉപദേശ ങ്ങൾ പഠിക്കുമ്പോൾ ദൈവ വചനം വെളിപ്പാടിലൂടെ ഇപ്പോഴത്തെ സമയത്തിൽ നിന്നും നിത്യതയിലേക്ക് കൊണ്ടുപോകുന്നു.

ദൈവം ഇപ്പോഴത്തെ ലോകത്തെ സൃഷ്ടിച്ചപ്പോൾ ഭൂത, വർത്തമാന, ഭാവികാ ലങ്ങൾ ഉൾപ്പെടെ സമയത്തിന്റെ ക്രമപ്രകാരമായിരുന്നു,(ഉല്പത്തി 1) ദൈവം എന്നെങ്കിലുമൊരിക്കൽ ഇപ്പോഴത്തെ ലോകത്തിനു ഒരു അവസാന സമയം വരുത്തും, ഇപ്പോഴുള്ളത് ഇല്ലാതാകും.

ദൈവം നിയോഗിക്കപ്പെട്ട സമയത്ത് ലോക അവസാനം ഉണ്ടാകുമെന്ന് ദൈവ വചനം വെളിപെടുത്തുന്നു. പലവിധ സംഭവങ്ങൾ ലോക അവസാനം സമയ ത്ത് നടക്കും. ഈ ലോക അവസാനം എപ്പോൾ കൃത്യമായി നടക്കും എന്നത് ദൈവത്തിനു മാത്രമേ അറിയുകയുള്ളൂ

ഓരോരു വ്യക്തികളെ സംബന്ധിച്ച ഒരു നിമിഷം നമുക്കായി കാത്ത് രിക്കുന്നു "ഇനി നമുക്ക് സമയമില്ല". നമ്മുടെ ഭൗമിക ജീവിതകാലവാസം കഴിയുമ്പോൾ പിന്നീടുള്ള സമയം മുതൽ ഘട്ടം കടന്നു നിത്യതയിൽ ആയിരിക്കും. ഓരോ വ്യക്തിക്കും ശാരീരിക മരണം, ജീവിതാവസാനം ഉണ്ട്. ഇത് ലോകത്തിലെ സമയം അവസാനിച്ചു എന്നതാണ്.

വേദ പുസ്തകം വിശദീകരിക്കാത്ത നിത്യത, അന്ത്യനാളുകളെ കുറിച്ച് പല നിഗൂഢതകൾ ചുറ്റിലും ഉണ്ട്. എന്നാൽ മരിച്ചവരുടെ പുനരുത്ഥാനം എന്ന ഉപദേശത്തിൽക്കൂടി അന്ത്യനാളുകൾ, നിത്യതയെ കുറിച്ചും ചില വിവരണങ്ങൾ നൽകുന്നു.

ഈ അദ്ധ്യായത്തിൽ മരിച്ചവരുടെ പുനരുത്ഥാനം എന്ന ഉപദേശം അവതരിപ്പിക്കുന്നു. പുതിയ നിയമത്തിൽ പറഞ്ഞ ഭൂത, വർത്തമാന പുനരുത്ഥാനം എന്ന വിഷയത്തെ വിവരിക്കുന്നു. ഭാവികാല പുനരുത്ഥാനം എന്ന വിഷയത്തെ അടുത്ത അദ്ധ്യായത്തിൽ ചർച്ച ചെയ്യാം.

## വ്യാഖ്യാനം

പുനരുത്ഥാനം എന്ന വാക്കിന്റെ അർത്ഥം ഉയർത്തുക അല്ലെങ്കിൽ ഉണർത്തുക. അതു മരിച്ചവരിൽ നിന്ന് ഉയർത്തുക. അല്ലെങ്കിൽ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേൽപ്പിക്കുക എന്നാണ്.

**മൂന്നു പുനരുത്ഥാനങ്ങൾ**

പുതിയ നിയമത്തിൽ മൂന്നു പുനരുത്ഥാനങ്ങളെ കുറിച്ച് തിരിച്ചറിയുന്നു.

ഭൂതകാലം: യേശു ക്രിസ്തുവിന്റെ മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനം.

വര്ത്തമാനകാലം: ക്രിസ്തുവിൽ വിശ്വാസികളുടെ ആത്മീയ പുനരുത്ഥാനം.

ഭാവികാലം: ഭാവിയിൽ എല്ലാവരും കല്ലറയിൽ നിന്നുള്ള പുനരുത്ഥാനം.

**ഉയിർത്തെഴുന്നേൽപ്പിക്കുന്നവൻ**

ദൈവശക്തിയാൽ യേശു ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു.

.....കാരണം ക്രിസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്നു ഞങ്ങൾ ദൈവത്തിന്നു സാക്ഷ്യം(1.കൊരിന്ത്യർ 15:15)

ഇപ്പോൾ വിശ്വാസികൾ ക്രിസ്തു യേശുവിൽ കൂടി ആത്മീയ പുനരുത്ഥാനം അനുഭവപെടുന്നു. അവനിൽ കൂടി ഭാവിയിൽ കല്ലറയിൽ നിന്നുള്ള പുനരുത്ഥാനം നടക്കും.

യേശുവിനു മരിച്ചവരെ ഉയിർത്തെഴുന്നേൽപ്പിക്കുവാനുള്ള അധികാര മുണ്ടെന്നു ദൈവ വചനം ഉറപ്പിക്കന്നു.

യേശു അവളോടു: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല; (യോഹന്നാൻ 11:25)

ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു എന്നു എഴുതിയുമിരിക്കുന്നുവല്ലോ, ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി.
(1.കൊരിന്ത്യർ 15:45)

സുവിശേഷം കൊണ്ടു ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്ത നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിന്റെ പ്രത്യക്ഷതയാൽ വെളിപ്പെട്ടിരിക്കുന്നതുമായ തന്റെ സ്വന്ത നിർണ്ണയത്തിന്നും കൃപെക്കും ഒത്തവണ്ണമത്രേ.
(2.തിമൊഥെയൊസ്1:10)

## ഭൂതകാലം: യേശു ക്രിസ്തുവിന്റെ പുനരുത്ഥാനം

### പഴയ നിയമത്തിൽ പ്രവചനം

യേശു ക്രിസ്തുവിന്റെ ജനനം, എല്ലാ മനുഷ്യരുടെ പാപത്തിനു വേണ്ടിയുള്ള മരണം, അവന്റെ പുനരുത്ഥാനം എന്നിവ പഴയ നിയമത്തിൽ മുൻകൂട്ടി പറഞ്ഞിരിക്കുന്നു. ദാവിദ് യേശുവിന്റെ പുനരുത്ഥാനകുറിച്ച് പറഞ്ഞിരിക്കുന്നത്.

എന്നാൽ അവൻ പ്രവാചകൻ ആകയാൽ ദൈവം അവന്റെ കടിപ്രദേശത്തിന്റെ ഫലത്തിൽ നിന്ന് ഒരുത്തനെ അവന്റെ സിംഹാസനത്തിൽ ഇരുത്തും എന്നു തന്നോടു സത്യം ചെയ്ത് ഉറപ്പിച്ചു എന്നു അറഞ്ഞിട്ടു: അവനെ പാതാളത്തിൽ വിട്ടുകളഞ്ഞില്ല: അവന്റെ ജഡം ദ്രവത്വം കണ്ടതുമില്ല എന്നു ക്രിസ്തുവിന്റെ പുനരുത്ഥാനം മുമ്പുകൂട്ടി കണ്ടു പ്രസ്താവിച്ചു. ഈ യേശുവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ചു: (അപ്പൊസ്തല പ്രവൃത്തികൾ 2:30-31)

യേശു മരിച്ചവരിൽ നിന്ന് മൂന്നം നാൾ ഉയിർത്തെഴുനെറ്റു എന്ന് ദൈവ വചനത്തിൽ തെളിയിക്കുന്നു.

എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തിരിക്കുന്നു.(1.കൊരിന്ത്യർ 15:20)

ശബ്ബത്തു കഴിഞ്ഞു ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ മഗ്ദലക്കാരത്തി മറിയയും മറ്റെ മറിയയും കല്ലറ കാണ്മാൻ ചെന്നു. ദൂതൻ സ്ത്രീകളോടു: ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു; അവൻ ഇവിടെ ഇല്ല; താൻ പറഞ്ഞതു പോലെ ഉയിർത്തെഴുന്നേറ്റു; അവൻ കിടന്ന സ്ഥലം വന്നുകാണ്മിൻ. (മത്തായി 28:1,5-7)

### പ്രത്യക്ഷപ്പെട്ടു

പല ആളുകളും പുനരുത്ഥാനശേഷം യേശുവിനെ കണ്ടു.

അവൻ കഷ്ടം അനുഭവിച്ചശേഷം നാല്പതു നാളോളം അവർക്കും പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ടു താൻ ജീവിച്ചിരിക്കുന്നു എന്നു അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്കും കാണിച്ചു കൊടുത്തു.(അ.പ്ര 1:2,3)

പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു തന്നേ നിങ്ങൾക്കു ആദ്യമായി ഏല്പിച്ചുതന്നുവല്ലോ. അനന്തരം അവൻ അഞ്ഞൂറ്റിൽ അധികം സഹോദരന്മാർക്കും ഒരുമിച്ചു പ്രത്യക്ഷനായി; അവർ മിക്കപേരും ഇന്നുവരെ ജീവനോടിരിക്കുന്നു; ചിലരോ നിദ്രപ്രാപിച്ചിരിക്കുന്നു. അനന്തരം അവൻ യാക്കോബിന്നും പിന്നെ അപ്പൊസ്തലന്മാർക്കും എല്ലാവർക്കും പ്രത്യക്ഷനായി. എല്ലാവർക്കും ഒടുവിൽ അകാലപ്രജപോലെയുള്ള എനിക്കും പ്രത്യക്ഷനായി;(1.കൊരിന്ത്യർ 15:5-8)

### ക്രിസ്തുവിന്റെ പുനരുത്ഥാനം ശരീരം

അവന്റെ പുനരുത്ഥാനത്തിനു ശേഷം യേശു തന്നെത്താൻ വെളിപെടുത്തി. ക്രൂശിക്കപ്പെട്ട യേശു അവന്റെ കൈകൾ, കാലുകൾ, വിലാപ്പുറത്തു പാടുകൾ എല്ലാം അടയാളങ്ങളും കാണിച്ചു. മറ്റൊരു വിധത്തിൽ അവന്റെ ശരിരത്തിന് പ്രധാനപെട്ട മാറ്റം സംഭവിച്ചു. ഇനിമേൽ മൃത്യുവസ്ഥ ഉണ്ടാവുകയില്ല. എവിടെയും പ്രത്യക്ഷപ്പെടുവാനും അപ്രത്യക്ഷപ്പെടുവാനും സാധിക്കും. അടഞ്ഞ മുറിയിൽ കടന്നുചെല്ലുവാനും, ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് പോകുവാൻ സാധിക്കും.(യോഹന്നാൻ 20:19) 

യേശുവിന്റെ മരണവും പുനരുത്ഥാനവും മുൻപ് യിസ്രായേലിന്റെ മതനേതാക്കന്മാരോട് ഒരു സംഭാഷണത്തിൽ...

യേശു അവരോടു: ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിന്നകം അതിനെ പണിയും എന്നു ഉത്തരം പറഞ്ഞു. യെഹൂദന്മാർ അവനോടു: ഈ മന്ദിരം നാല്പത്താറു സംവത്സരം കൊണ്ടു പണിതിരിക്കുന്നു; നീ മൂന്നു ദിവസത്തിനകം അതിനെ പണിയുമോ എന്നു ചോദിച്ചു. അവനോ തന്റെ ശരീരം എന്ന മന്ദിരത്തെക്കുറിച്ചത്രേ പറഞ്ഞതു.(യോഹന്നാൻ 2:19-21)

യേശു യെരൂശലേമിലുള്ള ആലയത്തെ കുറിച്ചല്ല സംസാരിച്ചത്. അവന്റെ ശരിരമെന്ന അലയത്തെ കുറിച്ചായിരുന്നു. അവന്റെ മരണത്തിനും, അടക്കിയ ശേഷം കല്ലറയിൽ സ്ത്രീകൾ സുഗന്ധവർഗ്ഗവും എടുത്തു അവർ "അകത്തു കടന്നാറെ കർത്താവായ യേശുവിന്റെ ശരീരം കണ്ടില്ല"(ലൂക്കോസ് 23:55-24:3)

യേശു ശിഷ്യൻമാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ അവന്റെ പാടുകൾ സ്പർശിക്കുവാൻ അനുവദിച്ചു.

ഇങ്ങനെ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ അവരുടെ നടുവിൽ നിന്നു: (നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു.) അവർ ഞെട്ടി ഭയപ്പെട്ടു; ഒരു ഭൂതത്തെ കാണുന്നു എന്നു അവർക്കും തോന്നി. അവൻ അവരോടു നിങ്ങൾ കലങ്ങുന്നതു എന്തു? നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നതും എന്തു? ഞാൻ തന്നെ ആകുന്നു എന്നു എന്റെ കയ്യും കാലും നോക്കി അറിവിൻ; എന്നെ തൊട്ടുനോക്കുവിൻ; എന്നിൽ കാണുന്നതുപോലെ ഭൂതത്തിന്നു മാംസവും അസ്ഥിയും ഇല്ലല്ലോ എന്നു പറഞ്ഞു. (ഇങ്ങനെ പറഞ്ഞിട്ടു അവൻ കയ്യും കാലും അവരെ കാണിച്ചു.) (ലൂക്കോസ് 24:36-40)

പിന്നെ തോമാസിനോടു: നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാൺക; നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്തു ഇടുക; അവിശ്വാസി ആകാതെ വിശ്വാസിയായിരിക്ക എന്നു പറഞ്ഞു. തോമാസ് അവനോടു: എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ എന്നു ഉത്തരം പറഞ്ഞു. (യോഹന്നാൻ 20:27-28)

**പുനരുത്ഥാനത്തിന്റെ പ്രധാന്യം**

മരിച്ചവരുടെയിൽ നിന്ന് യേശുക്രിസ്തുവിന്റെ പുനരുത്ഥാനം എന്ന ഉപദേശം ക്രിസ്തീയ വിശ്വാസത്തിനു പ്രധാനമാകുന്നു.

മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തുവും ഉയിർത്തെഴുന്നേറ്റിട്ടില്ല ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.(1. കൊരിന്ത്യർ 15:13-14)

യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ വിശ്വസിക്കേണ്ടത് ഒരു യഥാർത്ഥ വിശ്വാസിയുടെ ആവശ്യം.

യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷപ്പെടും.(റോമർ 10:9)

യേശു ക്രിസ്തുവിന്റെ പുനരുത്ഥാനം സുവിശേഷത്തിന്റെ ഒരു ഭാഗമാണ്:

എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നിലനിൽക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വ്യഥാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചു കൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഔർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു കേഫാവിന്നും.(1.കൊരിന്ത്യർ 15:1-4)

യേശു ക്രിസ്തു ദൈവപുത്രൻ എന്ന് പുനരുത്ഥാനം ഉറപ്പാക്കുന്നു:(റോമർ 1:5)

ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽനിന്നു ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലോ

യേശു എല്ലാ സൃഷ്ടിക്കും പരമോന്നതനെന്നു പുനരുത്ഥാനം ഉറപ്പിക്കുന്നു:

അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിക്കയും സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്തു എല്ലാ വാഴ്ചെക്കും അധികാരത്തിന്നും ശക്തിക്കും കർത്തൃത്വത്തിന്നും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിന്നും അത്യന്തം മീതെ ഇരുത്തു കയും സർവ്വവും അവന്റെ കാൽക്കീഴാക്കിവെച്ചു അവനെ സർവ്വത്തിന്നും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കയും ചെയ്തിരിക്കുന്നു (എഫെസ്യർ 1:20-23)

പുനരുത്ഥാനം മൂലം വിശ്വാസികൾ നീതീകരികപ്പെട്ടു എന്ന് ഉറപ്പാക്കുന്നു:

നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും കണക്കിടുവാനുള്ളതാകയാൽ തന്നേ.(റോമർ 4:25)

പുനരുത്ഥാനം മരണത്തെ തോൽപിച്ചു:

മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു.(എബ്രായർ 2:14)

യേശുവിന്റെ പുനരുത്ഥാനം മൂലം, വിശ്വാസികൾ ഉയിർപ്പിക്കുകയും രൂപാന്തരപ്പെടുകയും ചെയ്യും:

ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും.(1.കൊരിന്ത്യർ 15:51-52)

പുനരുത്ഥാനത്തിലുടെ വിശ്വാസി പുതുജീവൻ പ്രാപിക്കാം എന്ന് അടുത്ത അദ്ധ്യായത്തിൽ പഠിക്കാം.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം. അവൻ മരിച്ചവരുടെ ഇടയിൽനിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശെക്കായി,(1.പത്രൊസ് 1:3)

**വർത്തമാനകാലം: വിശ്വാസികൾ ക്രിസ്തുവിൽ ആത്മീയ പുനരുത്ഥാനം.**

ഇപ്പോഴുള്ള വിശ്വാസികളുടെ പുനരുത്ഥാനം ദൈവവചനം സംസാരിക്കുന്നു. ഇതിന്റെ അർഥം ഒരിക്കൽ ആത്മീയമായി മരിച്ചവർ ഇപ്പോൾ യേശു ക്രിസ്തു മുഖാന്തരം ആത്മീയമായി ജീവിക്കുന്നു.

അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും – കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു (എഫെസ്യർ 2:1,5)

അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ, അവനോടുകൂടെ ജീവിപ്പിച്ചു;(കൊലൊസ്സ്യർ 2:13)

ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു.(2.കൊരിന്ത്യർ 5:17)

**പുനരുത്ഥാനത്തിന്റെ പുറമെയുള്ള അടയാളം**

ജലസ്നാനം എന്നത് ബാഹ്യമായ അടയാളം പഴയ പാപ ജീവിതത്തിൽ മരിച്ച് യേശു ക്രിസ്തുവിൽ ആത്മീയ പുനരുത്ഥാനം. വിശ്വാസികളുടെ ആത്മീയ പുനരുത്ഥാനം മാത്രമല്ല ജലസ്നാനം. ഇതു അവൻ പുതിയ ജീവനിൽ ജീവിക്കുന്നു

അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്നു സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശയത്തോടും ഏകീഭവിക്കും(റോമർ6:4,5

**പുനരുത്ഥാനത്തിന്റെ തെളിവ്**

യേശു പുനരുത്ഥാനത്തിന്റെ പല തെളിവുകൾ തന്നിട്ടുണ്ട്. ഇതിൽ കല്ലറ ഒഴിഞ്ഞു കിടന്നതും, ദൂതന്റെ സന്ദേശം, പുനരുത്ഥാനത്തിനു ശേഷം പ്രത്യക്ഷമായത്. വിശ്വാസികളുടെ ആത്മീയ പുനരുത്ഥാനം സ്ഥിരീകരിക്കാൻ തെളിവുകൾ ഉണ്ട്.

**- പാപത്തിൽ മരണം ഒരു പുതു ജീവനിലേക്ക്**

പാപത്തിൽ മരണം മൂലം ആത്മീയ പുനരുത്ഥാനം ഉണ്ടായി. വിശ്വാസി പഴയത് പോലെ ഇപ്പോൾ ജീവിക്കുന്നില്ല. ലോകത്തിലെ തിന്മക്കു മരിച്ചു യേശുവിൽ ജീവിക്കയും ചെയുന്നു.

അവ്വണ്ണം നിങ്ങളും പാപ സംബന്ധമായി മരിച്ചവർ എന്നു ക്രിസ്തു യേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ. (റോമർ6:11)

**- ഒരു പുതിയ ഗുരുനാഥൻ**

ആത്മീയ പുനരുത്ഥാനം മൂലം നിങ്ങളുടെ ജീവിതത്തിൽ യേശു ഒരു പുതിയ ഗുരുനാഥൻ ആയി.

ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കു വേണ്ടി മരിച്ചു ഉയിർത്ത വന്നായിട്ടു തന്നേ ജീവിക്കേണ്ടതിന്നു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു.(2.കൊരിന്ത്യർ 5:15)

**- പുതിയ ജീവിതത്തിന്റെ ലക്ഷ്യം**

ആത്മീയ പുനരുത്ഥാനം മൂലം പുതിയ ജീവിതത്തിനു ഒരു ലക്ഷ്യമുണ്ടായി. വിശ്വാസിക്ക് ഈ ഭുമിയിലുള്ള താല്കാലിക നേട്ടത്തിനു പകരം നിത്യതയെ കുറിച്ച് ലക്ഷ്യമുണ്ടായി.

ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. (കൊലൊസ്സ്യർ 3:1-2)

**സംഗ്രഹം**

ഭൂതകാലത്തിൽ യേശു ക്രിസ്തു മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനം, വർത്തമാനകാലത്തിൽ വിശ്വാസികളുടെ ക്രിസ്തുവിൽ ആത്മീയ പുനരുത്ഥാനം പുതിയ നിയമത്തിൽ മൂന്നു പുനരുത്ഥാനത്തിൽ രണ്ടു പുനരുത്ഥാനങ്ങളെ കുറച്ചാണ് പഠിച്ചത്. ഭാവികാലത്തിൽ എല്ലാവരും കല്ലറയിൽ നിന്നുള്ള പുനരുത്ഥാനം എന്നതിനെ കുറിച്ച് അടുത്ത അദ്ധ്യായത്തിൽ പഠിക്കാം.

**സ്വയ പരിക്ഷ**

1. പ്രധാന വാക്യം കാണാതെ എഴുതുക
2. പുനരുത്ഥാനം എന്ന വാക്യം വിവരിക്കുക
3. പുതിയ നിയമത്തിൽ മൂന്നു പുനരുത്ഥാനം രേഖ പെടുത്തിയത് ഏതൊക്കെ?
   ഭൂതകാലം:
   വര്ത്തമാനകാലം:
   ഭാവികാലം:
4. ദൈവവചനം ഉറപ്പാക്കുന ഉദാഹരണവാക്യം താഴെ കൊടുത്തിരിക്കുന്നതിൽ തരിക:
   പഴയ നിയമത്തിൽ യേശുവിന്റെ പുനരുത്ഥാനത്തെ കുറിച്ച് മുൻകുട്ടി പറഞ്ഞിരിക്കുന്നു.______
   യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ______
   യേശു പുനരുത്ഥാനത്തിനു ശേഷം ജനങ്ങളുടെ മുമ്പാകെ പ്രത്യക്ഷനായി.______
   യേശുവിൽ അതെ ശരിരം, എന്നാൽ മനുഷ്യക പരിമിതിയില്ല.______
5. യേശുവിന്റെ പുനരുത്ഥാനം വളരെപ്രധാനം എന്ന് വിശ്വസിക്കുന്നത് എന്തുകൊണ്ട്?
6. വിശ്വാസികളുടെ വർത്തമാനകാല ആത്മീയ പുനരുത്ഥാനം എന്നാൽ എന്ത്?
7. ഈ അദ്ധ്യായത്തിൽ വിവരിച്ച വിശ്വാസികളുടെ ആത്മീയ പുനരുത്ഥാനത്തിന്റെ തെളിവ് എന്ത്?
8. വിശ്വാസികളുടെ ആത്മീയ പുനരുത്ഥാനത്തിന്റെ പുറമെയുള്ള പ്രവർത്തി കാണിക്കുന്നത് എന്ത്?

## തുടർന്ന് പഠിക്കുവാൻ

യേശുവിന്റെ നാലു പ്രധാന പുനരുത്ഥാനത്തെ കുറിച്ച് താഴെ കൊടുത്തി രിക്കുന്ന വാക്യം കുടുതൽ വിവരണം തരുന്നു.

മത്തായി 28
മർക്കൊസ് 16
ലൂക്കോസ് 24
യോഹന്നാൻ 20

താഴെ കൊടുത്തിരിക്കുന്ന വാക്യത്തിലും യേശുവിന്റെ പുനരുത്ഥാനത്തെ കുറിച്ച് വിവരിച്ചിരിക്കുന്നു:

അപ്പൊസ്തല പ്രവൃത്തികൾ 1:22; 2:24,32; 3:15,26; 4:10,33; 5:30; 10:40,41; 13:30-33,34,37; 17:18,32
റോമർ 1:4; 4:24; 6:5; 8:11,34
1. കൊരിന്ത്യർ 6:14; 15:12-58
2. കൊരിന്ത്യർ 4:14
ഗലാത്യർ 1:1
എഫെസ്യർ 1:20
ഫിലിപ്പിയർ 3:10
1. തെസ്സലൊനീക്യർ 1:10
2. തിമൊഥെയൊസ് 2:8
1. പത്രൊസ് 1:3

# അദ്ധ്യായം - 9

## മരിച്ചവരുടെ പുനരുത്ഥാനം - ഭാഗം - 2

### ഉദ്ദേശ്യം

ഈ അദ്ധ്യായം പൂർത്തികരികുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും:

- പ്രധാന വാക്യം കാണാതെ എഴുതുക
- ഭാവികാലത്ത് മരിച്ചവരുടെ പുനരുത്ഥാനം വിവരിക്കുക.
- നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനം വേർതിരിച്ചറിയുക
- യേശുവിന്റെ മരണ, പുനരുത്ഥാനം എങ്ങിനെ മനുഷ്യന്റെ ആത്മാവിന്റെ അന്ത്യം ബാധകമാകുന്നത്?

### പ്രധാന വാക്യം

കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവ ത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തു വിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേ ല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോ ടുകൂടെ ഇരിക്കും.(1.തെസ്സലൊനീക്യർ 4:16,17)

### മുഖവുര

പുനരുത്ഥാനം എന്നത് ഇതിനു മുമ്പുള്ള അദ്ധ്യായത്തിൽ വിവരിച്ചു, മൂന്നു പുനരുത്ഥാനത്തെ കുറിച്ച് പുതിയ നിയമത്തിൽ തിരിച്ചറിഞ്ഞു. ഭൂതകാലത്ത് യേശു ക്രിസ്തുവിന്റെ മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനം. വര്ത്തമാന കാലത്ത് വിശ്വാസികളുടെ ക്രിസ്തുവിൽ ആത്മീയ പുനരുത്ഥാനം എന്നി വിഷയം ചർച്ച ചെയ്തു.

ഈ അദ്ധ്യായത്തിൽ ഭാവികാലത്ത് എല്ലാവരും കല്ലറയിൽ നിന്നുള്ള പുനരു ത്ഥാനത്തെ കുറിച്ച് വിവരിക്കുന്നു. ഭാവികാലത്തുള്ള പുനരുത്ഥാനം രണ്ടു വ്യത്യസ്തമായ പുനരുത്ഥാനമായിരിക്കും. ഒന്ന് നീതിമാന്മാരുടെ മറ്റേതു നീതി കെട്ടവരുടെ. മനുഷ്യ ആത്മാവിന്റെ അന്ത്യ വിധി യേശുവിന്റെ മരണ പുനരുത്ഥാനം എങ്ങിനെ ബാധകമാകുന്നു എന്ന് വിശദീകരിക്കുന്നു.

ഈ അദ്ധ്യായം ഭാവിയിൽ നടുക്കുവാൻ പോകുന്ന സംഭവത്തെ കുറിക്കുന്നു ഇത് അന്ത്യനാളുകൾ, നിത്യത എന്നിവയെ കുറിച്ചുള്ള പ്രവചനമാണ്. നിങ്ങ ൾക്ക് ദൈവവചനത്തിലെ പ്രവചങ്ങളെകുറിച്ച് കുടുതലായീ അറിയണമെങ്കിൽ ഈ അദ്ധ്യായത്തിൽ അവസാനം കൊടുത്ത "തുടർന്ന് പഠിക്കുവാൻ" എന്ന ഭാഗത്തിൽ നോക്കുക, ഇവിടെ ഭാവിയിൽ നടുക്കുവാൻ പോകുന്ന സംഭവ ത്തെ ദൈവ വചനത്തിൽ വെളിപെടുത്തിയ അടിസ്ഥാനത്തിൽ രേഖാരൂപമായീ സുചിപ്പിക്കുന്നു.

### ഭാവികാലം: ഭാവിയിൽ എല്ലാവരും കല്ലറയിൽ നിന്നുള്ള പുനരുത്ഥാനം.

ദൈവവചനം എല്ലാ മനുഷ്യരെയും കുറിച്ച് രണ്ടു അനുഭവങ്ങൾ വെളിപെടുത്തുന്നു:

1. എല്ലാവരും മരിച്ചവരിൽ നിന്നും പുനരുത്ഥാന അനുഭവം ഉണ്ടായിരിക്കും
2. എല്ലാവർക്കും നിത്യ ന്യായവിധിയുടെ അനുഭവം ഉണ്ടായിരിക്കും.

യേശു വരുവാനുള്ള പുനരുത്ഥാനത്തെ കുറിച്ച് പറഞ്ഞിരിക്കുന്നു:

ഇതിങ്കൽ ആശ്ചര്യപ്പെടരുതു; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു. എനിക്കു സ്വതേ ഒന്നും ചെയ്‌വാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ ഇച്ഛിക്കുന്നതുകൊണ്ടു എന്റെ വിധി നീതിയുള്ളതു ആകുന്നു. (യോഹന്നാൻ 5:28-29)

അപ്പോസ്തലനായ പൗലോസ് പുനരുത്ഥാനത്തെ കുറിച്ച് എഴുതിയിരിക്കുന്നു:

ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും.(1.കൊരിന്ത്യർ 15:22)

ആദാമിന്റെ ആദ്യ പാപം മൂലം എല്ലാ മനുഷ്യരിലും മരണം വന്നു. യേശുവിന്റെ മരണം, പുനരുത്ഥാനം മൂലം എല്ലാ മനുഷ്യരും ശരിരകമായീ മരിച്ചാലും പിന്നീട് ഉയിര്ത്തെഴുന്നേല്ക്കും.

### പുനരുത്ഥാനത്തിൽ നിന്ന് ഒഴിവാക്കൽ

ഒരുനാളും മരിക്കാതെ ജീവനോടെ ഇരിക്കുന്നവർക്ക് മരണത്തിൽ നിന്നുള്ള പുനരുത്ഥാനം ആവശ്യമില്ല.

ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്യമായതു അമർത്യത്വത്തെയും ധരിക്കേണം. (1.കൊരിന്ത്യർ 15:51-53)

പൗലോസ് പറയുന്നു "നാം എല്ലാവരും നിദ്രകൊള്ളുകയില്ല" യേശു ക്രിസ്തു സഭക്ക് വേണ്ടി തിരിച്ചുവരുമ്പോൾ ജീവനോടെ ഇരിക്കുന്ന സത്യവിശ്വാസികൾ മരണം അനുഭവ പെടുകയില്ല. ഇവർ കല്ലറയിൽ നിന്നും പുനരുത്ഥാനപെട്ട വിശ്വാസികളുമായീ ഒന്നായീ ആകാശങ്ങളിൽ എടുക്കപെടും.

### മരിച്ചവർ ചെന്നു ചേരേണ്ട ഇടം

ശാരീരിക മരണം, പുനരുത്ഥാനം വരെയുള്ള ഇടയില് കാലയളവിൽ കുറിച്ച് പല കാര്യങ്ങൾ ഉണ്ട് അതെല്ലാം ദൈവവചനത്തിൽ വെളിപെടുത്തിയിട്ടില്ല. എന്നാൽ മൂന്നു കാര്യങ്ങൾ വ്യക്തമാണ്.

1. മരണ സമയത്ത് ദേഹം, ദേഹി, ആത്മാവ് തമ്മിൽ ഒരു വേർപാട് ഉണ്ട്. ശരിരം കല്ലറയിൽ വയ്കുന്നു, ആത്മാവും, ദേഹിയും നിത്യത യിൽ ജീവിക്കുന്നു.
2. നീതിമാന്മാരുടെ ആത്മാവും, ദേഹിയും നീതികെട്ടവരുടെ അപേഷിച്ചു വത്യസ്ഥ സ്ഥലങ്ങളിൽ പോകുന്നു.
3. നീതിമാന്മാർ ചേരേണ്ട ഇടം യേശു മരിച്ചതിനു മുമ്പും പിന്മ്പും വ്യത്യസ്ഥമാണ്.

ലാസർ എന്നു പേരുള്ളൂരു ദരിദ്രൻ മരിച്ചപ്പോൾ എന്ത് സംഭവിച്ചു എന്ന് യേശു വെളുപെടുത്തിയിരിക്കുന്നു.

ലാസർ എന്നു പേരുള്ളൂരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടി പ്പുരക്കൽ കിടന്നു ധനവാന്റെ മേശയിൽ നിന്നു വീഴുന്നതു തിന്നു വിശപ്പടക്കു വാൻ ആഗ്രഹിച്ചു; നായ്ക്കളും വന്നു അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രാഹാമിന്റെ മടിയിലേക്കു കൊണ്ടു പോയി. ധനവാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവി ക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തു നിന്നു അബ്രാഹാമിനെയും അവന്റെ മടിയിൽ ലാസരിനെയും കണ്ടു: അബ്രാഹാംപിതാവേ, എന്നോടു കനിവുണ്ടാ കേണമേ; ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന്നു അവനെ അയക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു. അബ്രാഹാം: മകനേ, നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്നു ഓർക്ക; ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു: നീയോ വേദന അനുഭവി ക്കുന്നു. അത്രയുമല്ല ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയോരു പിളർപ്പു ണ്ടാക്കിയിരിക്കുന്നു. ഇവിടെ നിന്നു നിങ്ങളുടെ അടുക്കൽ കടന്നുവരുവാൻ ഇച്ഛിക്കുന്നവർക്കും കഴിവില്ല; അവിടെ നിന്നു ഞങ്ങളുടെ അടുക്കൽ കടന്നു വരുവാൻ ഇച്ഛിക്കുന്നവർക്കും കഴിവില്ല; അവിടെനിന്നു ഞങ്ങളുടെ അടുക്കൽ കടന്നു വരുവാനും പാടില്ല എന്നു പറഞ്ഞു.(ലൂക്കോസ് 16:22-26)

മരണത്തിൽ ഭൌതിക ശരീരം ഭുമിയിലേക്ക്(മണ്ണിലേക്ക്) തിരികെ പോകുന്നു:

നിലത്തുനിന്നു നിന്നെ എടുത്തിരിക്കുന്നു; അതിൽ തിരികെ ചേരുവോളം (ഉല്പത്തി3:19b)

നിത്യതയിൽ മനുഷ്യന്റെ ആത്മാവ് ദേഹിയും പ്രവേശിക്കുന്നു. അപ്പോഴും ഒരു വ്യക്തിത്വം ഉണ്ടായിരിക്കും, മറ്റുള്ളവരെ തിരിച്ചറിയാൻ സാധിക്കും, ഇപ്പോഴത്തെ അവസ്ഥ മനസിലാക്കുവാൻ കഴിയും. നീതിമാന്മാരുടെ ആത്മാവ് പോകുന്ന സ്ഥലം നീതികെട്ടവരുടെ അപേഷിച്ചു വെത്യാസം ഉണ്ട്. ലാസർ ന്റെയും ധനവാന്റെയും വിട്ടു പോയ ആത്മാവ് പോയത് ഹെബ്രായ ഭാഷയിൽ "ഷിയോൾ" എന്നും യവന ഭാഷയിൽ "പാതാളം" എന്നും. എന്നാൽ രണ്ടു പേരുടെ പോയ സ്ഥലം തമ്മിൽ വെത്യാസം ഉണ്ട്. ലാസർ സ്വസ്ഥതയിൽ പ്രവേശിച്ചു. ധനവാൻ പാതാളത്തിൽ യാതന അനുഭവിക്കുന്ന ഇടമായ നരക ത്തിൽ പ്രവേശിച്ചു. ഇതിന്റെ രണ്ടിന്റെ ഇടയിൽ അങ്ങോട്ടും ഇങ്ങോട്ടും പോകുവാൻ സാധിക്കാത്ത ഒരു പിളർപ്പ് ഉണ്ട്.

ഈ പിളർപ്പ് കടക്കുവാൻ സാധ്യമല്ല, എങ്കിൽ അതിന്റെ അർത്ഥം മരിച്ച ആ ത്മാവ് പോകുന്ന നിത്യമായ ഇടം മാറുവാനുള്ള പ്രതീക്ഷ ഇല്ല. ഈ കാരണ ത്താൽ മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിൽ ഒരു പ്രയോജനവും ഇല്ല.

യേശുവിനെ രക്ഷകനായി സ്വീകരിക്കുന്നതും അല്ലാത്തതുമായുള്ള തിരുമാനം ഈ ജിവിതത്തിൽ തന്നെ ഉണ്ടാകണം, ഇതു നിന്റെ ആത്മാവിനെ വിധി നിർണയിക്കുന്ന തീരുമാനം.

നീതിമാന്റെ കടന്നുപോയ ആത്മാവ് സ്വസ്ഥതയിൽ ഇരിക്കുന്ന ഇടത്തിന്റെ പേര് "അബ്രാഹാമിന്റെ മടി". ഇതിന്റെ അർഥം അബ്രാഹാമിനെ പോലെയുള്ള വിശ്വാസം ഉള്ളവർ ഒരു സത്യവും ജീവനുള്ള ദൈവത്തെ സേവിച്ചവർ പ്രവേശിക്കുന്നവരുടെ ഇടം.

**യേശുവിന്റെ പുനരുത്ഥാനത്തിനു ശേഷം**

ലാസർന്റെയും ധനവാന്റെയും കഥയിൽ യേശുവിന്റെ പുനരുത്ഥാനത്തിനു മുമ്പ് വിട്ടുപോയ ആത്മാവിനു എന്ത് സംഭവിച്ചു എന്ന് വെളിപെടുത്തുന്നു. യേശുവിന്റെ പുനരുത്ഥാനത്തിനു ശേഷം നീതികെട്ടവരുടെ വിട്ടുപോയ ആത്മാവിനു അതുപോലെ തുടർന്നു, എന്നാൽ നീതിമാന്മാരുടെ ആത്മാക്കളുടെ വിധിക്ക് മാറ്റം വന്നു.

യേശു മരിക്കുന്ന സമയത്ത് പറഞ്ഞത് "പിതാവേ നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു "അവന്റെ ശരീരം കല്ലറയിൽ വച്ചു എന്നാൽ അവന്റെ ആത്മാവിനെ ദൈവം വിധി തീരുമാനിച്ചു. ദൈവ വചനം ക്രിസ്തുവിന്റെ ആത്മാവ് മരണത്തിനു ശേഷം എന്ത് സംഭവിച്ചു എന്ന് വെളിപെടുത്തുന്നു.

കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്കു ഇറങ്ങി എന്നു വരുന്നില്ലയോ? ഇറങ്ങിയവൻ സകലത്തെയും നിറെക്കേണ്ടതിന്നു സ്വർഗ്ഗാധിസ്വർഗ്ഗത്തിന്നു മീതെ കയറിയവനും ആകുന്നു.(എഫെസ്യർ 4:9-10)

യേശു മാനസാന്തരപെട്ട കള്ളനോട് മരണത്തിനു മുമ്പ് പറഞ്ഞത്:

യേശു അവനോടു: ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും (ലൂക്കോസ് 23:43)

യേശുവിന്റെ ആത്മാവ് ഇറങ്ങിപ്പോയത് വിട്ടുപോയ ആത്മാക്കളുടെ ഇടമായ ഷിയോളിൽ, നീതിമാന്മാരുടെ ആത്മാക്കളുടെ അടുക്കൽ ആദ്യം പോയത്, "പറുദീസ" അല്ലെങ്കിൽ "അബ്രാഹാമിന്റെ മടി" എന്ന് ഇതിനെ വിളിക്കുന്നു.

യേശു പറുദീസയിൽ നിന്ന് പിന്നീട് പോയത് ഷിയോളിൽ അവിടെ ദുഷ്ടന്മാക്കളുടെ ആത്മാക്കളെ കരുതിവയ്ക്കപ്പെട്ട ഇടം. ഇതു മനുഷ്യരുടെ പാപപരിഹാരം പൂർത്തിയാക്കുന്നതിന് ആവശ്യമായിരുന്നു. മനുഷ്യന്റെ ശാരീരികമായും ആത്മികമായും പാപപരിഹാരത്തിന് അവനു സഹിക്കേണ്ടിവന്നു. ശാരീരികമായ ശിക്ഷയാണ് ശാരീരിക മരണം. ആത്മീയ ശിക്ഷയാണ് ദൈവവുമായുള്ള വേര്പാട് ഇതിനെയാണ് ആത്മീയ മരണം എന്ന് വിളിക്കുന്നത്. ഇതു യേശു ഷിയോളിൽ വച്ച് അനുഭവിച്ചു. പിന്നെ യേശുവിന്റെ ആത്മാവു ലോകത്തിലേക്ക് പാതാളത്തിൽ നിന്ന് കയറി. ആ സമയത്ത് അവന്റെ ശരീരം കല്ലറയിൽ ജീവനില്ലാതെ കിടക്കുന്നടത്തു നിന്ന് ഉയിർത്തെഴുന്നേൽപ്പിക്കപെട്ടു. അവന്റെ ദേഹി, ആത്മാവ്. ശരീരം ഒന്നായി ഒരു പൂർണ വ്യക്തിത്വമായി. കഴിഞ്ഞ അദ്ധ്യായത്തിൽ പഠിച്ചത്പോലെ ഈ ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേക്ക് മടങ്ങി പോകുന്നതിനു മുന്പായി യേശു പലർക്കും പ്രത്യക്ഷനായി.

**പുതിയ ക്രമം**

യേശുവിന്റെ മരണവും, പുനരുത്ഥാനവും ഇടയിലുള്ള സംഭവങ്ങൾ നീതിമാന്മാരുടെ ആത്മാവ് പോകുന്ന സ്ഥലത്തിന് ഒരു പുതിയ ക്രമത്തിന് തുടക്കമായി. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനു മുമ്പ് നീതിമാന്മാരുടെ ആത്മാവ് പറുദീസയിലേക്ക് പോയി. യേശുവിന്റെ മരണം ഉയിർത്തെഴുന്നേല്പിനു ശേഷം നീതിമാന്മാരുടെ ആത്മാവ് ഉയർന്ന് ദൈവ സന്നിധിയിലേക്ക് ഉടനെ എടുക്കപെടും. ഇതു സ്തെഫാനോസിന്റെ മരണത്തിൽ രേഖ പെടുത്തിയതിൽ സ്ഥിരീകരിക്കപ്പെടുന്നു.

അവനോ പരിശുദ്ധാത്മാവു നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്കു ഉറ്റുനോക്കി, ദൈവമഹത്വവും ദൈവത്തിന്റെ വലത്തുഭാഗത്തു യേശു നിലക്കുന്നതും കണ്ടു: ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തു ഭാഗത്തു നിലക്കുന്നതും ഞാൻ കാണുന്നു എന്നു പറഞ്ഞു കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ എന്നു സ്തെഫാനോസ് വിളിച്ചപേക്ഷിക്കയിൽ അവർ അവനെ കല്ലെറിഞ്ഞു. അവനോ മുട്ടുകുത്തി: കർത്താവേ, അവർക്കും ഈ പാപം നിറുത്തരുതേ എന്നു ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞിട്ടു അവൻ നിദ്രപ്രാപിച്ചു. (അ പ്ര 7:55-56, 59-60)

സ്തെഫാനോസ് മരണത്തിന് തൊട്ടു മുമ്പ്, യേശു സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തു നിലക്കുന്നതായി ഒരു ദർശനം കണ്ടു. അവന്റെ വാക്കുകൾ "കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ" ഇത് കാണിക്കുന്നത് മരണത്തിൽ അവന്റെ ആത്മാവ്, പ്രാണൻ പെട്ടന്ന് സ്വർഗ്ഗത്തിൽ എടുക്കപ്പെടും എന്ന് അവനു അറിയാമായിരുന്നു.

അപ്പോസ്തലനായ പൌലോസും ഇതു സ്ഥിരീകരിക്കപ്പെടുത്തുന്നു.

ആകയാൽ ഞങ്ങൾ എല്ലായ്പോഴും ധൈര്യപ്പെട്ടും ശരീരത്തിൽ വസിക്കുമ്പോൾ ഒക്കെയും കർത്താവിനോടു അകന്നു പരദേശികൾ ആയിരിക്കുന്നു എന്നു അറിയുന്നു. ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു.(2. കൊരിന്ത്യർ 5:6,8)

മരണത്തിന്റെ മാഹാത്മ്യത്തെ ജീവനോടെ ഇരുന്നു ഭുമിയിലെ വേല തികക്കേണം എന്നതുമായി പൗലോസ് താരതമ്യപ്പെടുത്തുന്നു, അവൻ പറയുന്നത് ശരിരത്തിൽ നിന്ന് വിട്ടു പിരിയുന്നത് യേശുവിനോട് ചേരുവാൻ.

എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലെക്കു ഫലം വരുമെങ്കിൽ ഏതു തിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു; അതു അത്യുത്തമമല്ലോ. എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നതു നിങ്ങൾ നിമിത്തം ഏറെ ആവശ്യം.(ഫിലിപ്പിയർ 1:21-24)

നീതിമാന്മാരുടെ മരണത്തിനു ശേഷം ആത്മാവ് പോകുന്ന പുതിയ സ്ഥലത്തിന്, എല്ലാ മനുഷ്യരും അതു തുടരേണ്ടതിനു യേശു പുതിയ മാതൃക ക്രമപെടുത്തി.

1. മരണത്തിൽ മനുഷ്യന്റെ ആത്മാവ്, പ്രാണൻ വേറെയൊരു മണ്ഡലത്തിൽ പോകും. നീതിമാന്റെത് ഉയർന്ന് ദൈവസന്നിധിയിൽ ചേരും, ദുഷ്ടന്റെത് യാതനാ സ്ഥലത്ത് [നരകത്തിൽ]
2. പുനരുത്ഥാന സമയത്ത്, മരണത്തിൽനിന്നു ഉയിർത്തെഴുന്നേൽക്കയും ശരീരം ആത്മാവ്, ദേഹിയോട് വീണ്ടും ചേരുകയും ചെയ്യും.

### മരിച്ചവരുടെ പുനരുത്ഥാനം: മൂന്നു ഘട്ടങ്ങൾ

അപ്പോസ്തലനായ പൗലോസ് മരിച്ചവരുടെ പുനരുത്ഥാനത്തെ മൂന്നു ഘട്ടങ്ങളായി വിവരിച്ചിരിക്കുന്നു.

**ഒന്നാമത്തെ:**

ഒന്നാമത്തെ മരിച്ചവരുടെ പുനരുത്ഥാനം യേശുവിന്റെത്:

ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും. ഔരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്നുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം; അന്നു അവൻ എല്ലാവാഴ്ചെക്കും അധികാരത്തിന്നും ശക്തിക്കും നീക്കം വരുത്തീട്ടു രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും.(1.കൊരിന്ത്യർ 15:22-24)

ഒന്നാമത്തെ പുനരുത്ഥാനം യേശുവിന്റെത്. ഇതാകുന്നു "ആദ്യ ഫലം ക്രിസ്തു" എന്ന വാക്യത്തിൽ അർത്ഥമാക്കുന്നത്. മരിച്ചവരുടെ പുനരുത്ഥാനം വേറെ രണ്ടു കൂടെയുണ്ട്. അത് ഭാവിയിൽ നടുക്കുവാൻ പോകുന്നത്. ഇതാണ് നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനം.

നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനം ഉണ്ടാകും എന്നു ഇവർ കാത്തിരിക്കുന്നതുപോലെ ഞാനും ദൈവത്തിങ്കൽ ആശവെച്ചിരിക്കുന്നു (അപ്പൊസ്തല പ്രവൃത്തികൾ 24:15)

ഈ രണ്ടു പുനരുത്ഥാനത്തെ വിളിക്കുന്നത് നന്മ ചെയ്തവർ ജീവന്നായും, തിന്മ ചെയ്തവർ ന്യായവിധിക്കായ് പുനരുത്ഥാനം ചെയ്യും.

ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴികവരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു.ഇതിങ്കൽ ആശ്ചര്യപ്പെടരുതു; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു. (യോഹന്നാൻ 5:25,28-29)

**രണ്ടാമത്തേ :**

യേശു സഭക്ക് വേണ്ടി ഭുമിയിൽ തിരിച്ചു വരുമ്പോൾ ജീവന്നായുള്ള പുനരുത്ഥാനം നടക്കും. മരിച്ചവരുടെ ഈ പുനരുത്ഥാനം യേശുവിലുള്ള എല്ലാ വിശ്വസ്ത വിശ്വാസികളിൽ സംഭവിക്കും. ഇതിനെയാണ് നീതിമാന്മാരുടെ പുനരുത്ഥാനം, അല്ലെങ്കിൽ ജീവന്നായുള്ള പുനരുത്ഥാനം എന്ന് വിളിക്കുന്നത്.

ആദ്യത്തെ ഘട്ടം യേശുവിന്റെ പുനരുത്ഥാനം

രണ്ടാമത്തെ ഘട്ടം വിശ്വാസികളുടെ പുനരുത്ഥാനം

**മൂന്നാമെത്തെ:**

മൂന്നാമെത്തെ ഘട്ടമായ മരിച്ചവരുടെ പുനരുത്ഥാനത്തെ വിളിക്കുന്നത്. "അവസാനത്തേതു" ഈ പുനരുത്ഥാനം ക്രിസ്തു ആയിരമാണ്ട് ഭുമിയിൽ ഭരിച്ചു അവസാനത്തിങ്കൽ നടക്കുന്നതു. ഈ പുനരുത്ഥാനത്തെ തിന്മ ചെയ്തവരുടെ പുനരുത്ഥാനം അല്ലെങ്കിൽ ന്യായവിധിക്കായുള്ള പുനരുത്ഥാനം എന്ന് വിളിക്കുന്നു.

**സംക്ഷേപിക്കുന്നത്**

താഴെ കൊടുത്തിരിക്കുന്ന പട്ടിക മരിച്ചവരുടെ പുനരുത്ഥാനത്തിന്റെ മൂന്നു ഘട്ടത്തിൽ നിങ്ങൾ പഠിച്ചത് ചുരുക്കി എഴുതിയത്.

**മരിച്ചവരുടെ പുനരുത്ഥാനം**

ഒന്നാമത്തെ ഘട്ടം: യേശുവിന്റെ പുനരുത്ഥാനം

!

രണ്ടാമത്തെ ഘട്ടം: നീതിമാന്മാരുടെ പുനരുത്ഥാനം.(ജീവന്നായുള്ള പുനരുത്ഥാനം)

!

മൂന്നാമെത്തെ ഘട്ടം: തിന്മ ചെയ്തവരുടെ പുനരുത്ഥാനം (ന്യായവിധിക്കായുള്ള പുനരുത്ഥാനം)

**നീതിമാന്മാരുടെയും പുനരുത്ഥാനം**

പൗലോസ് രണ്ടാമത്തെ ഘട്ടത്തിലെ പുനരുത്ഥാനത്തെ പറയുന്നത് "പിന്നെ ക്രിസ്തുവിന്നുള്ളവർ" ഇത് അർത്ഥമാക്കുന്നത് നിർജ്ജീവ പ്രവൃത്തിയ്ക്ക് മാനസാന്തരപെട്ട് വിശ്വാസത്താൽ യേശുവിനെ രക്ഷകനായി സ്വീകരിച്ചവർ. ക്രിസ്തു മടങ്ങി വരുമ്പോൾ വിശ്വാസികളുടെ ഈ പുനരുത്ഥാനം നടക്കും. നീതിമാന്മാരുടെ പുനരുത്ഥാനം വിവരിച്ചിരിക്കുന്ന വാക്യം:

സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിന്നു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുതു എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നേ ദൈവം നിദ്രകൊണ്ടവരെയും യേശുമുഖാന്തരം അവനോടുകൂടെ വരുത്തും. കർത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കും മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും.(1.തെസ്സലൊനീക്യർ4: 13-18)

പൗലോസ് ഉദ്ദേശികുന്നത് നിദ്രകൊണ്ട വിശ്വാസികളെ(മരിച്ചവരെ) സംബന്ധിച്ച് മറ്റുള്ള ക്രിസ്താനികളെ ആശ്വസിപ്പിക്കുവാൻ വേണ്ടിയാണ്. ഈ സന്ദേശത്തിൽ എല്ലാ വിശ്വസ്ത വിശ്വാസികളും പുനരുത്ഥാനപെടും എന്ന് ഉറപ്പ് നൽകുന്നു.

യേശു മടങ്ങി വരുമ്പോൾ രണ്ടു വലിയ സംഭവങ്ങൾ ഭുമിയിൽ നടക്കും:

1. മുമ്പേ മരിച്ച എല്ലാ വിശ്വസ്ത വിശ്വാസികളും പുനരുത്ഥാനപെടും, തേജസുള്ള പുതിയ ശരീരം ലഭിക്കും, അവരുടെ ആത്മാവും, ദേഹിയുമായി ഒന്നായി ചേരും.
2. ആ സമയത്ത് ജീവനോടെ ഭൂമിയിൽ ശേഷിക്കുന്ന വിശ്വാസികൾക്ക് പെട്ടന്ന് ഒരു മാറ്റം ശരീരത്തിൽ അനുഭവപെടും.

ക്രിസ്തു മടങ്ങി വരുമ്പോൾ പുനരുത്ഥാനപെട്ടവർ ദൈവ ശക്തിയാൽ ഭൂമിയിൽ നിന്നും ആകാശത്തിലേക്ക് പറന്നു ഉയരും. അവർ കർത്താവിനോട് ഒന്നായി ചേർന്ന് എപ്പോഴും കർത്താവിനോട് കൂടെ ആയിരിക്കും.

നീതിമാന്മാരുടെയും പുനരുത്ഥാനത്തെ കുറിച്ച് കുടുതൽ വെളിപ്പാടു പുസ്തകത്തിൽ രേഖപെടുത്തിയിരിക്കുന്നു.

ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കും ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവ വചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു. അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു. മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല. ഇതു ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു;(വെളിപ്പാടു 20:4-6)

ഇവിടെ വിവരിച്ചിരിക്കുന്ന വിശ്വാസികളുടെ പുനരുത്ഥാനം രക്തസാക്ഷികളായി പീഡന കാലത്ത് മരിച്ചവർ. അവർ ക്രിസ്തുവിന്റെ രാജ്യം ഭൂമിയിൽ സ്ഥാപിക്കുന്നതിനു മുന്പ് ഉയർക്കപെട്ടവർ. ഈ വേദഭാഗം നീതിമാന്മാരുടെ പുനരുത്ഥാനത്തെ വെളിപ്പെടുത്തുന്നു, അതായതു വിശ്വാസികളുടെ ഈ അവസാന ഗണം പുനരുത്ഥാനത്തിനു ശേഷം ഒന്നാമത്തെ പുനരുത്ഥാനം പൂർത്തിയാകും.

## തേജസുള്ള പുതിയ ശരീരം

വിശ്വാസികൾക്ക് ലഭിക്കുവാൻ പോകുന്ന തേജസുള്ള പുതിയ ശരീരത്തെ പറ്റി ചില കാര്യങ്ങൾ ദൈവവചനം വെളിപെടുത്തിയിരിക്കുന്നു.

**ദൈവഹിത പ്രകാരം:**

ദൈവമോ തന്റെ ഇഷ്ടംപോലെ അതിന്നു ഒരു ശരീരവും ഔരോ വിത്തിന്നു അതതിന്റെ ശരീരവും കൊടുക്കുന്നു.(1.കൊരിന്ത്യർ 15:38)

**തേജസുള്ള ശരീരം:**

അദ്രവത്വത്തിൽ ഉയിർക്കുംന്നു; അപമാനത്തിൽ വിതെക്കപ്പെടുന്നു, തേജസ്സിൽ ഉയിർക്കുന്നു; (1.കൊരിന്ത്യർ 15:43a)

**ആത്മിക ശരീരം:**

പ്രാകൃതശരീരം വിതെക്കപ്പെടുന്നു, ആത്മികശരീരം ഉയിർക്കുന്നു; പ്രാകൃത ശരീരം ഉണ്ടെങ്കിൽ ആത്മിക ശരീരവും ഉണ്ടു.(1.കൊരിന്ത്യർ 15:44)

**ശക്തിയുള്ള ശരീരം**:

ബലഹീനതയിൽ വിതെക്കപ്പെടുന്നു, ശക്തിയിൽ ഉയിർക്കുന്നു;(1.കൊരിന്ത്യർ 15:43b

**അമർത്യ ശരീരം**:

ഇതിന്റെ അർത്ഥം പുതിയ ശരീരം നശിക്കുകയോ, മരിക്കുകയോ ചെയ്യില്ല.

മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്യമായതു അമർത്യത്വത്തെയും ധരിക്കേണം. ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്യമായതു അമർത്യത്വത്തെയും ധരിക്കുമ്പോൾ “മരണം നീങ്ങി ജയം വന്നിരിക്കുന്നു” എന്നു എഴുതിയ വചനം നിവൃത്തിയാകും.(1.കൊരിന്ത്യർ 15:52-54)

**ക്രിസ്തു ഉയിർത്തിരിക്കുന്ന അതെ ശരീരം**:

എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തിരിക്കുന്നു.(1.കൊരിന്ത്യർ 15:20)

ക്രിസ്തു മരിച്ചവരിൽ നിന്ന് ആദ്യം ഉയർക്കുകയും. അവന്റെ പുനരുത്ഥാനം ആദ്യഫലമായി താരതമ്യപ്പെടുത്തുന്നു തുടർന്ന് വലിയ കൊയ്ത്ത്. ഈ കൊയ്ത്താണ് വിശ്വാസികളുടെ പുനരുത്ഥാനം. നമ്മുടെ പുനരുത്ഥാന ശരീരം ക്രിസ്തു വിന്റെ ശരീരം പോലെ ഇരിക്കും.

<u>പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു</u>.(1.യോഹന്നാൻ 3:2)

അവൻ സകലവും തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാര ശക്തികൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും.(ഫിലിപ്പിയർ 3:21)

### തിന്മ ചെയ്തവരുടെ പുനരുത്ഥാനം

1.കൊരിന്ത്യർ 15:24 ൽ വിവരിച്ചിരിക്കുന്ന അവസാന പുനരുത്ഥാനത്തെ "അവസാനം" എന്ന് വിളിക്കുന്നു. ഇതാണ് തിന്മ ചെയ്തവരുടെ പുനരുത്ഥാനം. യേശു ആയിരമാണ്ട് വാഴ്ച ഭൂമിയിൽ തികക്കുമ്പോൾ, ദൈവം എല്ലാ ശത്രുക്കളെയും തോൽപ്പിക്കും. അവസാന ശത്രുവായ മരണത്തെ കീഴ്പ്പെടുത്തും. ദൈവത്തിന്റെ ഈ ലോകത്തിലെ പദ്ധതി അങ്ങിനെ അവസാനിക്കും.

അവനിൽ താൻ മുന്നിർണ്ണയിച്ച തന്റെ പ്രസാദത്തിന്നു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോടു അറിയിച്ചു. അതു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതു എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥെക്കായിക്കൊണ്ടു തന്നേ.(എഫെസ്യർ1:9-10)

വെളിപ്പാടു പുസ്തകം 20 അദ്ധ്യായത്തിൽ തിന്മ ചെയ്തവരുടെ പുനരുത്ഥാനത്തെ കുറച്ചു ദൈവത്തിന്റെ പദ്ധതി വെളിപെടുത്തുന്നു. അപ്പോസ്തലനായ യോഹന്നാൻ ദൈവത്തിന്റെ അധികാരത്തെ പിടിച്ചടുക്കവാൻ സാത്താന്റെ അവസാന ശ്രമത്തെ വിവരിച്ചിരിക്കുന്നു.

ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽ നിന്നു അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പുറ

ത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിന്നായി കൂട്ടി ച്ചേർക്കേണ്ടതിന്നു വശീകരിപ്പാൻ പുറപ്പെടും. അവർ ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും; എന്നാൽ ആകാശത്തു നിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും.(വെളിപ്പാടു 20:7-10)

ആയിരമാണ്ട് വാഴ്ചയിൽ ക്രിസ്തുവിന്റെ ഭരണ കേന്ദ്രം യെരുശലേം ആയിരിക്കും. ഈ കാലത്ത് സാത്താൻ തടവിലായിരിക്കും. അവസാന യുദ്ധം ഈ ലോകത്തിലെ ജാതികുളുമായി നടക്കേണ്ടതിനു ആയിരമാണ്ട് വാഴ്ചയുടെ അവസാനം സാത്താനെ അഴിച്ചു വിടും. ഇതിൽ യെരൂശലേമിനെ ആക്രമിക്കാനായി ഒരു ശ്രമം ഉദ്യമിക്കും. ഇവിടെ ദൈവം ഇടപെട്ടു സ്വർഗ്ഗത്തിൽ നിന്നും തീ ഇറക്കി ശത്രുവിനെ തോൽപിക്കും. സാത്താനെ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിതിന് നിത്യ തീപ്പൊയ്കയിലേക്കു തള്ളിയിടും.

## അവസാന ന്യാനയവിധിയും നിത്യതയും

വെളിപ്പാടു പുസ്തകത്തിൽ ബാക്കിയുള്ള മരിച്ചവരുടെ അവസാന പുനരുത്ഥാനം വിവരിക്കുന്നു:

ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഔടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നിലക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന്നു ഒത്തവണ്ണം മരിച്ചവർക്കും അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഔരോരുത്തന്നു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.
(വെളിപ്പാടു20:11-15)

## സംക്ഷേപിക്കുന്നത്

ക്രിസ്തുവിൽ മരിച്ച എല്ലാ വിശ്വസ്ത വിശ്വാസികൾ ക്രിസ്തുവിന്റെ ആയിരമാണ്ട് വാഴ്ചയ്ക്ക് മുന്പ് കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കയും ചെയ്യും. ഇതാണ് ഒന്നാമത്തെ പുനരുത്ഥാനം, നിത്യജീവനായി നീതിമാന്മാരുടെ പുനരുത്ഥാനം. ആയിരമാണ്ട് അവസാന പുനരുത്ഥാനത്തിൽ ഭൂരിഭാഗം അനീതിയിൽ മരിച്ചവരുടെ പുനരുത്ഥാനമായിരിക്കും. ഈ അവസാന പുനരുത്ഥാനം ന്യായവിധിക്കായുള്ളതു. ഈ സംഭവത്തെ നിത്യന്യായവിധി എന്ന് പറയുന്നു, അടുത്ത അധ്യായത്തിലെ പഠന വിഷയമാണ്.

ന്യായവിധിക്ക് ശേഷം നീതി കെട്ടവരുടെ ഇടം തീപ്പൊയ്ക, ഇതിനെ ദൈവവചനം "രണ്ടാമത്തെ മരണം" എന്ന് വിളിക്കുന്നു. ദുഷ്ടന്മാർ ശാരീരിക മരണം അനുഭവിച്ചു, രണ്ടാമത്തെ മരണം പിന്നീട് അനുഭവിക്കും, നിത്യമായീ ദൈവമായുള്ള വേർപാട്. ഇതാണ് ആത്മീയ മരണം അല്ലെങ്കിൽ രണ്ടാമത്തെ മരണം. നീതിമാന്മാരുടെ നിത്യതയിലെ ഇടം ദൈവത്തോട് കുടെയുള്ള വാസം.

## പുനരുത്ഥാന സന്ദേശം

പുനരുത്ഥാനത്തെ കുറിച്ചുള്ള ഉപദേശം ക്രിസ്തിയ വിശ്വാസത്തിന്റെ അടിസ്ഥാന സത്യങ്ങൾ ആകുന്നു. സുവിശേഷത്തിന്റെ സന്ദേശം യേശു ക്രിസ്തുവിന്റെ ജീവനും മരണവും മാത്രമല്ല പുനരുത്ഥാനത്തെ കുറിച്ചുള്ള സന്ദേശം കൂടിയാണ്.

അപ്പൊസ്തലന്മാർ യേശുവിന്റെ പുനരുത്ഥാനം മരിച്ചവരുടെ പുനരുത്ഥാനം രണ്ടും പ്രസംഗിച്ചു:

അവർ ജനത്തെ ഉപദേശിക്കയാലും മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനത്തെ യേശുവിന്റെ ദൃഷ്ടാന്തത്താൽ അറിയിക്കയാലും.(അ. പ്രവൃത്തികൾ 4:2)

അവൻ യേശുവിനെയും പുനരുത്ഥാനത്തെയും പ്രസംഗിക്ക കൊണ്ടു:(അ പ്ര4:2)

മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചു കേട്ടിട്ടു ചിലർ പരിഹസിച്ചു; മറ്റു ചിലർ: ഞങ്ങൾ ഇതിനെപ്പറ്റി പിന്നെയും നിന്റെ പ്രസംഗം കേൾക്കാം എന്നു പറഞ്ഞു.(അപ്പൊസ്തല പ്രവൃത്തികൾ 17:18,32)

ഈ വാക്യങ്ങളിൽ പുനരുത്ഥാനത്തെ കുറിച്ച് ജനങ്ങൾ രണ്ടു വ്യത്യസ്ത പ്രതികരണങ്ങൾ സ്വികരിച്ചു എന്ന് കാണിക്കുന്നു. ചിലർ അത് വിശ്വസിച്ചില്ല, മറ്റു ചിലർ സന്ദേശത്തെ കേട്ടു. നമ്മുടെ ഉത്തരവാദിത്തം പുനരുത്ഥാന സന്ദേശം സുവിശേഷത്തിന്റെ ഭാഗമായി പങ്കിടുക എന്നതാണ്.

എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നിലനിൽക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വൃഥാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചു കൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഔർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു കേഫാവിന്നും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി .. അനന്തരം അവൻ യാക്കോബിന്നും പിന്നെ അപ്പൊസ്തലന്മാർക്കും എല്ലാവർക്കും പ്രത്യക്ഷനായി. എല്ലാവർക്കും ഒടുവിൽ അകാല പ്രജ പോലെയുള്ള എനിക്കും പ്രത്യക്ഷനായി;(1. കൊരിന്ത്യർ 15:1-8)

സുവിശേഷം പ്രസംഗിക്കുന്നത് പുനരുത്ഥാന സന്ദേശം കൂടാതെ പൂർണമാകയില്ല

ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ. എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തിരിക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതു പോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും.(1. കൊരിന്ത്യർ 15:14,19-22)

## സ്വയ പരീക്ഷ

1. പ്രധാന വാക്യം കാണാതെ എഴുതുക
2. ഭാവികാലത്ത് നടക്കുവാൻ പോകുന്ന രണ്ടു പുനരുത്ഥാനം ഏതൊക്കെ?
3. എല്ലാ മനുഷ്യരുടെ ആത്മാവ് അവസാനം എവിടെ പോകുന്നു എന്ന് ദൈവ വചനത്തിൽ വെളിപെടുത്തിയ രണ്ടു കാര്യങ്ങൾ ഏതൊക്കെ?
4. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന വായിക്കുക. ശരി എങ്കിൽ T എന്നും തെറ്റ് എങ്കിൽ F എന്ന് കൊടുക്കുക.
    a. മരിക്കാത്തവർ ആരും പുനരുത്ഥാനം ചെയ്യുകയില്ല.
    b. മരണ സമയത്ത് നീതിമാന്മാരുടെയും നീതികെട്ടവരുടെയും ആത്മാവ് തമ്മിൽ വേർപെടുന്നു.
    c. മരിച്ചവർ രക്ഷിക്കപെടുവാൻ പ്രാർത്ഥിക്കണം എന്നത് പ്രധാനം.
    d. ഇപ്പോൾ നീതിമാന്മാർ പോകുന്ന സ്ഥലം യേശു ക്രിസ്തുവിന്റെ മരണം പുനരുത്ഥാനത്തിനു മുന്പ് വത്യാസം ഉണ്ട്.
    e. ക്രിസ്തുവിന്റെ പുനരുത്ഥാനം പ്രധാനം ഉണ്ട് എന്നാൽ സുവിശേഷ സന്ദേശത്തിന്റെ ഭാഗം അല്ല.
5. പുനരുത്ഥാന സന്ദേശത്തിൽ മനുഷ്യന്റെ രണ്ടു പ്രതികരണങ്ങൾ ഏതു വാക്യത്തിൽ കാണിക്കുന്നു.

## തുടർന്ന് പഠികേണ്ടതിന്

മരിച്ചവരുടെ പുനരുത്ഥാനം, അടുത്ത അദ്ധ്യായത്തിൽ പഠിക്കേണ്ട നിത്യശിക്ഷാവിധി എന്ന വിഷയം ഭാവിയിൽ നടക്കേണ്ട സംഭവങ്ങൾ ദൈവ വചനത്തിൽ മുൻകൂട്ടി പറഞ്ഞിരിക്കുന്നു. ഈ സംഭവങ്ങൾ ഇതുവരെ നടന്നിട്ടില്ല, എന്നാൽ ദൈവം പ്രവചനത്തിലുടെ ഭാവിയിൽ നടക്കേണ്ട പദ്ധതിയുടെ അറിവ് നൽകിയിരിക്കുന്നു.

ഇനിയും കൂടതലായീ ഭാവിയിൽ നടക്കേണ്ട സംഭവങ്ങൾ ഉണ്ട് അത് ദൈവ വചനത്തിൽ വെളിപെട്ടിട്ടില്ല. വെളിപെടുത്തിയ കാര്യങ്ങൾ തന്നെ പല വിധത്തിലും വ്യാഖ്യാന പെടുത്തിയുട്ടുണ്ട്. മനുഷ്യൻ വെളിപെടുത്തിയ പല പ്രവചന വ്യാഖ്യാനങ്ങൾ എല്ലാം അറിയേണ്ട ആവശ്യം ഇല്ല. നടക്കേണ്ട സംഭവങ്ങളുടെ സമയങ്ങൾ അല്ലെങ്കിൽ വിവരങ്ങൾ ആണ് ഇതിൽ കൂടുതലും.

ക്രിസ്തിയ അടിസ്ഥാന ഉപദേശത്തിന്റെ പ്രധാനം ദൈവ വചനത്തിൽ എന്ത് സംഭവിക്കുന്നു എന്ന അറിവാണ്.

പ്രധാനപെട്ട സംഭവങ്ങൾ താഴെ കൊടുത്തിരിക്കുന്നതിൽ സൂചിപ്പിക്കുന്നു.

കർത്താവായ യേശു ക്രിസ്തു വിശ്വാസികൾക്ക് വേണ്ടി വീണ്ടും വരുമെന്ന് ദൈവവചനം പഠിപ്പിക്കുന്നു. യേശു തന്നെ അനുഗമിക്കുന്നവരോട് വാഗ്ദാനം ചെയ്തു:

എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും (യോഹന്നാൻ 14:2-3)

**A.** ആനന്ദപ്രയാണം: 1.തെസ്സലൊനീക്യർ 4:13-18ൽ ക്രിസ്തുവിന്റെ മടങ്ങി വരവിനെ കൂടതലായ് വിവരിച്ചിരിക്കുന്നു. ഈ മടങ്ങി വരവിനെയാണ് ആനന്ദ പ്രയാണം എന്ന് വിളികുന്നത്.

1. ക്രിസ്തു തന്നെ മടങ്ങി വരും (വാക്യം 16)
2. ക്രിസ്തുവിൽ മരിച്ചവർ അല്ലെങ്കിൽ വിശ്വാസികളായ് മരിച്ചവർക്ക് കല്ലറയിൽ നിന്ന് ഒരു ഉയിർത്തെഴുന്നേൽപ്പ് ഉണ്ടായിരിക്കും, (വാക്യം 16)
3. ഒരു ആനന്ദപ്രയാണം ഉണ്ടായിരിക്കും. (ഒരു വ്യക്തിയെ മറ്റൊരു സ്ഥലത്തേക്ക് കൊണ്ട് പോകുന്ന പ്രവൃത്തി). ക്രിസ്തുവിനെ എതിരേൽപ്പാൻ ഭുമിയിൽ നിന്നും വിശ്വാസികളെ ജീവനോടെ എടുക്കപെടും, (വാക്യം 17)
4. ക്രിസ്തുവിന്റെ മടങ്ങി വരവിൽ മുമ്പെ മരിച്ചവരും ജീവിച്ചിരിക്കുന്ന വിശ്വാസികളും തങ്ങളുടെ കർത്താവായ യേശു ക്രിസ്തുമായി ഒന്നായി ചേരും.

**B.** പീഡനകാലം: ദൈവവചനം പറയുന്നു ഭുമിയിൽ ഒരു വലിയ പീഡന സമയം ഉണ്ട്, ഇതിനെയാണ് പീഡനകാലം എന്ന് പറയുന്നത്.
1. പീഡനകാലം 42 മാസം അല്ലെങ്കിൽ 1260 ദിവസം നീണ്ടുനിൽക്കും (ദാനിയേൽ 9:24-27)
2. ഇത് വളരെ ദുഷ്കരമായ സമയം ആയിരിക്കും. ഈ ലോകത്തില പല വിധ ദുർഘടമായ സമയങ്ങൾ ഉണ്ടായിട്ടുണ്ട്, എന്നാൽ പീഡനകാലത്ത് നടക്കുന്ന മൂന്നു കാര്യങ്ങൾ മറ്റു സമയങ്ങളിലെ പീഡനമായി വ്യത്യാസം ഉണ്ട്.
   a) ആദ്യമേ ഇതു ലോക വ്യപകമായിരിക്കും (വെളിപ്പാടു 3:10)
   b) രണ്ടാമത്, ലോകത്തിന്റെ അവസാനം എത്തിയെന്ന് ജനം മനസിലാക്കും. (വെളിപ്പാടു 6:16)
   c) മൂന്നാമത്തെ, പീഡനത്തിന്റെ കാഠിന്യം ഇതുവരെ അനുഭവിച്ചതിനെക്കാൾ ഭയങ്കരമായിരിക്കും.(മത്തായി 24:4-14)
3. ഇതിന്റെ വിവരണം: ദൈവത്തിന്റെ ന്യായവിധികൾ ഒരു പരമ്പര ഭുമിയിൽ പീഡനകാലത്ത് ഉണ്ടായിരിക്കും. ഇതിന്റെ വിവരണം വെളിപ്പാടു 6:8-9 ലും മത്തായി 24:4-14 കാണാം.
4. പീഡനകാലത്തിനുള്ള കാരണങ്ങൾ: ദുഷ്ടമനുഷ്യർ ശിക്ഷിക്കപ്പെടണം, പിശാച് തോല്പിക്കപെടണം, എല്ലാ മനുഷ്യരും യേശു കർത്താവു എന്ന് ഏറ്റുപറയണം. ഇത് ദൈവത്തിന്റെ പദ്ധതി എഫെസ്യർ 1:8- ൽ പറഞ്ഞ പ്രകാരം പൂർണ്ണമാകും.

**C.** ആനന്ദപ്രയാണം നടക്കുന്ന സമയം
ചില ആളുകൾ വിശ്വസിക്കുന്നത് ആനന്ദപ്രയാണം നടക്കുന്നത് പീഡനകാലത്തിനു മുനമ്പ് ആയിരിക്കും. വിശ്വാസികൾ ഭുമിയിൽ നടക്കേണ്ട കഷ്ടങ്ങൾ അനുഭവിക്കുകയില്ല. മറ്റു ചിലർ ആനന്ദപ്രയാണം നടുക്കുന്നത് പീഡനകാലത്തിന്റെ നടുവിൽ ആയിരിക്കും. മറ്റു ചിലർ വിശ്വസിക്കുന്നത് പീഡന കാലത്തിന്റെ അവസാനം ആയിരിക്കും.

വിശ്വാസികളുടെ ആനന്ദപ്രയാണം നടക്കുന്ന സമയം പീഡന കാലത്തിനു മുമ്പ് ആയിരിക്കും എന്നതാണ് പൊതുവേയുള്ള വ്യാഖ്യാനം. വിവിധ സമയം നിശ്ചയിക്കലിന്റെ കാഴ്ചപാട് വചനത്തിൽ കൊടുത്തിരിക്കുന്ന വിവ രങ്ങളുടെ വ്യാഖ്യാനങ്ങളുണ്ട്. എന്നാൽ ഒരു വിശ്വാസിയുടെ പ്രാധാന്യം യേശുവിന്റെ വരവിനുകാത്തു ഒരുങ്ങിയിട്ടുണ്ടോ എന്നതാണ്.

**D.** സഹസ്രാബ്ദകാലം:

സഹസ്രാബ്ദകാലം.എന്നത് പീഡനകാലത്തിനുള്ള ശേഷം യേശു ക്രിസ്തു ആയിരം വര്ഷം ഭുമിയിൽ നീതിയോടെ ഭരിക്കുന്ന കാലം (സെഖര്യ്യാവു 14:9; ദാനിയേൽ 7:14). യെരുശലേം പട്ടണമായിരിക്കും ഭരണത്തിന്റെ കേന്ദ്രം (യെശയ്യാവു2:3) ഈ യുഗം അവസാനിക്കുമ്പോൾ പിശാച് ദൈവത്തൊട് അവ സാനമായീ യുദ്ധഘട്ടത്തിലായിരിക്കും. ഇവിടെ ദൈവം സ്വർഗ്ഗത്തിൽ നിന്നും തീ ഇറക്കി ശത്രുവിനെ തോല്പിക്കും. സാത്താനെ തീപ്പൊയ്കയിലേക്കു എ ന്നെന്നേക്കുമായീ തള്ളിയിടും;(വെളിപ്പാടു 20;10)

**E.** ന്യായവിധി

എല്ലാ സൃഷ്ടികളും ദൈവത്താൽ ന്യായംവിധിക്കപെടും. ഇതിനെയാണ് നിത്യ ശിക്ഷാവിധിയായി അറിയപെടുന്നത്. ഇതാണ് അടിസ്ഥാന ഉപദേശത്തിന്റെ അവസാന പ്രമാണം (എബ്രായർ 6:1-3). അവിശ്വാസിയായി മരിക്കുന്നവർ നിത്യശിക്ഷവിധിക്കായീ ഉയിർത്തെഴുന്നേൽക്കും, കാരണം അവർ പാപത്തിൽ നിന്നും മാനസാന്തരപെട്ടില്ല. യേശുവിനെ രക്ഷകനായീ സ്വീകരിച്ചില്ല അവർ നിത്യശിക്ഷ വിധിയിൽ നരകത്തിൽ ആയിരിക്കും. സത്യാവിശ്വാസികൾ പാപത്തിൽ നിന്ന് മാനസാന്തരപെട്ട്, യേശുവിനെ രക്ഷകനായീ സ്വീകരിച്ച് വിശുദ്ധിയിൽ ജീവിച്ചവർ നിത്യതയിൽ ദൈവസന്നിധിയിൽ ആയിരിക്കും. (വെളിപ്പാടു 21)

# അദ്ധ്യായം - 10

## നിത്യശിക്ഷാവിധി [അന്ത്യ ന്യായവിധി]

**ഉദ്ദേശ്യം**

ഈ അദ്ധ്യായം പൂർത്തികരികുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും:

- പ്രധാന വാക്യം കാണാതെ എഴുതുക
- ന്യായവിധി എന്ന വാക്യത്തിന്റെ അർത്ഥം വിവരിക്കുക
- എന്തുകൊണ്ട് ന്യായവിധി ആവശ്യമായത് എന്ന് വിവരിക്കുക
- അന്ത്യ ന്യായവിധി ആരായിരിക്കും വിധിക്കുന്നതെന്നു തിരിച്ചറിയുക
- അന്ത്യ ന്യായവിധി ആരെ ആയിരിക്കും വിധിക്കുന്നതെന്നു തിരിച്ചറിയുക
- ഏതു അടിസ്ഥാനത്തിൽ അന്ത്യ ന്യായവിധി വിധിക്കുന്നതെന്നു വിവരിക്കുക

**പ്രധാന വാക്യം**

യഹോവ നമ്മുടെ ന്യായാധിപൻ; യഹോവ നമ്മുടെ ന്യായദാതാവു; യഹോവ നമ്മുടെ രാജാവു; അവൻ നമ്മെ രക്ഷിക്കും.(യെശയ്യാവു 33:22)

### മുഖവുര

ആറാമത്തെ അടിസ്ഥാന ഉപദേശമായ ക്രിസ്തിയ വിശ്വാസത്തിന്റെ അവസാന വിഷയമാണ് നിത്യശിക്ഷാവിധി [അന്ത്യ ന്യായവിധി].

പഴയ നിയമത്തിൽ ന്യായവിധി എന്ന വാക്യം രണ്ടു വിധത്തിൽ ഉപയോഗിച്ചിരിക്കുന്നു. ഒന്നാമത്തെത് ചട്ടം. സാക്ഷ്യം, ന്യായപ്രമാണം. രണ്ടാമത്തെത് മനുഷ്യരുടേയും ദേശത്തിന്റെയും സംബന്ധിക്കുന്ന ദൈവത്തിന്റെ ന്യായവിധി. രണ്ടാമത്തേ ന്യായവിധി എന്ന വാക്യത്തിന്റെ അർത്ഥം തന്നെയാണ് പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഇതേ അർത്ഥമാണ് നിത്യശിക്ഷാവിധി [അന്ത്യ ന്യായവിധി] എന്ന വാക്യത്തിനു ഉപയോഗിച്ചിരിക്കുന്നത്.

### വ്യാഖ്യാനം

വിധിക്കുക എന്ന വാക്യത്തിന്റെ അർത്ഥം വേർതിരിക്കുക അല്ലെങ്കിൽ തമ്മിൽ വ്യത്യാസം ഉണ്ടാക്കുക. ഇതിൽ ഉൾപ്പെടുന്നത് പരീക്ഷയിൽ കൊണ്ടുവരുക, തെളിവ് പരിശോധിക്കുക, തെറ്റു അല്ലെങ്കിൽ ശരിയെന്നു ഉറപ്പുവരുത്തുക. പാപത്തിന്റെ ശിക്ഷ തീരുമാനിക്കുക. വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന നിത്യ ന്യായവിധി എല്ലാ ആത്മാക്കളും അവസാനമായി നിത്യതയിൽ എവിടെ ആയിരിക്കും എന്ന് തീരുമാനിക്കുന്നതാണ്.

### ന്യായാധിപൻ

**ദൈവം ന്യായാധിപൻ ആകുന്നു**:

യഹോവ നമ്മുടെ ന്യായാധിപൻ.(യെശയ്യാവു 32:22)

എല്ലാവരുടെയും ദൈവമായ ന്യായാധിപതിക്കും (എബ്രായർ 12:23)

മനുഷ്യന്റെ പാപപെരുമാറ്റത്തെ ദൈവം ന്യായം വിധിക്കുന്നു. ദൈവത്തിന്റെ

യഥാർത്ഥ ആഗ്രഹം ന്യായംവിധിക്കുന്നതല്ല, എന്നാൽ എല്ലാ മനുഷ്യരും യേശു ക്രിസ്തുവിന്‌റെ അറിവിലേക്ക്, രക്ഷയിലേക്കും വരണം എന്നുള്ളതാണ്.

ദൈവം തന്‌റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ (യോഹന്നാൻ 3:17)

ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്‌റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു.(2.പത്രൊസ് 3:9)

എല്ലായിടത്തും എല്ലാ മനുഷ്യരും മാനസാന്തരപ്പെടുവാൻ ആകുന്നു ദൈവത്തിന്‌റെ ഇഷ്ടം. അവർ പാപത്തിൽ നിന്നും മാനസാന്തരപ്പെട്ടില്ലയെങ്കിൽ അവന്‌റെ ശിക്ഷാ വിധിയിൽ അകപ്പെടും.

എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു. താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. (അ. പ്ര. 17: 30-31)

**യേശു ക്രിസ്തു**

ദൈവം ന്യായം വിധിപ്പാൻ യേശുവിന് അധികാരം കൊടുത്തു:

പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രന്നുകൊടുത്തിരിക്കുന്നു. അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധിനടത്തുവാൻ അവന്നു അധികാരവും നല്കിയിരിക്കുന്നു.(യോഹന്നാൻ 5:23,27)

**വിശുദ്ധന്മാർ**

അന്ത്യന്യായവിധിയിൽ വിശുദ്ധർ ലോകത്തെ വിധിക്കുന്നതിൽ സഹായിക്കും.

വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്നു അറിയുന്നില്ലയോ? ലോകത്തെ നിങ്ങൾ വിധിക്കുമെങ്കിൽ ഏറ്റവും ചെറിയ സംഗതികളെ വിധിപ്പാൻ നിങ്ങൾ അയോഗ്യരോ? നാം ദൂതന്മാരെ വിധിക്കും എന്നു നിങ്ങൾ അറിയുന്നില്ലയോ? (1.കൊരിന്ത്യർ 6;2-3)

**ന്യായവിധിയുടെ നിലവാരം**

എല്ലാവരയും ന്യായവിധിക്കുന്നതിന്‌റെ നിലവാരം ദൈവവചനം ആകുന്നു.

എന്‌റെ വചനം കേട്ടു പ്രമാണിക്കാത്തവനെ ഞാൻ വിധിക്കുന്നില്ല; ലോകത്തെ വിധിപ്പാനല്ല, ലോകത്തെ രക്ഷിപ്പാനത്രേ ഞാൻ വന്നിരിക്കുന്നതു. എന്‌റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ടു; ഞാൻ സംസാരിച്ച വചനം തന്നേ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും.(യോഹന്നാൻ 12:47-48)

നമ്മളെ ന്യായം വിധിക്കുന്നത് പരമ്പരാഗതമായ അഭിപ്രായമോ വിശ്വാസമോ, മനുഷ്യന്‌റെ ആചാരങ്ങളെ അടിസ്ഥാനമാക്കിയുള്ള നിലവാരത്തിലല്ല, എതെങ്കിലും സംഘടനയുടയോ സമുദായത്തിന്‌റെയോ അടിസ്ഥാനത്തിലല്ല. എന്നേക്കും സ്ഥിരമായ ദൈവ വചനത്തിന്‌റെ അടിസ്ഥാന നിലവാരത്തിലാണ് നമ്മളെ ന്യായം വിധിക്കുന്നത്.

യഹോവേ, നിന്‌റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു. (സങ്കീർത്തനങ്ങൾ 119:89)

## ന്യായവിധിയുടെ കാരണങ്ങൾ

ബൈബിൾ ന്യായവിധിയുടെ ആവശ്യത്തെ വെളിപെടുത്തുന്നു, എന്തുകൊണ്ടെന്നാൽ പാപം ദൈവത്തിന്റെ ന്യായപ്രമാണത്തിന്റെ വിരുദ്ധമായി അനീതിയും അവിശ്വാസം, അതിക്രമങ്ങൾ, ദോഷം പ്രവർത്തിക്കുന്നു,

പാപത്തെ കുറച്ചുള്ള വ്യത്യസ്ത വാക്കുകൾ ഇതെല്ലാം ആണ്.

**ന്യായപ്രമാണം ഇല്ലാതെ പാപം**

ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ ഒക്കെയും ....ന്യായപ്രമാണത്താൽ വിധിക്കപ്പെടും.(റോമർ 2:12)

**ഭക്തികെട്ട**

ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നുകളയുന്നു (2.പത്രൊസ് 3:7)

ഇതാ കർത്താവു എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം (യൂദാ 15)

**നീതികെട്ടവർ**

കർത്താവു ഭക്തന്മാരെ പരീക്ഷയിൽനിന്നു വിടുവിപ്പാനും നീതികെട്ടവരെ, വിശേഷാൽ മലിന മോഹംകൊണ്ടു ജഡത്തെ അനുസരിച്ചു നടക്കയും കർത്തൃത്വത്തെ നിന്ദിക്കയും ചെയ്യുന്നവരെ തന്നേ,(2.പത്രൊസ് 2;9)

**അവിശ്വസി**

അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജതാനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു.(യോഹന്നാൻ 3:18)

**ലംഘനം**

അങ്ങനെ ഏകലംഘനത്താൽ സകലമനുഷ്യർക്കും ശിക്ഷാവിധിവന്നതുപോലെ ഏകനീതിയാൽ സകലമനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു. (റോമർ 5:18)

**ദുഷ് പ്രവർത്തി**

ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതു ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നേ.(യോഹന്നാൻ 3:19)

## ദിവ്യമായ ന്യായവിധിയുടെ അടിസ്ഥാനതത്ത്വം

ഈ ലോകത്തിലെ ന്യായവിധിയുടെ അടിസ്ഥാനതത്ത്വം ഓരോ രാജ്യങ്ങൾ തമ്മിലും പട്ടണങ്ങൾ തമ്മിലും വ്യത്യസ്തമാണ്. ലോകത്തിന്റെ ന്യായവിധികളും, ശിക്ഷാവിധികളും തമ്മിൽ വ്യത്യസ്തങ്ങൾ ആകുവാനുള്ള കാരണം ജനങ്ങൾ ചില പ്രവർത്തികളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. ഒരേ പ്രവർത്തി ഒരു സംസ്ക്കാരത്തിനു തെറ്റായീ വ്യാഖ്യാനിക്കുന്നു മറ്റു സംസാക്കാരത്തിനു അംഗീകാരയോഗ്യമായീ കാണുന്നു. ഉദാഹരണമായി പശുവിനെ കൊല്ലുന്നത് അമേരിക്കയിൽ ഇറച്ചി ഭക്ഷണമായീ ഉപയോഗികുന്നതിന് എന്നാൽ ഇന്ത്യയിൽ പശുവിനെ പവിത്രമായീ ചിലർ പരിഗണിക്കുന്നു.

മനുഷ്യന്റെ ന്യായവിധിയുടെ അടിസ്ഥാനതത്ത്വം വ്യത്യസ്തമാണ് കാരണം വിധിയുടെ നിലവാരം അവരുടെ ഇടയിൽ വ്യത്യസ്തമാകുന്നു. എന്നാൽ ദൈവത്തിന്റെ ന്യായവിധിയുടെ അടിസ്ഥാന തത്വത്തിൽ മാറ്റമില്ല.

ദൈവം വിധികുന്നത്:

**ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ**

ദൈവത്തിന്റെ ന്യായപ്രമാണം ന്യായവിധിയുടെ അടിസ്ഥാനതത്ത്വം അവന്റെ വചനത്തിൽ സ്ഥിരപെടുത്തിയിരിക്കുന്നു.
യഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു. (സങ്കീർത്തനങ്ങൾ 119:89)

**അറിവിന്റെ അനുസരണമായി**

ദൈവത്തിത്തിൽ നിന്ന് ലഭിച്ച അറിവിന്റെ അനുസരണമായിരിക്കും മനുഷ്യന്റെയും രാജ്യങ്ങളുടെയും ന്യായവിധി. യേശു പറഞ്ഞത് ചിലരെ സോദോം, ഗമോര്യർ. നിനവേ, സോരിലും, സിദോണ് പട്ടണത്തേക്കാൾ കഠിനമായി ന്യയം വിധിക്കും. ഈ ദോഷ പട്ടണങ്ങളെ ദൈവം പഴയ നിയമത്തിൽ ന്യായവിധിക്കുകയും ശിക്ഷിക്കുകയും ചെയ്തു.

യേശു ഇങ്ങിനെ കഠിനമായി ന്യയം വിധിക്കും എന്ന് പ്രസ്താവിക്കുവാൻ കാരണം ചില പുതിയ നിയമ പട്ടണങ്ങൾ ദൈവത്തെ കുറിച്ചുള്ള അറിവ് കൂടുതലായി ലഭിച്ചത് കൊണ്ട്. ഈ പട്ടണത്തിൽ യേശു തന്നെ ശുശ്രുഷിക്കയും, വീര പ്രവർത്തികൾ പ്രകടിപ്പിക്കയും ചെയ്തിട്ടും ഈ പട്ടണത്തിലെ ജനങ്ങൾ മാനസാന്തരപെട്ടില്ല. യേശുവിന്റെ മുന്നറിയിപ്പ്:

കോരസീനേ, നിനക്കു ഹാ കഷ്ടം; ബേത്ത് സയിദേ, നിനക്കു ഹാ കഷ്ടം; നിങ്ങളിൽ നടന്ന വീര്യപ്രവൃത്തികൾ സോരിലും സീദോനിലും നടന്നിരുന്നു എങ്കിൽ അവർ പണ്ടുതന്നേ രട്ടിലും വെണ്ണീറിലും മാനസാന്തരപ്പെടുമായിരുന്നു. എന്നാൽ ന്യായവിധിദിവസത്തിൽ നിങ്ങളെക്കാൾ സോരിന്നും സീദോന്നും സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു. നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളംവരെ താണുപോകും; നിന്നിൽ നടന്ന വീര്യപ്രവൃത്തികൾ സൊദോമിൽ നടന്നിരുന്നു എങ്കിൽ അതു ഇന്നുവരെ നിലക്കുമായിരുന്നു. എന്നാൽ ന്യായവിധിദിവസത്തിൽ നിന്നെക്കാൾ സൊദോമ്യരുടെ നാട്ടിന്നു സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു. (മത്തായി11:21-24)

നീനെവേക്കാർ ന്യായവിധിയിൽ ഈ തലമുറയോടു ഒന്നിച്ചു എഴുന്നേറ്റു അതിനെ കുറ്റം വിധിക്കും; അവർ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടുവല്ലോ; ഇതാ, ഇവിടെ യോനയിലും വലിയവൻ (മത്തായി12:41)

ദൈവത്തിന്റെ വെളിപ്പാട് ഒരു പൊതുവായ അത്ഭുത സൃഷ്ടിയിലൂടെ എല്ലാ മനുഷ്യർക്കും കൊടുത്തിരിക്കുന്നു.

ദൈവം അവർക്കും വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കും പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ.(റോമർ 1:20)

ഈ പൊതുവായ ദൈവത്തിന്റെ അറിവ് എല്ലാ മനുഷ്യർക്കും അത്ഭുത സൃഷ്ടിയിലൂടെ മനുഷ്യന്റെ അടിസ്ഥാന ന്യായവിധിക്കായ് കൊടുത്തിരിക്കുന്നു. ദൈവവചനം കേട്ട് വെളിപ്പാട് അധികമായി ലഭിച്ചവർക്ക് വലിയ അറിവിന്റെ നിലവാരത്തിൽ ന്യായവിധി ഉണ്ടായിരിക്കും.

## വ്യക്തിഗതമായി

ഓരോ വ്യക്തിയും ന്യായവിധിക്കുന്നത് വ്യക്തിഗതമായിരിക്കും.

പാപം ചെയ്യുന്ന ദേഹി മരിക്കും; മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട; അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട; നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെമേലും ഇരിക്കും. (യെഹെസ്കേൽ 18:20)

ഓരോ വ്യക്തിയുടെ ന്യായവിധി നിർണ്ണയിക്കുന്നത് ഒരു വിഭാഗമായിട്ടല്ല. അത് ഒരു വ്യക്തിയുടെ അടിസ്ഥാനത്തിലാണ്.

## സത്യാനുസരണയായി

എന്നാൽ ആവക പ്രവർത്തിക്കുന്നവരുടെ നേരെ ദൈവത്തിന്റെ വിധി സത്യാനുസരണയായിരിക്കുന്നു എന്നു നാം അറിയുന്നു.(റോമർ 2:2)

## പ്രവർത്തിക്ക് അനുസരണമായി

ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ പ്രവൃത്തിക്ക് അനുസരണമായി ന്യായവിധിക്കായി നിൽക്കേണ്ടിവരും.

അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.(2കൊരിന്ത്യർ 5:10

മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നിലക്കുന്നതും കണ്ടു; അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി.(വെളിപ്പാടു 20:12)

## മുഖപക്ഷം കൂടാതെ

ന്യായവിധിക്കുന്നത് മുഖപക്ഷം കൂടാതെ ആയിരിക്കും. അതിന്റെ അർത്ഥം ആരോടും പ്രത്യേക പ്രീതി, സമ്പത്തിന്റെ അടിസ്ഥാനം, സാമൂഹിക സ്ഥാനം, പ്രത്യേക വിഭാഗം, വിദ്യാഭ്യാസ യോഗ്യത കൂടാതെ ആയിരിക്കും.

മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവു എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ (1.പത്രൊസ് 1:17)

മുഖപക്ഷം എന്നാൽ പുറമേ കാണുന്ന ബാഹ്യരൂപം, വ്യക്തി, ബന്ധുത്വം, സ്ഥാനം, സമ്പത്ത് എന്നിവയിൽ അടിസ്ഥാനമാക്കി സ്വാധീനിച്ച് വിധിക്കുന്നത്. ദൈവത്തിന്റെ ന്യായവിധിയിൽ ഇതുപോലെയുള്ള സ്വാധീനങ്ങൾ ഇല്ല.

മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കണ്ണിന്നു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു എന്നു അരുളിച്ചെയ്തു.(1ശമുവേൽ 16:7

## ന്യായപ്രമാണത്തിനു തക്കതായ

ന്യായപ്രമാണം ഉണ്ടായിട്ടു പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണത്താൽ വിധിക്കപ്പെടും.(റോമർ 2:12)

**നീതിക്ക് തക്കതായ**

അവൻ ലോകത്തെ നീതിയോടെ വിധിക്കും(സങ്കീർത്തനങ്ങൾ9:8;96:13) യഹോവ ലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടുംകൂടെ വിധിക്കും; ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. (അപ്പൊസ്തല പ്രവൃത്തികൾ 17:31)

നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്കു (റോമർ 2:5)

**ആലോചനകളും ഉദ്ദേശ്യവും അനുസരിച്ച്**

ആകയാൽ കർത്താവു വരുവോളം സമയത്തിന്നു മുമ്പെ ഒന്നും വിധിക്കരുതു; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്നു ഔരോരുത്തന്നു ദൈവത്തിങ്കൽനിന്നു പുകഴ്ച ഉണ്ടാകും.(1.കൊരിന്ത്യർ 4:5)

ദൈവം യേശു ക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷപ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നേ.(റോമർ 2:16)

## ന്യായവിധിയുടെ സമയം

ദൈവവചനം ഭൂതകാലം, വർത്തമാനകാലം, ഭാവികാലം ഉണ്ടെന്നു സൂചിപ്പിക്കുന്നു.

**ഭൂതകാല ന്യായവിധി**

ദൈവത്തിന്റെ ഭൂതകാലന്യായവിധിയുടെ ഒരു സംഭവ വിവരണമാണ് ദൈവവചനം. ആദാമിന്റെയും ഹവ്വയുടെയും തൊട്ടു മനുഷ്യരോടും രാജ്യങ്ങളോട്മുള്ള ദൈവത്തിന്റെ ന്യായവിധിയുടെ വിവരണം.

ദൈവവചനം രണ്ടു പ്രത്യക ഭൂതകാല ന്യായവിധിയെ പറ്റി എഴുതിയിരിക്കുന്നു. അത് സാത്താനെയും ലോകത്തെയും കുറിച്ചുള്ള വിധിയാണ്. ഇവ രണ്ടിനെയും ദൈവം വിധിക്കയും, ശിക്ഷിക്കയും ചെയ്തു.

**സാത്താനും അവന്റെ ദൂതന്മാരും**

യേശുക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും വഴി ദൈവം സാത്താൻ മേൽ അന്തിമ ശിക്ഷാ വിധിച്ചു.

ഈ ലോകത്തിന്റെ പ്രഭു (സാത്താൻ) വിധിക്കപ്പെട്ടിരിക്കകൊണ്ടു (യോഹന്നാൻ 16:11)

വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു (സാത്താൻ സേനയെ) ക്രൂശിൽ അവരുടെമേൽ(യേശു) ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി.(കൊലൊസ്സ്യർ 2:15)

ദൈവം സാത്താൻമേൽ ഇതിനകം അന്തിമശിക്ഷാ വിധിച്ചു. ഈ ലോകത്തിന്റെ അവസാനത്തിൽ ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും കാലംവരെ അവന് പരിമിതമായ പ്രവർത്തനം അനുവദനീയമാണ്. എന്നാൽ അവൻ കുറ്റം ചുമത്തപ്പെട്ടവനായി മുമ്പേ തന്നെ വിധിക്കപെട്ടു. സ്വർഗ്ഗത്തിൽ ദൈവത്തിന്റെ സ്വന്ത വാസസ്ഥലം വിട്ടുപോയ അവന്റെ ദൂതന്മാരും അവനോടു കൂടെ മത്സരിച്ചവരും ഇതിനകം വിധിക്കപ്പെട്ടവരാണ്.

തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു.(യൂദാ 6)

7

## ഈ ലോകം

യേശു പറഞ്ഞത്: ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു;(യോഹന്നാൻ12:31

ഈ ലോകം പാപത്തിന്റെ സാന്നിദ്ധ്യം ഉള്ളത്കൊണ്ട് നാശഹേതുകമായി, മുമ്പേ തന്നെ ദൈവത്താൽ വിധിക്കപെട്ടു. ബൈബിൾ പറയുന്നത് ഈ ലോകം തീയാൽ നശിച്ചു പോകും.

കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും.(2.പത്രൊസ് 3;10)

## ഇപ്പോഴത്തെ ന്യായവിധി

ഇപ്പോഴത്തെ ന്യായവിധി അത് തുടർച്ചയായി നടന്നു കൊണ്ടിരിക്കുന്നു. എല്ലാ മനുഷ്യരും ഇപ്പോൾ ദൈവത്തിന്റെ സന്നിധിയിൽ പാപികളായിട്ടും നീതിമ്മാർ ആയിട്ടും വിധിക്കുന്നു. ഇപ്പോഴത്തെ മനുഷ്യന്റെ ന്യായവിധി യേശുവിനെ രക്ഷകനായി സ്വീകരിച്ചുവോ ഇല്ലയോ എന്ന അടിസ്ഥാനത്തിൽ ആകുന്നു.

അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു.(യോഹന്നാൻ 3:18)

ഇപ്പോഴത്തെ അവിശ്വാസികളുടെ ന്യായവിധി ദൈവത്തിന്റെ കോപം കാണിച്ചു കൊണ്ടാണ് കാരണം അവർ സത്യത്തെ തടുക്കുന്നു.

അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു.(റോമർ 1:18)

വിശ്വാസികളുടെ ഇപ്പോഴത്തെ ന്യായവിധി ദൈവസ്നേഹത്തിലാണ്. അവൻ അവരെ തെറ്റു ചെയുമ്പോൾ തിരുത്തുന്നു.

മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുതു; അവൻ ശാസിക്കുമ്പോൾ മുഷികയുമരുതു. കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു" എന്നിങ്ങനെ മക്കളോടു എന്നപോലെ നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല കൗലടേയന്മാരത്രേ.(എബ്രായർ 12:5,6,8)

നമ്മുടെ സ്വാഭാവികമായ പിതാവ് കുട്ടികളെ തെറ്റു ചെയുമ്പോൾ തിരുത്തുന്നതുപോലെ. ദൈവം തന്റെ മക്കൾ തെറ്റ് ചെയുമ്പോൾ പാപപെരുമാറ്റ രീതിയാൽ വിധിക്കുന്നു. ദൈവം സ്നേഹത്താൽ തെറ്റ് തിരുത്തുന്നു, ദൈവത്തിന്റെ ബാലാ ശിക്ഷാ ഒരു പ്രത്യേക ലക്ഷ്യത്തിന് വേണ്ടിയാണു.

.ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല ദുഃഖകരമത്രേ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കും നീതി എന്ന സമാധാന ഫലം ലഭിക്കും.(എബ്രായർ 12:11)

### ഭാവിയിലുള്ള ന്യായവിധി

ഭാവിയിലുള്ള ന്യായവിധി എന്ന് എബ്രായർ 6 ൽ പറയുന്ന നിത്യ ന്യായവിധി മരണ ശേഷമാണ് നടക്കുന്നത്.

ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കും നിയമിച്ചിരിക്കയാൽ (എബ്രായർ 9:27)

നീതിമാരുടെയും നീതികെട്ടവരുടേയും നിത്യത മരണശേഷം വ്യത്യസ്തമാണ്. എന്നാൽ അന്ത്യന്യായവിധിയിലുടെ നടക്കുന്ന നിത്യത ലോകഅവസാനത്തിൽ പുനരുത്ഥാനം സംഭവിക്കുമ്പോൾ നടക്കും.

ഞാൻ ദൈവത്തെയും, ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനെയും സാക്ഷിവെച്ചു അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യം ചെയ്തു കല്പിക്കുന്നതു;(2.തിമൊഥെയൊസ് 4:1)

ആദാംമുതൽ ഏഴാമനായ ഹനോക്കും ഇവരെക്കുറിച്ചു: "ഇതാ കർത്താവു എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളുംനിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകലനിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടു കൂടെ വന്നിരിക്കുന്നു" എന്നു പ്രവചിച്ചു.(യൂദാ 14,15)

### നിത്യന്യായവിധിയുടെ സ്ഥലനിർണ്ണയം

അന്ത്യ ന്യായവിധി സംഭവിക്കുന്നത് മൂന്നു സ്ഥലങ്ങളിൽ നടക്കും.

### ക്രിസ്തുവിന്റെ ന്യായാസനം

ഇവിടെ നടക്കുന്ന ന്യായവിധി യഥാർത്ഥ വിശ്വാസികളിൽ ആയിരിക്കും.

എന്നാൽ നീ സഹോദരനെ വിധിക്കുന്നതു എന്തു? അല്ല നീ സഹോദരനെ ധിക്കരിക്കുന്നതു എന്തു? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്നു മുമ്പാകെ നിൽക്കേണ്ടിവരും.(റോമർ 14:10)

അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.(2കൊരിന്ത്യർ 5:10

### മഹത്വത്തിന്റെ സിംഹാസനം

രണ്ടാമത്തെ ന്യായവിധി നടക്കുന്ന സ്ഥലത്തെ വിളിക്കുന്നത് മഹത്വത്തിന്റെ സിംഹാസനം. ഇത് നടക്കുന്നത് പീഡനകാലത്ത് ഭുമിയിൽ ശേഷിക്കുന്നവരിൽ ആയിരിക്കും. നീതിമാൻ യേശുവിന്റെ ആയിരമാണ്ടു വാഴ്ചക്ക് മുൻപ് പുനരുത്ഥാനം പ്രാപിച്ച് ന്യായംവിധിക്കും

ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കും ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവ വചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊ

ള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു. അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു. മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല.(വെളിപ്പാടു 20:4-5)

**വെള്ളസിംഹാസനം**

ന്യായവിധി നടക്കുന്ന അവസാനത്തെ സ്ഥലത്തെ വിളിക്കുന്നത് "വെള്ള സിംഹാസനം". ഇവർ മരിച്ചവരായി ശേഷിച്ചവർ, ആയിരംആണ്ടു വാഴ്ചയുടെ അവസാനത്തിൽ പുനരുത്ഥാനം പ്രാപിച്ചക്കൂട്ടരാകുന്നു ഇവിടെ ന്യായംവിധിക്കുന്നത്. ഇത് രണ്ടാമത്തെ പുനരുത്ഥാനം.

ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഔടിപ്പോയി; അവയെ പിന്നെ കണ്ടില്ല.(വെളിപ്പാടു 20:11-15)

അനീതി പ്രവർത്തിച്ചവർ പാപം നിമിത്തം ശിക്ഷാ വിധിച്ച് സാത്താന്റെയും അവന്റെ ദൂതന്മാരുടെ കൂടെ ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും.

## നിത്യശിക്ഷാവിധി [നിത്യ ന്യായവിധി]

അവസാന ന്യായവിധിയിൽ ജനങ്ങളെ അടിസ്ഥാനമായി രണ്ടായി വിഭാഗിച്ചു വിശ്വാസികളും അവിശ്വാസികളും തമ്മിൽ ആയിരിക്കും.

**വിശ്വാസികൾ**

സത്യവിശ്വാസികളേ അവരുടെ പ്രവൃത്തിക്കനുസരിച്ച് വിധിച്ച് പ്രതിഫലം കൊടുക്കും

ആകയാൽ നമ്മിൽ ഔരോരുത്തൻ ദൈവത്തൊടു കണക്കു ബോധിപ്പിക്കേണ്ടി വരും.(റോമർ 14:12)

അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.(2കൊരിന്ത്യർ 5:10

വിശ്വാസികളെ ന്യായം വിധിക്കുന്നത് തങ്ങളുടെ ജീവിതത്തെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെ പണിതു.

ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്നു, വെള്ളി, വിലയേറിയ കല്ലു, മരം, പുല്ലു, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും; ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടുവരും; ഔരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നേ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനിലക്കും എങ്കിൽ അവന്നു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന്നു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽകൂടി എന്നപോലെ അത്രേ.(1.കൊരിന്ത്യർ 3:12-15)

ഈ ഭൌമിക ലോകത്തിൽ മരം, പുല്ലു, വൈക്കോൽ എന്നിവ പുറമേ വളരുന്നവ. അവ വേഗം തീകത്തിപോകും. ഇതു ഒരു ഉദാഹരണം, ചില വിശ്വാസികൾ വേല ചെയ്യുന്നത് മനുഷ്യരെ കാണിക്കുവാൻ വേണ്ടി. അവരുടെ വേലയുടെ ഉദ്ദേശ്യം തെറ്റ് ആയിരുന്നു. പൊന്നു, വെള്ളി എന്നിവ തീയാൽ നശിച്ചു പോകുകയില്ല. ഭൌമിക ലോകത്തിൽ ഈ പദാർത്ഥങ്ങൽ മനുഷ്യർക്ക് കാണാതെ

ഭൂമിക്ക് താഴെയാണ്. ഇതു നേരയുള്ള ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നവരുടെ ഉദാഹരണം. മനുഷ്യരാൽ കാണുകയോ പുകഴ്ത്തപ്പെടുകയോ ചെയ്യാത്തവർ. അവരുടെ പ്രവർത്തി ദൈവരാജ്യത്തിൽ വലിയത് കാരണം അവർ ചെയ്യ്തത് നല്ല ഉദ്ദേശ്യത്തോടെ കൂടി ആയിരുന്നു.

പരമാർത്ഥ വിശ്വാസികളുടെ പ്രവൃത്തികൾ അനുസരണയുടെ അടിസ്ഥാനത്തിൽ ന്യയംവിധികുന്നത്. മത്തായി 25ൽ പറഞ്ഞ താലന്തിന്റെ ഉപമയും ലൂക്കോസ് 19ൽ പറഞ്ഞ റാത്തൽ ദ്രവ്യത്തിന്റെ ഉപമയും യേശു ഈ സത്യത്തെ പ്രസ്താവിക്കുന്നു.

ഈ രണ്ടു ഉപമയിലും, എന്ത് കൊടുത്തത് എന്ത് ചെയ്തു എന്ന അടിസ്ഥാനത്തിലാണ് ദാസന്മാരെ ന്യായം വിധിക്കുന്നത്. അവർക്ക് കൊടുത്തത് വ്യാപാരം ചെയ്യുവാൻ യജമാനൻ പറഞ്ഞു, അനുസരണയില്ലാത്ത ദാസന്മാരെ അവിശ്വസ്തരായി ന്യായം വിധിച്ചു.

നമ്മുടെ യജമാനൻ ഈ ഉപമയിലെ പോലെ നമുക്ക് ഉത്തരവാദിത്വം തന്നിരിക്കുന്നു. ഈ ഉത്തരവാദിത്തെ മഹത്തായ ദൗത്യം എന്നാണ് പറയുന്നത്.

ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു.(മത്തായി 28:19-20)

ദൈവം നമുക്കു നൽകിയ സുവിശേഷത്തിന്റെ സന്ദേശം നാം എടുത്തു അതു ലോകമെമ്പാടും മറ്റുള്ളവരുമായി പങ്കുവെക്കുകയും. ഈ ദൗത്യം അനുസരിക്കുമ്പോൾ ദൈവം നമുക്കു തന്ന നിക്ഷേപം വർദ്ധിക്കുവാനാകും

ചില വിശ്വാസികൾക്ക് മറ്റുള്ളവരെക്കാൾ കൂടുതൽ മഹത്തായ ദൗത്യത്തിന്റെ ഉത്തരവാദിത്വം ഉണ്ടായിരിക്കും. ചിലരെ ഇടയന്മാരായും, സുവിശേഷകന്മാരായും, ഉപദേഷ്ടാക്കന്മാരായും വിളിക്കുന്നു. എന്നാൽ രക്ഷിക്കപെട്ട എല്ലാ വിശ്വസികൾക്കും സുവിശേഷത്തിന്റെ പങ്കാളിയാകുവാൻ ഉത്തരവാദിത്വം ഉണ്ട്.

ദൈവത്തോടുള്ള ഉത്തരവാദിത്വത്തിൽ വിശ്വാസികളെ ന്യായംവിധിക്കുന്നത് വിശ്വസ്തരായിരിക്കേണം എന്ന അടിസ്ഥാനത്തിലാണ്.

ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കേണം എന്നത്രേ.(1.കൊരിന്ത്യർ 4:2)

വിശ്വാസികളെ ന്യായംവിധികുന്നത് അവരുടെ കഴിവ്, പഠിത്തം, ആത്മീയ വരങ്ങൾ എന്നിവ അടിസ്ഥാനത്തിലല്ല. ദൈവം അവരെ എല്പിചിരിക്കുന്നതിൽ അനുസരണം, വിശ്വസ്തതയും അടിസ്ഥാനത്തിലാണ് വിധിക്കപ്പെടുക. സത്യവിശ്വാസിക്ക് കുറ്റം വിധിച്ചുള്ള നിത്യശിക്ഷ വിധിയില്ല. അവർ ക്രിസ്തുവിനെ സ്വീകരിച്ചതിനാൽ ആത്മീയ മരണത്തിൽ നിന്നും നിത്യ ജീവനിലേക്കു കടന്നിരിക്കുന്നു.

ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായ വിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു. (യോഹന്നാൻ 5:24)

ഒരു യഥാർത്ഥ വിശ്വാസി എന്നാൽ പാപത്തിൽ നിന്നും മാനസാന്തരപെട്ട് ദൈവത്തിലെക്കുള്ള വിശ്വാസത്തിൽ യേശു ക്രിസ്തുവിനെ സ്വന്ത രക്ഷകനായീ സ്വീകരിച്ചവർ. അവൻ പിന്നീട് യേശു ക്രിസ്തുവിൽ പുതുജീവൻ പ്രാപിച്ചവർ.

അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കും ഒരു ശിക്ഷാവിധിയും ഇല്ല (റോമർ 8:1)

യേശുവിലേക്ക് ഒരു പാപി വരുമ്പോൾ അവന്റെ മുമ്പിലത്തെ പാപം ഓര്‍മ്മ പുസ്തകത്തിൽ നിന്നും ദൈവം കഴുകി കളയുന്നു. പിന്നീട് വിശ്വാസി പാപം ചെയ്യുമ്പോൾ അവൻ മാനസാന്തരപെട്ട് പാപങ്ങളെ ഏറ്റുപറയുമ്പോൾ ദൈവം അവന്റെ പാപങ്ങളെ മായിച്ചു കളയുന്നു.

നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.(1.യോഹന്നാൻ 1:9)

**അവിശ്വാസികൾ**

നീതികെട്ടവർ ന്യായം വിധിച്ചു പാപത്തിന്റെ ശിക്ഷിക്കപ്പെടുക ചെയ്യും മാന സാന്തരം പെട്ട് യേശു ക്രിസ്തുവിനെ സ്വീകരിച്ച ഓരോ വ്യക്തിയുടെ പേർ ജീവന്റെ പുസ്തകത്തിൽ ദൈവം എഴുതി ചേർക്കുന്നു, വിശ്വാസികൾ ആയി തീരുകയും ചെയ്യുന്നു. അവനെ തള്ളിപറഞ്ഞവർ പാപത്തിന്റെ കുറ്റം ചുമ ത്തപ്പെട്ട് നിത്യ ശിക്ഷ വിധിക്കപ്പെടുകയും ചെയ്യും. അവരുടെ പേരുകൾ ജീവന്റെ പുസ്തകത്തിൽ ഇല്ല.

ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.(വെളിപ്പാടു 20:15)

നിങ്ങൾ രക്ഷിക്കപെട്ട ശേഷം യേശുവിൽ ഒരു പുതിയ സൃഷ്ടിയായീ ജീവിക്കണം എന്നത് വളരെ പ്രധാനം. എന്നാൽ രക്ഷിക്കപെട്ട വ്യക്തി പിന്നീട് തുടർന്നുള്ള പാപത്തിലുടെ പിന്മാറ്റം സംഭവിച്ചു പഴയ ജീവിതത്തിലേക്ക് പോകാം. നിങ്ങളുടെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതിയശേഷം പാപ കാരണത്താൽ പുസ്തകത്തിൽനിന്നു മായിച്ചുകളയും എന്ന് വേദപുസ്തകം പറയുന്നു.

യഹോവ മോശെയോടു: എന്നോടു പാപം ചെയ്തവന്റെ പേർ ഞാൻ എന്റെ പുസ്തകത്തിൽനിന്നു മായിച്ചുകളയും.(പുറപ്പാട് 32:33)

ഒരു വിശുദ്ധ ജീവിതം ജീവിക്കണം എന്നത് ഇതുകൊണ്ട് പ്രധാനം. പാപത്തിൽനിന്ന് ഒരു ജയജീവിതം ജീവിച്ചാൽ നിങ്ങളുടെ പേര് ജിവന്റെ പുസ്തകത്തിൽ നിന്ന് മായിച്ചു കളയുകയില്ല.

അവർ യോഗ്യന്മാരാകയാൽ വെള്ളധരിച്ചുംകൊണ്ടു എന്നോടുകൂടെ നടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും; അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽനിന്നു മാച്ചുകളയാതെ... (വെളിപ്പാടു 3:5)

## നിത്യതയിൽ നീതിമ്മാരുടെ ഇടം

നിത്യതയിൽ നീതിമ്മാരുടെ ഇടം ദൈവസാന്നിദ്ധ്യമാണ്. ദൈവസാന്നിദ്ധ്യത്തെ സ്വർഗ്ഗം എന്ന് വിളിക്കുന്നു. ഇതിനെ വേദപുസ്തകത്തിൽ പല പേരുകളായി വിവരിച്ചിരിക്കുന്നു.

### പിതാവിന്റെ ഭവനം

പിതാവിന്റെ ഭവനത്തെ, ഒരുവീട്, സ്വസ്ഥത, കൂട്ടായ്മ എന്ന് യേശു വിശേഷി പിച്ചിരിക്കുന്നു.

എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കി ൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കു വാൻ പോകുന്നു. (യോഹന്നാൻ 14:2)

### ഒരു സ്വർഗ്ഗീയ രാജ്യം

വേദപുസ്തകം സ്വർഗ്ഗത്തെ ഒരു സ്വർഗ്ഗീയ രാജ്യമായി താരതമ്യം ചെയ്യുന്നു. ഇസ്രേൽ വാഗ്ദാന ദേശത്തിലേക്കു യാത്ര ചെയ്തത്പോലെ.

അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നേ, കാംക്ഷിച്ചിരുന്നു; ആ കയാൽ ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല; അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ. (എബ്രായർ11:16)

### ഒരു നഗരം

സ്വർഗ്ഗത്തെ ഒരു നഗരമായി താരതമ്യം ചെയ്യുന്നു.
പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽനിന്നു തന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു.(വെളിപ്പാടു 21:2)

### വിശുദ്ധി

കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമാ യതു യാതൊന്നും മ്ളേച്ഛതയും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതി ൽ കടക്കയില്ല.(വെളിപ്പാടു 21:27)

### ഉല്ലാസം

അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളയും (വെളിപ്പാടു 21:4-5)

### അലങ്കാരം

മതിലിന്റെ പണി സൂര്യകാന്തവും നഗരം സ്വച്ഛസ്ഫടികത്തിന്നൊത്ത തങ്കവും ആയിരുന്നു.(വെളിപ്പാടു 21:18)

### സേവനം

അതുകൊണ്ടു അവർ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്നു അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു; (വെളിപ്പാടു 7:15)

### ക്രിസ്തുവിനോട് കൂടെ

ജയിക്കുന്നവന്നു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നലകും; ഞാനും ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നേ.(വെളിപ്പാടു 3:21)

**ആരാധിക്കുക**

നാലു ജീവികളും: ആമേൻ എന്നു പറഞ്ഞു; മൂപ്പന്മാർ വീണു നമസ്കരിച്ചു. (വെളിപ്പാടു 5:14)

**പ്രകാശം ദൈവതേജസ്സു**

നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല; ദൈവതേജസ്സു അതിനെ പ്രകാശിപ്പിച്ചു; കുഞ്ഞാടു അതിന്റെ വിളകൂ ആകുന്നു.(വെളിപ്പാടു21:23

**പുതിയ കാഴ്ചയുള്ള സ്ഥലം**

ഇതാ, ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു; മുൻപിലത്തെവ ആരും ഔർക്കുകയില്ല; ആരുടെയും മനസ്സിൽ വരികയുമില്ല (യെശയ്യാവു 65:17)

**ദൈവത്തിന്റെ കൂടാരം**

സിംഹാസനത്തിൽനിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും.(വെളിപ്പാടു 21:3)

## അനീതി പ്രവർത്തിച്ചവരുടെ നിത്യതയുടെ ഇടം

നിത്യതയിൽ ദുഷ്ടന്മാരുടെ ഇടം നരകം. ഇതുപോലെയുള്ള സ്ഥലം നരകം.

**തീവ്രമായ യാതന**

അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും.(വെളിപ്പാടു20:10)

**മനോവേദന**

ധനവാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തു നിന്നു അബ്രാഹാമിനെയും അവന്റെ മടിയിൽ ലാസരിനെയും കണ്ടു:അബ്രാഹാം: മകനേ, നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്നു ഔർക്ക; ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു: നീയോ വേദന അനുഭവിക്കുന്നു.(ലൂക്കോസ് 16:23,25)

**അസംതൃപ്ത**

അബ്രാഹാംപിതാവേ, എന്നോടു കനിവുണ്ടാകേണമേ; ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന്നു അവനെ അയക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു.(ലൂക്കോസ് 16:24)

**നിന്ദ**

നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവന്നായും ചിലർ ലജ്ജെക്കും നിത്യനിന്ദെക്കുമായും ഉണരും.(ദാനിയേൽ 12:2)

**ദുഷ്ടമാരുടെ കൂട്ടം**

എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ അറെക്കപ്പെട്ടവർ കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷകു പറയു

ന്ന ഏവർക്കും ഉള്ള ഔഹരി തീയും ഗന്ധകവും കത്തുന്ന പൊയ്ക യിലത്രേ: അതു രണ്ടാമത്തെ മരണം.(വെളിപ്പാടു 21:8)

**നിരാശ**

ദുഷ്ടൻ മരിക്കുമ്പോൾ അവന്റെ പ്രതീക്ഷ നശിക്കുന്നു; നീതികെട്ടവരുടെ ആശെക്കു ഭംഗം വരുന്നു.(സദൃശവാക്യങ്ങൾ 11:7)

## നിത്യ ശിക്ഷ വിധി

യഥാർത്ഥത്തിൽ നരകം സാത്താനും അവന്റെ ദൂതന്മാർക്കും വേണ്ടിയാണ് തയ്യാറാക്കിയത്. മനുഷ്യന്റെ പാപം നിമിത്തം ഇല്ലെങ്കിൽ യേശു ക്രിസ്തുവിനാൽ വീണ്ടെടുക്കപെടാത്തവർ നരകത്തിൽ നിത്യശിക്ഷ വിധിയ്ക്ക് കാരണമായി

പിന്നെ അവൻ ഇടത്തുള്ളവരോടു: ശപിക്കപ്പെട്ടവരെ, എന്നെ വിട്ടു പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ(മത്തായി 25:41)

ദുഷ്ടമാരുടെ ശിക്ഷവിധി നിത്യമാണ്. അതിനു തുല്യമായ വാക്യം നിത്യ ജീവൻ (യോഹന്നാൻ 3:15) നിത്യ ദൈവം (1. തിമൊഥെയൊസ് 1:17) നിത്യ ശിക്ഷ വിധി (എബ്രായർ 6:2) എന്ന വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഇതിലൊന്ന് താൽക്കാലികം എങ്കിൽ മറ്റു രണ്ടും താൽക്കാലികം തന്നെ.

ദൈവം നിത്യമായത്, നിത്യ ജീവൻ നിത്യമായത് എന്ന നിഗമനത്തിങ്കിൽ രക്ഷപ്പെടുവാൻ വേറെ വഴികൾ ഇല്ല, ശക്ഷയ്ക്ക് വിധിക്കപെട്ടവർ നിത്യ നരകത്തിൽ തന്നെ. ദൈവം ആരെയും നരകത്തിലേക്ക് തള്ളിവിടുന്നില്ല. ആ തെറ്റായ വഴി തിരെഞ്ഞെടുത്തത് മനുഷ്യനാണ്, യേശുവിനെ തള്ളി പറഞ്ഞു പാപ ജീവിതത്തിൽ ജീവിച്ചു. ദൈവം ഒരു മോക്ഷമാർഗ്ഗം മനുഷ്യന്റെ രക്ഷക്ക് ഒരുക്കി അവൻ നിത്യ ശിക്ഷ വിധിയിൽ നിന്നു രക്ഷപെടേണ്ടതിന്. അവൻ ആരും നശിച്ചു പോകുവാൻ ആഗ്രഹിക്കുന്നില്ല.

## നമ്മൾ എങ്ങിനെ ജീവിക്കണം

നിത്യശിക്ഷ വിധിയുടെ ഉപദേശം വിശ്വാസികളുടെ ജീവിതത്തിൽ എങ്ങിനെയാണ് ബാധകമാകുന്നത്?

നടക്കാൻ പോകുന്ന ശിക്ഷവിധിയ്ക്ക് മറുപടിയായി അപോസ്തലനായ പത്രോസ്:

ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ടു ..നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം. അതുകൊണ്ടു ..നിങ്ങളെ കറയും കളങ്കവും ഇല്ലാത്തവരായി സമാധാനത്തോടെ കാണ്മാൻ ഉത്സാഹിച്ചുകൊണ്ടു നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ (2.പത്രൊസ് 3:11,12,14)

വിശ്വാസികളുടെ ജീവിതത്തിൽ നിത്യശിക്ഷ വിധിയുടെ അറിവ് ആത്മീയ പക്വതയുടെ [പരിപൂർണ്ണത] പരിണതഫലം ഉണ്ടാകട്ടെ.

## സ്വയ-പരീക്ഷ

1. പഴയ നിയമത്തിൽ ന്യായവിധി എന്ന വാക്യത്തെ രണ്ടു വിധത്തിൽ എങ്ങിനെ ഉപയോഗിച്ചിരിക്കുന്നു.
2. ന്യായം വിധിക്കുക എന്ന വാക്യത്തിന്റെ അർത്ഥം എന്താണ്?
3. എന്തുകൊണ്ട് ന്യായ വിധി ആവശ്യം ആയിരിക്കുന്നു?
4. ന്യായ വിധിക്കുന്ന സമയത്ത് ആരായിരിക്കും ന്യായധിപൻ?
5. ആരെ ആയിരിക്കും ന്യായം വിധിക്കുന്നത്?
6. ഏതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ന്യായവിധി നടക്കുന്നത്.
7. പ്രധാന വാക്യം കാണാതെ എഴുതുക
8. പ്രസ്താവന ശരിയെങ്കിൽ ടി എന്ന് . പ്രസ്താവന തെറ്റ് എങ്കിൽ ഫ വിട്ട വരിയിൽ എഴുതുക.
   എ. __________ ന്യായ വിധി എല്ലാ സമയത്തും ഉണ്ടായിരിക്കും.
   ബി. __________ ഭാവിയിൽ ഒരു പ്രത്യക സമയത്ത് ന്യായവിധി ഉണ്ടായിരിക്കും.
   സി. __________ എവിടെ ആയിരിക്കും ന്യായ വിധി നടക്കും എന്നത് വേദ പുസ്തകം പറഞ്ഞിട്ടില്ല.

## തുടർന്ന് പഠികേണ്ടതിന്

ഈ അദ്ധ്യായം വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ള പ്രകാരം ന്യായ വിധി എന്ന വിഷയം അവതരിപ്പിച്ചു, ഈ വിഷയം കൂടുതലായീ അറിയേണ്ടതിന് താഴെ കൊടുത്തിരിക്കുന്ന രേഖാരൂപയിലുടെ പഠിക്കുക.

### ന്യായവിധി എന്നത് ദൈവത്തിന്റെ വിശേഷണം

സങ്കീർത്തനങ്ങൾ 89:14; 97:2; 99:1-5; യെശയ്യാവു 28:5-6; 30:18; 61:8; ദാനിയേൽ 4:37

### ന്യായവിധി എന്നത് യേശുവിന്റെ വിശേഷണം

സങ്കീർത്തനങ്ങൾ 72:2; യെശയ്യാവു 9:7; 11:1-5; യോഹന്നാൻ 5:30; 8:15-16,26

### ദൈവ ന്യായവിധിയുടെ ഉദ്ദേശ്യങ്ങൾ

ജീവൻ കൊടുക്കേണ്ടതിന്: ലേവ്യപുസ്തകം 18:4-5; നെഹെമ്യാവു 9:29; സങ്കീർത്തനങ്ങൾ 119:149,156
ജനങ്ങളെ വീണ്ടെടുക്കുന്നതിന്: പുറപ്പാട് 6:6; 7:4; യെശയ്യാവു 1:27
ഉറപ്പിക്കേണ്ടതിനു: 1. ദിനവൃത്താന്തം 28:7; സങ്കീർത്തനങ്ങൾ 37:28; സദൃശവാക്യങ്ങൾ 2:8; സെഫന്യാവു 2:3
തെറ്റുതിരുത്തേണ്ടതിനു: സങ്കീർത്തനങ്ങൾ119:75;യിരെമ്യാവു 10:24;ഹബക്കൂക് 1:12
ജനത്തെ സഹായിക്കേണ്ടതിനു: സങ്കീർത്തനങ്ങൾ 76:8-9; 119:175

### ദൈവ ന്യായവിധിയുടെ അനുഗ്രഹങ്ങൾ

ആശ്വാസം: സങ്കീർത്തനങ്ങൾ 119:52
പ്രതിഫലം: സങ്കീർത്തനങ്ങൾ 58:11
ശിക്ഷണവും നീതിയും: യെശയ്യാവു 26:8-9

### ദൈവ ന്യായവിധികൾ അനുസരിക്കാത്തവരുടെ ശിക്ഷകൾ

യെഹെസ്കേൽ 5:6-17; 11:11-12; 14:21 മലാഖി 2:1-4; 3:1-6

### ദൈവ ന്യായവിധിയുടെ സ്വാഭാവികത്വം

നീതി; ആവർത്തനപുസ്തകം 4:8; സങ്കീർത്തനങ്ങൾ 19:9; 119:137 യിരെമ്യാവു 11:20; 2.തെസ്സലൊനീക്യർ1:4-6;1. പത്രൊസ് 2:23; വെളിപ്പാടു 15:4; 16:7; 19:2,11
സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ: സങ്കീർത്തനങ്ങൾ 33:5
സത്യവും നീതിയും: സങ്കീർത്തനങ്ങൾ 111:7; സദൃശവാക്യങ്ങൾ 2:9; യിരെമ്യാവു 4:2; യോഹന്നാൻ 8:15-16
ദുഷ്ടതയ്ക്ക് മേലെ: സങ്കീർത്തനങ്ങൾ 10:5
നിത്യമായിട്ട്: സങ്കീർത്തനങ്ങൾ 119:160
ഗംഭീരമായ: സങ്കീർത്തനങ്ങൾ 36:6
പുതുക്കിയത്: സെഫന്യാവു 3:15
കണ്ടുപിടിക്കാൻ പറ്റാത്തത്: റോമർ 11:33
ഇത് എല്ലാം നമുക്ക് വെളിപെടും: വെളിപ്പാടു 15:4

### ദൈവം ന്യായം വിധിക്കുന്നത് ആരെയാണ്

എല്ലാ ജനങ്ങളെയും: സങ്കീർത്തനങ്ങൾ 7:8; 9:7-8; 96:10; എബ്രായർ 12:23; യൂദാ 15-16
നീതിമാനെ: സങ്കീർത്തനങ്ങൾ 7:11
നിന്ദിക്കുന്നവനെ: സദൃശവാക്യങ്ങൾ 19:29
ഓരോ മനുഷ്യനെയും: സദൃശവാക്യങ്ങൾ 29:26
യുവാക്കളെ: സഭാപ്രസംഗി 11:9
ദേശവാസികളെ: യെശയ്യാവു 3:13-14
നേതാക്കളെ: യെശയ്യാവു 3:13-14
ദുഷ്ടന്മാരെ: ആവർത്തനപുസ്തകം7:10-11; യിരെമ്യാവു 1:16; എബ്രായർ 13:4;
ലോകത്തെ: യോഹന്നാൻ 9:39; 12:31
ഈ ലോകത്തിന്റെ പ്രഭുവിനെ (സാത്താൻ): യോഹന്നാൻ 16:11; 12:31
സഭക്ക് പുറമേയുള്ളവരെ: 1. കൊരിന്ത്യർ 5:13
അവന്റെ ജനങ്ങളെ: എബ്രായർ 10:30
ഉപദേഷ്ടാക്കന്മാരെ: യാക്കോബ് 3:1
അസൂയക്കളെ: യാക്കോബ് 5:9
സഭയെ: 1. പത്രൊസ് 4:17
ജാതികളെ: യെഹെസ്കേൽ 39:21

### ദൈവം എപ്രകാരം ന്യായം വിധിക്കുന്നു

യേശു ക്രിസ്തുവിലൂടെ: യോഹന്നാൻ 5:22,27
പരിശുദ്ധാത്മാവിനാൽ: യോഹന്നാൻ 16:11 യെഹെസ്കേൽ 36:27
ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ: യോഹന്നാൻ 12:48
ഓരോ വ്യക്തി യുടെ പ്രവർത്തിയുടെ അടിസ്ഥാനത്തിൽ: 1. പത്രൊസ് 1:17
അവന്റെ ശുശ്രുഷകന്മാരിലൂടെ: യെഹെസ്കേൽ 44:24; ഹോശേയ 6:5

## ദൈവത്തിന്റെ ന്യായവിധിയോടുള്ള നമ്മുടെ നിലപാട്

നമ്മൾ ചെയ്യേണ്ടത് :

പഠിപ്പിക്കണം: എസ്രാ 7:10; സങ്കീർത്തനങ്ങൾ 37:30
കാണുക ചെയ്യുക: ആവർത്തനപുസ്തകം 11:32
ദൈവത്തിനു സ്തോത്രം ചെയ്യണം: സങ്കീർത്തനങ്ങൾ 97:8; 119:7,62,164
ആഗ്രഹിക്കണം: സങ്കീർത്തനങ്ങൾ 119:20
നമുക്ക് മുമ്പിൽ വെച്ചിരിക്കണം: സങ്കീർത്തനങ്ങൾ 119:30
അതിൽ പ്രത്യാശ വെക്കണം: സങ്കീർത്തനങ്ങൾ 119:43
പ്രസ്താവിക്കണം: സങ്കീർത്തനങ്ങൾ 119:13
അതിൽ നിന്ന് വിട്ടു പൊകരതു: സങ്കീർത്തനങ്ങൾ 119:102
പേടിക്കണം: സങ്കീർത്തനങ്ങൾ 119:120
അറിഞ്ഞിരിക്കണം: സങ്കീർത്തനങ്ങൾ 35:23
ദൈവത്തോട് ചോദിക്കണം: സങ്കീർത്തനങ്ങൾ 35:24
പ്രസംഗം നടത്തണം: അപ്പൊസ്തല പ്രവൃത്തികൾ 24:25

## ദൈവത്തിന്റെ ഇപ്പോഴത്തെ ന്യായ വിധിയുടെ ഉദ്ദേശ്യം

ബാലാശിക്ഷയുടെ ഉദ്ദേശ്യം:

വിശുദ്ധർ ആക്കണം: എബ്രായർ 12:10
നമ്മുടെ ജീവിതത്തിൽ നീതി ഉണ്ടകേണ്ടതിന്: എബ്രായർ 12:11
ജീവിതം വളര്ത്തിയെടുക്കുക: എബ്രായർ 12:9; സദൃശവാക്യങ്ങൾ 15:31
ആത്മാവിന്റെ നടത്തിപ്പിന്: സദൃശവാക്യങ്ങൾ 1:23
മാനികേണ്ടതിന്: സദൃശവാക്യങ്ങൾ 13:18
പരിജ്ഞാനം: സദൃശവാക്യങ്ങൾ 15:5,32
ദൈവ ഭക്തി പഠിപ്പിക്കുവാൻ: സദൃശവാക്യങ്ങൾ 15:33
പൂർണരാകുവാൻ കൊലൊസ്സ്യർ: 1:28; 2. തിമൊഥെയൊസ് 3:16-17
ക്ഷമ പഠിക്കുവാൻ: 1. പത്രൊസ് 2:20
കുറ്റ വിമുക്തർ ആകുവാൻ: 1. കൊരിന്ത്യർ 11:32
മാനസാന്തര പെടുവാൻ: വെളിപ്പാടു 3:19; റോമർ 2:4
തെറ്റ് തിരുത്തുവാൻ: യിരെമ്യാവു 10:24

## ബാലാശിക്ഷയുടെ കാരണങ്ങൾ

പാപം, പിന്മാറ്റം: യിരെമ്യാവു 2:19; യോഹന്നാൻ 3:20;16:8; 2. പത്രൊസ് 2:16
തെറ്റുകൾ: 1. പത്രൊസ് 2:20
വിശ്വാസമില്ലായ്മ: റോമർ 11:20
അനുസരണകേട്: ലൂക്കോസ് 12:47-48
വ്യക്തികളോട് ബഹുമാനം: ഇയ്യോബ് 13:10

## ബാലശിക്ഷ എങ്ങനെ ഒഴിവാക്കാം

സ്വയ പരിശോധന: 1.കൊരിന്ത്യർ11:31-32; റോമർ 11:22; ഫിലിപ്പിയർ 2:12-16

**ബാലശിക്ഷയുടെ അളവ്**

ദൈവത്തിനു നമ്മുടെ ജീവിതത്തിൽ ബാലശിക്ഷ ക്രമം ഉണ്ട്. ശാസന എന്ന ചെറിയ ബാലശിക്ഷയിൽ നിന്ന് വലിയ നിലയിലുള്ള ബാല ശിക്ഷയിലേക്ക് (എബ്രായർ12:11)

**ശാസന**

ഒരു തെറ്റായ പ്രസ്താവന ശരിയാക്കാൻ നിർദേശം അല്ലെങ്കിൽ തിരുത്താൻ ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്ത തെറ്റുകളെ ശാസിക്കുന്നു. യെശയ്യാവു 11:4; സങ്കീർത്തനങ്ങൾ 50:21; 141:5; സദൃശവാക്യങ്ങൾ 1:23; എഫെസ്യർ 5:13; 2. തിമൊഥെയൊസ് 3:16

**ഭർത്സിക്കുക**

ഒരു വലിയ ശാസന അല്ലെങ്കിൽ കർക്കശമായ താക്കീത്. ശാസന കേട്ട് അനുസരിച്ചില്ലെങ്കിൽ ദൈവം കർക്കശമായി ഇടപെടുന്നു. എബ്രായർ 12:5; വെളി പ്പാടു 3:19; സങ്കീർത്തനങ്ങൾ 6:1; ആവർത്തനപുസ്തകം 28:20

**ഉഗ്രകോപം**

ശാസിച്ചതിനു ശേഷം നമ്മൾ പാപ വഴികളിൽ തുടരുമ്പോൾ ദൈവത്തിന്റെ തിരുത്തൽ നിരസികുമ്പോൾ അവന്റെ ഉഗ്രകോപം നമ്മുടെ മേൽ വരുന്നു. റോമർ 2:8-9

**ബാധ**

ദൈവത്തിന്റെ ഉഗ്രകോപം ബാധയിലൂടെ വെളിപെടുന്നു. ഇത് സാമ്പത്തികമായ, ഭൗതികമായ അല്ലെങ്കിൽ ശാരീരിക മായിരിക്കാം. റോമർ 2:9, സങ്കീർത്തനങ്ങൾ 119:75; ആവർത്തനപുസ്തകം 28:15-47; ലേവ്യപുസ്തകം 26:14-39; ആമോസ് 4:6-13

**തള്ളിക്കളയുക**

ബാല ശിക്ഷ പരാജയപെടുമ്പോൾ, മാനസാന്തരത്തിലേക്ക് തിരിയാതിരിക്കുമ്പോൾ. ഇതാണ് ദൈവത്തിന്റെ അവസാനത്തെ ന്യായവിധിയുടെ നടപടി എബ്രായർ 6:4-6; 10:26-31; യിരെമ്യാവു 14:11-12; 2. പത്രൊസ് 2:20; 1. യോഹന്നാൻ 5:16; സദൃശവാക്യങ്ങൾ 1:25-32; 5:1-23; 15:10; 29:1

**ബാലശിക്ഷയുടെ ഫലം**

ബാലശിക്ഷയിലൂടെ അവനിലേക്ക് തിരിയുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം. ഹോശേയ 6:1

# അദ്ധ്യായം – 11

## പരിപൂർണ്ണത  (പരിജ്ഞാനപൂർത്തി)

**ഉദ്ദേശ്യം**

ഈ അദ്ധ്യായം പൂർത്തികരികുമ്പോൾ നിങ്ങൾ ഇതിൽ അറിവുള്ളവരായിരിക്കും:
:

- പ്രധാന വാക്യം കാണാതെ എഴുതുക
- പരിപൂർണ്ണത വിവരിക്കുക
- വിശ്വസികൾകുള്ള പൂർണ്ണതയുടെ ഉദാഹരണം തിരിച്ചറിയുക
- വിശ്വസികൾകുള്ള പൂർണ്ണതയുടെ നിലവാരത്തിന്റെ പേര്
- തുടക്കത്തിലുള്ള പുരോഗമിക്കുന്ന പൂര്ണ്ണത വേർതിരിച്ചറിയുക
- പരിപൂർണ്ണതയുടെ ക്രമത്തിനുള്ള ഘടകങ്ങളുടെ പട്ടിക

**പ്രധാന വാക്യം**

ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവു സൽഗുണപൂർണ്ണൻ ആയിരിക്കുന്നതു പോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ.(മത്തായി 5:48)

### മുഖവുര

ഒരു നല്ല അടിസ്ഥാനം ഈ ലോകത്തിൽ ഒരു കെട്ടിടം പണിയുമ്പോൾ പ്രധാനമാണ്, എന്നതുപോലെ, ഒരു ആത്മീയ അടിസ്ഥാനം വിശ്വാസിക്ക് പ്രാധാന്യമുണ്ട്. രണ്ടു തരം വീട് പണിയുന്നവരുടെ ഉപമയിലുടെ നിങ്ങളുടെ ആത്മീയ അടിസ്ഥാനം ദൈ വ വചനത്തിന്റെ അടിസ്ഥാനത്തിൽ പണിയപ്പെടെണം എന്ന് പഠിച്ചു.

എബ്രായർ 6:1-3 ൽ ക്രിസ്തിയ വിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾ വെളിപെ ടുത്തിയിരിക്കുന്നു:

- നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം
- ദൈവത്തിങ്കലെ വിശ്വാസം
- സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം
- കൈവെപ്പു
- മരിച്ചവരുടെ പുനരുത്ഥാനം
- നിത്യശിക്ഷാവിധി

ഇതാണ് ദൈവവചനത്തിൽ അടിസ്ഥാന ഉപദേശം ഇങ്ങനെയുള്ള അടിസ്ഥാന ത്തിന്മേൽ നിങ്ങളുടെ ആത്മീയ ജീവതം പണിയപെടുന്നു. നിങ്ങൾ ഇതിൽ ഓ രോന്നും മുൻമ്പിലുള്ള അദ്ധ്യായത്തിൽ പഠിച്ചു.

### പരിപൂർണ്ണത പ്രാപിപ്പാൻ

നിങ്ങളുടെ ആത്മീയജീവിതം പണിയ പെടുവാൻ എബ്രായർ 6:1-3 ൽ അഭി വ്യദ്ധിലേക്കുള്ള ഒരു പടി കൂടി നൽകുന്നു.

എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക (എബ്രായർ 6:2)

നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പു, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിവയെല്ലാം ക്രിസ്തുവിന്റെ അടിസ്ഥാന ഉപദേശങ്ങൾ ആണ്

വിശ്വാസികളുടെ മദ്ധ്യേ രണ്ടു അത്യന്തമായ അവസ്ഥ സാധാരണമായി കാണുന്നു. ഒന്ന് അവരിൽ ദൈവവചനത്തിന്റെ അറിവുണ്ട് എന്നാൽ അവരുടെ ദിനംപ്രതി ജീവിതത്തിൽ പ്രയോഗിക്കുന്നില്ല. മറ്റൊന്ന് വിശ്വാസികൾ അനുഭവജ്ഞാനത്തിൽ പ്രാധാന്യം കൊടുക്കുന്നു, എന്നാൽ ഉപദേശം അവഗണിക്കുന്നു. ഉപദേശവും അനുഭവജ്ഞാനം രണ്ടും പ്രധാനമാണ്. ശരിയായ ഉപദേശത്തിന്റെ അറിവ് അനുഭവജ്ഞാനത്താൽ ഫലവത്താകുന്നു. എന്നാൽ അനുഭവജ്ഞാനം വേദപുസ്തകത്തിന്റെ ഉപദേശത്തിൽ അടിസ്ഥാനമല്ലെങ്കിൽ പ്രയോജനമില്ല.

എബ്രായർ 6:1-3 ൽ പറഞ്ഞിട്ടുള്ള അടിസ്ഥാന ഉപദേശം നിങ്ങൾ മനസിലാക്കിയാൽ പോരാ അവ ജീവിതത്തിൽ അനുഭവിച്ചറിയണം ഈ അടിസ്ഥാന ഉപദേശം ജീവിതത്തിൽ നിങ്ങളുടെ അനുഭവം വഴി പണിതശേഷം നിങ്ങൾ "പരിപൂർണ്ണത പ്രാപിപ്പാൻ ശ്രമിക്കുക". ഇതാണ് ഈ അദ്ധ്യായത്തിൽ ഉദ്ദേശിക്കുന്നത്.

## വിവരണം

പൂർണ്ണത എന്ന വാക്യത്തിന്റെ അർത്ഥം പൂർണ്ണമായ, പൂർത്തികരിക്കുക, പക്വതയുള്ള. വേദപുസ്തകത്തിൽ ആത്മീയ പക്വതയുള്ള വിശ്വാസിയെ വിശേഷിപ്പിക്കുവാൻ "പൂർണ്ണത" ക്ക് പകരം "പക്വത". എന്ന വാക്യം കൂടതലായി ഉപയോഗിക്കുന്നു. ഒരു പൂർണ്ണതയുള്ള ക്രിസ്താനി എന്നാൽ ആത്മീയ പക്വത നേടിയവൻ. ഇതിന്റെ അർത്ഥം ശരിരം, ആത്മാവ്, ദേഹി പൂർണ്ണമായും പരിശുദ്ധാത്മാവിനാൽ നിയന്ത്രീക്കപെട്ടവൻ.

വേദപുസ്തകത്തിൽ പൂർണ്ണത എന്ന വാക്യം ശുദ്ധികരണം അല്ലെങ്കിൽ പ്രതിഷ്ഠിക്കപ്പെട്ട എന്നീ സാമ്യമുള്ള വാക്യമായി ഉപയോഗിക്കുന്നു. "വിശുദ്ധീകരണം" എന്നാൽ വിശുദ്ധി, പ്രതിഷ്ഠിക്കപ്പെട്ട എന്നാണ് അർത്ഥം, നീതിക്കായി വേർതിരിക്കപെട്ടവൻ.

## രണ്ടു അപകടകരം

ആത്മീയ അടിസ്ഥാനങ്ങളെ പ്രാധാന്യം കൊടുത്തു പൂർണ്ണതയെ അവഗണിച്ചാൽ രണ്ടു അപകടങ്ങൾ ഉണ്ട്:

1. ഒരു അപകടം - നല്ല ആത്മീയ അടിസ്ഥാനത്തിൽ ഇട്ട ശേഷം ആത്മീയ പക്വത പ്രാപിപ്പാൻ ശ്രമിക്കാത്തവർ
2. മറ്റൊരു അപകടം - പിഴവുള്ള ആത്മീയ അടിസ്ഥാനത്തിൽ പൂർണ്ണതയുടെ മേൽകെട്ടിടം പണിയുവാൻ ശ്രമിക്കുക.

## അടിസ്ഥാനത്തെ പൂർത്തികരിക്കുക

അടിസ്ഥാനം പൂർത്തിയായ ഒരു കെട്ടിടം അല്ല. അടിസ്ഥാനത്തിന്മേൽ വേണം മേൽകെട്ടിടം പണിയേണ്ടത്. മേൽകെട്ടിടം അടിസ്ഥാനത്തിന്റെ മുകളിൽ ദൃശ്യമാകുന്ന ഒരു കെട്ടിടത്തിന്റെ ഒരു ഭാഗം മാത്രമാണ്. ഒരു നല്ല ആത്മീയ അടിസ്ഥാനം വിശ്വാസിയുടെ അവസാന ലക്ഷ്യമല്ല.

അല്ലെങ്കിൽ അടിസ്ഥാനം ഇട്ടശേഷം തീർപ്പാൻ വകയില്ല എന്നു വന്നേക്കാം; കാണുന്നവർ എല്ലാം; ഈ മനുഷ്യർ പണിവാൻ തുടങ്ങി, തീർപ്പാനോ വകയില്ല എന്നു പരിഹസിക്കുമല്ലോ. (ലൂക്കോസ് 14:29-30)

ദൈവത്തിൽ നിന്ന് പലരും ആരംഭിക്കുന്നു. അവർ സുവിശേഷം കേൾക്കുകയും നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം പ്രാപിക്കും, എന്നാൽ ഇവിടെ നിന്ന് മുന്നോട്ടു പോകുകയില്ല. അവർ ഒരിക്കലും ആത്മീയ അടിസ്ഥാനം പൂർണ്ണമാക്കുകയില്ല, പൂർണ്ണത പ്രാപിപ്പാൻ ശ്രമിക്കയില്ല.

സ്വാഭാവിക ലോകത്ത് ഭാഗിക അടിസ്ഥാനം പ്രവർത്തനക്ഷമ മായിട്ടില്ല. നിങ്ങൾക്ക് ഭാഗികമായ അടിസ്ഥാനത്തിൻമേൽ കെട്ടിടം പണിയുവാൻ കഴിയില്ല അല്ലെങ്കിൽ ഞെരുക്കപെടുമ്പോൾ തകർന്ന് വീഴും. നിങ്ങൾ ആദ്യം അടിസ്ഥാനം പൂർത്തിയാക്കിയിരിക്കണം, പിന്നീട് കെട്ടിടം പണിയാകുന്നതാണ്.

വിശ്വാസികൾ ഞെരുക്കം വരുമ്പോൾ ആത്മീയ അടിസ്ഥാനം പൂർത്തിയാക്കിയില്ലെങ്കിൽ വളരെ ബുദ്ധിമുട്ട് അനുഭവിക്കും. അവർ ആത്മീയമായി ഉയർന്നും താഴ്ന്നുമുള്ള ജീവിതം ആയിരിക്കും. അവരുടെ ആത്മീയ കെട്ടിടം കൊടുങ്കാറ്റിൽ നിലനില്ക്കുകയില്ല. അവർക്ക് പരിപൂർണ്ണത (ആത്മീയ പക്വത) പ്രാപിപ്പാൻ കഴിയുകയില്ല. കാരണം അവരുടെ അടിസ്ഥാനം പൂർണ്ണമായിട്ടില്ല.

### മേൽകെട്ടിടം പണിയേണ്ടത്

അടിസ്ഥാനം മാത്രം സ്വാഭാവിക ലോകത്തിൽ പ്രവർത്തനക്ഷമ മല്ല. ഒരു വീട്, ഓഫീസ്, സ്കൂൾ എന്നിവ കെട്ടിടങ്ങളാണ് അതു അടിസ്ഥാനത്തിന്മേൽ പണിത് പ്രയോജനമുള്ളതായി തീർക്കുന്നു. ചില ആളുകൾ ആത്മീയ പക്വത എത്താത്തതിന്റെ കാരണം അവർ ഒരു ആത്മീയ അടിസ്ഥാനം ഇട്ടു പിന്നെ ഒരിക്കലും പൂർണ്ണതക്ക് ശ്രമിക്കാതെ കെട്ടിടം പൂർത്തികരിക്കാതെയിരിക്കുന്നത് കൊണ്ടാണ്.

പൗലോസ് ഇവരെ അപക്വത വിശ്വാസികൾ എന്ന് പറഞ്ഞിരിക്കുന്നു.

കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്കു ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെ തന്നേ വീണ്ടും ഉപദേശിച്ചുതരുവാൻ ആവശ്യമായിരിക്കുന്നു; കട്ടിയായുള്ള ആഹാരമല്ല, പാലത്രേ നിങ്ങൾക്കു ആവശ്യമെന്നു വന്നിരിക്കുന്നു. പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലോ. കട്ടിയായുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു.(എബ്രായർ 5:12-14)

പൗലോസ് കൊരിന്ത്യ വിശ്വാസികളോട് പറയുന്നത് നിങ്ങൾ ഇപ്പോൾ മറ്റുള്ളവരെ സുവിശേഷം പഠിപ്പിക്കുവാൻ കാലമായിരിക്കുന്നു. അതിനു പകരം, ദൈവത്തിന്റെ ആദ്യ അടിസ്ഥാന ഉപദേശം പഠിപ്പിക്കേണ്ടതിനു വീണ്ടും ആവശ്യമായിരിക്കുന്നു. അവരെ പാൽ മാത്രം കുടിക്കുന്ന ഒരു ശിശുവായ് താരതമ്യപ്പെടുത്തുന്നു. പാൽ എന്നത് ദൈവത്തിന്റെ അടിസ്ഥാന ഉപദേശം. പാൽ വളരെ നല്ലത് വളർച്ചയ്ക്ക് ആവശ്യം. എന്നാൽ ഒരു സമയം കഴിയുമ്പോൾ ശിശു കട്ടിയായ ആഹാരം കഴിക്കണം.

ആർക്കാകുന്നു ഇവൻ പരിജ്ഞാനം ഉപദേശിപ്പാൻ പോകുന്നതു? ആരെയാകുന്നു അവൻ പ്രസംഗം ഗ്രഹിപ്പിപ്പാൻ പോകുന്നതു? പാലുകുടി മാറിയവരെയോ? മുലകുടി വിട്ടവരെയോ? (യെശയ്യാവു 28:9)

പൂർണ്ണവളർച്ച പ്രാപിക്കുവാൻ പ്രകൃത്യാ ഉള്ളത് ശിശു മുലകുടി മാറ്റുക. ആത്മീയ ലോകത്തിലും ഇതു അത്യാവശ്യമാണ്. വിശ്വാസികൾ ആദ്യ പാഠത്തിൽ നിന്നും ആത്മീയ പക്വതയായ പൂർണ്ണതയിലേക്ക് പോകണം. ആത്മീയ പക്വത പ്രാപിച്ച വിശ്വാസികൾക്ക് സദ്യ നടത്താം, വെറും പാൽ അല്ലാ.

## പൂർണ്ണതക്കുള്ള വിളി

പൂർണ്ണതക്കായീ അനുഗമിക്കുന്നവരോട് യേശു വിളിക്കുന്നു:

ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവു സൽഗുണപൂർണ്ണൻ ആയിരിക്കുന്നതു പോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ."(മത്തായി 5:48)

പൂർണ്ണത ദൈവസാന്നിദ്ധ്യത്തെ പ്രതിഫലിപ്പിക്കുന്നു:

നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികെഞ്ഞവരായിരിക്കേണ്ടതിന്നു തന്നെ.(യോഹന്നാൻ 17:23)

പൂർണ്ണത ആത്മീയ പക്വത ഉളവാക്കുന്നു:

സഹോദരന്മാരേ, ബുദ്ധിയിൽ കുഞ്ഞുങ്ങൾ ആകരുതു; തിന്മെക്കു ശിശുക്കൾ ആയിരിപ്പിൻ; ബുദ്ധിയിലോ മുതിർന്നവരാകുവിൻ.(1.കൊരിന്ത്യർ 14:20)

ആദ്യമ സഭയിൽ പൂർണ്ണത ഒരു ലക്ഷ്യം ആയിരുന്നു:

നിങ്ങളുടെ യഥാസ്ഥാനത്വത്തിന്നായി (പൂർണ്ണതക്കായീ) തന്നേ ഞങ്ങൾ പ്രാർത്ഥിക്കുന്നു. (2.കൊരിന്ത്യർ 13:9,11)

നിങ്ങൾ മറ്റുള്ള വിശ്വാസികളുമായീ ക്രിസ്തുവിന്റെ ശരീരമായ സഭയിൽ ഒന്നാകുക എന്നതാണ് ഓരോ വ്യക്തിയുടെ പൂർണ്ണതയുടെ ഫലം

സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നേ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു.(1.കൊരിന്ത്യർ 1:10)

സഭയിൽ ഭിന്നത ഉണ്ടാകുവാൻ കാരണം ആത്മീയ അപക്വതയാണ്.

## പൂർണ്ണതയുടെ മാതൃക

വിശ്വാസികൾക്ക് പൂർണ്ണതയുടെ മാതൃക യേശു.

അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിൻ തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.(1.പത്രൊസ്2:21)

സകലത്തിന്നും ലാക്കും സകലത്തിന്നും കാരണഭൂതനുമായവൻ അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നതു യുക്തം ആയിരുന്നു.(എബ്രായർ 2:10)

പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീ ർന്നു.(എബ്രായർ 5:8,9)

ദൈവത്തിന്റെ പദ്ധതി വിശ്വാസികൾ പൂർണ്ണതയുടെ മാതൃകയായ യേശുവിനോട് അനുരൂപരാകുക എന്നതാണ്.

അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്നു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു.(റോമർ 8:29)

**പൂർണ്ണതയുടെ നിലവാരം**

വിശ്വാസികളിൽ പൂർണ്ണതയുടെ നിലവാരം അളക്കുന്നത് ദൈവവചന പ്രകാരം. യേശു പൂർണ്ണതയുടെ മാതൃക, ദൈവവചനത്തോട് അനുരൂപമാകുന്നതിനു കാരണം യേശു കാണപെട്ട ദൈവവചനത്തിന്റെ വെളിപ്പാട്. ദൈവത്തിന്റെ വചനപ്രകാരം നിലവാരത്തെ നിശ്ചയിച്ചു നമ്മുടെ ജീവിതത്തെ ക്രമീകരിക്കുന്നു. ദൈവം തന്ന ആദ്യത്തെ നിലവാരത്തെ ന്യായപ്രമാണം എന്ന് വിളിക്കുന്നു, ഇത് പഴയ നിയമത്തിൽ ആദ്യത്തെ അഞ്ചു പുസ്തകത്തിൽ എഴുതിയിരിക്കുന്നു.

പഴയ നിയമത്തിൽ ദൈവത്തിന്റെ ന്യായപ്രമാണം പാലിക്കുവാൻ മനുഷ്യന് കഴിവില്ലായിരുന്നു. സ്വന്തം കഴിവ്കൊണ്ട് മനുഷ്യന് ന്യായപ്രമാണം പാലിക്കുവാൻ സാധ്യമല്ല എന്ന് ദൈവത്തിനു അറിയമായിരിന്നു. എന്നാൽ ദൈവം ന്യായപ്രമാണം കൊടുത്തതിന് പ്രത്യേക ഉദ്ദേശ്യം ഉണ്ടായിരിന്നു. ഒരു ഉദ്ദേശ്യം ന്യായപ്രമാണം കൊടുത്തത് മനുഷ്യന്റെ പാപ അവസ്ഥ അറിയുവാൻ. മറ്റൊരു ഉദ്ദേശ്യം സ്വന്തം പ്രയത്നം കൊണ്ട് നീതിമാൻ ആകുവാൻ കഴിയുകയില്ല എന്ന് അറിയുവാൻ.

അതുകൊണ്ടു ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല; ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നതു.(റോമർ 3:20)

ദൈവം നമ്മളെ നിരാശക്കായ് വിട്ടില്ല. ന്യായപ്രമാണത്തിലുടെ മശിഹയെ വാഗ്ദാനം ചെയ്തു.

നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കും അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും; ഞാൻ അവനോടു കല്പിക്കുന്നതൊക്കെയും അവൻ അവരോടു പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തെനങ്കിലും കേൾക്കാതിരുന്നാൽ അവനോടു ഞാൻ ചോദിക്കും. (ആവർത്തനപുസ്തകം 18:18-19)

അപ്പൊസ്തലനായ പത്രോസ് അപ്പൊസ്തല പ്രവൃത്തികൾ 3:22-25 ൽ ഈ വചനം കർത്താവായ യേശു ക്രിസ്തുവിനെ ഉദ്ധരിച്ചത്.

പഴയ നിയമത്തിൽ പലവിധ യാഗങ്ങൾ പാപപരിഹാരത്തിനായി ദൈവത്തിനു അർപ്പിക്കണം.എല്ലാ മനുഷ്യരുടെ പാപത്തിനായി യേശുവിന്റെ ജീവൻ യാഗം ചെയ്തപ്പോൾ പഴയനിയമത്തിലെ യാഗങ്ങളുടെ ആവശ്യം ഇല്ലാതെയായി.

ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ടു ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ

യാഗങ്ങളാൽ അടുത്തുവരുന്നവർക്കും സൽഗുണപൂർത്തി വരുത്തുവാൻ ഒരു നാളും കഴിവുള്ളതല്ല.ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്കും സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു(എബ്രായർ 10:1,14)

ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം ചുരുക്കി ഈ വചനത്തിൽ ഉണ്ട്:

എങ്കിലും വിശ്വസിക്കുന്നവർക്കും വാഗ്ദത്തം യേശുക്രിസ്തുവിലെ വിശ്വാസ ത്താൽ ലഭിക്കേണ്ടതിന്നു തിരുവെഴുത്തു എല്ലാവറ്റെയും പാപത്തിൻ കീഴടെ ച്ചുകളഞ്ഞു. വിശ്വാസം വരുംമുമ്പെ നമ്മെ വെളിപ്പെടുവാനിരുന്ന വിശ്വാസ ത്തിന്നായിക്കൊണ്ടു ന്യായപ്രമാണത്തിങ്കീഴ് അടെച്ചു സൂക്ഷിച്ചിരുന്നു. അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്നു ന്യായപ്രമാണം ക്രിസ്തുവി ന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു (ഗലാത്യർ3:22-24)

മനുഷ്യന് സ്വന്തം കഴിവിലുടെ നീതിയുള്ള ദൈവത്തിന്റെ നിലവാരത്തിൽ എ ത്തുവാൻ സാധ്യമല്ല. ന്യായപ്രമാണം കാണിക്കുന്നത്, മനുഷ്യനെ നടത്തേണ്ട തിന് ഒരു രക്ഷകനെ ആവശ്യമാണെന്നും, യേശു ക്രിസ്തുവിലേക്ക് മനുഷ്യനെ നയിക്കേണ്ടതും. സ്വന്തം കഴിവ് മുഖാന്തരംമല്ലാ ക്രിസ്തുവിലുടെ പൂർണ്ണമാ ക്കപ്പെട്ടതു. ഇത് അവനിലുടെ അവന്റെ മാതൃക പൂർണ്ണതയോട് നിങ്ങൾ അനുരൂപപ്പെട്ടതും. ദൈവവചന പ്രകാരത്തിന്റെ നിലവാരത്തിൽ എത്തുന്നതും.

ന്യായപ്രമാണത്താൽ ഒന്നും പൂർത്തിപ്രാപിച്ചിട്ടില്ലല്ലോ—നാം ദൈവത്തോടു അടു ക്കുന്നതിനുള്ള ഏറെനല്ല പ്രത്യാശെക്കു[ക്രിസ്തു] സ്ഥാപനവും വന്നിരിക്കുന്നു. (എബ്രായർ7:19)

## പൂർണ്ണതയുടെ ഘട്ടങ്ങൾ

പൂർണ്ണതക്ക് രണ്ടു ഘട്ടങ്ങൾ ഉണ്ട്:

**പ്രാരംഭമായ പൂർണ്ണത**

1. കൊരിന്ത്യർ 1;2 ൽ പൗലോസ് വിശ്വാസികളെ "വിശുദ്ധർ" എന്ന് വിളിക്കു ന്നു അതിന്റെ അർത്ഥം വിശുദ്ധീകരിക്കപ്പെട്ടവർ. എന്നാൽ അതേ എഴുത്തിൽ ഈ വിശുദ്ധരെ പാപ നിമിത്തം തിരുത്തുന്നു. വിശ്വാസികൾ ക്രിസ്തുവിനാൽ വിശുദ്ധീകരിക്കപ്പെട്ടവർ, എന്നാൽ അനുദിന സ്വഭാവവിശേഷമായ ജീവിതത്തി ൽ കുറവുള്ളവർ.

ഈ വിശ്വാസികൾ പ്രാരംഭമായ പൂർണ്ണത അനുഭവപ്പെട്ടവരാണ്. അവരുടെ പാപങ്ങൾ എന്നെന്നേക്കുമായി ക്ഷമിച്ചു നിർജ്ജീവ പ്രവൃത്തികളിൽ നിന്ന് വീണ്ടെടുപ്പു പ്രാപിച്ചപ്പോൾ.(എബ്രായർ 10:14) ഈ പ്രാരംഭമായ പൂർണ്ണത ലഭിക്കുന്നത് യേശു ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുമ്പോൾ. എന്നാൽ ഈ ക്രിസ്താനികൾ പൂർണ്ണതയിലേക്ക് പോകുവാൻ ശ്രമിച്ചില്ല. അവർ പഴയ പാപ മനുഷ്യനെ ഉപേക്ഷിക്കുന്നതിൽ തുടർന്നില്ല.

നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം വരേ ണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു.(റോമർ 6:6)

ഒരു വിശ്വാസി രക്ഷിക്കപെട്ട ശേഷം പാപം ചെയ്യുന്നത് ശരിയല്ല.

ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു.(2.കൊരിന്ത്യർ 5:27)

ജീവന്റെ പുതുക്കത്തിൽ ഒരു വിശ്വാസി ജീവിക്കണം. പാപത്തിൽ തുടരുന്നത് ശരിയല്ല.

ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരുനാളും അരുതു.പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ?അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്നു സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ.(റോമർ 6:1,2,4)

പരിപൂർണ്ണത പ്രാപിപ്പാൻ ശ്രമിക്കുക.

**പുരോഗമനാത്മകമായ പൂർണ്ണത**

പാപത്തിൽ നിന്നുള്ള പ്രാരംഭമായ പൂർണ്ണത രക്ഷയുടെ സമയത്ത്, ഇതാകുന്നു ഒരു പുരോഗമനാത്മകമായ ജീവിത ശുദ്ധികരണത്തിന്റെ തുടക്കം. രക്ഷിക്കപെട്ട ശേഷം, നിങ്ങൾ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി ജീവിക്കണം.

ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു (ഗലാത്യർ 2:20)

പൗലോസ്സിന്റെ ജീവിതത്തിൽ പുരോഗമനാത്മകമായ ശുദ്ധികരണത്തെ കുറിച്ചാണ് വിവരികുന്നു:

ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു എനിക്കും അതു പിടിക്കാമോ എന്നുവെച്ചു പിന്തുടരുന്നതേയുള്ള.(ഫിലിപ്പിയർ 3:12)

പൗലോസ് മുഴുവനായി പൂർണ്ണത പ്രാപിച്ചില്ല, എന്നാൽ അവന്റെ ലക്ഷ്യം ഇതായിരുന്നു. ഇതിനായുള്ള പോരാട്ടം വേറെ ഒരു വാക്യത്തിൽ വിവരിക്കുന്നു:

ഞാൻ പ്രവർത്തിക്കുന്നതു ഞാൻ അറിയുന്നില്ല; ഞാൻ ഇച്ഛിക്കുന്നതിനെ അല്ല പകെക്കുന്നതിനെ അത്രേ ചെയ്യുന്നതു. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ ന്യായപ്രമാണം നല്ലതു എന്നു ഞാൻ സമ്മതിക്കുന്നു. ആകയാൽ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ. എന്നിൽ എന്നുവെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു; നന്മ ചെയ്വാനുള്ള താല്പര്യം എനിക്കുണ്ടു; പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ; ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നതു. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ. അങ്ങനെ നന്മ ചെയ്വാൻ ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ പക്കൽ ഉണ്ടു എന്നൊ

രു പ്രമാണം കാണുന്നു. ഉള്ളംകൊണ്ടു ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു. എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അതു എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന്നു എന്നെ ബദ്ധനാക്കിക്കളയുന്നു. (റോമർ 7:15-23)

ദൈവത്തിന്റെ ഗുണനിലവാരത്തിൽ ജീവിക്കുവാൻ പൗലോസ് ആഗ്രഹിച്ചു, എന്നാൽ ജഡത്തിൽ അവന്റെ ലക്ഷ്യം കൈവരിക്കുവാൻ സാധ്യമല്ല എന്ന് മനസിലായി. ജഡവും ആത്മാവും തമ്മിൽ എപ്പോഴും പോരാട്ടം ഉണ്ട്. അവന്റെ ആത്മാവ് ദൈവത്തിന്റെ ന്യായപ്രമാണം ചെയ്യുവാൻ ആഗ്രഹിക്കുന്നു.(വാക്യം 22) എന്നാൽ അവന്റെ ജഡമോ പാപം ചെയ്യുവാൻ ആഗ്രഹിക്കുന്നു. പരിപൂർണ്ണത നേടാൻ ക്രിസ്തുവിൽ കൂടിയേ സാധിക്കുകയുള്ളൂ എന്ന് മനസിലാക്കി.

ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം പാപംനിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവു നീതിനിമിത്തം ജീവനാകുന്നു. യേശുവിനെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽനിന്നു ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും. നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും.(റോമർ 8:10,11,13)

ദൈവത്തിന്റെ ആത്മാവിനാൽ മാത്രമേ ജഡത്തിന്റെ ദുഷ്മോഹത്തെ ജയം കൊള്ളുവാനും ദൈവത്തിന്റെ ഗുണനിലവാരത്തിൽ എത്തുവാൻ സാധിക്കുകയുള്ളൂ. നമ്മൾ ആഗ്രഹിക്കാത്ത കാര്യങ്ങൾ ജഡത്തിൽ ചെയ്യുമ്പോൾ, യഥാസ്ഥാനപെട്ട് പൂർണ്ണതയിലേക്ക് ഒരു വഴി ദൈവം ഒരുക്കിയിട്ടുണ്ട്:

നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.(1.യോഹന്നാൻ 1:9)

നിങ്ങളുടെ പുതിയ ജീവിതം സ്വന്തം ശക്തിയിൽ ചെയ്യുവാൻ ശ്രമിക്കേണ്ടതില്ല നിങ്ങൾ ജീവിക്കേണ്ടത് ദൈവപുത്രനിലുള്ള വിശ്വാസത്തിലാണ്. നിങ്ങൾ പരാജയപെടുമ്പോൾ അപ്പോഴെക്കെ ദൈവത്തോട് തെറ്റ് ഏറ്റുപറഞ്ഞ്, യഥാസ്ഥാനപെട്ട് പൂർണ്ണതയിലേക്ക് തിരിച്ചു വരുവാൻ സാധിക്കും.

നിങ്ങൾ വീണ്ടും ജനനം പ്രാപിക്കുമ്പോൾ നിങ്ങൾ സ്വാഭാവിക ലോകത്തിലെ ഒരു ശിശുവിനെപോലെ. നിങ്ങൾ ആത്മീയമായി ധാരാളം പഠിക്കേണ്ടതുണ്ട്. നിങ്ങൾ പഠിക്കുമ്പോൾ തെറ്റുകൾ സംഭവിക്കാം. നിങ്ങൾക്ക് തെറ്റ് വരുമ്പോൾ നിങ്ങളുടെ പാപങ്ങൾ ഏറ്റുപറയണം, ദൈവം നിങ്ങളോട് ക്ഷമിക്കും.

ഒരു വിശ്വാസി ശത്രുവായ സാത്താനുമായി പോരാടണം. ഇത് ഒരു ആത്മീയ പോരാട്ടം. നിങ്ങളുടെ മനസ്സിലും നിങ്ങളുടെ ജീവിതത്തിന്റെ ചുറ്റ് പാടുകളിലുടെയും ഇത് നടക്കുന്നത്. ചിലപ്പോൾ നിങ്ങൾ ശത്രുവിനോട് യുദ്ധത്തിൽ

തോറ്റു പോകാം. അതു ശത്രു ജയിച്ചു എന്നല്ല. നിങ്ങളുടെ താൽകാലികമായ പരാജയം. എന്നാൽ തെറ്റ് ഏറ്റുപറയുമ്പോൾ നിങ്ങൾക്ക് നീതിയിൽ എഴുന്നേൽക്കുവാനും പൂർണ്ണത തുടരുവാനും കഴിയും.

നിങ്ങൾ മുന്പുള്ള അദ്ധ്യായത്തിൽ പഠിച്ചത്പോലെ, യേശു സാത്താനെ ന്യായം വിധിച്ചിരിക്കുന്നു. കാൽവരി കുരിശിൽ സാത്താൻ തോല്പിക്കപെട്ടു. നിങ്ങളിൽ ഉള്ള ദൈവത്തിന്റെ ശക്തി ശത്രുവിന്റെ ശക്തിയെക്കാൾ വലുതാണ്.

കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽനിന്നുള്ളവർ ആകുന്നു; അവരെ ജയിച്ചുമിരിക്കുന്നു. നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ വലിയവനല്ലോ..
(1.യോഹന്നാൻ 4:4)

നിങ്ങൾ പൂർണ്ണതയിലേക്ക് തുടരുവാൻ ഈ ശക്തിയിനാൽ ശ്രമിക്കുക, മനുഷ്യ പ്രയത്നം അല്ല. പൂർണ്ണതയിലേക്ക് പോകുവാൻ ശ്രമിക്കുന്നത് സ്വന്ത പുരോഗതിക്കുള്ള പാഠ്യ ക്രമം അല്ല. ഇത് യേശു ക്രിസ്തുവിലുള്ള വിശ്വാസത്തിലുടെ പുതു സൃഷ്ടിയിൽ ജീവിക്കുവാൻ പഠിക്കുന്ന ഒന്നാകുന്നു.

## പൂർണ്ണതയിലെക്കുള്ള നടത്തിപ്പ്

പൂർണ്ണതയിലെക്കുള്ള നടത്തിപ്പിന് നിങ്ങളുടെ ജീവിതത്തിൽ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ആവശ്യം.

### ഒരു നല്ല അടിസ്ഥാനം

ഈ പാഠ്യക്രമം മനസ്സിലാക്കിയതുപോലെ പൂർണ്ണതയിലേക്ക് തുടരുന്നതിനു ഒരു നല്ല ആത്മീയ അടിസ്ഥാനം ആവശ്യം (എബ്രായർ 6:1-3)

### ദൈവ വചനത്തോട് പ്രതികരണം

പൂർണ്ണതക്ക് ആവശ്യമായ തെറ്റുതിരുത്തൽ നൽകുക എന്നതാകുന്നു ദൈവ വചനത്തിന്റെ ഒരു ഉദ്ദേശ്യം.

എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു. (2.തിമൊഥെയൊസ് 3:16,17)

നിങ്ങൾ വെറുതെ ദൈവവചനം പഠിക്കുന്നത് കൊണ്ട് മാത്രം പൂർണ്ണതയിലേക്ക് എത്തുന്നില്ല. നിങ്ങൾ ദൈവ വചനത്തോട് പ്രത്യുത്തരാത്മക മായിരിക്കണം

ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൌമ്യതയോടെ കൈക്കൊൾവിൻ . എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ .ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോടു ഒക്കുന്നു.അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്നു ഉടനെ മറന്നു പോകുന്നു. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനിലക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും.(യാക്കോബ് 1:21-25)

നിങ്ങൾ ദൈവത്തിന്റെ ന്യായപ്രമാണം നോക്കുക മാത്രമല്ല, അതിൻ പ്രകാരം ജീവിക്കണം. നിങ്ങൾ എല്ലാ അഴുക്കും ദുഷ്ടതയും വിട്ടിട്ടാണ് വചനത്തെ പ്രതികരിക്കേണ്ടത്, വചനത്തെ അനുസരിക്കുന്നത് രക്ഷയുടെ ഉറപ്പ് നൽകുന്നു.

എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു. നാം അവനിൽ ഇരിക്കുന്നു എന്നു ഇതിനാൽ നമുക്കു അറിയാം.(1.യോഹന്നാൻ 2:5)

**പ്രാർത്ഥന**

പ്രാർത്ഥന പൂർണ്ണത ഉളവാക്കുന്നു.

നിങ്ങളിൽ ഒരുത്തനായി ക്രിസ്തുയേശുവിന്റെ ദാസനായ എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യുന്നു; നിങ്ങൾ തികഞ്ഞവരും ദൈവഹിതം സംബന്ധിച്ചൊക്കെയും പൂർണ്ണനിശ്ചയമുള്ളവരുമായി നിൽക്കേണ്ടതിന്നു അവൻ പ്രാർത്ഥനയിൽ നിങ്ങൾക്കു വേണ്ടി എപ്പോഴും പോരാടുന്നു.(കൊലൊസ്സ്യർ 4:12)

**പ്രതിഷ്ഠ**

നിങ്ങളുടെ ജീവിതത്തെ ദൈവത്തിൽ പ്രതിഷ്ഠിക്കുമ്പോൾ നിങ്ങൾക്ക് ദൈവത്തിന്റെ ദൈവഹിതം തിരിച്ചറിയും. പ്രതിഷ്ഠ എന്നാൽ വേർതിരിക്കപ്പെട്ട ജീവിതം. നിങ്ങൾ ലോകത്തിനു അനുരൂപപെടുന്നത് നിരസിക്കുന്നു. ദൈവ വചനം പ്രകാരമുള്ള നിലവാരം തിരഞ്ഞെടുക്കുന്നു.

സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിൻ. ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.(റോമർ 12:1-2)

**പരിശുദ്ധാത്മാ ദാനം**

പരിശുദ്ധാത്മാവിന്റെ ദാനങ്ങളിൽ ഒന്ന് നിങ്ങളുടെ ജീവിതത്തെ പൂർണ്ണതക്കുള്ള വളർച്ചക്ക് സഹായിക്കുക. മുമ്പുള്ള അദ്ധ്യായത്തിൽ പഠിച്ചത് പോലെ, ദൈവ സഭയിൽ കൃപാവരം ഉണ്ട്:

അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിന്നായുള്ള ശുശ്രൂഷയുടെ വേലെക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനെക്കും ആകുന്നു.(എഫെസ്യർ 4:12-13)

**ശുശ്രൂഷകർക്ക് കീഴ്പ്പെടുക**

പൂർണ്ണതയുടെ വളർച്ചയ്ക്ക് ദൈവം ആത്മീയ നടത്തിപ്പുകാരെ തന്നിരിക്കുന്നു. ദൈവം സഭയിൽ നിയോഗിച്ച അധികാരികൾക്ക് കീഴ്പെടുക. ആത്മീയ നടത്തിപ്പുകാരുടെ പങ്ക് പൂർണ്ണതയുടെ വളർച്ചയ്ക്ക് ആവശ്യം എന്ന് ദൈവ വചനത്തിൽ വെളിപ്പെടുന്നു:.

ഇനി നിങ്ങളുടെ മുഖം കാണ്മാനും നിങ്ങളുടെ വിശ്വാസത്തിന്റെ കുറവു തീർപ്പാനുമായി ഞങ്ങൾ രാവും പകലും വളരെ താല്പര്യത്തോടെ പ്രാർത്ഥിച്ചുപോരുന്നു. (1.തെസ്സലൊനീക്യർ 3:10)

അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന്നു ഏതു മനുഷ്യനെയും പ്രബോധിപ്പിക്കയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. (കൊലൊസ്സ്യർ 1:28)

നിങ്ങൾ തികഞ്ഞവരും ദൈവഹിതം സംബന്ധിച്ചൊക്കെയും പൂർണ്ണനിശ്ചയമുള്ള വരുമായി നിൽക്കേണ്ടതിന്നു അവൻ പ്രാർത്ഥനയിൽ നിങ്ങൾക്കു വേണ്ടി എപ്പോഴും പോരാടുന്നു.(കൊലൊസ്സ്യർ 4:12)

നിങ്ങളുടെ യഥാ സ്ഥാനത്വത്തിന്നായി തന്നേ ഞങ്ങൾ പ്രാർത്ഥിക്കുന്നു. (2.കൊരിന്ത്യർ 13:9)

**കഷ്ടത**

വിശ്വാസിയുടെ ജീവിതത്തിൽ വ്യക്തമായ ഉദ്ദേശത്തിൽ കഷ്ടത വരുമ്പോൾ എത്തുന്നു. കഷ്ടതയുടെ ഫലം പൂർണ്ണത.

എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിന്നായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നേ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും.(1.പത്രൊസ് 5:10)

കഷ്ടത സമയത്തുള്ള സഹനശീലം പൂർണ്ണതക്ക് കാരണമാകുന്നു.

എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിന്നു സ്ഥിരതെക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ.(യാക്കോബ് 1;4)

**ആത്മനിയന്ത്രണം**

പൂർണ്ണതയുടെ പ്രക്രിയയുടെ ഭാഗം ആത്മനിയന്ത്രണ പഠനം ആണ്.

പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക. (2.കൊരിന്ത്യർ 7:1)

ഏറ്റവും കൂടതൽ പ്രയാസം നാക്കിനെ നിയന്ത്രിക്കുകയാണ്. എന്നാൽ നാക്കിനെ നിയന്ത്രിക്കുന്നത് നിങ്ങളുടെ മുഴുവൻ ജീവിതത്തെ നിയന്ത്രിക്കുന്നതിനു സമമാണ്.

നാം എല്ലാവരും പലതിലും തെറ്റിപോകുന്നു; ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു.(യാക്കോബ് 3:2)

**തെറ്റ് തിരുത്തലിന്ടെ പ്രതികരണം**

പക്വതയുള്ള വിശ്വാസിയിൽ നിന്ന് ലഭിച്ച തെറ്റ് തിരുത്തൽ പൂർണത പ്രക്രിയയുടെ ഭാഗമാണ്.

സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ലതെറ്റിലും അകപെട്ടുപോയെങ്കിൽ ആത്മികരായ നിങ്ങൾ അങ്ങനെയുള്ളവനെ സൌമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെ ടുത്തുവിൻ ; നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾക.(ഗലാ 6:1)

നിങ്ങൾ അങ്ങനെയുള്ള തെറ്റ് തിരുത്തലിലുടെ ശരിയായി പ്രതികരിക്കുമ്പോൾ യഥാസ്ഥാനപ്പെടും.

## സംഗ്രഹം

ആത്മീയ പക്വത ദൈവത്തിന്റെ കൃപയിൽ മുന്നേറി എന്ന അർത്ഥമില്ല. അതു രക്ഷയുടെ പ്രവൃത്തി പൂർത്തികരിക്കപെട്ടിട്ടില്ല. സ്വർഗ്ഗത്തിൽ പ്രവേശനം നിങ്ങൾക്ക് നേടിയെടുക്കുന്നതിനായില്ല. കാരണം യേശു ക്രിസ്തുവിന്റെ മരണം മൂലം ഇത് സംഭവിച്ചത്. നിങ്ങൾ ദൈവത്തിന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുന്നത് യേശുവിലുടെ. അവനിലുടെ രക്ഷിക്കപെട്ടു സ്വർഗ്ഗ വാഗ്ദാനവും ലഭിച്ചു.

പൂർണ്ണത ഉണ്ടാകുന്നതു ഒരു തരം നിലവാരം പുലർത്തുന്നത് കൊണ്ടല്ല. ഒരു വ്യക്തിക്ക് ഒരു നിലവാരം പുലർത്തി, രക്ഷിക്കപെടാതെ തന്നെ പുറമേ ഒരു ആത്മീയത കാണിക്കുവാൻ സാധിക്കും.

പൂർണ്ണത ഉണ്ടാകുന്നതു നിങ്ങൾ വൈകാരികമായി തോന്നിക്കും വിധം കാണിച്ചത് കൊണ്ടല്ല. വർഷങ്ങളായീ ക്രിസ്താനി ആയതുകൊണ്ട് സ്വയമേ വരുന്നതല്ല, അല്ലെങ്കിൽ ക്രിസ്താനിയായി വേല ചെയ്തത് കൊണ്ടുമല്ല, ആത്മീയ പക്വത (പൂർണ്ണത) ഉണ്ടാകുന്നതു. ആത്മീയ അറിവ് വർദ്ധിക്കുന്നതും അത് ജീവിതത്തിൽ പ്രയോഗിക്കുന്നത് കൊണ്ടാണ്. ഈ അറിവ് ദൈവവചനം പഠിക്കുന്നത് കൊണ്ട് വർദ്ധിക്കുന്നു.

ഈ പഠനത്തിന്റെ ഫലമായി പൂർണ്ണതയുടെ പദ്ധതിയും കർത്താവായ യേശു ക്രിസ്തുവിന്റെ കല്പനകൾ മനസിലാക്കുവാനും സാധിച്ചു. നിങ്ങൾ പഠിച്ചത് നിങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കുമ്പോൾ ദൈവശക്തിയിലുടെ ആത്മീയ പക്വതയിലേക്ക് നയിക്കുവാൻ കഴിയും.

.

പരിപൂർണ്ണത
(ആത്മീയ പക്വത)
I
ദൈവ വചനം പഠിക്കുക
I
നയിക്കുന്നത്
I
അത്മിയമായീ അറിവ് വർദ്ധിക്കുന്നു›
I
ദൈവ ശക്തിയിൽ കൂടി പ്രയോഗിക്കുമ്പോൾ അത് നയിക്കുന്നത്
I
ആത്മീയ പക്വത (പരിപൂർണ്ണത )

## ഉപസംഹാരം

ക്രിസ്തിയ അടിസ്ഥാനത്തിന്റെ ഉപസംഹാരത്തിലേക്ക് വന്നിരിക്കുന്നു. എന്നാൽ യാഥാർത്ഥമായീ ഈ പഠിനം പൂർത്തിയായ്ട്ടില്ല. പൗലോസ് പറയുന്നതു പോലെ, നിങ്ങൾ ഇപ്പോൾ പരിജ്ഞാനപൂർത്തി (പരിപൂർണ്ണത) പ്രാപിപ്പാൻ ശ്രമിക്കുക (എബ്രായർ 6:1)

ഈ കോഴ്സിന്റെ അദ്ധ്യായം തുടങ്ങുന്നത് ഒരു ലക്ഷ്യത്തോടെയാണ്. ഇത് നിങ്ങളുടെ ജീവിതം പരിപൂർണ്ണതയിൽ [ആത്മീയ പക്വതയിൽ, പരിജ്ഞാന പൂർത്തിയിൽ, യഥാസ്ഥാനത്വത്തിന്നായി] എത്തി ചേരുക എന്ന ഉദ്ദേശ്യമാണ്.

നിങ്ങളുടെ യഥാസ്ഥാനത്വത്തിന്നായി തന്നേ ഞങ്ങൾ പ്രാർത്ഥിക്കുന്നു.(2. കൊരി13:9)

## സ്വയ പരിക്ഷ

1) പരിപൂർണ്ണത വിവരിക്കുക
2) വിശ്വാസികളുടെ പരിപൂർണ്ണതയുടെ മാതൃക ആരാണ്?
3) പ്രാരംഭമായ പൂർണ്ണത വിവരിക്കുക
4) പുരോഗമനാത്മകമായ പൂർണ്ണത എന്നാൽ എന്താണ്?
5) പൂർണ്ണതയിലെക്കുള്ള നടത്തിപ്പിന് ഒൻപതു കാര്യങ്ങളുടെ പട്ടിക ഉണ്ടാക്കുക.
6) പ്രധാന വാക്യം കാണാതെ എഴുതുക
7) വാക്യം ശരിയെങ്കിൽ ടി എന്ന് എഴുതുക. തെറ്റ് എങ്കിൽ ഫ എന്ന് എഴുതുക

a) _________ ഒരു ക്രിസ്ത്യാനി ആയി എത്ര നാൾ എന്നതിനെ ആശ്രയിച്ച് ആത്മീയ പക്വത

b) ________ പുരോഗമനാത്മകമായ പൂർണ്ണത എന്നത് രക്ഷ മുഴുവനായില്ല.

c) ________ പല ക്രിസ്ത്യാനി പ്രവർത്തനങ്ങളും ആത്മീയ പക്വത പ്രാപിക്കുവാൻ സഹായിക്കും.

d) ________ പൂർണ്ണത വരുന്നത് ആത്മീയ അറിവ് കൂടുമ്പോഴും അത് ജീവിതത്തിൽ പ്രായോഗികമാക്കുമ്പോൾ

8) എന്താണ് വിശ്വാസികളുടെ പരിപൂർണ്ണതയുടെ നിലവാരം?

## തുടർന്ന് പഠികേണ്ടതിന്

പരിപൂർണ്ണത തുടർന്ന് പഠിക്കേണ്ടതിന് താഴെ കൊടുത്തിരിക്കുന്ന ഉദാഹരണ വാക്യം പഠിച്ച് നിങ്ങൾ തുടരുക

### പുതിയ നിയമ ഉദാഹരണവാക്യം

പൂർണ്ണതക്കുള്ള കല്പനകൾ

മത്തായി 5:48
യോഹന്നാൻ 17:23
1. കൊരിന്ത്യർ 1:10
2. കൊരിന്ത്യർ 7:1; 13:9,11
കൊലൊസ്സ്യർ 4:12
എബ്രായർ 6:1; 13:21
യാക്കോബ് 1:4

പൂർണ്ണത തടസമാക്കുന്ന കാര്യങ്ങൾ

ലൂക്കോസ് 8:14
ഗലാത്യർ 3:3
ഫിലിപ്പിയർ 3:15
എബ്രായർ 7:11,19; 9:9; 10:1

പൂർണ്ണതയകുവാനുള്ള  കാരണങ്ങൾ

യോഹന്നാൻ  17:23;
റോമർ  12:2
കൊലൊസ്സ്യർ  4:12
2.തിമൊഥെയൊസ്  3:16-17
യാക്കോബ്  1:4;  2:22;  3:2
1.യോഹന്നാൻ  2:5

നമ്മൾ എങ്ങിനെയാണ് പൂർണ്ണരാകുന്നത്

മത്തായി 19:21
ലൂക്കോസ് 6:40
2. കൊരിന്ത്യർ 7:1; 12:9
ഗലാത്യർ 3:3
എഫെസ്യർ 4:12-13
ഫിലിപ്പിയർ 3:12,15
കൊലൊസ്സ്യർ 1:28; 3:14
2. തിമൊഥെയൊസ് 3:16-17
എബ്രായർ  2:10;  7:11
യാക്കോബ്  1:4,17,25;  2:22;  3:2
1.  പത്രൊസ്  5:10
1.  യോഹന്നാൻ  2:5;  4:12;  4:17-18

## പഴയ നിയമ ഉദാഹരണവാക്യം

എബ്രഹാം ദൈവത്തിന്റെ മുമ്പാകെ പൂർണ്ണനായി നടക്കേണ്ടതാണ്. ഉല്പത്തി 17:1

യെശയ്യാവു ദൈവത്തിന്റെ മുമ്പാകെ പൂർണ്ണനായിരിന്നു യെശയ്യാവു 38:3

ദൈവത്തിന്റെ വഴികൾ പൂർണ്ണതയുള്ളത് 2. ശമുവേൽ 22:31

രാജാക്കന്മാർ 1. & 2 വയ്ക്കുമ്പോൾ ഇത് പോലെയുള്ള വാക്യം "അവന്റെ ഹൃദയം പൂർണ്ണതയുണ്ടായിരിന്നില്ല" എന്ന് കാണാം. ഇത് വിവരിക്കുന്നത് ദുഷ്ട രാജാക്കന്മാർ ഇസ്രയേലിനെ ഭരിച്ചവർ. അവരുടെ ചരിത്രം നോക്കുമ്പോൾ എന്തുകൊണ്ട് അവരുടെ ഹൃദയം പൂർണ്ണതയുണ്ടായിരിന്നില്ല, പിന്നീട് അതിന്റെ ഫലം എന്തായിരുന്നു എന്ന് നിരീക്ഷിക്കുക

## സങ്കീർത്തനങ്ങളിലെ പൂർണ്ണത

ദാവിദ് പൂർണ്ണതയെ പറ്റി പറഞ്ഞിട്ടുള്ളതു പഠിക്കുക:

ദൈവത്തിന്റെ വഴികൾ പൂർണ്ണതയുള്ളത് - സങ്കീർത്തനങ്ങൾ 18:30,32
ദൈവത്തിന്റെ ന്യായപ്രമാണം  പൂർണ്ണതയുള്ളത് - സങ്കീർത്തനങ്ങൾ 19:7
പൂർണ്ണതയുള്ള മനുഷ്യന്റെ അവസാനം സമാധാനം - സങ്കീർത്തനങ്ങൾ  37:37
നമ്മൾ ദൈവത്തിന്റെ മുമ്പാകെ പൂർണ്ണതയോടെ നടക്കണം - സങ്കീർത്തന 101:2,6

# അനുബന്ധം

"വിശ്വാസത്തിന്റെ അടിസ്ഥാനം" എന്ന വിഷയം പഠിക്കുന്നത് പുതിയ വിശ്വാസികൾക്ക് വളരെ പ്രധാനം ആകുന്നു. ഇത് യേശുവിന്റെ ഉപദേശങ്ങൾ ആത്മീയ പക്വതക്ക് വേണ്ടി ശരിയായ അടിസ്ഥാനത്തിൽ പഠിക്കുവാൻ ലഭ്യമാക്കുന്നു.(എബ്രായർ 6:1-3)

പുതിയ വിശ്വാസികൾ ഈ ലോകത്തിൽ കാണുന്നത് പോലെ നവജാത ശിശുക്കൾ ആകുന്നു. നിങ്ങൾ ഒരു നവജാതശിശുവിനെ എടുത്തുകൊണ്ടു വാതിൽ കാണിച്ചിട്ട് ഒരിക്കലും ഇങ്ങിനെ പറയുകയില്ല "ഞങ്ങൾ നിന്നെ രണ്ടു ആഴ്ച നോക്കും" ഇതാണ് സഭയിൽ സാധാരണ നടുക്കുന്നത്. ഇത്കൊണ്ടാകുന്നു പുതിയ വിശ്വാസി ആത്മീയമായീ മരിക്കുന്നത്. നിങ്ങൾക്ക് ആത്മാക്കളെ കുറിച്ചുള്ള ഉത്തരവാദിത്വം അൽത്താരയിൽ മാനസാന്തര പ്രാർത്ഥന കഴിക്കുന്നത് കൊണ്ട് അവസാനികുന്നില്ല, നിങ്ങളുടെ ഉത്തരവാദിത്വം പുതിയ വിശ്വാസിയെ അൽത്താരയിൽ നിന്നും സഭയിലേക്ക് കൊണ്ടുവരണം.

ഒരു അപരിചിതമായ സാഹചര്യത്തിലാണ് പുതിയ വിശ്വാസി എത്തുന്നത്. അവൻ പിറന്നത് ഇപ്പോൾ ദൈവരാജ്യത്തിലാണ്.(യോഹന്നാൻ 3:3-7) അവന് നമ്മൾ സംസാരിക്കുന്ന ഭാഷ കേട്ടിരിന്നതിലും വ്യത്യാസം ഉണ്ടായിരിക്കും. ഇത് പോലെയുള്ള വാക്കുകൾ, വിശ്വാസം, സ്നാനം, മാനസാന്തരം, ന്യായ വിധി, എന്നിവ വിവരിച്ചു കൊടുക്കണം. ദൈവ രാജ്യത്തിലുള്ള ഭാഷകൾ പഠിച്ചാൽ പോര, അവൻ ദൈവരാജ്യത്തിലെ പുതിയ ജീവന്റെ അടിസ്ഥാന തത്ത്വങ്ങൾ അറിഞ്ഞിരിക്കണം.

ഓരോ പുതിയ വിശ്വാസിയും ഒരു പക്വതയുള്ള ക്രിസ്താനിയുടെ കരുതലിൽ ആയിരിക്കണം. ഒരു ശിശു ഈ ലോകത്തിൽ ആയരിക്കുന്നത് പോലെ അവന് ആത്മീയ ലോകത്തിന്റെ അഭ്യസനം ആവശ്യം. മറ്റുള്ള സമയത്തെക്കാൾ ജനിച്ച സമയത്ത് ഒരു ശിശുവിന് വലിയ കരുതൽ ആവശ്യം. പുതിയ വിശ്വാസിക്ക് ശരിയായ ആത്മീയ കരുതലിന് താഴെ കൊടുത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശ രേഖകൾ ഉപയോഗിക്കാം.

**നടപടി 1**

ഒരു വ്യക്തി സുവിശേഷത്തിനു പ്രതികരിച്ച്, മാനസാന്തരപെട്ട് യേശുവിനെ രക്ഷകനായീ സ്വീകരിച്ചു 24 മണിക്കുർനുള്ളിൽ അവൻ ഒരു പക്വതയുള്ള ക്രിസ്ത്യാനിയുമായീ ബന്ധപെടണം.

പുതിയ വിശ്വാസി ചിലപ്പോൾ ഒരു മോശമായ സാഹചര്യത്തിൽ, ദുരാചാര സംസാരിക്കുന്ന, ശപിക്കുന്ന, തെറ്റായ പ്രവർത്തിക്കുന്ന ചുറ്റുപാടിൽ ജിവിക്കുന്നുണ്ടാവാം. പക്വതയുള്ള ക്രിസ്ത്യാനിയിൽനിന്ന് പ്രോത്സാഹനവും ബന്ധപെടലിലുടെ ലഭിക്കും. അവന് ആരോ കരുതുന്നു, അവന് വേണ്ടി പ്രാർത്ഥിക്കുന്നു എന്ന് അറിയണം. ആദ്യത്തെ തുടർ നടപടിയുടെ ഉദ്ദേശ്യം...

- പുതിയ വിശ്വാസിയെ കരുതുവാൻ ഒരു ക്രിസ്തിയ കുട്ടാളി ഉണ്ട് എന്ന് അറിയെണ്ടതിനു
- അവന്റെ ചോദ്യത്തിന് ഉത്തരം പറയുവാൻ
- അവനോടു കൂടെ പ്രാർത്ഥിക്കുവാൻ
- വിശ്വാസത്തിന്റെ അടിസ്ഥാനം എന്ന പാഠ്യക്രമത്തിൽ ചേർക്കുവാൻ

**നടപടി 2**

ഈ പാഠ്യക്രമം പറഞ്ഞത് പോലെ ക്രിസ്താനിയായി മാറിയതിനു ശേഷം തുടർന്നും ദൈവ വചനം പഠിക്കുക എന്നത് യേശു കല്പിച്ചതും ആദിമസഭ മാതൃകയായീ പിന്തുടരുന്നതും ആയിരുന്നു. പുതിയ വിശ്വാസികൾക്ക് യേശുവിന്റെ അടിസ്ഥാന ഉപദേശമായ വിശ്വാസത്തിന്റെ അടിസ്ഥാനം എന്ന പാഠ്യക്രമം ഉപയോഗിക്കാം. ഇത് രണ്ടു വിധത്തിൽ നടത്താം.

ആദ്യത്തേത്: പുതിയ വിശ്വാസികൾക്ക് വേണ്ടി ഒരു പുതിയ ക്ലാസ്സ് തുടങ്ങുക. ഇത് പഠിപ്പിക്കുന്നത് ഒരു പക്വതയുള്ള ക്രിസ്താനി ആയിരിക്കണം, തുടർന്ന് സഭയിൽ തുടരണം.

ഓരോ പുതിയ വിശ്വാസിയും ഈ പാഠ്യക്രമത്തിൽ ചേരണം. ഒരു യോഗം വിട്ടുപോയാൽ, അധ്യാപകൻ അവനെ ബന്ധപെട്ട്, വിട്ടുപോയതിനു അവസരം ഒരുക്കുക.

ഈ ക്രമത്തിന്റെ പ്രയോജനം പുതിയ വിശ്വാസികൾക്ക് മറ്റു പുതിയ ക്രിസ്താനികളുമായീ ഒരു കൂട്ടമായീ പഠിക്കാം. അവരുടെ ആത്മീയ നിലവാരമുള്ളവരുമായീ പരിചയപ്പെടുവാനും ആവശ്യങ്ങൾ ചോദിക്കുവാനും സാധിക്കും

അല്ലെങ്കിൽ

രണ്ടാമത്: ഒരു പുതിയ വിശ്വാസിയെ ഒരു പക്വത ക്രിസ്താനിയെ ഏല്പ്പിക്കാം. ഈ ക്രിസ്താനിക്ക് പുതിയ വിശ്വാസിയെ പതിവായി കാണുകയും വിശ്വാസത്തിന്റെ അടിസ്ഥാനം വ്യക്തിപരമായീ പഠിപ്പിക്കാം.

ഈ ക്രമത്തിന്റെ പ്രയോജനം ഒരു പുതിയ വിശ്വാസി ആത്മിയമായീ വേഗം പുരോഗിമിക്കുവാൻ കഴിയും, അവന് പെട്ടന്ന് അല്ലെങ്കിൽ പതുക്കെ അവന്റെ പ്രാപ്തിക്കനുസരിച്ച് മുന്നോട്ടു പോകുവാൻ കഴിയും. പുതിയ അധ്യാപകനുമായീ കൂടുതൽ വ്യക്തിപരമായ ചോദ്യങ്ങൾ ചോദിച്ചു ഉത്തരം ലഭിക്കുവാനും ഒരു ബന്ധം സ്ഥാപികുവാൻ അവസരം ലഭിക്കും. അവന് അധ്യാപകനോട് ആത്മീയ ആലോചനയുള്ള ചോദ്യങ്ങൾ, ആവശ്യം, പ്രശ്നങ്ങൾ ചോദിക്കാം.

വ്യക്തിഗതമായീ പഠിപ്പിക്കുന്നതെങ്കിൽ പുരുഷന്മാരും സ്ത്രീകളും തമ്മിൽ വെവേറെ പരിശീലിപ്പിക്കുക. പഠിപ്പിക്കുന്ന വ്യക്തി വിശ്വാസത്തിന്റെ അടിസ്ഥാനം എന്ന പാഠ്യക്രമം പൂർത്തിയാക്കുകയും, ചുമതലയിലേക്ക് പ്രതിബദ്ധരായിരിക്കുകയും, പുതിയ വിശ്വാസികളെ കരുതുന്നവരും ആയിരിക്കണം.

**നടപടി 3**

പുതിയ വിശ്വാസികളെ പ്രാർത്ഥന, ബൈബിൾ പഠിക്കുന്നതിന് നയിക്കുക. പ്രാർത്ഥിക്കാനും വചനം പഠിക്കുവാൻ അവൻ അറിയാം എന്ന് കരുതരുത്. അവർക്ക് അടിസ്ഥാനമായത് പ്രബോധിപ്പിക്ക. ഹർവെസ്റ്റ്ടൈം ഇന്റർ നേഷനൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന കോഴ്സ് "ക്രിയേറ്റീവ് ബൈബിൾ പഠനം രീതികൾ, ആത്മീയ പോരാട്ടം അല്ലെങ്കിൽ യുദ്ധതന്ത്രനൈപുണ്യം" എന്ന പാഠ്യക്രമം നൽകുന്നുണ്ട്.

**നടപടി 4**

പുതിയ വിശ്വാസികളെ ജലസ്നാനനത്തിലും, പരിശുദ്ധാത്മാ സ്നാനത്തിലും മുള്ള അനുഭവത്തിലേക്ക് ആത്മീയമായി ഒരുങ്ങേണ്ടതിനു മാർഗ്ഗ നിർദേശം നൽകുക. ഇത് ചിലപ്പോൾ അതേദിവസം, ആഴ്ചകൾ, മാസങ്ങൾ എടുത്തേ ക്കാം. മറ്റു ചിലർക്ക് ഈ അനുഭവം കൂടുതൽ സമയം ആവശ്യം. നിങ്ങൾ കൂട്ടമായി പുതിയ വിശ്വാസികളെ പഠിപ്പിക്കുമ്പോൾ കൂട്ടമായി ഒരുങ്ങുന്നത് വരെ ഒരു വ്യക്തിയെ മാത്രം നിറുത്തരുത്. ഓരോ വ്യക്തിയും ആത്മീയമായി കഴിവുള്ളതുപോലെ പുരോഗതി ചെയ്യട്ടെ.

**നടപടി 5**

പുതിയ വിശ്വാസിയെ ക്രിസ്തുവിന്റെ ശരിരമായ സഭയിൽ അവന്റെ ഇടം കണ്ടെത്താൻ സഹായിക്കുക. ആത്മീയവരങ്ങൾക്കായി അവനെ നയിക്കുകയും. ഹർവെസ്റ്റ്ടൈം ഇന്റർനേഷനൽ ഇൻസ്റ്റിറ്റിയൂട്ട് കോഴ്സ് "പരിശുദ്ധാത്മാ വിന്റെ ശുശ്രുഷ" എന്ന പാഠ്യക്രമം നല്കുന്നത് സഹായിക്കും.

സുവിശേഷ സന്ദേശം എല്ലായിടത്തും എത്തേണ്ടതിനുള്ള വിശ്വാസികളുടെ വ്യക്തിപരമായ ഉത്തരവാദിത്വത്തിനായി ഉത്സാഹിപ്പിക്കുക. ഹർവെസ്റ്റ്ടൈം ഇന്റർനേഷനൽ ഇൻസ്റ്റിറ്റ്യൂട്ട് കോഴ്സുകൾ."ആത്മീയ കൊയ്ത്തു തന്ത്രങ്ങൾ, ഒരു ബൈബിൾ ലോക കാഴ്ച എന്ന പാഠ്യക്രമം സഹായിക്കും.

**ഓർക്കുക:** നിങ്ങളുടെ ലക്ഷ്യം പുതിയ വിശ്വാസിയെ സഭയിൽ ചേർത്ത് പ്രവൃത്തിപ്പിക്കാനും, പ്രയോചനമുള്ള സഭ അംഗം ആയിരിപ്പാനും പൂർണ്ണതയി ലേക്ക് (ആത്മീയ പക്വത) നയിക്കുന്നവർ ആയിരിക്കണം.

## സ്വയ പരിക്ഷയുടെ ഉത്തരങ്ങൾ

അധ്യായം - 1

1. അതുകൊണ്ടു നിർജ്ജീവപ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തി ങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പു, മരിച്ച വരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക. ദൈവം അനുവദിക്കുന്ന പക്ഷം നാം അതു ചെയ്യും.(ഹെബ്രായ 6:1-3)
2. നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം
- ദൈവത്തിങ്കലെ വിശ്വാസം
- സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം
- കൈവെപ്പു
- മരിച്ചവരുടെ പുനരുത്ഥാനം,
- നിത്യശിക്ഷാവിധി
3. ഒരു ശരിയായ ആത്മീയ അടുസ്ഥാനം യേശു ക്രിസ്തുവിന്റെ ഉപദേശത്തിൽ
4. ലൂക്കോസ് 6:47 നോക്കുക
- എന്റെ അടുക്കൽ വന്നു
- എന്റെ വചനം കേട്ടു
- ചെയ്യുന്നവൻ
5. യേശു ക്രിസ്തു

അധ്യായം - 2

1. ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാ ത്ത വരായിത്തീർന്നു,( റോമർ 3:23)
2. നിർജ്ജീവപ്രവൃത്തികളുടെ മാനസാന്തരം എന്നാൽ അകമയുള്ള തിരുമാനം അല്ലെങ്കിൽ മനസ്മാറ്റത്തിന്റെ പരിണതഫലം പുറമെയുള്ള മാറ്റത്തെ പാപ ത്തിൻനിന്നും വിട്ട് ദൈവത്തിലെക്കും നീതിയിലെക്കും തിരിയുക എന്നതാ കുന്നു.
3. പാപം, തിന്മ, ദുഷ്ടത, ലംഘിക്കുക, അനീതി, അഭക്തി, അധർമ്മം, അനുസരണക്കേട്, ലംഘനം
4. എല്ലാവരും പാപികൾ റോമർ 5:12
5. പാപം ഉത്ഭവിച്ചതു ലുസിഫെർ [പിശാച്] സ്വർഗത്തിൽ ദൈവത്തോട് എതിർത്ത് നിന്നപ്പോൾ. . ഈപാപമുലം ലുസിഫെർ സ്വർഗത്തിൽനിന്നും ഭുമി യിലെക്കു തള്ളപെട്ടു ആദ്യമനുഷ്യനെ (ആദം/ഹവ്വ) പിശാചിനാൽ വഞ്ചി ക്കപെട്ടു ദൈവത്തിനു വിരുദ്ധമായി പാപം ചെയ്തു. ഇത് മൂലം പാപവും പാപത്തിന്റെ ശിക്ഷയും എല്ല മനുഷ്യരിലും പിന്തുടരുന്നു. .
6. യുദാസ് (മത്തായി 27:3-4) എസവ് (എബ്രായർ 12:17)

അധ്യായം - 3

.1.
- ദൈവം കല്പ്പിക്കുന്നു:

- ആത്മീയ മരണം ഒഴിവാക്കുവാൻ ആവശ്യമാണ്:
- നിത്യജീവൻ പ്രാഭികുവൻ ആവശ്യമാണ്:
- പാപക്ഷമ ലഭിക്കുവാൻ ആവശ്യമാണ്:
- ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ആവശ്യമാണ്:
- എല്ലാവരോടും ദൈവതിന്റെ ഹിതം
- യേശു ഈ കാരണം കൊണ്ട് ലോകത്തിലേക് വന്നത്:

2.

- ദൈവതിന്റെ ദയ
- പ്രസംഗം
- ക്രിസ്തുവിന്റെ വിളി
- പിതാവായ ദൈവം
- ശാസിക്ക
- ദൈവഹിതപ്രകാരമുള്ള ദുഃഖം

3. മാറ്റം എന്നാൽ തെറ്റിൽ നിന്നും ശരിയായ വഴിയിലേക് തിരിയുക എന്നാണ്

.4. മുടിയനായ പുത്രൻ എന്നത് ഒരു പാപ മനുഷ്യൻ പിതാവായ ദൈവത്തിൽ നിന്ന് സ്വർഗമായ അവന്റെ വീട്ടിൽ നിന്നും വിട്ടു തിരിഞ്ഞു പോയീ. ഒടുവിൽ ഇളയവന് അവന്റെ പാപ അവസ്ഥയെ പറ്റി സുബോധം വന്നു. അവൻ ഒരു പ്രധാനപെട്ട തീരുമാനം എടുത്തു. അവൻ അവന്റെ അപ്പന്റെ മടങ്ങി പോയീ ചെയ്ത പാപത്തെ പറ്റി അനുതപിച്ചു ഏറ്റു പറയുവാൻ ഇതാണ് മാനസാന്തരം. ഈ ഇളയ മനുഷ്യൻ പഴയ ജീവിതം വിട്ടു അപ്പന്റെ വീടിലേക്ക് മടങ്ങി ഒരു പുതു ജീവിതം തുടങ്ങി. ഇതാണ് മാറ്റം.

5. ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ മാനസാന്തരത്തിന്നു വിളിപ്പാൻ വന്നിരിക്കുന്നതു എന്നു ഉത്തരം പറഞ്ഞു.( ലൂക്കോസ് 5:32)

6. വിശ്വാസം, സ്നാനം, പ്രവൃത്തികൾ, മാറ്റം

7. അതെ

8. ഈ അദ്ധ്യായത്തിലെ ഉപവിഭാഗം പരിശോധിക്കുക. ഇതിൽ ക്രിസ്ത്യാനി മാനസാന്തരം പെടണം എന്ന ബൈബിൾ ഉദാഹരണങ്ങളാണ്

9. നീതികരണം എന്നത് നല്ല ബന്ധത്തെ അല്ലെങ്കിൽ ദൈവതിന്റെ മുമ്പാകെ നേരോടെ നിൽകുമ്പോൾ ഇത് നിങ്ങൾ പാപത്തിൽ നിന്ന് മാനസാന്തരപെട്ടു ദൈവതിന്റെ രക്ഷ യുടെ വഴി യേശു ക്രിസ്തുവിലുടെ പ്രാഭികുമ്പോൾ.

10. മാനസാന്തരം, യേശു ക്രിസ്തുവിനെ രക്ഷിതവായീ സ്വീകരിച്ചതുകൊണ്ടു നിങ്ങൾ പാപ ജീവിതത്തിൽ നിന്നും പാപ ശിക്ഷയിൽ നിന്നും രക്ഷിക്കപെട്ടു

അധ്യായം - 4

1.വിശ്വാസം എന്നത് പ്രതീക്ഷയും കാര്യങ്ങളുടെ ഉറപ്പും ആകുന്നു. വിശ്വാസം എന്നത് കാണാത്ത എന്തോ ഒന്ന് പ്രതീക്ഷയ്കയും എന്നാൽ അത് ലഭിച്ചു എന്ന് ഉറപ്പ് ആകുന്നു. (എബ്രായർ 11:1)

2.

- സാധാരണ വിശ്വാസം - ഇതു സാധാരണ സ്ഥിരത എന്ന് തെളിയിക്കപ്പെട്ട കാര്യങ്ങളിൽ ഉള്ള പ്രതീക്ഷ.
- രക്ഷനല്കുകന്ന വിശ്വാസം - ദൈവത്തിങ്കലെ വിശ്വാസം ശരിയായ മാനസാന്തരവുമയി കൂടിച്ചേരുമ്പോൾ

- ശുദ്ധികരിക്കപെട്ട വിശ്വാസം - മാറ്റത്തിന് ശേഷം  വിശ്വാസിക്ക് ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ പ്രാപ്തനാക്കുന്നു.
- പ്രതിരോധ വിശ്വാസം - നിങ്ങളുടെ ആത്മീയ ശത്രുവായ പിശാചിൽ നിന്നും പ്രതിരോധിക്കുവാനുള്ള ഒരു ആയുധം ആണ്.
3. ഇത് രക്ഷക്ക് ആവശ്യം. നിങ്ങള്ക്ക് ദൈവത്തെ ഇത് കുടാതെ പ്രസാധിപ്പാൻ കഴിയുക യില്ല.
4. ദൈവ വചനം കേട്ട് റോമർ 10:17
5. എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷി ക്കുന്നവർക്കും പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ. (എബ്രായർ 11:6)
6.
- അവൻ വചനത്തെ കേട്ടു
- അവൻ വചനത്തെ വിശ്വസിച്ചു.
- ആശയിലാത്ത സാഹചരിത്ത്യിൽ നിന്നും തിരുഞ്ഞു
- അവൻ വാഗ്ദത്തം പരമാർത്ഥതയോടെ സ്വീകരിച്ചു
7. ഒരു ആഗ്രഹം അല്ലെങ്ങിൽ ഭാവിയിൽ ആശിക്കുന്ന കാര്യങ്ങളുടെ മനോഭാവം. വിശ്വാസം നല്കുന്നത് ഭാവിയിൽ ആശിക്കുന്ന വാഗ്ദാനങ്ങളുടെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും.
8. മനസ്സിന്റെ നിയന്ത്രണം പരിശീലിപ്പിക്കുനത് ഈ ലോകത്തിൽ മനുഷ്യന് മനസ്, യുക്തി വിചാരം, ഇച്ഛാശക്തി ഉപയോകികുമ്പോൾ എല്ലാ പ്രശ്നം തരണം ചെയ്യാം. ഇതു മാനുഷിക നിർമിധം. അവർ തന്നിൽ തന്നെ ആശ്രയി ക്കുന്നു. ദൈവത്തെ അല്ല. മനസ്സിന്റെ നിയന്ത്രണം ദൈവവചന പ്രകാരം അല്ല. വിശ്വാസം എന്നത് ദൈവത്തിന്റെ ഉറവിടം, മാനുഷിക ഉറവിടം അല്ല. ഇതു ദൈവത്തിന്റെ ദാനം ആണ്. മനുഷ്യൻ സ്വയമായി മനസ്സിന്റെ നിയന്ത്രണം കൊണ്ട് ഉണ്ടാകുന്നത് അല്ല.
9. വിശ്വാസം എന്നത് എന്ത് നിങ്ങൾ വിശ്വസികുന്നത്. പ്രവര്ത്തി എന്നത് നിങ്ങൾ എന്ത് ചെയ്യൂന്നു
10. ദൈവത്തിങ്കലെ വിശ്വാസം സൂചിപ്പിക്കുന്നത് ദൈവ തോടുള്ള മനോ ഭാവം ആകുന്നു. ഇത് ഒരു വിശ്വാസം എതിര്കുന്നതോ ഭയ പെടുന്നത് അല്ല

അധ്യായം - 5
1.
ഞാൻ നിങ്ങളെ മാനസാന്തരത്തിന്നായി വെള്ളത്തിൽ സ്നാനം ഏല്പിക്കു ന്നതേയുള്ളു; എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു; അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും.(മത്തായി 3:11)
2. വെള്ളത്തില് തികച്ചും മുക്കുക അഥവാ വ്യക്തിയെ വെള്ളത്തില് ആഴ്ത്തുക.
3. ഇത് അകത്തോട്ടു മാറ്റം സംഭവിക്കുന്നത് വെളിയിലേക്കുള്ള സമ്മതിച്ചു ഏറ്റുപറയുക
.4.
- നിര്ദേശം
- മാനസാന്തരം
- വിശ്വാസം

- ദൈവത്തോടു നല്ല മനസ്സാക്ഷി
5.
- ക്രിസ്തുവിന്റെ കഷ്ടഅനുഭവ സ്നാനം
- സ്നാപക യോഹന്നാന്റെ സ്നാനം
- ക്രിസ്ത്യയാ ജല സ്നാനം
- പരിശുദ്ധാത്മാ സ്നാനം
6. എത്രയും പെട്ടെന്ന് നിർദേശം, വിശ്വാസം ഏറ്റുപറഞ്ഞ ശേഷം
7. അപ്പൊസ്തല പ്രവൃത്തികൾ 19:1-5
8. ഇല്ല
9. പ്രായം സ്നാനത്തിന്റെ അർത്ഥം മനസ്സിലാക്കാൻ, ആവശ്യകതകൾ നിറവേറ്റുവാൻ. അവരുടെ കഴിവ് മേൽ ആശ്രയിച്ചിരിക്കുന്നു,
10. തെറ്റ്, ശരി, ശരി

അധ്യായം - 6

1. അദ്ധ്യായം ആറ് ൽ ഇനമാക്കിയിട്ടുള്ള ആവശ്യങ്ങൾക്കായി നിങ്ങളുടെ ലിസ്റ്റ് താരതമ്യം ചെയ്യുക.
2.
- മാനസാന്തരപ്പെട്ടു സ്നാനപെടുക
- വാഗ്ദത്തം നിങ്ങൾക്ക് എന്ന് വിശ്വസിക്കുക
- അതിനായീ ആഗ്രഹിക്കുക
- ഇതു ഒരു ദാനം എന്ന് ബോധ്യമാവുക
- ദൈവത്തിൽ സമർപ്പിക്കുക
- മറ്റുള്ള വിശ്വാസികളോട് പ്രാർത്ഥനക്കായീ ആവശ്യപ്പെടുക
3. എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു. (അപ്പൊസ്തല പ്രവൃത്തികൾ 1:8)
4. അന്യഭാഷയിലൂടെ സംസാരിക്കുക
5. ക്രിസ്തനിയെ ശക്തമായ സുവിശേഷത്തിന്റെ സക്ഷികൾ ആകുവാൻ വേണ്ടിയാണ്.അപ്പൊസ്തല പ്രവൃത്തികൾ 1:8
6. പരിശുദ്ധാത്മാവിന്റെ ഫലങ്ങളെ ഒരു വിശ്വാസിയുടെ ജീവിതത്തിൽ കാണിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വാഭാവിക അടയാളമാകുന്നു.
7. സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം; (ഗലാത്യർ 5:22-23)
8.
- വിശുദ്ധന്മാരുടെ സമ്പൂർണ്ണത
- ശുശ്രൂഷയുടെ വേലെക്ക്
- ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനെക്ക്
9. കർത്താവു വരങ്ങുളുടെ ശുശ്രുഷ സഭയുടെ ആവശ്യങ്ങൾ നിറവേറ്റുനതിനു വേണ്ടിയാണ്. സഭയുടെ ആവശ്യങ്ങൾ നിറവേട്ടാതെ ഏതെങ്കിലുമൊരു വരങ്ങൾ എടുത്തു കളയുകയില്ല
10.
- എല്ലാ ക്രിസ്ത്യാനിക്കും പരിശുദ്ധാത്മാവ് ഉണ്ട്:
- എല്ലാവരും അന്യ ഭാഷയിൽ സംസരികുന്നോവോ

- ഭയം
- വികാരാധീനനാകുന്ന അനുഭവം
11. ഇല്ല

അധ്യായം - 7
1.
- ഇസ്രേൽ മനശ്ശെ, എഫ്രയീം മേൽ
- യിസ്രായേൽമക്കൾ ലേവ്യരുടെ മേൽ
- മോശ യോശുവയുടെ മേൽ കൈവെപ്പു ശുശ്രൂഷ
2.
- അത്ഭുത പ്രവർത്തിയുടെ അടയാളം:
- പരിശുന്താന്മ സ്നാനം
- ആത്മീയ വരങ്ങൾ പകരുന്നു
- ക്രിസ്തിയ വേലക്കാരെ ചുമതലപ്പെടുത്തുക
- ശിശു പ്രതിഷ്ഠ
3. എന്നാൽ അവർ വളരെക്കാലം അവിടെ പാർത്തു, കർത്താവിൽ ആശ്രയിച്ചു പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചുകൊണ്ടിരുന്നു; അവൻ തന്റെ കൃപയുടെ വചനത്തിന്നു സാക്ഷിനിന്നു, അവരുടെ കയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നല്കി.(അപ്പൊസ്തല പ്രവൃത്തികൾ 14:3)
4. മർക്കൊസ് 16:17-18
5. ഒരു വ്യക്തിയുടെ കരങ്ങൾ മറ്റൊരാളുടെ തലയിലോ ശരീരത്തിലോ വെച്ച് ഒരു പ്രത്യക ആത്മീയ ഉദ്ദേശ്യത്തോടെ ചെയ്യുന്ന പ്രവർത്തിയാണ് കൈവെപ്പു ശുശ്രൂഷ. പ്രാർത്ഥനയോടെ അല്ലെങ്കിൽ പ്രവചനത്തോട് കുടിആയിരക്കും കൈവെപ്പു ശുശ്രൂഷ
6.
- വിശ്വാസികൾ
- അപ്പൊസ്തലന്മാർ/ശിഷ്യർ
- മൂപ്പന്മാർ
7. തെറ്റ്, ശരി, തെറ്റ്, തെറ്റ്, ശരി, തെറ്റ്

അധ്യായം - 8

1. യേശു അവളോടു: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കു ന്നവൻ ആരും ഒരു നാളും മരിക്കയില്ല; ഇതു നീ വിശ്വസി ക്കുന്നുവോ എന്നു പറഞ്ഞു.(യോഹന്നാൻ 11:25-26)
2. പുനരുത്ഥാനം എന്നാ വാക്കിന്റെ അർത്ഥം ഉയര്ത്തുക അല്ലെങ്കിൽ ഉണ ര്ത്തുക. എന്നത് മരിച്ചവരിൽ നിന്ന് ഉയര്ത്തുക.
3.
ഭൂതകാലം: - യേശു ക്രിസ്തുവിന്റെ പുനരുത്ഥാനം
വര്ത്തമാനകാലം:- വിശ്വാസികളുടെ ക്രിസ്തുവിൽ ആത്മീയ പുനരുത്ഥാനം.
ഭാവികാലം - :എല്ലാവരും കല്ലറയിൽ നിന്നുള്ള പുനരുത്ഥാനം.
4.
- അപ്പൊസ്തല പ്രവൃത്തികൾ 2:30-31
- മത്തായി 28:1,5-7

- 1. കൊരിന്ത്യർ 15:5-8
- യോഹന്നാൻ 20:19
5. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.(1. കൊരിന്ത്യർ 15:13-14) യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ വിശ്വസികേണ്ടത് ഒരു യഥാര്ത്ഥ വിശ്വാസിയുടെ ആവശ്യം..(റോമർ 10:9)1. കൊരിന്ത്യർ 15:1-4)യേശു ക്രിസ്തു ദൈവപുത്രൻ എന്ന് പുനരുത്ഥാനം ഉറപ്പാക്കുന്നു. (റോമർ 1:4,5)യേശു എല്ലാ സൃഷ്ടിക്കും പരമോന്നതനെന്നു പുനരുത്ഥാനം ഉറപ്പിക്കുന്നു:(എഫെസ്യർ 1:20-23)
വിശ്വാസികൾ പുനരുത്ഥാനം മൂലം നീതീകരികപ്പെട്ടു എന്ന് ഉറപ്പാക്കുന്നു:
(റോമർ 4:25) പുനരുത്ഥാനം എന്നാൽ മരണത്തെ തോൽപിച്ചു:(എബ്രായർ 2:14) യേശുവിന്റെ പുനരുത്ഥാനം മൂലം,വിശ്വാസികളും ഉയിർക്കുംകയും രൂപാന്തരപ്പെടുകയും ചെയ്യും:(1. കൊരിന്ത്യർ 15:51-52)
6. ഏതൊരാള് ആത്മിയമായി പാപത്തിൽ മരിച്ചവർ ഇപ്പോൾ യേശു ക്രിസ്തുവിലുടെ ആത്മിയമായി ജീവൻ പ്രാപിച്ചു. (എഫെസ്യർ 2:1,5)
7.
- പാപത്തിൽ മരണം ഒരു പുതു ജീവനിലേക്ക്
- ഒരു പുതിയ ഗുരുനാഥൻ
- പുതിയ ജീവിതത്തിന്റെ ലക്ഷ്യം
8. ക്രിസ്തീയ ജല സ്നാനം, വിശ്വാസിയുടെ പുതിയ ജീവിതം.

അധ്യായം - 9

1. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും.(1. തെസ്സലൊനീക്യർ 4:16,17)
2. നീതിമാൻമാരുടെ മറ്റേതു അനീതിമാരുടെ പുനരുത്ഥാനം
3. എല്ലാവരും മരിച്ചവരിൽ നിന്നും പുനരുത്ഥാന അനുഭവം ഉണ്ടായിരിക്കും എല്ലാവരും നിത്യ നായവിധിയുടെ അനുഭവം ഉണ്ടായിരിക്കും
4. ശരി, ശരി, തെറ്റ്, ശരി, തെറ്റ്
5. അപ്പൊസ്തല പ്രവൃത്തികൾ17:13,32

അധ്യായം - 10

1. ഒന്ന് ചട്ടം. സാക്ഷ്യം, ദൈവത്തിന്റെ നിയമങ്ങളെ പ്രമാണീകരിക്കുന്നത്. രണ്ടാമത്തേത് ദൈവത്തിന്റെ ന്യായവിധി മനുഷ്യരുടേയും ദേശത്തിന്റെയും സംബന്ധിക്കുനനതായിരുന്നു.
2. വേര്തിരിക്കുക അല്ലെങ്കിൽ തമ്മിൽ വ്യത്യാസം ഉണ്ടാക്കുക. ഇതിൽ ഉള്പ്പെടുന്നത് പരീക്ഷ യിൽ കൊണ്ടുവരുക, തെളിവ് പരിശോധിക്കുക, തെറ്റു അല്ലെങ്കിൽ ശരിയെന്നു ഉറപ്പുവരുത്തുക. പാപത്തിന്റെ ശിക്ഷ തീരുമാനിക്കുക.
3. ന്യായവിധി പാപ കരണാത്താൽ ആവശ്യം
4. ദൈവം, യേശു, വിശുദ്ധന്മാർ

5. എല്ലാ ആത്മാക്കളെയും
6.
- ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ
- അറിവിന്റെനുസരണമായി
- വ്യക്തിഗതമായി
- സത്യാനുസരണയായി
- വക്തിയുടെ പ്രവര്ത്തിക്ക് അനുസരണമായി
- മുഖപക്ഷം കൂടാതെ
- ന്യായപ്രമാണത്തിനു തക്കതായ
- നീതിക്ക് തക്കതായ
- ഹൃദയങ്ങളുടെ ആലോചനകളും ഉദ്ദേശ്യം അനുസരിച്ച്

7. യഹോവ നമ്മുടെ ന്യായാധിപൻ; യഹോവ നമ്മുടെ ന്യായദാതാവു; യഹോവ നമ്മുടെ രാജാവു; അവൻ നമ്മെ രക്ഷിക്കും.(യെശയ്യാവു 33:22)

8. ശരി, ശരി, തെറ്റ്

അധ്യായം - 11

1) പൂര്ണ്ണതയുടെ വാക്യത്തിന്റെ അർഥം പൂര്ണ്ണമായ, പൂര്ത്തീകരിക്കുക, പക്വതയുള്ള. . ഒരു പൂര്ണ്ണതയുള്ള ക്രിസ്താനി എന്നാൽ ആത്മീയ പക്വത നേടിയവൻ. ഇതിന്റെ അർഥം ശരിരം, ആത്മാവ്, ദേഹി പൂര്ണമായും പരിശുദ്ധ ആത്മാവിനാൽ നിയന്ത്രണപെട്ടവൻ.

2) യേശു ക്രിസ്തു

3) നിർജ്ജീവപ്രവൃത്തികളിൽ നിന്നുള്ള വീണ്ടെടുപ്പു പ്രാപിച്ചു അവരുടെ പാപങ്ങൾ ഷമിച്ചു. എന്നെന്നേക്കുമായി. ഈ പ്രാരംഭമായ പൂര്ണത ലഭിച്ചത് യേശു ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചപ്പോൾ

4) പാപത്തിൽന്നുള്ള പ്രാരംഭമായ പൂര്ണത രക്ഷയുടെ സമയത്ത് പുരോഗമനാത്മകമായ ശുദ്ധികരണം തുടങ്ങി. രക്ഷിക്ക പെട്ട ശേഷം, നിങ്ങൾ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി ജീവിക്കണം.

5)
- ഒരു നല്ല അടിസ്ഥാനം
- ദൈവ വചനത്തോട് പ്രതികരണം
- പ്രാര്ത്ഥന
- പ്രതിഷ്ഠ
- പരിശുദ്ധാത്മാ ദാനം
- ശുശ്രൂഷകരക്ക് കീഴ്പ്പെടുക
- കഷ്ടത
- ആത്മനിയന്ത്രണം
- ആത്മീയ തെറ്റ് തിരുത്തലിന്ടെ പ്രതികരണം

6) ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവു സൽഗുണപൂർണ്ണൻ ആയിരിക്കുന്നതു പോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ."(മത്തായി 5:48)

7) തെറ്റ്, ശരി, തെറ്റ്, ശരി

8) ദൈവ വചനം